അകത്തേത്തറ ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണ വികസന
റിപ്പോർട്ട് 1997

അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ
വികസന സമിതി രൂപീകരിച്ചു.
പുനരർപ്പണ ദിനാചരണം നടത്തി.
പുനരർപ്പണ ദിനാചരണം നടത്തി.
സ്വാതന്ത്ര്യ സമര സേനാനികളെ ആദരിച്ചു.
ണ്ട്, ജല സംരക്ഷണ പ്രവർത്തനങ്ങൾ ജനകീയമായി സംഘടിപ്പിക്കും.
ജല സംരക്ഷണ പ്രവർത്തനങ്ങൾ ജനകീയമായി സംഘടിപ്പിക്കും.
അദ്ധ്യാപകർ ഉപദ്രോഗ സംസ്കാരത്തിന്
അടിമകളാകരുത് - വൈശാഖൻ
അകത്തേത്തറ ഗ്രാമപഞ്ചായത്തിൻറെ
പുരസ്കൃതനായി അദ്ധ്യാപക ദി

110 - 2

അധികാരം ജനങ്ങൾക്ക്

ഒൻപതാം പദ്ധതി ജനകീയ പദ്ധതി



അകത്തേത്തറ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണ വികസന റിപ്പോർട്ട്

1996

അകത്തേത്തറ ഗ്രാമപഞ്ചായത്ത്
അകത്തേത്തറ, പാലക്കാട്-678 008


എഡിറോറിയൽ ബോർഡ്

ഡി. സദാശിവൻ
ടി. രാമാനുജൻ
ടി. കെ. അച്ചുതൻ
എം. സുനിൽ കുമാർ
പി. എസ്. നമ്പൂതിരി
വി. എസ്. പരമേശ്വരൻ
ഒ. കെ. ബാലൻ നായർ
കെ. കെ. പഫുല്ല
എൻ. അനിൽ കുമാർ
പി. ചാത്തുക്കുട്ടിനായർ
സുബ്രഹ്മണ്യൻ. വി
സുബ്രഹ്മണ്യൻ മാസ്റ്റർ
പി. രാമദാസ്
ഡോ: ഇ. സി. ശിവശങ്കരൻ
വാസുദേവൻ. പി
കെ. കെ. സുരേഷ്കുമാർ


ഉള്ളടക്കം

1.	ആമുഖം	5_6
2.	പഞ്ചായത്ത് പൊതുവിവരണം	7_9
3.	അകത്തേത്തറ ചരിത്ര സ്മൃതികളിലൂടെ	9_16
4.	അകത്തേത്തറയുടെ ഭൂപ്രകൃതി	16_17
5.	സാമൂഹിക സാമ്പത്തിക മേഖലകൾ	19
5_1	കൃഷിയും ജലസേചനവും	21_40
5_2	മൃഗസംരക്ഷണം, മത്സ്യബന്ധനം	41_44
5_3	വ്യവസായം	45_48
5_4	വിദ്യാഭ്യാസം	49_60
5_5	കുടിവെള്ളവും പൊതുജന ആരോഗ്യവും	61_69
5_6	ഗതാഗതം, ഊർജ്ജം.	70_80
5_7	പാർപ്പിടം. സാമൂഹ്യക്ഷേമം	81_88
5_8	സംസ്ക്കാരം	90_93
5_9	വനിതാക്ഷേമം	94_97
5_10	സഹകരണം	98_103
5_11	വന്യമൃഗസംരക്ഷണവും, വനപരിപാലനവും	104 105
5–12	പട്ടികജാതി പട്ടികവർഗ്ഗക്ഷേമം	106_109
5_13	വിഭവസമാഹരണം	110_123
	ഉപസംഹാരം	_124


അകത്തേത്തറ ഗ്രാമ പഞ്ചായത്ത്
ഭരണസമിതി



ഡി. സദാശിവൻ(പ്രസിഡൻറ്)



ടി. രാമാനുജൻ (വൈസ് പ്രസിഡൻറ്)



വി. ചന്ദ്രൻ (ചെയർമാൻ, സ്റ്റാൻഡിങ്ങ് കമ്മറ്റി)

ശ്രീ. **കേലു അച്ചുതൻ** (മെമ്പർ)

ശ്രീ. **കരുണാകരൻ നമ്പ്യാർ** (മെമ്പർ)

ശ്രീ. **കെ. കെ. കൃഷ്ണനുണ്ണി** (മെമ്പർ)

ശ്രീമതി. **അനിതാ മോഹൻ** (മെമ്പർ)

ശ്രീമതി. **ഇ. മൈഥിലി** (മെമ്പർ)

ശ്രീമതി. **പരിമളം രാജേന്ദ്രൻ** (മെമ്പർ)

ശ്രീമതി. **ഒ. എം. സവിത** (മെമ്പർ)

ആമുഖം

നമ്മുടെ ആസൂത്രണത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ യുഗം പിറക്കുന്നു. ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിൽ പിൻതള്ളപ്പെട്ടു പോകുന്ന ചരിത്ര സ്രഷ്ടാക്കളായ സാമാന്യ ജനത, തങ്ങളുടെ സമഗ്രവികസനത്തിന്റെ മാർഗ്ഗരേഖ നിർമ്മിക്കാൻ പോകുകയാണ്. ഒരു രാഷട്രത്തിന്റെ വിജ്ഞാന മണ്ഡലത്തിൽ വിളക്കുമാടമായി നിലകൊള്ളുന്ന കേരളം സാക്ഷര വിപ്ലവത്തിനു ശേഷം വീണ്ടും ഒരത്ഭുതത്തിന്റെ ഭൂമികയാവുന്നു. എട്ടു പഞ്ചവത്സര പദ്ധതികൾ നാം ശ്രദ്ധിക്കാതെ കടന്നു പോയി.

ഒമ്പതാം പദ്ധതി ജനകീയാടിത്തറയിൽ സാമാന്യ ജനങ്ങളുടെ സജീവപങ്കാളിത്തതോടെയാവണമെന്ന് തീരുമാനിക്കുമ്പോൾ ഓരോ ഗ്രാമീണനും ഭരണാധികാരിയാവുകയാണ്. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നും ഗ്രാമഹൃദയങ്ങൾ ഉണരുമ്പോഴാണ് ഇന്ത്യയുടെ വികസനം സാധ്യമാകുന്നത് എന്നും ഉത്ഘോഷിച്ചഗാന്ധി ജിയുടെ സ്വപ്നങ്ങൾ സഫലമാകുകയാണ്. തികച്ചും കേന്ദ്രീകൃതമായിരുന്ന ആസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തം പാടേ നിഷേധിക്കപെട്ടതിനാൽ പദ്ധതി വിഹിതത്തിന്റെ ഇരുപതു ശതമാനം പോലും ഗ്രാമങ്ങളിലെത്തിയിരുന്നില്ലെന്ന സത്യം പൊതുവേ അംഗീകരിക്കപ്പെടുന്നു. തല കുത്തി നിന്ന ഈ ആസൂത്രണ പാരമ്പര്യത്തെ ജന സാമാന്യത്തിന്റെ പ്രായോഗിക പങ്കാളിത്തത്തിലൂടെ നേരെ നിർത്തുന്ന സാമൂഹികമായ പ്രവൃത്തിയാണ് വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ നടപ്പിലാക്കപെടുന്നത്.

പ്രദേശികതല ആസൂത്രണം ലക്ഷ്യമാക്കി കൊണ്ടുള്ള പ്രവർത്തന പരിപാടികൾക്ക് നമ്മുടെ പഞ്ചായത്തിൽ 1992 ൽ തന്നെ തുടക്കം കുറിച്ചിരുന്നു. അതേ വർഷം ഡിസംബറിൽ മുണ്ടൂർ IRTC യുടെയും കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും പഞ്ചായത്ത് ഭരണ സമിതിയുടേയും നേതൃത്വത്തിൽ വിഭവ

ഭൂപടനിർമ്മാണ സമിതി രൂപീകരിച്ചുകൊണ്ടാണ് ഈ മഹത്തായ സംരംഭത്തിന് തുടക്കമായത്. തുടർന്ന് ഭൂപട നിർമ്മാണകർക്കായുള്ള പരിശീലന ക്യാമ്പ് ശബരി ആശ്രമത്തിൽ ' ഏപ്രിൽ 8,9,10 തീയ്യതികളിലായി നടന്നു. തുടർന്ന് സന്നദ്ധ പ്രവർത്തകരുടെ ശ്രമഫലമായി വിഭവ ഭൂപടം നിർമ്മിച്ചു. മേയ് മാസത്തിൽ തിരുവനന്തപുരം ഭൌമശാസത്ര പഠന കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻമാർ ശാസ്ത്രീയ ഭൂപടനിർമാണം പൂർത്തിയാക്കി. പിന്നീട് സാമൂഹ്യ സാമ്പതിക സർവ്വേ നടത്താനുള്ള ശ്രമം നടന്നെങ്കിലും പ്രവർത്തനം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അല്പകാലത്തെ ഇടവേളക്കു ശേഷം തിരുവനന്തപുരത്തെ സെൻറർ ഫോർ ഡവലപമെൻറ് സ്റ്റഡീസിൻെറയും മുണ്ടൂർ IRTC യുടെയും സഹായത്തോടെ വികസന ആസൂത്രണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. 19.1.96 ന് അകത്തേതറ ഗ്രാമ പഞ്ചായത്ത് വികസന സമിതി രൂപീകരിച്ചു. 24.7.96 ന് ചാരിട്ടബിൾ സൊസൈറ്റീസ് ആക്റ്റ അനുസരിച്ച് അത് രജിസ്ട്രർ ചെയ്തു. ഓരോ വാർഡിലും ശരാശരി 50 വീടുകൾ ഉൾക്കൊള്ളുന്ന അയൽ ക്കൂട്ടങ്ങൾ രൂപീകരിച്ചുവരുന്നു. വാർഡു സമിതികൾ നിലവിലുണ്ട്. മണ്ണ്ജലസംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം സബ്കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തനം തുടങ്ങി. വിപുലമായ രീതിയിൽ വിളിച്ചു ചേർക്കപ്പെട്ട ഗ്രാമ സഭയിൽ വിവിധഗ്രൂപ്പുകളിൽ നിന്നുയർന്നു വന്ന ആവശ്യങ്ങളും നിർദേശങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കപ്പെട്ടത്. 10 വാർഡുകളിലായി ശരാശരി150 പേർ ഗ്രാമസഭകളിൽ പങ്കെടുത്തു. വിഭവ ഭൂപടവും , ദ്വിതീയ വിവരങ്ങളും, നാട്ടറിവുകളും അടിസ്ഥാനമാക്കി വിവിധമേഖലകളിലെ വിദഗ്ധരുടെയും ജനപ്രതിനിധികളുടേയും അനുഭവസമ്പന്നരുടേയും ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യ ത്തിൽ കൂട്ടായ ചർച്ചയിലൂടെയാണ് ഈ ആസൂത്രണ രേഖ തയാറാക്കപ്പെട്ടത്.

പഞ്ചായത്ത് പൊതുവിവരണം

ഗ്രാമപഞ്ചായത്തിന്റെ പേര്	അകത്തേത്തറ
ഉൾപ്പെടുന്ന വില്ലേജ്	അകത്തേത്തറ, പുതുപ്പരിയാരം
ബ്ലോക്ക് പഞ്ചായത്ത്	മലമ്പുഴ
ബ്ലോക്ക ഡിവിഷൻ	അകത്തേതറ,മലമ്പുഴ
റവന്യൂ ജില്ല	പാലക്കാട്
ജില്ലാപഞ്ചായത്ത്ഡിവിഷൻ	പുതുപ്പരിയാരം
താലൂക്ക്	പാലക്കാട്
അസംബ്ലി മണ്ഡലം	മലമ്പുഴ
വിസ്തീർണ്ണം	23 ചതുരശ്ര കി.മീ
അതിരുകൾ:	
വടക്ക്	പശ്ചിമഘട്ടം
തെക്ക്	പാലക്കാട് മുൻസിപ്പാലിറ്റി
കിഴക്ക്	മലമ്പുഴ പഞ്ചായത്ത്
പടിഞ്ഞാറ്	പുതുപ്പരിയാരം പഞ്ചായത്ത്
ജനസംഖ്യ (91 സെൻസസ്സ് റിപ്പോർട്ട്)	
സ്ത്രീകൾ	10850
പുരുഷൻ	10664
വാർഡുകളുടെ എണ്ണം	10
വീടുകളുടെ എണ്ണം	4312
ജനസാന്ദ്രത (ചതുരശ്രകിലോമീറ്ററിന്)	935
സാക്ഷരത	96%
പഞ്ചായത്ത് പ്രസിഡൻറിന്റെപേര്	ഡി. സദാശിവൻ
വൈസ്പ്രസിഡൻറിന്റെപേര്	ടി. രാമാനുജൻ
സ്റ്റാൻഡിംങ് കമ്മിറ്റി ചെയ്മർമാന്റെ പേര്	വി. ചന്ദ്രൻ.

പഞ്ചായത്തിന്റെ പിറവിയും പൂർവ്വസാരഥികളും:

28/12/1961ന് അകത്തേത്തറ ഗ്രാമപഞ്ചായത് രൂപീകരിക്കപ്പെട്ടു. ജനകീയ ഭരണം 1.1.64ന് നിലവിൽ വന്നു. ആദ്യപ്രസിഡൻറ് ഏം.കൊച്ചുണ്ണി അഹരൻ അയിരുന്നു. തുടർന്ന് ഇ.ഗീതാനന്ദുവർമ്മ എം. നാരായണൻമാസറ്റർതുടങ്ങിയവർ പ്രസിഡൻറുമാരായി വിവിധ കാലയളവുകളിൽ സേവനമനുഷ്ഠിച്ചു.

ആദ്യത്തെ ഭരണ സാരഥികൾ:

1.എം.കൊച്ചുണ്ണിഅഹരൻ (പ്രസിഡൻറ്)

2.കെ.വി.പഴനിയാണ്ടി(വൈസ്പ്രസിഡൻറ)

3.വി.കെ.ഇട്ടിക്കോമ്പിഅഹരൻ

4.കെ.കെ.പിങ്കുഅഹരൻ

5.കെ.സി.ശിവാനന്ദൻ

6.കെ.സ്വർഗ്ഗനാഥൻ

7.കെ.കെ.കൃഷ്ണനുണ്ണി

8.സി.പി.ശാന്തകുമാരി(നോമിനേറ്റഡ് അംഗം)

അകത്തേത്തറ ; ചരിത്ര സ്മൃതികളിലൂടെ

അകത്തേത്തറ ; ദേശിയ സ്വതന്ത്ര്യ സമര പ്രസ്ഥാ നത്തിന് അതുല്ല്യമായ സംഭാവനകൾ നൽകിയ നിരവധി മഹാരഥന്മാർക്ക് ജന്മം നൽകിയ കേരളത്തിന്റെ ബർദോളി. ബ്രിട്ടിഷ് കൊ ളോ ണിയൽ ആധിപത്യത്തിൽ നിന്നും ഭാരതത്തി ന്റെ മോചനത്തിനായി സ്വതന്ത്ര്യത്തിന്റെ അമര സന്ദേശ ങ്ങളുയർത്തിപ്പിടിച്ചു വീരമൃത്യു വരിച്ചവരും ഇന്നും ജീവിക്കുന്നവരുമായ നിരവധി പേരുണ്ടി വിടെ ഇരുപതാം നൂറ്റാണ്ടിന്റെ പ്രഭാതത്തിൽ അടി മത്തത്തിന്നെതിരെ ഭാരതം അടരാടാൻ തുടങ്ങി യപ്പോൾ അതിന്റെ അലയൊലികൾ കേട്ട ഈ നാടി ന്റെ ചരിത്ര വിസ്മയങ്ങളിലേക്ക് ഒന്നെത്തി നോക്കു ന്നത് കൌതുക കരമത്രേ.

കരം പിരിക്കാതെ, നാടുഭരിക്കാതെ, നാടുവാഴികളെന്നറിയപ്പെട്ട പാലാക്കാട്ടശ്ശേരി രാജ സ്വരൂപം ഇവിടെ വാണിരുന്നു. ഈ രാജ വംശത്തെ ചുറ്റിപ്പറ്റി പലകഥകളുമുണ്ട്.

കൊല്ലവർഷം 93 -ാ മത് മേടം 20 ന് (ക്രിസ്തുവിന് പിൻപ് 988 ൽ) കോതരവി എന്ന കേരളചക്രവർത്തിയുടെ കാലത്ത് കൊങ്ങുനാടു വാ ഴിയുടെ ഒരു പട കേരളം ആക്രമിക്കുകയുണ്ടാ യെ ങ്കി ലും, പാലക്കാട് വാണിരുന്ന നെടുംപുറയൂർ നാട്ടു ടയവർ അക്രമികളെ തോല്പിച്ചോടിച്ചു വെന്നു ം , അങ്ങനെ പാലക്കാട് വാണിരുന്ന നെടും പുറയൂർ സ്വരൂപമാണ് കാലാന്തരത്തിൽ പാലക്കാട് രാജസ്വരൂപമെന്ന് അറിയാനിടയായതെന്നും ഗ്രന്ഥ വരികളിൽ കാണുന്നു. 1766 ലെ സാമൂതിരിയുടെ ആക്രമണത്തെ തടയാൻ ഹൈദരാലിയുടെ സഹായം തേടിയ രാജാവിന്, കുലദേവതയായ ഹേമാംബി കയുടെ ആഭരണങ്ങൾ പ്രതിഫലമായി നൽകേ ണ്ടിവന്നു. മൂന്നാം മൈസൂർ യുദ്ധത്തിനു ശേഷം ടിപ്പുവിൽ നിന്നും ബ്രട്ടീഷുകാരിലേക്ക് കൈമാ റ്റപ്പെട്ടുവെങ്കിലും രാജ്യം ഭരിച്ചിരുന്നത് രാജാ വുതന്നെയായിരിന്നു. തുടർന്ന് 1796 ഒക്ടോബർ 6ന് 18, 896.ക 4 അണ 6.പ.രാജാവിന് മാലീ ഖാനായി നൽകാൻ തീരുമാനിച്ചുകൊണ്ട് ഈസ്റ്റ് ഇന്ത്യാ കമ്പനി പാലക്കാടിന്റെ അധികാരം പൂർണ്ണമായി ഏറ്റെടുത്തു

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭ ത്തിൽത്തന്നെ സ്വാതന്ത്ര്യസമരത്തിന്റെ മാറ്റൊ ലികൾ ഇവിടെ മുഴങ്ങിയിരുന്നു. 1916 ൽ ആനി ബസൻറിന്റെ നേതൃത്വത്തിൽ രൂപീകൃതമായ ഹോംറൂൾ പ്രസ്ഥാനം ഇവിടെ പ്രവർത്ത നമാരംഭിച്ചു. ഇക്കാലത്ത് ശ്രീ. ചാത്തത്തു മാധവ മേനോൻ പ്രസിദ്ധികരിച്ച ''ഇന്ത്യ'' എന്ന പത്രം ഒട്ടേറെ ഒച്ചപ്പാടുകൾ സൃഷ്ടിച്ചു. രണ്ടുവർഷം വിദ്യാഭ്യാസം തടഞ്ഞുകൊണ്ടുള്ള ശിക്ഷ അദ്ദേ ഹത്തിന് ഏറ്റുവാങ്ങേണ്ടിവന്നു. 1919 ലെ ജാലിയൻ വാലാബാഗ് സംഭവം ഇവിടുത്തെ ജനതതിയെ പ്രകമ്പനം കൊള്ളിച്ചു. പാലക്കാട്ട് വലിയ ങ്ങാടിയിൽ നിന്ന് വില കൊടുത്തുവാങ്ങിയ വിദേശവസത്രങ്ങൾ അവർ അവിടെത്തന്നെയിട്ടു തീകൊളുത്തി. ദേശീയപ്രസ്ഥാനത്തിന്റെ പ്രവർ ത്തനങ്ങൾ സാധാരണ ജനങ്ങളുടെ ജീവിതത്തിൽ കാര്യമായ സ്വാധീനം ചെലുത്തിയിരുന്നോ എന്ന സംശയം അവശേഷിക്കുന്നു.

1920 കളിൽ പോലും മേൽ ജാതിക്കാരായ വിദ്യാർത്ഥികളോടൊപ്പമിരുന്ന് പഠിക്കാൻ താഴ്ന്ന ജാതിക്കാർക്ക് കഴിയുമായിരുന്നില്ല. അയിത്തം, അവഹേളനം എന്നിവക്കൊക്കെ വഴങ്ങിക്കൊടുക്കുന്നവരായിരുന്നു താഴ്ന്ന ജാതിക്കാരിൽ ഭൂരിഭാഗവും. ജാത്യാചാരങ്ങൾ ലംഘിക്കുന്നവർ ആക്ഷേപിക്കപ്പെടുകയും ആക്രമിക്കപ്പെടുകയും ചെയ്തു. താഴ്ന്ന ജാതിക്കാർതന്നെ അവരേക്കാൾ താഴ്ന്ന ജാതിക്കാരോട് അയിത്തം പുലർത്തിയിരുന്നു എന്നതിനാൽ സവർണ്ണരുടെ അയിത്തത്തെ ചോദ്യംചെയ്യാൻ കഴിയുന്നവർ നാമമാത്രമായിരുന്നു.

എന്നാൽ, അവകാശം നിഷേധിക്കപ്പെട്ട അധസ്ഥിത വർഗ്ഗത്തിന്റെ ഉയിർത്തെഴുന്നേല്പിന്റെ വീരഗാഥകളുമായി. ഇരുളിലാണ്ടുപോയജീർണ്ണ സംസകൃതിയുടെ ചുടലകൾക്ക് തീകൊളുത്തിക്കൊണ്ട് അകത്തേത്തറയുടെ വഴിത്താരയിലൂടെ ഒരു മഹാമനുഷ്യൻ നടന്നുനീങ്ങി. ശ്രീ.ടി.ആർ. കൃഷ്ണസ്വാമിഅയ്യർ. കേരള സ്വാതന്ത്ര്യസമര ചരിത്ര വിഹായസ്സിൽ ഒരു വ്യാഴവട്ടക്കാലം കത്തിജ്ജ്വലിച്ചുനിന്ന വെള്ളി നക്ഷത്രം.

ശബരിആശ്രമം :

1923 മെയ്മാസത്തിൽ രണ്ടാം പ്രവിശ്യാകോൺഗ്രസ്സ് സമ്മേളനം നടക്കാവ് റെയിൽവേ ഗെയ്റ്റിനടുത്ത (കെ.പി. കേശവമേനോൻ കോളനി പ്രദേശം) അത്താഴച്ചിറ എന്ന സ്ഥലത്ത് കെ.പി. കേശവമേനോന്റെ നേതൃത്വത്തിൽ നടന്നു. ശ്രീമതി. സരോജിനി നായിഡു ആയിരുന്നു അധ്യക്ഷ. നിരവധി വിശിഷ്ടാതിഥികൾ പങ്കെടുത്തു. രണ്ടാം ദിവസം ഹരിജനങ്ങളേയും നായാടികളേയും വിഭിന്നജാതിമതസ്ഥരായ മറ്റാളുകളേയും പങ്കെടുപ്പച്ചുകൊണ്ട് മിശ്രഭോജനം സംഘടിപ്പിയ്ക്കപ്പെട്ടു. ടി.ആർ. കൃഷ്ണയ്യരായിരുന്നു പ്രധാനസൂത്രധാരൻ. യഥാസ്ഥിതികരായ ബ്രാഹ്മണർ അദ്ദേഹത്തിനു ഭ്രഷ്ടുകല്പിച്ചു. കല്പാത്തിയിലെ അഗ്രഹാരത്തിൽ സകുടും ബം താമസിച്ചിരുന്ന അദ്ദേഹത്തെ അവിടെ നിന്നുപുറത്താക്കി സമ്മേളനപ്പന്തൽ നിർമ്മിക്കാൻ വിനിയോഗിച്ചിരുന്ന സാധനസാമഗ്രികൾ ശേഖരിച്ചുകൊണ്ട് ഇന്നത്തെ ശബരി ആശ്രമം സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഒരു കുടിൽകെട്ടി അദ്ദേഹം കുടുംബ സമേതം താമസം തുടങ്ങി. കാലാന്തരത്തിൽ പ്രസ്തുതകുടിൽ ശബരി ആശ്രമമായി രൂപം കൊണ്ടു (ആശ്രമം സ്ഥിതിചെയ്യുന്നസ്ഥലത്ത് മുന്നു ഏക്കർ തെങ്ങിൻ തോപ്പ് സംഭാവന നൽകിയത് അകത്തേത്തറയിലെ മക്കൾ വീട്ടിൽ അപ്പുയജമാനൻ ആയിരുന്നു) ഈ സംഭവത്തെ തുടർന്നാണ് 1923 ഡിസംബറിൽ കാക്കിനാഡയിൽ ചേർന്ന കോൺഗ്രസ്സിന്റെ അഖിലേന്ത്യാകോൺഗ്രസ്സ് അയിത്തോച്ചാടനംകോൺഗ്രസ്സിന്റെ മുഖ്യപ്രവർത്തനമായി എറ്റെടുത്തത്. ഐതിഹാസികമായ വൈയ്ക്കം സത്യഗ്രഹം രൂപം കൊള്ളുന്നതിന്റെ തുടക്കവും മേല്പറഞ്ഞ സംഭവത്തിൽ നിന്നുതന്നെ ശ്രീ.ടി. ആർ. കൃഷ്ണസ്വാമിഅയ്യർ ശബരി ആശ്രമത്തിലിരുന്നുകൊണ്ട് നാനാമുഖമായ പ്രവർത്തനങ്ങൾക്ക്



(മഹാത്മഗാന്ധി, ശബരിആശ്രമം സന്ദർശിച്ചപ്പോൾ)

നേതൃത്വം നൽകി. ബ്രിട്ടീഷ് ഗവൺമെൻറിൻെറ കിരാ തമർദ്ദനങ്ങൾക്ക് വിധേയനായി പലതവണ ജയിൽവാസം വരിച്ചു. ഹരിജനോദ്ധാരണം, ഹിന്ദിപ്രചപണം, അയിത്തോച്ചാടനം, നിയമ ലംഘനം എന്നിവക്കെല്ലാം ആശ്രമം നേതൃത്വം കൊടുത്തു.



ശ്രീ.ടി.ആർ. കൃഷ്ണ സ്വാമിഅയ്യർ

കേരളത്തിലാദ്യമായി ഹരിജനങ്ങൾക്ക് ക്ഷേത്രം തുറന്നുകൊടുത്തതും അവിടെ ഒരു ഹരിജനെ പൂജാരിയായി നിയമിച്ചതും ശബരി ആശ്രമത്തിനടുത്തുള്ള കൈമാടം അയ്യപ്പക്ഷേത്രത്തിലാണ്. ആശ്രമത്തിന് സ്ഥലം സംഭാവന നൽകിയ അപ്പുയജമാനനാണ് ഭാവി കേരളത്തിന് ഉജ്ജ്വലമായ ഈമാതൃക കാണിച്ചത് ക്ഷേത്ര പ്രവേശന വിളംബരത്തിന് മുന്നോടിയായി മാറി ഈ സംഭവം.ഹരിജൻ ദേവസന്നിധിയിൽ എത്തിയതിനാൽ പൂജ ചെയ്യാൻ മടിച്ച ശാന്തിക്കാരനു പകരം യജമാനൻ തന്നെ പൂജാരിയായി മാറി. കേരള ചരിത്രത്തിൽ പുതിയൊരദ്ധ്യായത്തിന് ഈസംഭവം നാന്ദികുറിച്ചു. ഇന്നും പ്രസ്തുതക്ഷേത്രം ഒരു ചരിത്ര സമാരകമായി നിലനില്ക്കുന്നു. ശബരിആശ്രമം കേന്ദ്രമാക്കി ഇത്തരം ദേശീയ പ്രാധാന്യമർഹിക്കുന്ന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വന്നതിൻെറ അലയൊലികൾ രാജ്യത്തങ്ങോളമിങ്ങോളം ചലനം സൃഷ്ടിച്ചപ്പോൾ ഭാരത്തിലെ പ്രമുഖ നേതാക്കൾ ഈ സ്ഥാപനത്തെതേടിയെത്തി. 1927 ലും 1934 ലും മാഹാത്മാഗാന്ധി കസ്തൂർബാ ഗാന്ധിയോടൊപ്പം ശബരി ആശ്രമം സന്ദർശിച്ചു. പരുക്കൻ ഖാദിയും ഗാന്ധിത്തൊപ്പിയുമണിഞ്ഞ ദേശ പ്രേമികൾ ഇവിടെ നിന്ന് പാലക്കാട് ടൗണിലേക്ക് ദേശഭക്തിഗാനങ്ങളുടെ അകമ്പടിയോടെ ജാഥകൾ നടത്തിയിരുന്നു. ചുരുക്കത്തിൽ അകത്തേത്തറ ഒരു മാതൃകാഗ്രമമായിമാറി. കേരളത്തിൻെറ ബർദോളി എന്ന് ഈ കൊച്ചിഗ്രാമം അറിയപ്പെട്ടു.തെക്കേ മലബാറിലെ ഉപ്പ് സത്യഗ്രഹ ജാഥ ശബരി ആശ്രമത്തിൽ നിന്നാണ് പുറപ്പെട്ടത്. സങ്കുചിതമായ ജാതിചിന്തക്കതീതമായി കുട്ടികളെ വളർത്തുക യെന്നതായിരുന്നു കൃഷ്ണസ്വാമി അയ്യരുടെ ലക്ഷ്യം നാനാജാതിയിലുള്ള കുട്ടികളേയും അദ്ദേഹത്തോടൊപ്പം ആശ്രമത്തിൽ താമസിപ്പിച്ചു പഠിപ്പിച്ചു. തമിഴ് കവിസുബ്രഹ്മണ്യഭാരതിയെ അനുകരിച്ച് മലയാള ഭാഷയിലാദ്യമായി ദേശീയഗാനങ്ങൾ രചിച്ചകവിയും കൃഷ്ണസ്വാമിഅയ്യരാണ്. 1935 ഏപ്രിൽമാസം 29 ന് തൻെറ 44 ാം വയസ്സിൽ ആധീരദേശാഭിമാനി അകാലചരമം പ്രാപിച്ചു.

അകത്തേത്തറയിലെ നവോത്ഥാന പ്രസ്ഥാന നായകരിൽ സ്വാമി ആനന്ദതീർത്ഥനെ വിസ്മരിക്കുക വയ്യ. തൻെറ മുഴുവൻ സമയവും കഴിവുകളും അധ: സ്ഥിതരുടെ ഉയർച്ചക്കായി ഉഴിഞ്ഞു വച്ച ഒരു കർമ്മയോഗിയായിരുന്നു ആനന്ദതീർത്ഥൻ. 1926 ൽ മദിരാശി പ്രസിഡൻസി കോളേജിൽനിന്ന് ബി.എ. (ഓണേഴ്സ്) യിൽ ഉന്നതമായ വിജയം നേടി പുറത്തുവന്ന തലശ്ശേരി സ്വദേശിയായ ആനന്ദഷേണായി രാജാജിയുടെ നിർദ്ദേശപ്രകാരം ശബരിആശ്രമത്തിലെത്തി അയിത്തോച്ചാടനത്തിനും ജാതീയതയ്ക്കമെതിരെ പ്രവർത്തിക്കാൻ തുടങ്ങി. അവർണ്ണർക്ക് സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടി ആര്യസമാജക്കാർ

നടത്തിയ സമരത്തിൽ അദ്ദേഹം പങ്കാളിയായി ശബരി ആശ്രമത്തിലെ അവർണ്ണരായ വിദ്യാർത്ഥികൾക്ക് ഊടുവഴികളിലൂടെ നടന്നുപോകുന്നതിന് അനുവാദമില്ലായിരുന്നു. അത്തരം ഊടു വഴികളിലൂടെ വിദ്യാർത്ഥികളെയും കൂട്ടി അനന്തതീർത്ഥൻ നടന്നുനീങ്ങുകയും അതിൻഫലമായി സവർണ്ണരിൽ നിന്ന് ധാരാളം മർദ്ദനങ്ങൾ ഏറ്റു വാങ്ങുകയും ചെയ്തു. അദ്ദേഹത്തിന്റെതന്നെ വാക്കുകളിലൂടെ ''ഞാൻ 1927 ഫെബ്രുവരി മാസത്തിൽ ശിവരാത്രിത്തിദിവസം ആശ്രമത്തിലെ കുട്ടികളെ കല്ലേകുളങ്ങര ശിവക്ഷേത്രത്തിലെ ഉത്സവച്ചന്ത കാണിക്കുന്നതിന് കൊണ്ടുപോയി. ചന്തസ്ഥലത്ത് മുസ്ലീം കച്ചവടക്കാരായിരുന്നുകൂടുതൽ എങ്കിലും അവിടെ അയിത്തജാതിക്കാർക്ക് പ്രവേശന മുണ്ടായിരുന്നില്ല. ഞങ്ങളെകണ്ടതും വിറളിയെടുത്ത ക്ഷേത്ര ഭാരവാഹികൾ കുട്ടികളെ തല്ലിയോടിക്കുകയും എന്നെ അതികഠിനമായി പ്രഹരിക്കുകയും ചെയ്തു. അയിത്തോച്ചാടനത്തിനായി പ്രവർത്തനരംഗത്തിറങ്ങാൻ എന്നെ പ്രേരിപ്പിച്ചത് ഈ സംഭവമാണ്.''

ആശ്രമത്തിലിരുത്തിപഠിപ്പിക്കാൻ ആനന്ദതീർത്ഥൻ 4 നായാടികളെകൊണ്ടുവന്നു. റോഡിൽകൂടി നടന്നുവരാൻ ധൈര്യ മില്ലാ ത്തതിനാൽ അവരെ ഒരു കാളവണ്ടിയിൽ പർദ്ദയിട്ട സ്ത്രീകളെ കൊണ്ടു വരുന്നതുപോലെ മുഖം മറച്ചാണ് കൊണ്ടുവന്നത്. പക്ഷേ നായാടിക്കുട്ടികൾ ഒരാഴ്ചക്കുള്ളിൽ ഓടിപ്പോയി. (മഹാകവി കുമാരനാശാന്റെ കവിതാശകലങ്ങളിലുള്ള ''ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ള'' കണ്ടാൽ കളിക്കേണ്ടവരായി സവർണ്ണർ കരുതിപ്പോന്നവരായിരുന്നുനായാടുകൾ. ഇവർ സ്വയം രേഖപ്പെടുത്തിയ സ്ഥലങ്ങളിൽ ഭിക്ഷാടനം നടത്തിവന്നു. കഠിനമായ മഴക്കാലത്തു മാത്രം വീടുകളിൽ താമസിക്കും. താമസസ്ഥലത്തു വൃക്ഷങ്ങൾപോലും വച്ചുപിടിപ്പിക്കാൻ ഇവർക്ക് അനുവാദമുണ്ടായിരുന്നില്ല. ക്ഷേത്രങ്ങളിലോ പരിസരങ്ങളിലോ പോയി താമസിക്കാൻ ഇവർക്ക് അവകാശമുണ്ടായിരുന്നില്ല)

ഈ കാലഘട്ടത്തിൽ തന്നെയാണ് ശ്രീ നാരായണ ഗുരുദേവന്റെ '' ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്'' എന്ന സന്ദേശം കേരളാന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരുന്നത്. അത്തരം പ്രവർത്തനങ്ങളിൽ അകൃഷ്ടനായ ശ്രീ നാരായണ ഗുരുവിൽ നിന്നും 1928 ൽ സന്യാസം സ്വീകരിക്കുകയും സ്വാമി ആനന്ദതീർത്ഥൻ എന്ന് ശ്രീ നാരായണനാൽ തന്നെ നാമകരണം ചെയ്യപ്പെടുകയും ചെയ്തു. സാമൂഹ്യ നവോത്ഥാനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ അകത്തേത്തറയിൽ ശക്തി പ്പെട്ടു. സഞ്ചാര സ്വാതന്ത്ര്യമില്ലാത്ത പൊതുനിരത്തുകളിലൂടെ യാത്ര ചെയ്യാനും പൊതുക്ഷേത്രങ്ങളിൽ പ്രവേശിക്കാനും, ഹരിജനങ്ങൾക്ക് മുടിവെട്ടാൻ കൂട്ടാക്കാത്ത ബർബർഷാപ്പുകളിലും ചായക്കടകളിലും പ്രവേശിക്കാനും തുടങ്ങി. സവർണ്ണരുടെ ഭയങ്കരമായ മർദ്ദനങ്ങൾ അതിജീവിച്ചുകൊണ്ട് അവർ മുന്നേറി. അകത്തേത്തറയിൽ അയിത്തത്തിൽ വിശ്വസിക്കാത്ത കുടുംബങ്ങളുമുണ്ടായിരുന്നു. ശ്രീ. ശിവാനന്ദ പരമഹംസരുടെ ശിഷ്യന്മാരായിരുന്ന ഇവർ.

ജാതിമതവർണ്ണചിന്തകൾക്കതീതമായി പ്രവർത്തിക്കാനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെസമരം പ്രഖ്യാപിക്കാനും ജനങ്ങളെ ആഹ്വാനം ചെയ്തുകൊണ്ട് ശബരി ആശ്രമം കേന്ദ്രമാക്കി നടത്തിയ ധീരോദാത്തമായ പ്രവർത്തനങ്ങൾ അകത്തേത്തറയുടെ സാമൂഹ്യപരിഷ്ക്കരണ ചരിത്രത്തിന് ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർത്തു.

സ്ഥിതിസമത്വത്തിനും മാനവനീ തിക്കും വേണ്ടിയുള്ള തളരാത്ത പോരാട്ട ങ്ങൾക്ക് പില്കാലത്ത്നേതൃത്വം നൽകിയവരാണ് കുഞ്ഞിരാമൻ മാസ്റ്റർ, സി.ബി. കുഞ്ഞിപ്പ, കെ.എ.ചി ദംബരൻ, എ.എൻ. യൂസഫ്,കെ.പി. കൃഷ്ണൻ (പപ്പാടി), കുറ്റിപ്പുള്ളി രാമൻ, കാട്ടേരി ഗോപാലമേനോൻ, കൃഷ്ണൻ (കൽമാടം), കെ.വി. ചാമിയാർ, മുരുകൻ, ട്രിങ്കോ,കൃഷ്ണൻ, കെ.മായാണ്ടി തുടങ്ങിയ മൺമറഞ്ഞവരും ജീവി ച്ചിരിക്കുന്നതുമായവർ സാമൂഹ്യ വിപത്തുകൾക്കെ തിരെ പടപൊരുതാൻ നാവോത്ഥാന നായകർ ചെയ്ത ആഹ്വാനം ചെവിക്കൊണ്ടവർ എറ്റെടുത്ത പ്രവർത്തനങ്ങളിലൂടെ ഇടതുപക്ഷതൊഴിലാളിവർഗ്ഗ പ്രസ്ഥാനവും അകത്തേത്തറയിൽ ശക്തിപ്പെട്ടു.

ജന്മിത്തത്തേയും നാടുവാഴിത്തത്തേ യും അരക്കിട്ടുറപ്പിച്ചു നിർത്തുന്ന തിൽ കൂടുതൽ പങ്കുവഹിച്ച ജാതി വ്യവസ്ഥകൾ ക്രമേണ അപ്രത്യക്ഷമായി ത്തുടങ്ങി. അവരിൽ അവകാശ ബോധമുയർന്നു. സാമൂഹ്യ സാമ്പത്തിക ചേരിതിരിവുകൾക്ക് വലിയ വ്യതിയാനമുണ്ടായതു 1970 ൽ നിലവിൽ വന്ന ഭൂപരിഷ്കരണ നിയമത്തിനു ശേഷമാണ് രാജഭരണകർത്താക്കളുടെ ഉടമസ്ഥത യിലായിരുന്ന പാട്ടത്തിന്നായി കുടിയാന്മാർക്ക് വിട്ടു കൊടുത്തിരുന്ന ഭൂപ്രദേശങ്ങളുടെ ഉടമാവകാശത്തിൽ മാറ്റം വന്നു. ജന്മത്തിത്തിന്റെ തായ്വേരുകളിളകി.താമസിക്കുന്ന കുടിലും പണിയെടുക്കന്ന വയലും പറമ്പും സ്വന്തമാണെന്ന ബോധം വന്നതോടെ കാർഷികമേഖലയിൽ പുത്തനുണർച്ച കൈവന്നു. സമൂഹത്തിന്റെ കീഴ്ത്തട്ടിലുള്ളവരുടെ സാമ്പത്തിക നിലവാരം പതുക്കെ ഉയർന്നു.

സ്വാതന്ത്ര്യസമരസേനാനികളിൽ പി.നാരായണൻജി ഇന്നും രാഷ്ട്രീയരംഗത്തുണ്ട് ശ്രീ.ചി അർ. കൃഷ്ണ സ്വാമി അയ്യരുടെ വളർത്തുമകനായ നാരായണൻജി തന്റെ 10 വയസ്സുമുതൽ ദേശീയ പ്രസ്ഥനവുമായി ബന്ധപ്പെട്ടു .ക്വിറ്റ് ഇന്ത്യാ പ്രഥാനത്തിൽ പങ്കെടുത്ത് 3 വർഷം തടവുശിക്ഷ അനുഭവിച്ചിട്ടുണ്ട്.



ശബരി ആശ്രമം

അകത്തേത്തറയുടെ സാംസ്ക്കാരിക വൈ ജ്ഞാനിക മണ്ഡലം:

സ്ക്കൂളുകൾ സ്ഥാപിക്കപ്പെടുന്നതിന് മുമ്പുതന്നെ അനൗപചാരിക വിദ്യാഭ്യാസരീതി ഇവിടെ നിലവിലുണ്ടായിരുന്നെങ്കിലും അവസാർ വ്വത്രികമായിരുന്നില്ല. ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഹിന്ദിപ്രചാരസഭയുടെ പ്രവർത്തനങ്ങൾ നിലവിൽ വന്നു. പാലക്കാട്ടശ്ശേരി ശേഖരിവർമ്മ വലിയരാജാവാണ് പാലക്കാട് ആദ്യമായി ഒരു അച്ചുകൂടം സ്ഥാപിച്ചത് 1887ൽ കേരളത്തിലാദ്യ മായി ദക്ഷിൺ ഭാരത് ഹിന്ദിപ്രചാരസഭയുടെ പ്രവർ ത്തനങ്ങൾ ആരംഭിച്ചത് അകത്തേത്ത റയിലാ ണ്. സംസകൃതഭാഷ പഠിപ്പിക്കുന്ന സ്ക്കൂളുകളും ഇവിടെ നിലവിൽ വന്നു.(ശ്രീകൃഷ്ണ ജയന്തി മാഹാത്മ്യം ഹേമംബികാസ്തവം. എന്നി കൃതി കളും, നീലാ സുരവധം സിംഹാവതാരം ആട്ടക്കഥ കളും രചിച്ച വി ദ്വാൻ കിഴക്കേമെലടം കോമ്പി അഹ ൻ,പഞ്ചതന്ത്രം കിളിപ്പാട്ട് , വേതാള ചരിതം കൃതിക ളുടെ കർ ത്താവായ കല്ലേക്കുളങ്ങര രാഘ വപ്പിഷാരടി, കാവേ രിമാഹാത്മ്യം കർത്താവ് കുടിയാങ്കളത്ത് ശുപ്പു മേനോൻ, എന്നിവർ

സാഹിത്യ വൈജ്ഞാനിക രംഗത്ത് അറിയപ്പെടുന്ന വരാണ്. പാലക്കാട്ടുശ്ശേരി ശേഖരിവർമ്മ വലിയരാജാവാണ് പാലക്കാട്ട് ആദ്യമായി 1887 ൽ ഒരു അച്ചുകൂടം സ്ഥാപിച്ചത്. പാരമ്പര്യമായി സൌജന്യ വൈദ്യസേവനം നൽകി യിരുന്നവരും നമുക്കുണ്ടായിരുന്നു. വിഷചി കത്സയിൽ അദ്വിതീയ നായിരുന്ന ഇളയഛനിടം ഇ. കുഞ്ചുഅഛൻ, അകത്തേത്തറയിൽ ജീവരക്ഷാ ലയം സ്ഥാപിച്ച രാരങ്കടത്ത് വീട്ടിൽ ഭാസ്ക്കര മേനോൻ, മാനസിക രോഗചികിത്സയിൽ അറിയ പ്പെടുന്ന വൈദ്യരായ വീരാൻകുട്ടിവൈദ്യർ ആയുർ വ്വേദ വൈദ്യൻ ചാത്തത്ത് വീട്ടിൽ കേശവമേനോൻ, കെ. എം. കേലുഅഛൻ, ഇളയച്ഛനിടം ഇട്ടി പങ്കിഅഛൻ, എമൂരി നേത്യാരമ്മ.കെ.എം. എന്നിവരും വൈദ്യശാ സത്ര രംഗത്ത് തനതായ സംഭാവനകൾ നൽകിയവരാണ്. നാഡീചി കിത് സാരംഗത്ത് കെ.എം.കൃഷ്ണവർമ്മ ഇപ്പോഴും പ്രതിഫലേഛ കൂടാതെ സേവനം ചെയ്തു വരുന്നു. പ്രമുഖ സാമൂഹ്യപ്രവർത്തകയും മുൻബോ ർഡ്മെമ്പ റുമായിരുന്ന അമ്പാട്ടു ബംഗ്ലാവിൽ രുഗ്മിണി നേത്യാർ ശാസത്രജ്ഞനായിരുന്ന ഡോ.വി.കെ. പ്രേംകുമാർ, ദേശീയ അധ്യാപക അവാർഡു നേടിയ റിട്ടാ വിദ്യഭ്യാസ ഡെപ്പ്യൂട്ടി ഡയറക്ടർ പാർവ്വതി നേത്യാർ, ഡോ. ഇ.കെ. അഛൻ, പ്രമുഖ സാമൂഹ്യ പ്രവർത്തകനും വിദ്യാ ഭ്യാസ വിചക്ഷണനു മായിരുന്ന കെ.പി. ഉണ്ണാലഛൻ മാസ്റ്റർ, വിദ്വാൻ എ. വാസുമേനോൻ, ഹിന്ദി സാഹിത്യത്തിൽ ദേശീയ അവാർഡും, ഡോക്ടറേറ്റ് ബിരുദവും ലഭിച്ച സ്വാതന്ത്ര്യസമര സേനാനി പി. നാരായൺജി, സേവാഗ്രാമിൽ നിന്നു അടിസ്ഥാന വിദ്യഭ്യാസ പരിശീലനം നേടിയ വിദ്യാഭ്യാസ വിചക്ഷണനം, ഗാന്ധിസാഹിത്യ രചയിതാ (കേരളസാഹിത്യ അക്കദമി ബാല സാഹിത്യ പുരസ ക്കാരം, അവാർഡ് എന്നിവ ലഭിച്ചു) വുമായ ശ്രീ.ഭീമൻ ഗുരുജി, അകത്തേത്തറയിൽ നിന്ന് ആദ്യമായി ഹിന്ദിസാ ഹിത്യത്തിൽ ഡോക്ടറേറ്റ് ലഭിച്ച പി. നാസ്തികുമാർ എന്നിവരും വൈജ്ഞാ നിക രംഗത്തെ അകത്തേ ത്തറയുടെ അഭിമാന ഭാജനങ്ങളാണ്.ഉപരി

വിദ്യാഭ്യാസ ത്തിന് കോഴി ക്കോടും, മദിരാശി യിലും, ഇംഗ്ലണ്ടിലും പോയി പിന്നീട് തന്റെ പ്രവർ ത്തനരംഗം കോഴിക്കോ ട്ടേക്ക്മാറ്റിയ ധിഷണാ ശാലിയായ പത്രപ്രവർത്ത കനും പ്രമുഖസാ ഹിത്യകാരനും സ്വാതന്ത്ര്യ സമര സേനാനിയു മായിരുന്ന ശ്രീ.കെ.പി.കേശവ മേനോന്റെ ജീവിതവും അകത്തേത്തറയുമായി ബന്ധപ്പെട്ടി രിക്കുന്നു.

ഒളപ്പമണ്ണ, പൂമുള്ളി എന്നീ കലാസാം സ്ക്കാരിക കേന്ദ്രങ്ങളിൽ നിന്നും വീരശൃംഖലയും പട്ടും വളകളും ലഭിച്ച യശ:ശ്ശരീര നായ തായമ്പ കവിദ്വാൻ അച്ചുതമാരാർ, ശ്രീ.രാ വുണ്ണിപ്പണിക്കർ, കേരളത്തിലെ പ്രമുഖ നാദസ്വ രവിദ്വാന്മാരിൽ അദ്വിതീയനായ വിദ്വാൻ ശ്രീ. പല്ലാവൂർ കൃഷ്ണൻ കുട്ടിനായർ, അകത്തേ ത്തറ യിലെ യുവാക്കളിൽ സംഗീതം ജനിപ്പിച്ച മഹാ തപസ്വിയായ നാദസ്വര വിദഗ്ദൻ ശ്രീ. വേങ്ങേശ്ശേ രിനാരായണൻനായർ താളവിദ്ഗ്ദ്ധരായ കല്ലേക്കുള ങ്ങര ഗോവിന്ദമാരാർ, രാമമാരാർ, മദ്ദളകലയിലെ കേരളത്തിലെ പ്രഥമ ശ്രേണ്രിയിലുള്ള ശ്രീ. കൃഷ്ണവാരിയർ, അനുഷ്ഠാ നവാദ്യങ്ങളെ സംബന്ധിച്ച് പഠനവും ഗവേഷണവും നടത്തുന്ന തായമ്പകാ വിദഗ്ദ്ധൻ കല്ലേക്കുളങ്ങര അച്ചുതൻകുട്ടിമാരാർ എന്നിവർ കല്ലേകുളങ്ങരയുടെ കലാപാരമ്പര്യം സംസ്ഥാനത്തിനകത്തും പുറത്തും വിളിച്ചറിയിച്ചവരാണ്. തോറ്റം പാട്ടുകലാകാരൻ വേലായുധൻ (കൊങ്ങപ്പാടം) അറിയപ്പെടുന്ന വ്യക്തിയാണ്.

നൂറ്റാണ്ടുകളായി നിലനിന്നുവന്ന തെരുവത്തപ്പള്ളി നേർച്ചയ്ക്ക് മുടക്കം വന്നപ്പോൾ നേർച്ചയക്കവേണ്ട ആനയേയും, അപ്പപ്പെട്ടിയും തയ്യാറാക്കി അകത്തേത്തറ കിഴക്കേമേലടത്തു നിന്ന് നേർച്ച പുറപ്പെടാൻ തീരുമാനിച്ച കാട്ടേരി വീട്ടിൽ ഗോപാലമേനോൻ ഹിന്ദു മിസ്ലീം മൈത്രി ഊട്ടി ഉറപ്പിക്കുന്നതിൽ മാതൃക കാണിച്ച വ്യക്തിയാണ് .നിലവിലുണ്ടായിരുന്ന ജാത്യാചാരങ്ങളെ സധൈര്യം വെല്ലുവിളിച്ച വ്യക്തികൂടിയായിരുന്നു. ശ്രീ. ഗോപാലമേനോൻ.കേരളീയ സമൂഹത്തിൽ നിന്ന് ഇപ്പോൾ അന്യം നിന്നു പോയിക്കൊണ്ടിരിക്കുന്ന ആ യോധന കലയായ കയ്യാങ്കളിയുടെ ഈറ്റില്ലമാണ് അകത്തേത്തറ . ശ്രീ. കെ. എ. ചിദംബരൻ തുടങ്ങി ഈ രംഗത്തു ണ്ടായിരുന്ന ഒട്ടേറെ പേർ കേരളമാകെ അറിയപ്പെട്ടു.

അകത്തേത്തറയുടെ ഭൂപ്രകൃതി

പാലക്കാട് ജില്ലയിൽ, പാലക്കാട് പട്ടണത്തിന്റെ വടക്കുഭാഗത്ത് പട്ടണത്തിൽ നിന്ന് സുമാർ 8 കി. മീ. ദൂരെയായി മലമ്പുഴ റോഡിൽ കിടക്കുന്ന ഒരു പ്രദേശമാണ് അകത്തേത്തറ ഗ്രാമ പഞ്ചായത്ത്. അക്ഷാംശം 10^0 20' N ക്കും 10^0 24'N രേഖാംശം 77^0 10' ക്കും 70^0 14' E നും ഇടയിൽ 18 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ മലമ്പുഴ അണക്കെട്ടിനടുത്തു കിടക്കുന്ന ഒരു പഞ്ചായത്താണ് അകത്തേത്തറ. പടിഞ്ഞാറുഭാഗം പുതുപ്പരിയാരം പഞ്ചായത്തും, കിഴക്ക് മലമ്പുഴ പഞ്ചായത്തും, വടക്ക് പശ്ചിമഘട്ടം, തെക്കുഭാഗം പാലക്കാടു മുനിസ്സിപ്പാലിറ്റി എന്നിവയാണ് പഞ്ചായത്തിന്റെ അതിരുകൾ. ഭൂമിശാസ്ത്ര പരമായി മലനാട്ടിലും, ഇടനാട്ടിലും വ്യാപിച്ചു കിടക്കുന്ന പത്തു വാർഡുകളുൾപ്പെടുന്ന ഒരു ഗ്രാമപഞ്ചായത്ത് പ്രദേശമാണിത്. പഞ്ചായത്തിന്റെ വടക്കൻപ്രദേശങ്ങൾ കുന്നുകൾ നിറഞ്ഞതും, തെക്കൻപ്രദേശങ്ങൾ താരതമ്യേന സമതല പ്രദേശങ്ങളുമാണ്.


ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിന് താഴെ പറയുന്ന വിധത്തിൽ വിവിധ മേഖലകളാക്കി തിരിക്കാം.

1. പർവ്വത നിര
2. ഉയർന്ന സമതലം
3. ചെങ്കുത്തായ ചെരിവുള്ള പ്രദേശങ്ങൾ.
4. കുത്തനെയുള്ള ചെരിവ്.
5. ഇടത്തരം ചെരിവുള്ള പ്രദേശങ്ങൾ.
6. ചെറിയ ചെരിവുള്ള പ്രദേശങ്ങൾ.
7. താഴ്ന്ന ചെരിവുള്ള പ്രദേശങ്ങൾ
8. സമതല പ്രദേശങ്ങൾ.
9. ചിറകൾ.
10. വെള്ളപൊക്ക ബാധിത പ്രദേശങ്ങൾ.

ചെങ്കൽമണ്ണ്, എക്കൽ അടിഞ്ഞുള്ളമണ്ണ്, അവശിഷ്ട മണ്ണ്, പാറ എന്നിവയാണ് ഈ പഞ്ചായത്തിൽ പ്രധാനമായും ഉപരിതലത്തിൽ കാണുവാൻ സാധിക്കുന്ന മണ്ണുകൾ. പഞ്ചായത്തിൽ ഏതാണ്ട് 50% പ്രദേശങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. എല്ലാകാലത്തും വെള്ളം ലഭിക്കുന്ന 20 ൽ പരം കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കുടിവെള്ളത്തിന് മുഖ്യമായും കിണറുകളെയും മലമ്പുഴ വെള്ളത്തിനേയുമാണ് ആശ്രയിക്കുന്നത്. വേനൽക്കാലത്തും മഴ ക്കാലത്തും ജലവിതാനത്തിൽ കാര്യമായ വ്യതിയാനം സംഭവിക്കുന്ന ഒരു പ്രദേശമാണിത്. നെൽകൃഷിയാണ് ഈ പഞ്ചായത്തിന്റെ പ്രധാന കൃഷി. ഉദ്ദേശ്യം 5 ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് നെൽകൃഷി നടത്തുന്നു. അടുത്ത കാലത്തായി നെൽപ്പാടങ്ങൾ നികത്തി അവിടങ്ങളിൽ കെട്ടിടങ്ങൾ ധാരാളമായി ഉയർന്നു വന്നിട്ടുണ്ട്. ഇത് പാരിസ്ഥിതികപ്രശ്നം വളരെയധികം ഉണ്ടാക്കുന്നതിനോടൊപ്പം നെല്ലുത്പാദനം ഗണ്യമായി കുറയുന്നതിനും കാരണമായിട്ടുണ്ട്. തെങ്ങ്, റബ്ബർ, കശുവണ്ടി, വാഴ, ഇടവിളകൾ എന്നിവയും ഇവിടങ്ങളിൽ കൃഷി ചെയ്യുന്നുണ്ട്. മലമ്പുഴ അണക്കെട്ടിനോട് അടുത്ത പ്രദേശമാണെങ്കിലും കൃഷിക്ക് പ്രധാനമായും മഴയെത്തന്നെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ ഏതാണ്ട് 7 ചതുരശ്ര കിലോമീറ്റർ പ്രദേശം തരിശുഭൂമിയായി കിടക്കുന്നു. ധാരാളം കരിങ്കൽ ക്വാറികൾ ഉള്ള ഒരു പഞ്ചായത്താണിത്. ഈ പഞ്ചായത്തിൽ 53.40 കി.മീ. ദൈർഘ്യത്തിൽ റോഡുകൾ വ്യാപിച്ചു കിടക്കുന്നുണ്ടെങ്കിലും പല റോഡുകളും ഗതാഗതയോഗ്യമല്ല.

(അവലംബം ; വിഭവഭൂപട സർവ്വേ റിപ്പോർട്ട്)

AKATHETHARA PANCHAYAT



തൊഴിൽ പങ്കാളിത്ത നിരക്ക്

തൊഴിൽ മേഖല	പുരുഷൻ	സ്ത്രീ
കർഷകർ	366	90
കർഷക തൊഴിലാളികൾ	896	974
മൃഗസംരക്ഷണം, മത്സ്യബന്ധനം	110	30
ഖനനം	63	53
കുടിൽ വ്യവസായങ്ങൾ	169	84
മറ്റു വ്യവസായങ്ങൾ	445	55
നിർമ്മാണ തൊഴിലാളികൾ	215	16
വ്യാപാരം	626	65
ഗതാഗതം , വാർത്താ വിനിമയം	1285	222
മറ്റുള്ളവ	818	462
തൊഴിൽ രഹിതർ	5538	8689

(1991 ലെ സെൻസസ് അനുസരിച്ച്)

5

സാമൂഹിക സാമ്പത്തിക മേഖലകൾ

" സ്വന്തം രാജ്യത്തിന്റെ
നിർമിതിയിൽ ഞങ്ങൾക്കും
ഫലപ്രദമായൊരു പങ്കുണ്ടെന്ന്
പരമ ദരിദ്രനുപോലും
അനുഭവപ്പെടുന്നൊരു ഭാരതം,
ഉയർന്ന വർഗക്കാരോ താഴ്ന്ന
വർഗക്കാരോ ഇല്ലാത്തൊരു
ഭാരതം, എല്ലാ സമുദായങ്ങളും
പരിപൂർണ്ണ രഞ്ജിപ്പിൽ
കഴിയുന്നൊരു ഭാരതം
കെട്ടിപ്പടുക്കുന്നതിനു വേണ്ടി
ഞാൻ പ്രവർത്തിക്കും."

-മഹാത്മാഗാന്ധി



5 - 1 കൃഷിയും ജലസേചനവും

കാർഷികചരിത്രം

മാ.രാ.രാ ശ്രീ പാലക്കാടു രാജവംശത്തിന്റെയും ഏമൂർ ഭഗവതി ദേവസ്വത്തിന്റെയും വകകൾ മാത്രമായിരുന്നു. ഈ പ്രദേശത്തുള്ള ഭൂപ്രദേശങ്ങൾ ഇതു നിലനിന്നിരുന്ന ജന്മികുടിയായ്മ നിയമങ്ങൾക്ക് വിധേയമായി കുടിയാൻന്മാർക്ക് പാട്ടവ്യവസ്ഥകളിൽ കൃഷിക്ക് കൊടുത്തിരുന്നു. രാജകുടുംബങ്ങളിൽ ഏതാനും ചില കുടുംബക്കാർ നേരിട്ടും സ്വന്തമായും കൃഷി നടത്തിയിരുന്നു.

1957 വരെ കുടിയാന്മാർക്ക് കൈവശത്തിൽ സ്ഥിരതയില്ലായിരുന്നു. ജന്മിമാരുടെ ഇഷ്ടാനുസരണം കുടിയാന്മാരെ ഒഴിപ്പിക്കുകയും ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

അക്കാലങ്ങളിൽ ഈ പ്രതിഭാസത്തെ ആസ്പദമാക്കി ഉൽപാദന വർദ്ധനവുണ്ടാക്കുന്നതിന് കർഷകർ ഉൽസുകരായിരുന്നില്ല.

1957 ൽ ഭൂനയ പരിഷ്കാരം വന്നതോടെ കർഷകന് സ്ഥിരാവകാശം നൽകുകയും തദ്വാര കർഷകന് ഒരു പുത്തൻ ഉണർവ് ഉണ്ടാകുകയും ചെയ്തു.

1970 ൽ ഭൂനയ പരിഷ്കരണം പൂർവപ്രാബല്യത്തിലെത്തിയപ്പോൾ മുഴുവൻ കർഷകരും ഭൂ ഉടമകളായി.

ഭൂപ്രകൃതിയുടെയും മറ്റു ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്തു പ്രദേശത്തെ പ്രധാനമായും 3 ആയി തരം തിരിക്കാവുന്നതാണ്. (1) ധോണിയിൽ നിന്നു തുടങ്ങി പപ്പാടി അഴകൻപാറ, ചീക്കുഴി എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന വടക്കുദിശയിലായി സ്ഥിതി ചെയ്യുന്ന മലമ്പ്രദേശം (2) നെൽകൃഷി ചെയ്യുന്നതും കുടിയിരുപ്പുകളടങ്ങുന്നതുമായ സമതലങ്ങൾ ഉൾക്കൊള്ളുന്ന മദ്ധ്യപ്രദേശം (3) പാർപ്പിട കോളനികളായി മാറിയ തെക്ക് ദിശയിൽ മുനിസിപ്പാലിറ്റിയോടു ചേർന്നു കിടക്കുന്ന പ്രദേശം എന്നിവയാണ് ഈ പഞ്ചായത്തിന്റെ ഭൂപ്രദേശം. മൂന്നു മേഖലയിലും വ്യത്യസ്ഥ കാർഷികസ്വഭാവമാണ് കാണുന്നത്.

ഈ പഞ്ചായത്തിൽ 10 വാർഡുകളും മൊത്തം വിസ്തീർണ്ണം 19.492 ച. കി.മി.ആണ് മൊത്തം ജനസംഖ്യ 21514. ഇതിൽ 10664 പുരുഷന്മാരും 10850 സ്ത്രീകളുമാണുള്ളത്. ഇതിൽതന്നെ 3640 കർഷകകുടുംബങ്ങളാണ്. നെൽകൃഷി 405-ഹെക്ടർ മറ്റുവിളകളെല്ലാംകൂടി 553 തരിശ് 660 ഹെക്ടർ. വനഭൂമി മൊത്തം വിസ്തീർണ്ണത്തിന്റെ 20% എന്നിവ ഉൾപ്പെടുന്നു. നെൽകൃഷി വികസനത്തിനായി 11 പാടശേഖര സമിതികളും തെങ്ങു കൃഷി വികസനത്തിനായി ഒരു കേരവികസന സമിതിയും കൃഷിഭവന്റെ പരിധിയിൽ പ്രവർത്തിക്കുന്നു. 5 ധനകാര്യ സ്ഥാപനങ്ങളും 3 രാസവളകീടനാശിനി വിതരണശാലകളും നിലവിലുണ്ട്. ഒരു സേവന സഹകരണബാങ്കും രണ്ടു ക്ഷീരവികസന സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നു. 9 ഹരിജൻ കോളനികൾ നിലവിലുണ്ട്.

ഭൂവിനിയോഗം

പട്ടിക 1 : 2

പ്രധാന വിളകൾ	സ്ഥല പരിധി	പ്രധാന വിളകൾ	സ്ഥല പരിധി
നെല്ല് - ഒന്നാം വിള	403 ഹെക്ടർ	വാഴ	30 "
രണ്ടാം വിള	378 "	പച്ചക്കറികൾ	15 "
മൂന്നാം വിള	5 "	കൂർക്ക	40 "
തെങ്ങ്	300 "	ഇഞ്ചി	8 "
റബ്ബർ	100 "	മഞ്ഞൾ	5 "
കുരുമുളക്	10 "	മറ്റു പല വക ഇനങ്ങൾ	35 "
കശുമാവ്	10 "		

പട്ടിക 1 : 3

ഉൽപാദനക്ഷമത	ഏക്കർ / എണ്ണം കണക്കിന് (ശരാശരി)
നെല്ല്	1200 കി. ഗ്രാം ഒരേ ഏക്കറിൽ (സംസ്ഥാന ശരാശരിയിൽ കൂടുതൽ)
തെങ്ങ്	60 തേങ്ങ ഒരു കൊല്ലത്തിൽ. ഒരു തെങ്ങിൽ നിന്നും. (സംസ്ഥാന ശരാശരിയിൽ കൂടുതൽ)
റബ്ബർ	800 കെ. ജി. കൊല്ലത്തിൽ ഒരേക്കറിൽ നിന്നും
കുരുമുളക്	350 കെ. ജി. കൊല്ലത്തിൽ ഒരേക്കറിൽ നിന്ന്
കശുമാവ്	180 കെ. ജി. "
വാഴ	3000 കെ. ജി. കായ "
പച്ചക്കറികൾ	3000 കെ. ജി. "
കൂർക്ക	3500 കെ. ജി. "
ഇഞ്ചി	2500 കെ. ജി. "
മഞ്ഞൾ	3500 കെ. ജി. "
മറ്റു പല വക	100 കെ. ജി. "

മണ്ണ്

പൊതുവെ ആഴമുള്ളതും വിഭിന്ന സ്വഭാവമുള്ളതുമായ മണൽ കലർന്ന മണ്ണും ചരൽ മണ്ണും വനപ്രദേശത്തെ മണ്ണും ആണ്ടി മഠം ഭാഗത്തുമാത്രം കാണുന്ന കളിമണ്ണുമാണ്. കൂടാതെ നീർവാർച്ച സൗകര്യമുള്ള ചരിവുകൾ കൊണ്ട പ്രദേശമാണ്. മണ്ണ് അമ്ലസ്വഭാവം ഉള്ളത് PH മൂല്യം 5.1 to 6.5 ആണ്.

തരിശ്

തരിശുഭൂമി പഞ്ചായത്തിലെ 10-ാം വാർഡിലും 4-ാം വാർഡിലുമായി ധാരാളമുണ്ട്. ആയത് നിക്ഷിപ്തവനഭൂമിയിലുള്ള പ്രദേശമായും ദേവസ്വം വകയായും N.S.S. വകയായും ഉള്ളതാണ്. ആയത് യഥാക്രമം സുമാർ 500 ഏക്കർ,60 ഏക്കർ 100 ഏക്കർ എന്നിങ്ങനെയുണ്ട്.

വനഭൂമി

പഞ്ചായത്തിന്റെ പരിധിയിലുള്ള മൊത്തം ഭൂമിയുടെ 1/5 ഭാഗം (20%) വനം വകുപ്പിന്റെ അധീനതയിൽപ്പെടുന്ന മലമ്പ്രദേശമാണ്.

കാലാവസ്ഥ

കൃഷിയുടെ കാര്യത്തിൽ കാലാവസ്ഥക്കുള്ള പങ്ക് വളരെവലുതാണല്ലോ. അകത്തേത്തറ പഞ്ചായത്തിലെ കാലാവസ്ഥയെക്കുറിച്ച് വിശദമായ ഒരു പട്ടിക താഴെ ചേർത്തിട്ടുണ്ട്. ഇതിൽ കാറ്റിന്റെ അവസ്ഥകൂടി പ്രതിപാദിച്ചിരിക്കുന്നു. വാളയാർ ചുരത്തിലൂടെ വീശിയടിക്കുന്ന പാലക്കാടൻ കാറ്റും വളരെ പ്രസിദ്ധമാണല്ലോ. കൃഷി-ഊർജ്ജ രംഗങ്ങളിൽ പദ്ധതി രൂപീകരണത്തിന് ഇത് വളരെ പ്രയോജനം ചെയ്യും.

മറ്റുവിവരങ്ങൾ

മലമ്പുഴ ജലശുദ്ധീകരണകേന്ദ്രത്തിൽ നിന്നും ഒഴുകുന്ന പാഴ് ജലം തോട്ടപുര ഭാഗത്തുള്ള ഏകദേശം 15 ഏക്കർ സ്ഥലത്ത് വേനൽക്കാല പച്ചക്കറി ഉൽപാദിപ്പിക്കുന്നതിന് വിനി യോഗിക്കാവുന്നതാണ്.

വിഭവശേഷി വർദ്ധിപ്പിക്കൽ

പാറകൾ, മണ്ണ്, ജലം,മൃഗങ്ങൾ, സസ്യങ്ങൾ, മനുഷ്യൻ എന്നീ പ്രകൃതിദത്ത വിഭവശേഷി സമൂഹത്തിന്റെ ആവശ്യ വസ്തുതകൾ എന്ന നിലയിൽ സംരക്ഷിക്കുക. ആയതിലേക്കുള്ള ബോധവൽക്കരണം ആവശ്യമായിട്ടുണ്ട്.

നീർമറിപ്രദേശങ്ങൾ

വിവിധയിനം വൃക്ഷങ്ങൾ, അലങ്കാര ചെടികൾ പയറുവർഗ്ഗങ്ങൾ, പുല്ലുവർഗ്ഗങ്ങൾ, ഔഷധചെടികൾ എന്നിവ കൊണ്ട് ഹരിത വൽക്കരിക്കേണ്ടതായിട്ടുണ്ട്.പ്രധാന നീർമറി പ്രദേശങ്ങളായ മലമ്പ്രദേശങ്ങൾ വനം വകുപ്പിന്റെ അധീനതയിലാണ്.

മനുഷ്യപ്രയത്നം മൂലം വിഭവശേഷി വർദ്ധി പ്പിയ്ക്കൽ

കാർഷികമേഖലയിൽ തൊഴില വസരങ്ങൾ ധാരാളമുണ്ടാക്കി തൊഴിലില്ലാത്ത യുവാക്കളുടെ മനുഷ്യപ്രയത്നം വേണ്ടുവോളം വി നിയോഗിച്ച് സാമ്പത്തികനേട്ടങ്ങളുണ്ടാക്കുന്ന തിനോടൊപ്പം മാനസികവും ശാരീരികവുമായ ആരോഗ്യം കൈവരിയ്ക്കുകയും ചെയ്യാവുന്ന താണ്. ഇതിലേയ്ക്കായി വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പ്രത്യേകിച്ച് മഹിളകൾക്കും ബോധവൽക്കരണവും പരിശീലനപരിപാടികളും സംഘടിപ്പിയ്ക്കേണ്ടതാണ്. ഇത് നാമമാത്ര മാകാതെ തുടർന്നു കൊണ്ടുപോകേണ്ടതാണ്.

Temperature Reading : 1 - 1 - 91 to 12 - 1 - 96

	JAN	FEB	MAR	APR	MAY	JUN	JUL	AUG	SEP	OCT	NOV	DEC
1991 MIN	30.0	32.0	34.00	34.40	34.4	25.6	23.3	24.4	30.2	24.4	28.9	27.8
1991 MAX	36.7	36.70	40.00	40.00	40.0	35.6	31.1	30.0	33.3	34.4	32.2	32.2
1992 MIN	28.9	32.2	32.2	33.3	31.1	26.7	23.3	24.0	25.6	26.7	26.7	26.7
1992 MAX	32.2	36.7	41.1	40.0	38.9	36.7	32.2	32.2	33.3	33.3	36.7	35.6
1993 MIN	26.7	30.0	32.2	37.8	27.8	26.7	23.3	25.6	26.7	24.4	26.7	26.7
1993 MAX	33.3	36.7	38.9	40.0	40.0	35.7	32.1	31.1	33.3	35.6	33.3	32.2
1994 MIN	28.9	32.2	32.2	32.2	31.1	25.6	23.3	22.2	25.6	26.7	26.7	28.3
1994 MAX	34.4	35.6	37.8	38.9	37.8	32.2	31.1	32.2	34.4	32.2	31.7	32.2
1995 MIN	27.8	31.1	33.9	34.4	27.8	25.6	24.4	23.3	24.4	28.3	27.8	28.9
1995 MAX	33.3	36.1	33.3	38.9	37.2	35.0	30.0	32.2	32.8	32.2	32.2	32.2
1996 MIN	30.0	31.1	33.9	27.8	32.0	23.3	24.4	25.0	25.6	26.7	27.2 (4.11.96)	
1996 MAX	34.1	36.7	40.00	38.9	36.7	38.8	33.9	30.6	3.1	31.7	32.2 (12.11.96)	

RAIN FALL DATA

FOR THE PERIOD FROM 1991 TO 1996

AKATHETHARA

Year	Rainfall in mm	No of Rainy days
1991	2034 - 50 mm	121days
1992	2130 - 10 mm	127 days
1993	1489 - 50 mm	91 days
1994	2079 - 20 mm	136 days
1995	1987 - 60 mm	133 days
1996	1789 - 70 mm	114 days (Upto 12.11.96)

WIND SPEED Km / Hour

1994		1995		1996	
Km/H	Date	Km/H	Date	Km/H	Date
24 . 07	27.01.94	24.81	19.01.95	23.77	29.01.96
18.29	28.02.94	26.01	07.02.95	23.05	19.02.96
18.91	01.03.94	17.70	21.03.95	14.66	24.03.96
14.56	15.04.94	7.37	26.04.95	10.41	10.04.96
10.46	11.05.94	10.65	28.05.95	10.49	12.05.96
11.00	16.06.94	16.01	01.06.96	10.10	14.06.96
11.51	17.07.94	8.90	17.07.95	10.88	17.07.96
12.61	01.08.94	10.98	29.08.95	10.74	20.08.96
11.36	09.09.94	11.88	02.09.95	8.82	13.09.96
11.17	21.10.94	11.30	28.10.95	8.55	27.10.96
21.25	11.11.94	13.88	30.11.95		
25.40	24.12.94	23.82	20.12.95		

പഞ്ചായത്തുവാർഡുകളിൽ സംഘടിപ്പിച്ച ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞ കർഷകരുടെ കാർഷിക രംഗത്തെ പ്രശ്നങ്ങളും റിസോർസ് പേഴ്സൺ തലത്തിൽ കണ്ടെത്താൻ കഴിഞ്ഞ കാർഷികപ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും.

1. കാർഷിക ഉൽപാദന ഉപാധികളായ വിത്ത് രാസവളം കീടനാശിനി പച്ചിലവളച്ചെടിവിത്ത് കുമ്മായ വസ്തുക്കൾ തുടങ്ങിയവ കർഷകർക്ക് വിലകുറച്ചു ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

നിലവിലുള്ള നെൽക്കൃഷിക്കുള്ള ഗ്രൂപ്പ്ഫാമിംഗ് പദ്ധതി പാടശേഖരസമിതികളുടെ സഹകരണത്തോടെ വിപുലീകരിച്ച് ഉത്പാദന വർദ്ധനവിനാവശ്യമായ പ്രവർത്തനങ്ങളും വിത്ത്, രാസവളം, കീടനാശിനികൾ എന്നിവ വിലകുറച്ച് നൽകുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും ജൈവവളപ്രയോഗത്തിനും കുമ്മായവസ്തുക്കൾ കുറഞ്ഞവിലക്കു നൽകുന്നതിനുമുള്ള പദ്ധതികൾ വിഭാവനം ചെയ്യുക. തെങ്ങ്, പച്ചക്കറി എന്നിവ കൃഷിചെയ്യുന്നകർഷകർക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കണം.

2. ശാസ്ത്രീയമായ കാർഷിക മുറകൾ കർഷകർക്കു കൂടുതൽ മനസ്സിലാക്കുന്നതിന് കൂടുതൽ അവസരം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മണ്ണുപരിശോധനയുടെ അടിസ്ഥാന ത്തിൽ കൃഷിനടത്തുന്നതിന് മണ്ണുപരിശോധനാ സൗകര്യങ്ങൾ വിപുലീകരിക്കണം.

കർഷകർക്കു ബോധവൽക്കരണം നടത്തുന്നതിനുള്ള പഠനക്ലാസ്സുകൾ അതാതു കാലഘട്ടങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള സംവിധാനം പാടശേഖരസമിതി, കേരവികസന സമിതി എന്നിവയുടെ സഹകരണത്തോടെ കൃഷി ഭവൻ തലത്തിൽ നടപ്പിലാക്കുക. ഓരോ വിള സീസണും മുമ്പ് സഞ്ചരിക്കുന്ന മണ്ണുപരിശോധന ശാലയുടെ സേവനം ലഭ്യമാക്കുന്നതിന് പഞ്ചായത്തുതലത്തിൽ നടപടി സ്വീകരിക്കുക. ഓമല്ല എൻജിനീയറിംഗ് കോളേജിൽ മണ്ണുപരിശോദിക്കുന്നതിനുള്ള ലബോറട്ടറി സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

3. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായവില ലഭിക്കുന്നതിനുള്ള നടപടി എടുക്കണം.

നെല്ല് നാളികേരം തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ഉൽപാദനചെലവിന് അനുസൃതമായി താങ്ങുവില നിശ്ചയിച്ച് സർക്കാർ തലത്തിൽ സംഭരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

4. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയും, വിപുലീകരിക്കുകയും ചെയ്യുന്നതിന് ആവശ്യമായി വരുന്ന ഗുണമേന്മയുള്ള പച്ചക്കറി വിത്തും, വളവും മറ്റു സാങ്കേതിക-സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കുക.

നൂതനകാർഷികയന്ത്രോപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും പഞ്ചായത്തു തലത്തിൽ അഗ്രോസർവീസ് സെന്ററുകൾ സ്ഥാപിയ്ക്കയും സന്നദ്ധമായി വരുന്ന പാടശേഖര സമിതികൾക്ക് സൗജന്യനിരക്കിൽ കാർഷികയന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിനുമുള്ള സമവിധാനം എർപ്പെടുത്തുകയും ചെയ്യുക.

5. കർഷകതൊഴിലാളികളുടെ ലഭ്യത കുറഞ്ഞു വരുന്നതിനാൽ യന്ത്രവൽക്കരണം കാർഷിക മേഖലയിൽ വ്യാപകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

കാർഷിക വായ്പയുടെ വലിശനിരക്ക് കുറയ്ക്കുന്നതിനും ഉൽപാദനചെലവിനാസ്പദമാക്കി വായ്പാപരിധി ഉയർത്തുന്നതിനുള്ള നടപടിയും കാലോചിതമായി വായ്പാവിതരണം നടത്തുന്നതിനുള്ള നടപടിയും സർക്കാർ തലത്തിൽ നടപ്പിലാക്കേണ്ടതാണ്.

6. കാർഷികരംഗത്ത് യുവജനങ്ങൾക്കുള്ള വിമുഖത ബോധവൽക്കരണത്തിലൂടെ മാറ്റിയെടുത്ത് കാർഷികമേഖലയുമായി സഹകരിപ്പിക്കുക. ഇതിൽ വിദ്യാർത്ഥികൾക്കും, വനിതകൾക്കും പ്രത്യേകം പ്രാമുഖ്യംനൽകുക.

യുവജനങ്ങളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിയ്ക്കുന്നതിനായി സ്കൂൾതലത്തിൽ കൃഷിശാസ്ത്രം ഒരു പഠ്യവിഷയമാക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടപ്പിൽ വരുത്തുകയും മഹിളാ സമാജങ്ങൾക്ക് കാർഷികമേഖലയിൽ ഏറ്റെടുത്തു നടപ്പിലാക്കാവുന്ന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

7. കാർഷികവായ്പയുടെ പലിശനിരക്ക് കുറയ്ക്കുക, വായ്പാ പിരിധി ഉയർത്തുക വായ്പതുക സമയോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി ഉണ്ടാക്കുക.

കാർഷിക വായ്പയുടെ വലിശനിരക്ക് കുറയ്ക്കുന്നതിനും ഉൽപാദനചെലവിനാസ്പദമാക്കി വായ്പാപരിധി ഉയർത്തുന്നതിനുള്ള നടപടിയും കാലോചിതമായി വായ്പാവിതരണം നടത്തുന്നതിനുള്ള നടപടിയും സർക്കാർ തലത്തിൽ നടപ്പിലാക്കേണ്ടതാണ്.

8. കൃഷിഭൂമി മറ്റു ആവശ്യങ്ങൾക്കുവേണ്ടി മാറ്റുന്നത് ആകാവുന്നത്ര തടയണം.

നെൽകൃഷിയിടങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിയ്ക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിന് ബോധവൽക്കരണം നടത്തേണ്ടതാണ്. പാർപ്പിടകോളനികൾ പഞ്ചായത്തിന്റെ ജനവാസം കുറഞ്ഞ മറ്റുപ്രദേശങ്ങളിലേയ്ക്കു മാറ്റുന്നതിനുള്ള ബോധവൽക്കരണം നടത്തേണ്ടതാണ്.

9. വ്യക്തികളുടെ സ്ഥലങ്ങളിൽ കുളം, കിണർ എന്നിവ കുഴിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിന് ആവശ്യമായസാമ്പത്തിക സഹായം ലഭ്യമാക്കുക.	ജലദൗർലഭ്യതയുടെ തീഷ്ണതയെ കണക്കിലെടുത്ത് വ്യക്തികളുടെ കൃഷിസ്ഥലങ്ങളിൽ കിണർ, കുളം, എന്നിവ നിർമ്മിയ്ക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായവും നിലവിലുള്ള കിണർ, കുളം എന്നിവ നവീകരിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായവും നൽകുന്നതിനുള്ള നടപടി ആസൂത്രണം ചെയ്യാവുന്നതാണ്.
10 കാർഷിക മെഖലയിൽ ജല സേചനം നടത്തുന്നതിന് മോട്ടോർ പമ്പുസെറ്റിന് വിദ്യുച്ഛക്തി കണക്ഷൻ വേഗത്തിൽ ലഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം.	കാർഷികമേഖലക്ക് ഇപ്പോൾ നൽകി വരുന്ന വിദ്യുച്ഛക്തി കണക്ഷനുള്ള മുൻഗണനാ സമ്പ്രദായം ഊർജ്ജിതപ്പെടുത്താവുന്നതും വൈദ്യുതി കണക്ഷനു ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ മണ്ണെണ്ണ/ ഡീസൽ കൊണ്ടു പ്രവർത്തിക്കുന്ന മോട്ടോർ പമ്പുസെറ്റുകൾ കുറഞ്ഞ മുടക്കുമുതലിനു കർഷകർക്കു ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കാവുന്നതുമാണ്. സ്വീകരിക്കാവുന്നതുമാ മുടക്കുമുതലിന് കർഷകർക്ക് ലഭ്യ മാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.
11. തരിശായി കിടക്കുന്ന ഭൂമി കൃഷിക്കായി പരമാവധി പ്രയോജനപ്പെടുത്തുക.	തരിശായി കിടക്കുന്ന നിക്ഷിപ്ത വനഭൂമിയിലും, ദേവസ്വം വക ഭൂമിയിലും, എൻ.എസ്. എസ്. മാനേജുമെൻറ് വക ഭൂമിയിലും റെയിൽവേ വകുപ്പ് കൈവശമുള്ള ഭൂമിയിലും ഫലവർഗ്ഗവിളകൾ ഔഷധമരങ്ങൾ പുൽകൃഷി തുടങ്ങിയവ ചെയ്യുന്നതിനുള്ള പദ്ധതി ആസൂത്രണം നടത്താവുന്നതാണ് വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് ജനിതകശേഖരം ഉണ്ടാക്കി ജൈവസമ്പത്തു വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം നടത്താവുന്നതാണ്.
12. ഔഷധ സസ്യകൃഷി വ്യാപകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.	തെങ്ങിൻതോട്ടങ്ങളിൽ ഇടവിളയായും, വീട്ടു വളപ്പുകളിലും വിപണന സാദ്ധ്യതയുള്ള ഔഷധ സസ്യകൃഷി ചെയ്യുന്നതിന് ആവശ്യമായി വരുന്ന സാങ്കേതിക - സാമ്പത്തിക സഹായങ്ങളും, വിത്ത്, തൈകൾ എന്നിവ ലഭ്യമാക്കുന്നതിനും വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.
13. കാർഷിക ഉല്പന്നങ്ങളുടെ സംസ്ക്കരണംവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കുക.	പഞ്ചായത്തിൽ സാദ്ധ്യമായ സ്ഥലങ്ങളിൽ വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് കാർഷിക ഉല്പന്നങ്ങൾ സംസ്ക്കരിച്ച് വിവിധ ഭക്ഷ്യ ഉല്പന്നങ്ങൾ ആക്കി മാറ്റുന്നതിനും, കൗതുകവസ്തുക്കൾ നിർമ്മിക്കുന്നതിനും ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

14. മണ്ണുസംരക്ഷണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.	പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥലങ്ങളും ചരിഞ്ഞ പ്രദേശങ്ങൾ ആയതിനാൽ മണ്ണൊലിപ്പ് താരതമ്യേന കൂടുതലാണ്. ആയത് പരിഹരിക്കുന്നതിന് ആവരണവിള സമ്പ്രദായം, തട്ടുതട്ടാക്കി മൺകയ്യാലകൾ സൃഷ്ടിച്ചു മഴവെള്ളം മണ്ണിലേക്ക് ആഗിരണം ചെയ്യിക്കൽ, കയ്യാലകൾ നിർമ്മിക്കൽ തുടങ്ങയവക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.
15. കാർഷിക വിളകൾക്ക് വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും ഉണ്ടാകുന്ന നാശനഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടി ഉണ്ടാക്കണം.	കാർഷിക വിളകൾക്ക് വന്യമൃഗങ്ങളുടെ ആക്രമണം ഉണ്ടാകുമ്പോൾ വരുന്ന നാശനഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നത് ഫലപ്രദമാക്കുന്നതിനും, അവരുടെ കൃഷിയിടങ്ങളുടെ അതിരുകളിൽ മുള്ളുകമ്പി വേലി സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്.
16. കേരവികസന സമിതി മുഖേന നാളികേരത്തിൽ നിന്ന് ഉപോല്പന്നങ്ങൾ നിർമ്മിക്കുന്നതിനും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉള്ള നടപടി ഉണ്ടാക്കണം.	നിലവിലുള്ള കേരവികസന സമിതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി സമിതിമുഖേന നാളികേരത്തിൽനിന്നും ഉപോല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും കൊപ്രാഡ്രയർ പോലുള്ള ആധുനിക യന്ത്ര ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുമാണ്.
17. പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിക്കുന്ന കർഷകർക്ക് ഉല്പാദന ചെലവിന്റെ തോത് അനുസരിച്ച് നഷ്ടപരിഹാര തുക ലഭ്യമാക്കണം.	നിലവിലുള്ള വിള ഇൻഷൂറൻസ് പദ്ധതിയെ ക്കുറിച്ച് കർഷകർക്കിടയിൽ ബോധവൽക്കരണം ശക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
18. കൃഷിഭവനിലുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവനം കർഷകർക്ക് ലഭ്യമാക്കി കൃഷിഭവന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തണം.	സാങ്കേതിക അറിവ് കർഷകർക്ക് കൂടുതൽ ലഭ്യമാക്കുന്നതിനും, അദ്ധ്വാനഭാരം കുറക്കുന്നതിനും ക്ലറിക്കൽ മേഖലയിൽ ജീവനക്കാരനെ കൃഷിഭവനിൽ നിയമിച്ച് സാങ്കേതിക ജീവനക്കാരുടെ സേവനം പൂർണ്ണമായി കർഷകർക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായനടപടികൾ എടുക്കുന്നതിന് സർക്കാറിലേക്ക് അപേക്ഷിക്കുന്നതിനുള്ള നടപടി എടുക്കേണ്ടതാണ്. കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തുന്നതിന് സമിതിതലങ്ങളിൽ ഗ്രൂപ്പ് ചർച്ച നടത്തുന്നതിനും, സെമിനാർ, പ്രദർശനം തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ പഞ്ചായത്തു തലത്തിൽ ആസൂത്രണം ചെയ്യുക, കാർഷികപ്രാധാന്യമുള്ള മേഖലകളിൽ കെട്ടിടങ്ങൾ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്.

19. ജലസേചന-ജലനിർഗ്ഗമന മാർഗ്ഗങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യുക.

:എരിവിൽ തോട്ടിലും പപ്പാടി തോട്ടിലും ബണ്ടുകൾ നിർമ്മിച്ച് തോട്ടരികുകൾ കരിങ്കൽ പടവ് നടത്തി ബലപ്പെടുത്തുക.

:കല്ലൻ ചിറയിലും കുണ്ടൻ ചിറയിലും കടുകൻ ചിറയിലും തടയണകൾ നിർമ്മിക്കുക.

:പെരുന്തിരുത്തിക്കുളം, ഉമ്മൻകുളം, പുതുശ്ശേരികുളം എന്നിവ വിസ്തൃതി വർദ്ധിപ്പിച്ച് ജലസേചനത്തിന് ഉപയുക്ത മാക്കുക.

:ഉമ്മിണിയിലുള്ള മലമ്പുഴ കനാലുമായി ബന്ധമുള്ള കാഡ ചാലുകൾ വൃത്തിയാക്കുക.

:എരിവിൽ തോടിനു സമീപം സാബുജോർജ്ജ് എന്ന കർഷകൻ നൽകാമെന്നേറ്റ സ്ഥലത്ത് കുളം നിർമ്മിക്കുക.

: ചേറളിചാലിലേക്ക് കല്ലൻചിറയിൽനിന്നും ഉള്ള വെള്ളം എത്തിക്കുക.

:മുരളീധരൻ കൈവശമുള്ള കുളം വിസ്തൃതിപ്പെടുത്തുക.

:മലമ്പുഴ ഇടതുകനാലിൽ നിന്നും ഇടിക്കര എന്ന സ്ഥലത്തു നിന്നും തോട്ടിലൂടെ വെള്ളം ലിഫ്റ്റ് ചെയ്ത് കല്ലൻ ചിറയിൽ എത്തിച്ച് കൃഷിക്ക് ഉപയുക്തമാക്കുക.

:പപ്പാടിതോട് ഇരുവശത്തും കരിങ്കൽ പടവ് നടത്തി മരുതക്കോട് ഭാഗത്ത് ചെക്ക് ഡാം നിർമ്മിക്കുക.

:കണ്ണപ്പൻ പാറ, ധോണി, മുത്തൻപറ, തെക്കെപത്ത് എന്നിവിടങ്ങളിൽ പുതുതായി കുളം നിർമ്മിക്കുക.

:കടമാൻകുളം വരകുളം എന്നിവ നവീകരിക്കുക.

:കുണ്ടൻതോടും കടുകം ചിറതോടുമായി ബന്ധിപ്പിക്കുക.

:കരിപ്പാലി തോടിന്റെ മേലെഭാഗത്തുകൂടിപോകുന്ന തോട്ടുവരമ്പ് വീതികൂട്ടി ബലപ്പെടുത്തുക.

:കോതറക്കുളത്തിൽ നിന്നും ഒഴുകിപോകുന്ന വെള്ളം അമ്പാട്ടുതൊട്ടിൽ എത്തിക്കുക.

:ചെക്കിനിപാടം R.B. കനാലിന്റെ സൈഡ്കെട്ടുക.

:ഭഗവതിതോടിന്റെ കൈചാലുകൾ സംരക്ഷിക്കുക.

:ചെറാട് ഭാഗത്തുള്ള ചാല് സൈഡ് കെട്ടി കൃഷിനാശം തടയുക.

:അമ്പാട്ടുതോട് ഭിത്തികൾ കെട്ടി കൃഷിനാശം വരുത്തുന്നത് തടയുക.

:പെരുങ്കുളം, പാലക്കോട് കുളം, കല്ലുകെട്ടിയകുളം, ഇളയചരനിടംകുളം, കരിമുറിക്കുളം, മാരിയമ്മൻകുളം എന്നിവ നവീകരിക്കുക.

:6-ാം വാർഡിൽ മലമ്പുഴ കനാലിലെ സ്ലൂയിസ് റിപ്പയർ ചെയ്ത് ചാലുകൾ നിർമ്മിച്ച് വെള്ളം കൃഷിക്ക് ഉപയുക്ത മാക്കുക.

:കണ്ണൻകാവ്കുളം, ആണ്ടിമഠം കുളം എന്നിവ നവീകരിക്കുക.

:കൊങ്ങപ്പാടത്തുള്ള കാഡ ചാലുകൾ വൃത്തിയാക്കുക.

:പുന്നക്കുളം, തട്ടാൻ പൊറ്റക്കുളം, തേറുകുളം, വള്ളക്കോടൻ കുളം തുടങ്ങിയവ നവീകരിക്കുക.

:ചീക്കുഴി ഭാഗത്തുള്ള നിലവിലുള്ള ചെക്ക് ഡാം പണിതർത്ത്ചീക്കുഴി പാടശേഖരങ്ങളിൽ ഭിത്തികെട്ടി ബണ്ടുകൾ നിർമമ്മിക്കുക.

:അഴകമ്പാറ വെള്ളച്ചാട്ടത്തിൽ നിന്നുള്ള വെള്ളം തടഞ്ഞുനിർത്തി കൃഷിക്കുപയുക്ത മാക്കുക.

:അനർട്ടു മുഖേന നൽകിയ മോട്ടോർ പമ്പുസെറ്റ് സുഗമമായി പ്രവർത്തിപ്പിക്കുന്ന തിന് നിലവിലുള്ള കിണർ വിസ്തൃതി പ്പെടുത്തുക.

ചെറാട്ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

ധോണി ഓടക്കുന്ന് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

1. നെൽകൃഷിഗ്രൂപ്പ്ഫാമിങ്ങ്

പദ്ധതി:കൂട്ടായ്മയിലൂടെ ശാസ്ത്രീയമായ കൃഷിപരിചരണമുറകളും വളപ്രയോഗവും നടത്തി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിപദ്ധതി.

കുമ്മായവസ്തുക്കൾ, പമ്പുസെറ്റുകൾ, ട്രാക്ടർ, സസ്യസംരക്ഷണ വസ്തുക്കൾ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയവക്കായി 92-93 മുതൽ 96-97 വരെ 8,53, 050 - 00 രൂപ അനുവദിച്ചു. (6,00,000,00 രൂപ നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുവദിച്ചതടക്കുമുള്ള തുക)

2.തീവ്രനെൽകൃഷി വികസനപദ്ധതി

1992-93 മുതൽ നടപ്പിലാക്കിയ ഈ പദ്ധതിയും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചാണ്. ഈയിനത്തിൽ ഒട്ടാകെ 60693-00 രൂപ ചെലവഴിച്ചു. ഇപ്പോൾ പദ്ധതിനിലവിലില്ല.

4. അംഗീകൃത വികേന്ദ്രീകൃത നഴ്സറി:

നല്ലയിനം തൈകൾ പ്രാദേശികമായി ഉല്പാദിപ്പിച്ച് കർഷകർക്ക് തദ്ദേശീയമായി ലഭ്യമാക്കുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതി. ഇത്തരത്തിൽ 2 നഴ്സറിക്ക് 50,000 രൂപ സഹായമായി അനുവദിച്ചു.

5. പ്രകൃതിക്ഷോഭം

പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന നാശനഷ്ടത്തിന് സഹായധനം നൽകുന്നത് ഈയിനത്തിൽ 92-93 മുതൽ 96-97 വരെ 42025-00 രൂപ കർഷകർക്ക് സഹായധനമായി അനുവദിച്ചു.

6. പഴവർഗ്ഗവിള വിളവികസനപദ്ധതി:-

പഴവർഗ്ഗ വികസനം ലക്ഷ്യം. ഈയിനത്തിൽ 2000-00 രൂപ കർഷകർക്ക് സഹായധനമായി നൽകി.

7. തെങ്ങ് കൃഷി വികസനപദ്ധതി:

നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടപദ്ധതി കിണർ, മോട്ടോർ പമ്പുസെറ്റ് സ്ഥാപിക്കൽ, സ്പ്രെയർ, ട്രെയിനിങ്ങ് തുടങ്ങിയ ഇനത്തിൽ 92-93 മുതൽ 96-97 വരെ 1,18,400 രൂപ അനുവദിച്ചു. പദ്ധതി തുടർന്നു വരുന്നു.

8. വിത്തുല്പാദന പദ്ധതി:

നല്ലയിനം വിത്തുകൾ തദ്ദേശീയമായി ഉല്പാദിപ്പിച്ചു കർഷകർക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള പദ്ധതി വിത്തുല്പാദനത്തിനുള്ള വിത്തിന്റെ വില, ലോഹ സംഭരണികൾ തുടങ്ങിയവക്കായി 92-93 മുതൽ 96-97 വരെ 34945-00 രൂപ അനുവദിച്ചു. പദ്ധതി തുർന്നു വരുന്നു.

9. പച്ചക്കറി വികസനപദ്ധതി:

വിദ്യാർത്ഥികളേയും, മഹിളകളേയും പച്ചക്കറികൃഷിയിലേക്ക് ആകർഷിക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതി 92-93 മുതൽ 96-97 വരെ 2957-00 രൂപയും പച്ചക്കറിവിത്തുപാക്കറ്റുകളും നൽകി. പദ്ധതി തുടർന്നു വരുന്നു.

10. കശുമാവു വികസന പദ്ധതി:-

കശുമാവുകൃഷി വികസിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണിതും. ഈ പദ്ധതിപ്രകാരം കശുമാവിനു മരുന്നുതളി നടത്തൽ, കശുമാവു വച്ചു പിടിപ്പിക്കൽ, നിലവിലുള്ള കശുമാവു തോട്ടങ്ങൾ ഉല്പാദനം വർദ്ധിപ്പിക്കൽ തുടങ്ങിയ ഇനങ്ങൾക്കായി 92-93 മുതൽ 96-97 വർഷം വരെയായി 85200-00 രൂപ ചെലവഴിച്ചിട്ടുണ്ട്.

11. ജനപങ്കാളിത്തപരിപാടി:-

കർഷകസെമിനാർ കർഷകദിനം, കർഷകർക്കുള്ള സമ്മാനം തുടങ്ങിയവ നടത്തി പൊതുജനങ്ങളെ കാർഷികമേഖലയിലേക്ക് ആകർഷിക്കുന്ന പദ്ധതിപ്രകാരം 1992-93 മുതൽ 1996-97 വർഷം വരെയായി 10,000-00 രൂപ ചെലവഴിച്ചു.

12. അത്യുല്പാദനശേഷിയുള്ള

കിഴങ്ങു വർഗ്ഗങ്ങളുടെ കൃഷി വികസനപദ്ധതി :

കിഴങ്ങുവർഗ്ഗങ്ങൾ കൂടുതലായി ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട ഈ പദ്ധതിപ്രകാരം 92-93 വർഷം മുതൽ 96-97 വരെയായി 4650-00 രൂപ ചെലവഴിച്ചിട്ടുണ്ട്.

13. കേന്ദ്രസർക്കാറിന്റെ രാസവളസബ്സിഡി:

നെൽകൃഷിക്കാർക്ക് രാസവളം വാങ്ങുന്നതിന് കേന്ദ്രസർക്കാറിൽ നിന്നും അനുവദിക്കുന്ന സബ്സിഡിപ്രകാരം 92-93,

93-94 വർഷങ്ങളിലായി 1,13,743-00 രൂപ ചെലവഴിച്ചു.

14. ജൈവവളവികസനപദ്ധതി:

ജൈവവളം കൃഷിയിടങ്ങളിൽ പ്രയോഗിച്ച് വിളവ് വർദ്ധിപ്പിക്കുകയും ഉല്പാദന ചെലവ് കുറക്കുകയും ചെയ്യുന്നതിന് ലക്ഷ്യമിട്ട പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം കമ്പോസ്റ്റ് നിർമ്മാണം, പച്ചിലവളച്ചെടിവിത്തുകൾ തുടങ്ങിയവക്കായി 92-93 വർഷം വരെയായി 35725-00 രൂപ ചെലവഴിച്ചു.

15.സുഗന്ധവിള കൃഷിവികസന പദ്ധതി:

സുഗന്ധവിള കൃഷികളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, തുടങ്ങിയവയുടെ കൃഷിവികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ടപദ്ധതിയാണിതം. 92-93 മുതൽ 96-97 വരെ 44153-00 രൂപ ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

16.പ്രത്യേകഘടകപദ്ധതി/ഐ.എച്ച്.ഡി.പി. പദ്ധതി.

ഹരിജൻകോളനികൾ കേന്ദ്രീകരിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. കിണർകുഴിക്കൽ, മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ, നടീൽവസ്തുക്കൾ നൽകൽ, ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കൽ തുടങ്ങിയ കാര്യങ്ങൾക്കായി 92-93 മുതൽ 96-97 വരെ 2,36,623-00 രൂപ ചെലവഴിച്ചു. പദ്ധതി തുടർന്ന് വരുന്നു.

17.ചെറുകിട-നാമമാത്രകർഷകർക്കുള്ള പ്രധാനമന്ത്രിയുടെ പ്രത്യേകപദ്ധതി.

കൃഷിയിടങ്ങളിൽ ജലസേചനത്തിനുള്ള സൗകര്യം ഉണ്ടാക്കൽ, കാർഷികയന്ത്ര ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായധനം തുടങ്ങിയവക്കായി 92-93 വർഷം മുതൽ 93-94 വരെ 25,000-00 രൂപ ചെലവഴിച്ചു. പദ്ധതി നിലവിലില്ല.

18. ബയോഗ്യാസ് പ്ലാൻറ് നിർമ്മാണപദ്ധതി :

പാചകാവശ്യത്തിനുള്ള ഊർജ്ജം ഉല്പാദിപ്പിക്കുന്നതിന് പ്രധാനമായും ലക്ഷ്യമിട്ട പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം 92-93 വർഷം മുതൽ 96-97 വരെ 15,100-00 രൂപ ചെലവഴിച്ചു. പദ്ധതി തുടർന്നുവരുന്നു.

19. കണികജലസേചനം :

ജലക്ഷാമം അനുഭവപ്പെടുന്ന കൃഷിതോട്ടങ്ങളിൽ ലഭ്യമായ ജലം പരമാവധി സസ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനായുള്ള പദ്ധതിയാണിത് ഈയിനത്തിൽ 92-93 മുതൽ 96-97 വരെ 43806/- രൂപ ചെലവഴിക്കുന്നതിന് കഴിഞ്ഞു. പദ്ധതി തുടർന്നുവരുന്നു.

20. ഏറിഡ് സോൺ വികസനപദ്ധതി.

വാഴ, പപ്പായ തുടങ്ങിയ കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു ലക്ഷ്യമിട്ടപദ്ധതി 94-95, 95-96 വർഷങ്ങളിൽ ഈ പദ്ധതിപ്രകാരം 18270-00 രൂപ ചെലവഴിച്ചു.

21. പയറുവർഗ്ഗകൃഷിവികിസന പദ്ധതി.

പയർവർഗ്ഗങ്ങളുടെ ഉല്പാദന വർദ്ധന ലക്ഷ്യമിട്ടിട്ടുള്ള പദ്ധതി. ഈയിനത്തിൽ 2900-00 രൂപ ചെലവഴിച്ചിട്ടുണ്ട്.

22. നെൽകൃഷിക്കാർക്കുള്ള ഉല്പാദന ബോണസ്സ് വിതരണം ചെയ്യുന്ന പദ്ധതി:-

നെൽകൃഷിയുടെ ഉല്പാദന വർദ്ധന ലക്ഷ്യമാക്കിയുള്ള പദ്ധതി. ഈ പദ്ധതിപ്രകാരം 94-95, 95-96 എന്നീ വർഷങ്ങളിലായി 2,34, 911-00 രൂപ ചെലവഴിച്ചു.

23. യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാനപദ്ധതി :-

കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന യുവജനങ്ങൾക്ക് തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനും 60 വയസ്സ് തികയുമ്പോൾ പെൻഷൻ നൽകുന്നതിനുമായുള്ള ഈ പദ്ധതിയിൽ 140 പേർ അംഗങ്ങളായിട്ടുണ്ട്.

24. വിള ഇൻഷൂറൻസ് പദ്ധതി:-

കാർഷിക വിളകൾക്ക് ഇൻഷൂറൻസ് ഏർപ്പെടുത്തുന്ന ഈ പദ്ധതിപ്രകാരം 15724-00 രൂപ പ്രീമിയമായി അടച്ചു. വിളകൾക്ക് നേരിട്ട നഷ്ടപരിഹാരത്തിനായി 33920-00 രൂപക്കുള്ള ക്ലെയിമുകൾ നൽകിയിട്ടുണ്ട്.

92-93 വർഷം മുതൽ 96-97 വർഷം വരെ കൃഷിഭവനിൽ വിതരണം ചെയ്ത വിത്ത് നടീൽ വസ്തുക്കളുടെ വിവരങ്ങൾ.

11550 കിലോ നെൽവിത്ത് 125 കർഷകർക്കും സമിതിക്കുമായും, 2027 പച്ചക്കറി വിത്തുപാക്കറ്റുകൾ വിലക്കും, 4375 പച്ചക്കറി വിത്തുപാക്കറ്റുകൾ വിദ്യാർത്ഥികൾക്കായും, പായ്ക്കറ്റ് വിത്തുകൾ മഹിളാസമാജങ്ങൾക്കും, 150 പാക്കറ്റ്പച്ചക്കറി വിത്തുകൾ പ്രത്യേകഘടക പദ്ധതിപ്രകാരവുംവിതരണം നടത്തി.

15000 വേരുപിടിച്ച കുരുമുളകു വള്ളികൾ കർഷകർക്ക് വിലക്കും, 6400 വള്ളികൾ കർഷകർക്ക് വിവിധ പദ്ധതിപ്രകാരം സൗജന്യമായും വിതരണം നടത്തി.

2250 W.C.T. തെങ്ങിൻ തൈകൾ വിവിധ പദ്ധതികളിൻപ്രകാരം സൗജന്യമായും, 300TXDതെങ്ങിൻ തൈകൾ സൗജന്യമായും 2000 W.C.T, TXD, DXT തെങ്ങിൻ തൈകൾ വിലക്കായും വിതരണം നടത്തി.

2508 വാഴക്കന്ന് വിത്തുകൾ സൗജന്യമായി വിതരണം നടത്തി.

600 കിലോ നിലക്കടല വിത്ത് വിലക്ക് 14 കർഷകർക്കായി വിതരണം നടത്തി.

640 കശുമാവിൻ തൈകൾ വിതരണം നടത്തി.

333 മാവ് ഗ്രാഫ്റ്റുകൾ, 50 കുടംപുളി തൈകൾ, 23 കറിനാരക തൈകൾ, 50 ചമ്പകതൈകൾ, 50 പേരലെയർ, എന്നിവ വിതരണം നടത്തി.

666 കമുകിൻതൈകൾ പ്രത്യേക ഘടകപദ്ധതിപ്രകാരം വിതരണം നടത്തി.

200 നെല്ലിതൈകൾ, 125 മാതളനാരകതൈകൾ. 3500 കിലോ പച്ചില വളച്ചെടിവിത്തുകൾ എന്നിവ വിതരണം നടത്തിയിട്ടുണ്ട്. 6032 പൈനാപ്പിൾ Suckers വാട്ടർഷെഡ് പദ്ധതിയിൽ വിതരണം നടത്തി.

280 കിലോ ഉഴുന്നുവിത്ത് 300 കിലോ പയർവിത്ത് എന്നിവയും കൃഷിഭവൻമുഖേന വിതരണം നടത്തി.

മേൽപറഞ്ഞതിൽ നിന്നും കാർഷിക വികസനത്തിനായി ചിലവഴിച്ച തുകകളുടെ ഏകദേശരൂപം കിട്ടുമല്ലോ. ഈ പദ്ധതികളെല്ലാം തന്നെ കർഷകർക്ക് വളരെയേറെ ഗുണം ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും ഇത്തരം പദ്ധതികളുടെ പ്രയോജനം ലഭിക്കത്തക്കവിധത്തിൽ വേണ്ടപ്രചരണ പ്രവർത്തനങ്ങൾ പഞ്ചായത്ത് ഏറ്റെടുക്കണം. കുറഞ്ഞത് പച്ചക്കറിയുടെ കാര്യത്തിലെങ്കിലും നമുക്ക് സ്വയംപര്യാപ്തമായി തീരാൻ കഴിയണം. ഇതിന് വിരലിലെണ്ണാവുന്ന മാതൃകകളെങ്കിലും കേരളത്തിലുണ്ട്.

പഞ്ചായത്തിലെ ഭൂരിപക്ഷം കൃഷിക്കാരും ഒരു ഹെക്ടറിൽ താഴെമാത്രം ഭൂമിയുള്ളവരാണ്. വില്ലേജാഫീസിൽ നിന്നും ലഭിച്ച രേഖകളുടെ അടിസ്ഥാനത്തിൽ ഇത് താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

ഉടമസ്ഥരുടെ എണ്ണം				
0-1 ഹെക്ടർ	1-2 ഹെക്ടർ വരെ	2-5 ഹെക്ടർ	5-10 ഹെക്ടർ	10 നുമേൽ
3685	160	77	7	6

ജലസേചനം

കൃഷിഭവനിൽ കാണുന്ന രേഖകൾ പ്രകാരം അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ 398.58 ഹെക്ടർ കൃഷിയിടങ്ങൾ മലമ്പുഴ കനാൽ വഴിയും, 180 ഹെക്ടർ മറ്റു പദ്ധതികൾ മുഖേനയുമാണ് ജലസേചനം നടത്തുന്നത്. ജലസേചനപദ്ധതികൾ പ്രയോജനം ചെയ്യാത്ത 419.42 ഹെക്ടർ ഭൂമിയും പഞ്ചായത്തിലുണ്ടെന്ന് സൂചിപ്പിക്കുന്നു. പഞ്ചായത്തിലെ ജലസേചന സ്രോതസ്സുകളെ താഴെപറയും വിധം തരം തിരിച്ചിരിക്കുന്നു.

1. ട്യൂബു വെൽ _ 5
2. കിണർ _ 2462
3. കുളം _ 30
4. ക്രോസ് ബാർ _ 2
5. ആയക്കെട്ട് _ മലമ്പുഴ ഡാമിന്റെ ആയക്കെട്ട് ഏരിയ

പഞ്ചായത്തിലെ നല്ലൊരു ശതമാനം കൃഷിക്കാരും ആശ്രയിക്കുന്നത് മലമ്പുഴ വെള്ളത്തെയാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ചെറുകിട ജലസേചനവകുപ്പ് പഞ്ചായത്തിൽ നടപ്പിലാക്കിയതും പണിപൂർത്തിയാവാത്തതുമായ ചില പദ്ധതികളുടെ വിവരം താഴെ ചേർക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാം.

പണിപൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ.

ക്രമ നമ്പർ	പ്രവർത്തിയുടെ പേർ	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണ്ണം (ഹെക്ടർ)
1.	ചെട്ടിയാംപാടം തോടിൽ വി.സി.ബി. നിർമ്മാണം.	1992-93	1993-94	2.8 Lakhs	20
2.	ഓടകുന്ന് കനാലിൽ (ധോണി) വേർ നിർമ്മാണം.	1992-93	1993-94	10 Lakhs	60.33
3.	ധോണി പരിവായ തോടിൽ വി.സി.ബി. നിർമ്മാണം.	1993-94	1995-96	3.73 Lakhs	
4.	വെട്ടുകാൽ തോടിൽ വേർ നിർമ്മാണം	---	6/1980	(3,77,572 actual) 0.36 Lakhs	22.12 27.27
	നിലവിലുള്ള പദ്ധതികളുടെ അറകുറ പണികൾ				
1.	എരിവേരിതോട് (ധോണി) അറകുറ പണികൾ	1995-96	1995-96	40,000	------
2.	ധോണി കരിപാലി തോട് വി.സി.ബി.യുടെ പ്രത്യേക അറകുറപണികൾ	1995-96	1995-96	20,000 (Actual 30,000)	------
3.	(ധോണി വേർ പ്രത്യേക അറകുറ പണികൾ)	1994-95	1994-95	39,000	------
4.	(ധോണി വേർ അറകുറ പണികൾ)	1995-96	1995-96	1.65 Lakhs	------

മുകളിൽ കാണിച്ചിട്ടുള്ള പട്ടികയിൽ ഏതാണ്ട് 18 ലക്ഷത്തിൽ കൂടുതൽ രൂപ പഞ്ചായ ത്തിലെ വിവിധ പദ്ധതികൾക്കായി ചിലവഴി ച്ചിട്ടുണ്ടെന്ന് കാണാം. എല്ലാ പദ്ധതികളും ധോണി കേന്ദ്രീകരിച്ചാണ് നടന്നിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ ക്കുതന്നെയാണ് കൂടുതൽ തുക ചിലവിട്ടി രിക്കുന്നതും. ചീക്കുഴി അഴകം പാറ ചെറാഡ് മേഖലകളിൽ വെള്ളം ലഭിക്കാതെ കൃഷി ഉണങ്ങിപ്പോകുന്നതായി ഗ്രാമസഭകളിൽ പരാതി ഉയർന്നിരുന്നു. എഞ്ചിനീയറിംഗ് കോ ളേജിലെ സിവിൽ എഞ്ചിനീയറിംഗ് വകുപ്പി ന്റെ നേതൃത്വത്തിൽ മേൽപ്പറഞ്ഞ മേഖല കളിൽ കൃഷി ആവശ്യത്തിനും കുടിവെള്ള ത്തിനുമുള്ള സാധ്യതകൾ പഠിക്കുന്നതിന് ഒരു പ്രോജക്റ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ട്. മലയിൽ നിന്നുള്ള വെള്ളച്ചാട്ടത്തെ ഉപയോഗിച്ച് നടപ്പി ലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി കൂടിവെള്ളത്തിന് ശാശ്വത പരിഹാരമാവു മെന്നതുകൊണ്ട് പഞ്ചായത്തു ഭരണസമിതി ഉടൻ തന്നെ ഇത് ശാസ്ത്ര സാങ്കേതിക വകുപ്പിന് സമർപ്പിക്കാനുള്ള നടപടികൾ പൂർത്തീകരിക്കണം.

ചെറുകിട ജലസേചന വകുപ്പ് പുതു തായി ഒരു പദ്ധതിയും പഞ്ചായത്തിൽ നടപ്പി ലാക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നതു ഖേദക രമാണ്. പഞ്ചായത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് ഇതിനു മുമ്പ് സൂചി പ്പിച്ചിട്ടുണ്ട്. ഇതിലേതെങ്കിലും ചെറുകിട ജലസേചന വകുപ്പിന് ചെയ്യുവാൻ കഴിയുന്ന താണോ എന്ന് പഞ്ചായത്ത് ഭരണ സമിതി വിലയിരുത്തണം. ഇപ്പോൾ വകുപ്പ് നടപ്പിലാ ക്കാൻ ഉദ്ദേശിക്കുന്നത് ചില അററകുററ പണികൾ മാത്രമാണ്. പട്ടിക താഴെ ചേർക്കുന്നു.

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജലസേചന പദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ആയക്കെട്ട്	എസ്റ്റിമേറ്റ്
1	വേർ 2ന്റെ അററകുററ പണി	--	40,000.00

പശ്ചിമഘട്ട വികസന പദ്ധതിയുടെ കീഴിലുള്ള ഒരുമണ്ണ് _ ജലസേചന പദ്ധതി പഞ്ചയാ ത്തിലുണ്ടായിരുന്നു. 31.3.95 ൽ ഈ പദ്ധതി അവസാനിക്കുകയും ചെയ്തു. ഈ പദ്ധതി കൊണ്ട് ഉദ്ദേശിച്ചതിന്റെ ചെറിയോരു ശതമാനം പോലും ലക്ഷ്യം കൈവരിക്കാ നായില്ല. ഏററവും വിചിത്രമായ മറെറാരു വിലയിരുത്തൽ ഭൂവുടമകളുടെ സ്കീം പൂർത്തിയാക്കാൻ സാധിക്കാതിരുന്നത് എന്നാണ്. സോയൽ കൺസർവേഷൻ ഓഫീ സിൽ നിന്നും ലഭിച്ച മറെറാരു വിലയിരുത്തൽ ഇവയിൽ ഭൂരിഭാഗവും കുടിയേററക്കാരാ ണെന്നും പദ്ധതി ചിലവുകൂടിയ ഏരിയയാ ണെന്നുമാണ്. അവിടെ നിന്നും ലഭിച്ച വിവര ങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	പദ്ധതി ദേശം വിസ്തീർണ്ണം	മൊത്തം ഗുണഭോക്താക്കൾ	അടങ്കൽ തുക	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം	പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം	ചിലവായ തുക
1.	പശ്ചിമ_ ഘട്ട വികസന പദ്ധതി	173 ഹെക്ടർ	ഏകദ്ദേശം 150	5,63,000/ _	154 _90	31/3/95	90 ഹെക്ടർ	60	4,27,965/_ രൂപ

അഞ്ചാം വാർഡിലെ തോട്ടപ്പുരയിൽ നിന്നാരംഭിച്ച് 6,8 വാർഡുകളിലൂടെ ഒഴുകുന്ന അമ്പാട്ടുതോടും 1,2,10 വാർഡുകളിലൂടെ ഒഴുകുന്ന പപ്പാടിതോടും സംരക്ഷിച്ച് കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവൃർത്തികൾ ജനകീയമായി ഏറ്റെടുക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. പ്രവർത്തനോത്ഘാടനം നവംബർ 1ന് കേരള പിറവി ദിനത്തിൽ പുനരർപ്പണ ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെടുകയും ചെയ്തു. പ്രസ്തുത തോടുകളുടെ ഒരു വലിയ ഭാഗം അനധികൃതമായി കൈയ്യേറിയതായി കാണുന്നു. കൈയ്യേറ്റം തടഞ്ഞ് തോടിന് ആവശ്യമായ വീതി ലഭ്യമാക്കുകയും, തോട് സിമൻറ് കെട്ടി സംരക്ഷിക്കുകയും വേണം. "CADA" യുടെ സഹായം തേടികൊണ്ട് ഫണ്ടിന്റെ പോരായ്മകൾ നികത്താൻ കഴിയുമോ എന്ന് പരിശോധിക്കണം. ഗുണഭോക്താക്കളുടെയും മറ്റു സന്നദ്ധ ട്രേഡ് യൂണിയൻ _ വർഗ്ഗ ബഹുജന സംഘടനകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് പഞ്ചായത്തിന്റെ ബോധപൂർവ്വമായ ശ്രദ്ധ ഉണ്ടാകണം.

♦♦♦♦♦♦♦♦♦♦♦

കാർഷികപഞ്ചാംഗം

നെൽകൃഷി

മേടം -1(ഏപ്രിൽ 14,15,16)	പുതുമഴയോടുകൂടി ഞാറ്റടി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പണികൾക്കെല്ലാം പൊടിവിത ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ വിത്ത് വിതയ്ക്കുന്നു.
മേയ് 15-31 :	പൊടിവിത നടത്തിയതിൽ കളയെടുപ്പ്. ഞാറ്റടികളിൽ സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നു.
ജൂൺ 1 മുതൽ 30 വരെ.	നടീൽ കണ്ടങ്ങൾ ക്രമീകരിക്കുക അടിവളം ചേർക്കുക. നടീൽ തുടങ്ങി അവസാനിക്കുന്ന കാലയളവ്.
ജൂലൈ :	സസ്യസംരക്ഷണ പ്രവർത്തനം
ആഗസ്റ്റ് :	കളയെടുപ്പ് ഒന്നാം മേൽ വളം ചേർക്കൽ.
സെപ്റ്റംബർ:	സസ്യസംരക്ഷണ പ്രവർത്തനങ്ങൾ
ഒക്ടോബർ :	വിളവെടുപ്പ്.
നവംബർ :	രണ്ടാം വിളയിറക്കുന്നു.
ഡിസംബർ - ജനുവരി :	സസ്യസംരക്ഷണ പ്രവർത്തനങ്ങൾ ഒന്നാം മേൽവള പ്രയോഗം.
ജനുവരി - ഫെബ്രുവരി :	കളയെടുപ്പ് രണ്ടാം മേൽവളപ്രയോഗം സസ്യസംരക്ഷണം.
ഫെബ്രുവരി :	സസ്യസംരക്ഷണം
മാർച്ച് :	വിളവെടുപ്പ്.

പട്ടിക 1.1

പഴയകാല നെല്ലിനങ്ങൾ

കന്നി	മകരം
1. ചീര	1. തെക്കൻ ചിറ്റേനി
2. ഇരിപ്പു ചെമ്പാൻ (ഹ്രസ്വകാലം)	2. ചേറ്റാടി.
3. സ്വർണ്ണാലി	3. സി.ഒ. 25
4. ചെങ്കഴമ	4. കഴുങ്ങിൻ പൂത്താട
5. വെളുത്തരികിഴമ	5. ആനക്കൊമ്പൻ
6. തവളകണ്ണൻ	

പഴയ തലമുറകൾ ഉപയോഗിച്ചിരുന്ന നാടൻ വിത്തിനങ്ങൾ കാലോചിതമല്ലാതാകുകയും ശാസ്ത്രീയ കൃഷിമുറകളും പുതിയ നെൽവിത്തിനങ്ങളായ മസൂരി, കാഞ്ചന, കൈരളി, ആതിര, ഐശ്വര്യ, ജയ, തുടങ്ങിയവയും A.P.1 ഇനവും നാൾക്കുനാൾ ഉത്പാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ട് കൃഷിരീതികൾ അനുവർത്തിച്ചു വരുന്നു.

പ്രാദേശികമായ ഉണർവ് എല്ലായിടങ്ങളിലും വ്യാപകമാണെങ്കിലും സാമ്പത്തിക പ്രതിസന്ധി ഇതിനെല്ലാം വിലങ്ങുതടിയാകാറുണ്ട്. അതിനാൽ ഉദ്ദേശശുദ്ധിയ്ക്കനുസൃതമായി വിളവ് വർദ്ധിപ്പിയ്ക്കാൻ കഴിയുന്നില്ല. എങ്കിൽത്തന്നെയും കർഷകരുടെ അശ്രാന്തപരിശ്രമഫലമായി സംസ്ഥാന ശരാശരിയിലും ഉയർന്ന ഉൽപ്പാദനത്തോത് ഈ പഞ്ചായത്തിൽ ഉണ്ട്.

നെൽകൃഷി വിപുലീകരണത്തിന് പഞ്ചായത്തു തലത്തിൽ എല്ലാ സഹായങ്ങളും എത്തിക്കുന്നതിനുള്ള നടപടിക്രമം ആവിഷ്ക്കരിക്കുക.

ഞാറ്റടിയിൽ സസ്യസംരക്ഷണം കാര്യക്ഷമമാക്കുക.

2. N.A.

3. വാട്ടർഷെഡ് പദ്ധതി.

നീർമറിപ്രദേശങ്ങളിൽ ഫലവൃക്ഷങ്ങളും ഔഷധ വൃക്ഷങ്ങളും തീറ്റപുല്ലും കാലാവസ്ഥയ്ക്കനുയോജ്യമായ മറ്റു വൃക്ഷങ്ങളും കൃഷി ചെയ്യുന്നതിന് സാമ്പത്തികസഹായം ഉൾപ്പെടെയുള്ള പ്രോൽസാഹനങ്ങൾ നൽകുക.

4. അധികൃതവികേന്ദ്രീകൃത നേഴ്സറി

ചെറുകിട നേഴ്സറികൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനങ്ങൾ നൽകുക. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി എടുക്കുക.

5. പ്രകൃതിക്ഷോഭം

ഉൽപാദനചെലവിനെ താരതമ്യപ്പെടുത്തി മെച്ചപ്പെട്ടതോതിൽ നഷ്ടപരിഹാരം കാലോചിതമായി പഞ്ചായത്തു തലത്തിൽ നിന്നു തന്നെ ലഭ്യമാക്കണം.

6. പഴവർഗ്ഗവിള പദ്ധതി.

മിനിനെഴ്സറികളിൽ ഉൽപ്പാദിപ്പിക്കുന്ന മികച്ചയിനം വിത്തുകളുടെയും തൈകളുടെ വിതരണവും കൃഷിയും ഊർജിതപ്പെടുത്തി വിളവും തദ്വാര വരുമാനവും വർദ്ധിപ്പിയ്ക്കുക.

7. തെങ്ങുകൃഷിവികസനപദ്ധതി

ജലസേചനത്തിന് കൂടുതൽ പ്രാധാന്യം നൽകി സഹായതുക വർദ്ധിപ്പിയ്ക്കുകയും പഞ്ചായത്തു തലത്തിൽ തന്നെ പദ്ധതികളുടെ അംഗീകാരവും സഹായധനവും നൽകുകയും കർഷകന്റെ ഇഷ്ടാനുസരണം ഏതു വിതരണക്കാരിൽ നിന്നും യന്ത്രസാമഗ്രികളും കൃഷിയായുധങ്ങളും വാങ്ങുന്നതിനുള്ള അനുമതി നൽകുകയും ചെയ്യുക.

കേരോൽപന്നങ്ങളുടെ വാണിജ്യ വ്യവസായങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിക്കുക.

8. വിത്തുൽപാദന പദ്ധതി

രജിസ്റ്റേർഡ് സിഡ്ഗ്രോവേഴ്സ് പ്രോഗ്രാം പാടശേഖര സമിതികൾ മുഖേന നടപ്പാക്കുന്നുള്ളത് വ്യക്തിഗതമായും നടപ്പിലാക്കുക.

9. പച്ചക്കറിവികസനപദ്ധതി

അടുക്കളതോട്ടങ്ങൾ വിപുലീകരിയ്ക്കുകയും വ്യാപകമാക്കുകയും ചെയ്യുന്നതിന് സാമ്പത്തികസഹായമുൾപ്പെടെ പ്രോത്സാഹനങ്ങൾ ഏർപ്പെടുത്തുക.

10. കശുമാവു വികസന പദ്ധതി.

നല്ലയിനം കശുമാവിന്റെ ഒട്ടു തൈകൾ മിതമായ വിലയ്ക്ക് ആവശ്യാനുസരണം വിതരണത്തിനു സാദ്ധ്യമാക്കുക.

11. ജനപങ്കാളിത്ത പരിപാടി.

കാർഷികമേഖലയിൽ ജനപങ്കാളിത്തത്തിന് കൂടുതൽ സാദ്ധ്യതയും പ്രോത്സാഹനവും വളർത്തുക.

12. അത്യുല്പാദനശേഷിയുള്ള കിഴങ്ങു വർഗ്ഗങ്ങളുടെ കൃഷി വികസനപദ്ധതി :

ഭക്ഷ്യപ്രധാനമായ കിഴങ്ങുവർഗ്ഗങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കാനും അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷിചെയ്യുന്നതിന് കർഷകർക്ക് പ്രോത്സാഹനം കൊടുക്കുക.

അകത്തേത്തറയിൽ പശ്ചിമഘട്ട വികസനപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിമുഖേന നിരവധി കൃഷിയിടങ്ങളിൽ ഐക്യം ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൃഷികാർക്ക് സബ്സിഡി നൽകിക്കൊണ്ട് നിരവധി ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. നെല്ല്, തെങ്ങ്, കവുങ്ങ്, കുരുമുളക് കൃഷി മെച്ചപ്പെടുത്തുന്നതിന് ഇതു സഹായകരമായിട്ടുണ്ട്.

മേൽ കാണിച്ചിട്ടുള്ള പട്ടികയിൽനിന്നും ഭൂമികൈവശക്കാരുടെ ചിത്രം എതാണ്ട് വ്യക്തമാണ്. ഇനി പഞ്ചായത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് പഞ്ചായത്തീരാജ്നിയമപ്രകാരം കൂടുതൽ അധികാരങ്ങൾ കൈവന്നിരിക്കുകയാണല്ലോ. പഞ്ചായത്തിലുള്ള പുറമ്പോക്ക് ഭൂമികൾ ഏറ്റെടുത്ത്, കാർഷിക വ്യവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. പഞ്ചായത്തിലെ മൊത്തം പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ വില്ലേജിൽനിന്നും കിട്ടിയ വിവരമനുസരിച്ച്, താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു. രണ്ട് ബ്ളോക്കുകൾ ഉൾപ്പെടുന്നതാണ് അകത്തേത്തറ വില്ലേജ്.

പഞ്ചായത്തിലെ പുറോമ്പോക്ക് ഭൂമിയെ സംബന്ധിച്ച് ഒരേകദേശധാരണ നൽകാൻ മുകളിൽ കൊടുത്ത പട്ടിക ഉപകരിക്കും.

നിലവിൽ കൃഷിഭവൻ നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് പ്രതിപാദിച്ചുവല്ലോ. ഈ പദ്ധതികൾ കൂടുതൽ പ്രായോഗികമാക്കുന്നതിനുള്ള ചില നിർദ്ദേശങ്ങൾ കൂടി ഇനി പറയാം.

1. നെൽകൃഷിഗ്രൂപ്പ്ഫാമിംഗ് പദ്ധതി

സംസ്ഥാന ശരാശരിയിൽ കൂടുതൽ ഉൽപാദനമുണ്ടെങ്കിലും കൂട്ടായ്മയിലൂടെയും ശാസ്ത്രീയകൃഷി സമ്പ്രദായം അനുവർത്തിക്കുന്നതിലൂടെയും പ്രവർത്തനശൈലി കുറെക്കൂടി കാര്യക്ഷമമാക്കിയാൽ ഹെക്ടറിന് ഇപ്പോഴത്തെ ഉൽപ്പാദനത്തോതായ ശരാശരി 3200 കിലോഗ്രാമിൽനിന്നും 5000 കി. ഗ്രാമാക്കി ഉയർത്താൻ കഴിയും. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളാണ് ഈ പഞ്ചായത്തിൽ കൃഷി ചെയ്യുന്നതെങ്കിലും ജൈവവളപ്രയോഗം ഇപ്പോൾ കുറവാണ്. പച്ചിലകളുടെ ലഭ്യത തീരെ കുറവായതിനാൽ പച്ചിലവളച്ചെടികളുടെ കൃഷി ഊർജ്ജിതപ്പെടുത്തേണ്ടതും അതിലേയ്ക്കായി വിത്തുകൾ മുഴുവൻ സൗജന്യനിരക്കിൽ വിതരണം നടത്തേണ്ടതുമാണ്.

ചതുരശ്രമീറ്ററിൽ ശാസ്ത്രീയമായ നിർദ്ദേശമനുസരിച്ച് മദ്ധ്യകാലയിനങ്ങൾ 33 നൊരിയും ഹ്രസ്വകാലയിനങ്ങൾക്ക് 67 നൊരിയും എന്നത് ക്രമീകരിച്ച് വരിയൊപ്പിച്ചുള്ള നടീൽ നടത്തുന്നതോടൊപ്പം പത്തടിയകലത്തിൽ നടപ്പാതകൾ ക്രമീകരിച്ച് സസ്യസംരക്ഷണപ്രവർത്തനങ്ങൾക്ക് സൗകര്യമുണ്ടാക്കുകയും ചെയ്യുക (ഇപ്പോൾ പലയിടങ്ങളിലും ഈ ശുപാർശയുടെ പകുതിയോളം നൊരികൾ മാത്രമേ ച. മീറ്ററിൽ വരുന്നുള്ളു.).

മണ്ണിന്റെ അമ്ലത ക്രമീകരിക്കുന്നതിന് കുമ്മായവസ്തുക്കൾ മുഴുവൻ സൗജന്യനിരക്കിൽ ആവശ്യമായ പാടങ്ങളിലേക്ക് വിതരണം നടത്തുക (മണ്ണു പരിശോധന കാര്യക്ഷമമാക്കണം)

പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ

	റോഡ് (പി. ഡബ്ളിയു. ഡി)	06	84	65	
	റോഡ് (പഞ്ചായത്ത്)	20	19	06	
	മലമ്പുഴ കനാൽ	36	52	27	
	തോട്	08	05	52	
	റെയിൽവേ				
	എ ക്ലാസ്	03	85	85	
	ബി ക്ലാസ്	02	75	55	
	സി ക്ലാസ്	01	08	00	
	കോളനി	50	18	46	
	പുറമ്പോക്ക്	05	83	45	
	സർക്കാർ പുറമ്പോക്കുകൾ				
	പുറമ്പോക്ക്	00	36	65	
	" വഴി	00	11	00	
	സ്കൂളുകൾ	00	60	45	
	ഹെൽത്ത് സെൻറർ	00	01	70	
	പോലീസ് സ്റ്റേഷൻ	00	00	50	
	പൊതു കുളങ്ങൾ	01	03	15	
	കിണറുകൾ	00	02	25	
	ആരാധനാ സ്ഥലങ്ങൾ	00	12	17	
	പാറ	00	08	40	
	ശ്മശാനം	01	72	70	
	വഴി	00	19	50	
	റോഡ്	04	20	85	
	തോട്	03	65	90	
	ഡയറി ഫാം	14	42	00	
	ശിശുക്ഷേമ കേന്ദ്രം	00	05	00	
	സർക്കാർ വനം	549	48	40	
	പുറമ്പോക്ക്	00	03	00	

5 - 2

മൃഗസംരക്ഷണവും, മത്സ്യബന്ധനവും

അകത്തേത്തറ പഞ്ചായത്തിൽ മാതൃകാപരമായ രീതിയിൽ ശാസ്ത്രീയ മൃഗസംരക്ഷണ കേന്ദ്രങ്ങളൊന്നും തൽക്കാലം നിലവിലില്ല. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ സ്വകാര്യ മേഖലയിൽ രണ്ടു കോഴി വളർത്തൽ കേന്ദ്രങ്ങളും ഒരു കാറ്റിൽഫാമും രണ്ടു മൂന്നു വർഷങ്ങളോളം പരീക്ഷണാടിസ്ഥാനത്തിൽ നടത്തുകയും ലാഭകരമായി തുടരാൻ കഴിയാതെ നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. ധോണിയിൽ ചെറിയതോതിൽ ഒരു പന്നിവളർത്തു കേന്ദ്രം മാത്രം ഇപ്പോഴും നടന്നു വരുന്നുണ്ട്.

പശു, എരുമ, കാള, ആട് എന്നിവയാണ് അകത്തേത്തറയിലെ പ്രധാനവളർത്തുമൃഗങ്ങൾ വളർത്തു പക്ഷികളിൽ പ്രധാനം കോഴികളാണ്. 87 - ലെ സെൻസസ്സു പ്രകാരമുള്ള വളർത്തു മൃഗങ്ങളെ സംബന്ധിച്ച വിവരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

Livestock Population	1987
Cross Breed. Male	209
Female	746
Female Breedable	498
Non Descript Male	156
Female	591
Female Breedable	286
Buggslo - Male	73
Female	161
Breedable	122
Sheep	-
Goats Male	116
Female	276
Total	392
Dogs	443
Ducks	32

കൃഷിയിടങ്ങളുടെ വിസ്തൃതി കുറയുകയും ഉഴവിനു യന്ത്രങ്ങൾ വരികയും കാളവണ്ടികളുടെ സ്ഥാനം മോട്ടോർ വാഹനങ്ങൾ ഏറ്റെടുക്കുകയും ചെയ്തതോടെ കാളകളുടെയും പോത്തുകളുടെയും എണ്ണം വളരെ കുറഞ്ഞിരിക്കുന്നു. ഭൂരിപക്ഷം കുടുംബങ്ങളിലും രണ്ടോ മൂന്നോ പശുക്കളെ വളർത്തുന്നുണ്ട്. ചെറുകിട കർഷകരും കൃഷി തൊഴിലാളികളും ആടുകളെയും, നാടൻ കോഴികളെയും വളർത്തുന്നുണ്ട്. പശുക്കളെയും ആടുകളെയും കാലിമേയ്ക്കലും, ആടു മേയ്ക്കലും തൊഴിലായി സ്വീകരിച്ചിട്ടുള്ള ചിലരെ ഏല്പിച്ച് കാടുകളിൽ മേയാൻ വിടുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. ഇങ്ങനെയുള്ളവർക്ക് പശുവൊന്നിന് 25 രൂപയും ആടൊന്നിനു 12 രൂപയും വരെ മാസകൂലി കൊടുത്തുവരുന്നു. കൂടുതൽ പാൽ കിട്ടുന്ന സങ്കരയിനം പശുക്കളെ വളർത്തുന്നവർ മാത്രമാണ് രോഗചികിത്സയ്ക്കും പശുക്കൾക്ക് കൃത്രിമബീജസങ്കലനത്തിനും വേണ്ടി പഞ്ചായത്തിലെ ഐ.സി.ഡി.പി. സബ്സെൻറിനെ സമീപിക്കാറുള്ളതെന്നുകാണുന്നു. നാടൻ കന്നുകാലികൾക്കു താരതമ്യേന രോഗബാധ കുറവാണെന്നുള്ളതാണ് കാരണമെന്നു പറയുന്നു. സങ്കരവർഗ്ഗ പശുക്കളെ വളർത്തുന്നവർക്ക് മാത്രമേ സ്വന്തം ഉപയോഗം കഴിച്ച് പാൽ വിൽക്കാൻ കഴിയുന്നുള്ളൂ. 94-95ൽ സബ്സെൻററിൽ കൃത്രിമബീജസങ്കലനം നടത്തിയ കാലികളുടെ വിവരം പട്ടികയിൽ കാണിച്ചിരിക്കുന്നു.

വളർത്തു മൃഗങ്ങളുടെ ഇനം	ആകെ എണ്ണം	കൃത്രിമ ബീജ സങ്കലനം നടത്തിയവ യുടെ എണ്ണം	ഗർഭധാരണത്തിനു രണ്ടോ അതിലധികമോ തവണ ബീജ സങ്കലനം നടത്തിയവ
പശു	393	393	13
എരുമ	27	27	5

വിശേഷാൽ ഗ്രാമസഭകളിലെ ഗ്രൂപ്പു ചർച്ചകളിൽ കന്നുകാലി വളർത്തൽ കോഴിവളർത്തൽ എന്നിവ പരിപോഷിപ്പിക്കുന്നതിനും പുതിയസംരഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള നിർദേശങ്ങളും സാധ്യതകളും പരാമർശിക്കപ്പെട്ടു. ധോണിഫാമിൽ തീറ്റപുൽ കൃഷി നടത്തുന്നുണ്ട്. ഫാമിലെ ഉപയോഗം കഴിഞ്ഞുബാക്കി വരുന്നത് പലപ്പോഴും ചുരുങ്ങിയ വിലക്ക് വാങ്ങാൻ കിട്ടുന്നുണ്ട്. കുറച്ച് സ്ഥലം സ്വന്തമായി പുൽ കൃഷിക്കുപയോഗിച്ചാൽ വിലകൂടിയ കാലിത്തീറ്റ വാങ്ങുന്നതിന്റെ അളവു കുറക്കാൻ കഴിയും. ക്ഷീരവികസന സൊസൈറ്റിയിൽ നിന്നും കാലി വളർത്തുന്നവർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യ മാക്കുകയും ഉൽപ്പാദിപ്പിക്കുന്ന പാൽ ന്യായ വിലക്കു വാങ്ങുകയും ചെയ്യുന്ന രണ്ടു പാൽ വിത രണസംഘങ്ങൾ ഇപ്പോൾ പഞ്ചായത്തിൽ വിജയകരമായി പ്രവർത്തിച്ചു വരുന്നുണ്ട്. അവയുടെ പ്രവർത്തനം ഒന്നുകൂടി വിപുലീകരിച്ച് പഞ്ചായത്തിന്റെ മറ്റ് പ്രദേശത്തു നിന്നുകൂടി പാൽ സംഭരിക്കുന്നതിനുള്ള പ്രവർത്തനം സംഘടിപ്പിക്കണം. പഞ്ചായത്തിലെ അകത്തേ ത്തറ ക്ഷീര വ്യവസായ സഹകരണ സംഘം കാലിത്തീറ്റ വിതരണവും നടത്തുന്നുണ്ട്. ചെറുകിട കർഷകരെയും കർഷകത്തൊഴിലാളി കളെയും കൂടുതലായി ഈ മേഖലകളിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി മേൽ പറഞ്ഞ സൗകര്യങ്ങളെപ്പറ്റി പ്രചാരണവും ബോധ വൽക്കരണവും നടത്തേണ്ടതാണ്. വീട്ടമ്മമാരുടെ യും വിദ്യാർത്ഥികളുടെയും ഒഴിവുസമയം ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞാൽ ഉല്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കാൻ കഴിയും. മിനിഡയറി യൂണിറ്റുകൾ, വനിതാ സംരഭകർക്കുള്ള 15 വീതം വനിതകളടങ്ങുന്ന സംഘങ്ങൾ, കിടാരിവളർത്തൽ യൂണിറ്റുകൾ മുതലായവ രൂപീകരിച്ച് DWCRA ധനസഹായം ലഭ്യമാക്കുക എന്നീ പരിപാടികൾ നടപ്പാക്കിയാൽ ഈ മേഖലയിലെ വികസനസാധ്യതകൾ പ്രയോ ജനപ്പെടുത്താനാകും.

ചെറുകിട കർഷകരുടെയും തൊഴിലാ ളികളുടെയും വീടുകളിൽ നാമമാത്രമായി നാടൻകോഴികളെ വളർത്തുന്നതു മാത്രമാണ് ഇപ്പോൾ കോഴിവളർത്തൽ മേഖലയിൽ നടക്കുന്നത്. കോഴി വളർത്തലിൽ താല്പര്യ മുള്ളവർ ധാരാളമുണ്ടെങ്കിലും നല്ലയിനം കോഴി ക്കുഞ്ഞുങ്ങളെ കിട്ടാനുള്ള വിഷമം, കോഴിത്തീറ്റ സുലഭമായി കിട്ടാനുള്ള വിഷമം, മാർക്കറ്റിൽ ലഭ്യമായ കോഴിത്തീറ്റയുടെ അമിതവില എന്നിവ ഈ രംഗത്തേക്കു കടന്നുവരാൻ സാധാരണക്കാരെ വിമുഖരാക്കുന്നു. മലമ്പുഴയിലെ പൗൾട്രി ഫാമിൽ ഉൽപ്പാദിപ്പിക്കുന്ന കോഴിക്കുഞ്ഞുങ്ങളെ മുഴുവൻ ഇപ്പോൾ അംഗീകൃത പ്രൈവറ്റു ഫാമുകൾക്കു കൈമാറുകയാണ് ചെയ്യുന്നത്. ഇവരിൽ നിന്നും അമിതവിലകൊടുത്തു കോഴി ക്കുഞ്ഞുങ്ങളെ വാങ്ങി വളർത്തുന്നത് ലാഭകരമല്ല. മലമ്പുഴയിലെ L&P ഫീഡ് ഫാക്ടറി ഇപ്പോൾ കോഴിത്തീറ്റ ഉല്പാദിപ്പിക്കുന്നില്ലാത്തതുകൊണ്ട് മാർക്കറ്റിൽ തുടർച്ചയായും സുലഭമായും കോഴിത്തീറ്റ വാങ്ങാൻ കിട്ടുന്നില്ല. ഇപ്പോൾ കല്ലേക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന വെങ്കടേ ശ്വരാ ഹാച്ചറീസ് കോഴി വളർത്തൽ പ്രോത്സാ ഹിപ്പിക്കുന്നതിനായി ശ്രമിച്ചു വരുന്നുണ്ട്. വലിയ തോതിലുള്ള കോഴിവളർത്തൽ എങ്ങനെ ലാഭകരമായി നടത്താമെന്ന ഒരു മാന്വൽക്കവർ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ഈ പഞ്ചായത്തിൽ പച്ചകറികളുടെ ദൗർലഭ്യവും, അമിതമായ വിലക്കയറ്റവും കൊണ്ട് ആരുംതന്നെ പച്ചക്കറി അധികമായി ഉപയോഗിക്കുന്നില്ല. അതി നാൽ കോഴിമുട്ടയുടേയും ഇറച്ചികോഴിയുടേയും വിപണനത്തിന് പ്രാധാന്യം കൂടി വരുന്നു. ആയതുകൊണ്ട് കോഴിവളർത്തലും കോഴിത്തീറ്റ യുടെ വിപണവും പ്രോത്സാഹിപ്പിച്ച് ഈ പഞ്ചായത്തിൽ ഇതിന്റെ കോഴിവളർത്തൽ നന്നാക്കി കൊണ്ടുവരുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വില കൂടുതൽ
2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യത ക്കുറവ്
3. മൃഗ ചികിത്സാ സൗകര്യങ്ങളുടെ അപര്യാ പ്തത
4. ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങൾ കുറവ്.

5. കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കൽ.
6. പേപ്പട്ടി ശല്യം.

സാദ്ധ്യതകൾ

1. അകത്തേത്തറ പഞ്ചായത്ത് പ്രദേശത്ത് മൊത്തം പ്രവർത്തനാധികാരമുള്ള ക്ഷീര വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കുക. ഓരോ വാർഡിലും വിതരണത്തിനു ശേഷം മിച്ചം വരുന്ന പാൽ, തൈര്, നെയ്യ് എന്നിവയാക്കി മാറ്റുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
2. സഹകരണസംഘം മുഖേന കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുക. തീറ്റപ്പുൽ കൃഷിക്ക് വിത്തും വളവും സൗജന്യനിരക്കിൽ ലഭ്യമാക്കുക.
3. മൃഗചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കുന്നതിന് അകത്തേത്തറ വില്ലേജിന്റെ പ്രധാന ഭാഗങ്ങളിൽ സബ്സെന്ററുകൾ സ്ഥാപിക്കുക.
4. അകത്തേത്തറ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കോഴിക്കുഞ്ഞുല്പാദന കേന്ദ്രം സ്ഥാപിക്കുക. അയൽക്കൂട്ടങ്ങൾ മുഖേന തെരഞ്ഞെടുത്ത 400 വീടുകളിൽ കോഴിവളർത്തൽ ആരംഭിക്കുക. കോഴികൾക്കുണ്ടാകുന്ന രോഗത്തിനെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ് സംഘടിപ്പിക്കുക. കുറഞ്ഞ വിലയ്ക്ക് കോഴിത്തീറ്റ ലഭ്യമാക്കുക. കോഴികളെയും, കോഴിമുട്ടയും വിൽക്കുന്നതിന് സഹകരണസംഘം പൊതുസംവിധാനമുണ്ടാക്കുക.
5. പന്നി, മുയൽ വളർത്തലിന് പ്രോത്സാഹനം നൽകുക.
6. അത്യുത്പാദനശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തികസഹായവും ബോധവൽക്കരണവും നൽകുക.
7. പേപ്പട്ടിശല്യം തടയുക, ലൈസൻസ് ഇല്ലാത്തതും അലഞ്ഞുതിരിയുന്നതുമായ പട്ടികളെ നശിപ്പിക്കുക.

മത്സ്യബന്ധനം

കടലിന്റെയും കായലുകളുടെയും സാമിപ്യമില്ലാത്തതിനാൽ മത്സ്യബന്ധനം ഈ പഞ്ചായത്തിൽ ഇല്ലെന്നു പറയാം. ഏതാനും മീൻപിടുത്ത തൊഴിലാളികൾ പഞ്ചായത്തിൽ അങ്ങിങ്ങായി ഉള്ളതിനാൽ വലിയ കുളങ്ങൾ മത്സ്യം വളർത്തലിനു വേണ്ടി പ്രയോജനപ്പെടുത്താൻ കഴിയും.

ക്ഷീരവികസനവകുപ്പ് - നടപ്പുപദ്ധതികൾ

ഗ്രാമീണ

I ക്ഷീരവികസനവും വിജ്ഞാനവ്യാപനവും

എ. കർഷകസമ്പർക്ക പരിപാടി - ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കൽ, കർഷകർക്ക് ശാസ്ത്രീയമായ പശുപരിപാലനം തുടങ്ങി ക്ഷീരോല്പാദനവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുക്കുകയും ചർച്ചകൾ നടത്തുകയും ചെയ്യുന്നു. ചുരുങ്ങിയത് മുപ്പതു കർഷകരെങ്കിലും ക്ലാസ്സിൽ പങ്കെടുത്തിരിക്കണം. പങ്കെടുക്കുന്ന കർഷകർക്ക് ലഘുഭക്ഷണം നൽകുന്നതിനും ക്ലാസ്സിനോടനുബന്ധിച്ച പ്രചരണത്തിനുമായി 200 രൂപ ധനസഹായം നല്കുന്നു.

ബി. നാടൻ ക്ഷീരോല്പന്ന നിർമ്മാണ പ്രദർശന ക്ലാസ്സ് : അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കാനും, വീട്ടമ്മമാരുടെ ഒഴിവുസമയങ്ങൾ ഗുണകരമായി പ്രയോജനപ്പെടുത്തി അധികവരുമാനം കണ്ടെത്താനും, മിച്ചംവരുന്ന പാലിന് വിപണി കണ്ടെത്താനും, പാലിൽ നിന്ന് അധികവരുമാനം കിട്ടുവാനുള്ള സാധ്യത എന്നിവ ലക്ഷ്യമിട്ടുകൊണ്ട് നാടൻ ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. ക്ലാസ്സുകളിൽ ഉല്പന്നങ്ങളുണ്ടാക്കി കാണിച്ചു കൊടുക്കുന്നു. ധനസഹായം 100 രൂപ.

സി. ബ്ലോക്കുതല കന്നുകാലി പ്രദർശനം - 900 രൂ.

ഡി. ജില്ലാതല കന്നുകാലി പ്രദർശനം - 6000 രൂ.

ഇ. മാതൃകാ ഡയറി ഫാം യൂണിറ്റുകൾ - 7000 രൂ.

എഫ്.മാതൃകാ കന്നുകാലിത്തൊഴുത്തുകൾ - 1250 രൂ.

ആകെ 3750രൂപ

ജി. മിനറൽ മിക്ച്ചർ - 50%

എച്ച്.വിറ്റാമിൻ സപ്ലിമെൻറ് - 50%

ഐ. ശുദ്ധമായ പാലുല്പാദന കിറ്റ് —

II ക്ഷീരസഹകരണസംഘങ്ങളുടെ നവീകരണം

1. കാറ്റിൽ ഫീഡ് യൂണിറ്റ്
2. നാടൻക്ഷീരോല്പന്ന നിർമ്മാണ വിപണന യൂണിറ്റ്.
3. പാൽ പരിശോധനയ്ക്കാവശ്യമായ കെമിക്കൽസ് വാങ്ങിക്കുന്നതിനുള്ള ധനസഹായം.
4. പ്രവർത്തനമൂലധനം - 1000 രൂപവരെ.
5. ഫർണിച്ചർ സബ്സിഡി - 5000രൂ.
6. ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനുള്ള ധനസഹായം
7. ക്രീംസെപ്പറേറ്റർ
8. ഫ്രീസർ / കൂളർ
9. മിൽകോ ടെസ്റ്റർ
10. പാൽ പരിശോധനാ ഉപകരണങ്ങൾ
11. പാൽപ്പാത്രങ്ങൾ
12. സൈക്കിൾ
13. ബിൽഡിംങ്ങ് ഗ്രാൻറ് - 3 സെൻറ് സ്ഥലം - ബിൽഡിംഗിങ്ങോടുകൂടി അല്ലെങ്കിൽ ബിൽഡിംങ്ങ് നിർമ്മിക്കുവാൻ - 20000 രൂ.
14. ക്ഷീരസംഘങ്ങൾ രൂപീകരണം
15. ഫോസർ ബാങ്ക് - 10000 രൂ.

III തീറ്റപ്പുൽക്കൃഷി വികസനപദ്ധതി

1. ദീർഘകാല വിളകൾ - വിത്തുകൾ വിതരണം
   - പുൽക്കടകളിലൂടെ
2. ഹ്രസ്വകാല വിളകൾ - (മക്കച്ചോളം Ist, IInd, IIrd
   - വൻപയർ - Ist, IInd, IIrd)
3. വാണിജ്യാടിസ്ഥാനത്തിൽ പുൽക്കൃഷി
   - 1 ഹെ - വ്യക്തികൾക്ക്
   5 ഹെ - സംഘങ്ങങ്ങൾക്ക്
4. സംഘങ്ങൾ വഴി പുൽവ്യാപാരം
5. വയ്ക്കോൽ നിർമ്മാണം
6. സൈലേജ് നിർമ്മാണം
7. വൈയ്ക്കോൽ യൂറിയ ചേർത്ത സംപുഷ്ടീകരണം.

IV പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടക പദ്ധതി ട്രെയിനിംങ്ങ്, തൊഴുത്തു നിർമ്മാണം, കറവപ്പശുക്കൾ, ഇൻഷ്വറൻസ്, തീറ്റച്ചിലവ് - ആകെ 7000 രൂപ ധനസഹായം.

V ആദിവാസി ക്ഷേമപദ്ധതി

VI **ഡിപ്പാർട്ട്മെൻറിൻെറ കീഴിൽ ആലത്തൂരിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ നടപ്പിലാക്കുന്ന പരിശീലന പദ്ധതികൾ.**

1. SCP, SC,A, TSP ഗുണഭോക്താക്കൾ
2.. വനിതകൾക്ക്
3. ക്ഷീരസംഘം സെക്രട്ടറിമാർക്ക്
4. ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾക്ക്
5. കർഷകർക്ക്

വാട്ടർഷെഡ് സ്കീം

- പുൽക്കൃഷി രൂ. 2,500/- ഹെ

തൊഴുത്ത് - 2000 രൂ.

മൃഗസംരക്ഷണവകുപ്പ്

നടപ്പു പദ്ധതികൾ

1. കോഴി വിതരണം
2. കറവ പശു വിതരണം
3. കന്നു കുട്ടി പരിപാലന പദ്ധതി
4. ആടു വിതരണം
5. പോത്തു വിതരണം.

5 - 3 വ്യവസായം

വ്യാവസായികമായി അകത്തേത്തറ പഞ്ചായത്ത് വളരെ പിന്നോക്കാവസ്ഥയിലാണ്. തൊഴിൽ മേഖലയിൽ ആകെയുള്ള 7044 പേരിൽ 869 പേർ മാത്രമാണ് വ്യവസായ മേഖലയിൽ ഉള്ളത്. ഇതിൽ സ്ത്രീ പങ്കാളിത്തം 192 മാത്രമാണ്. വൻ കിടയോ ചെറുകിടയോ ആയ വ്യവസായങ്ങളൊന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. ബഹുഭൂരിപക്ഷവും നാമമാത്ര-കുടിൽ വ്യവസായങ്ങളാണ്. പരമ്പരാഗത വ്യവസായങ്ങളായ കളിമൺ പാത്ര നിർമ്മാണം, പപ്പട നിർമ്മാണം, മുളകൊണ്ടുള്ള കൊട്ട, വട്ടി നെയ്ത്ത് എന്നിവയിൽ ഏതാണ്ട് 250 പേർ ജോലി ചെയ്യുന്നു. വ്യവസായ തൊഴിലാളികളിൽ ഗണ്യമായ വിഭാഗം പഞ്ചായത്തിന് വെളിയിലാണ് ജോലി ചെയ്യുന്നത്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 36 വ്യവസായ സ്ഥാപനങ്ങളിൽ 193 പേർ ജോലിക്കാരായുണ്ട്. വ്യവസായ തൊഴിലാളികളുടെ ഇനംതിരിച്ചുള്ള വിവരം താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

വിഭാഗം	തൊഴിലാളികളുടെ എണ്ണം		ആകെ
	പുരുഷൻ	സ്ത്രീ	
1. മെറ്റൽ ക്രഷർ	63	53	116
2. കുടിൽ വ്യവസായങ്ങൾ	169	84	253
3. മറ്റു വ്യവസായങ്ങൾ	445	55	500
ആകെ	677	192	869

പഞ്ചായത്തിലെ വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക - 1

വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

വ്യവസായത്തിന്റെ തരം	തൊഴിലാളികളുടെ എണ്ണം			ആകെ യൂണിറ്റുകൾ	ആകെ തൊഴിലാളികൾ
	20-ൽ കുറവ്	20-50	50-ന് മേൽ		
1. മെറ്റൽ ക്രഷർ	–	4	–	4	116
2. ഭക്ഷ്യവസ്തു സംസ്കരണം	3	–	–	3	6
3. മരുന്നുകൾ	1	–	–	1	4
4. സർജിക്കൽ	1	–	–	1	5
5. എഞ്ചിനീയറിങ്ങ്	5	–	–	5	10
6. ഫർണിച്ചർ	1	–	–	1	3
7. മറ്റുള്ളവ	21	–	–	21	49
ആകെ	32	4	–	36	193

ഖാദി ബോർഡിനു കീഴിൽ ഏതാണ്ട് 50 വനിതകൾ ജോലി ചെയ്യുന്ന ഒരു ഖാദി യൂണിറ്റും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

നിലവിലുള്ള മെറ്റൽ ക്രഷർ യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിക്കുന്നവയാണ്. വൻതോതിൽ നിർമ്മാണ പ്രവർത്തനം നടക്കുന്ന മേഖലയെന്ന നിലയിൽ ഈ രംഗത്ത് കൂടുതൽ ഭാഗത്ത് പ്രവർത്തനമാരംഭിക്കാൻ പോകുന്ന സ്റ്റീൽ കമ്പനികളായ യൂട്ടിലിറ്റി അലോയ്സ് പ്രൈവറ്റ് ലിമിറ്റഡ്, സുരഭി എന്നീ കമ്പനികളിലും ധോണിയിലെ ഗ്ലാസ്സ് ഫാക്ടറിയിലും ഒട്ടനവധി തൊഴിലവസരമുണ്ട്. ഈ സ്ഥാപനങ്ങളിൽ തദ്ദേശവാസികൾക്ക് പരമാവധി തൊഴിലവസരങ്ങൾ ഉറപ്പു വരുത്തേണ്ടതുണ്ട്.

ധോണിയിൽ ലാഭകരമായി പ്രവർത്തിച്ചു വന്ന നിഷാ സിമൻറ് ഫാക്ടറി, മരുതക്കോട്ടെ എസ്.എൻ.ഓയിൽമിൽ എന്നിവ മാനേജ്മെൻറിൻെറ ധനദുർവിനിയോഗം നിമിത്തം അടച്ചു പൂട്ടിയിരിക്കയാണ്. തന്മൂലം ഏതാണ്ട് നൂറോളം പേർ തൊഴിൽരഹിതരായിട്ടുണ്ട്.

ആറാം വർഡിലെ തട്ടുറുമ്പുകാട്ടിൽ പ്രവർത്തിച്ചുവന്ന കുട്ടികൾക്കുള്ള മരുന്നുല്പാദിപ്പിക്കുന്ന 'നെപ്കോ ലബോറട്ടറീസ്' സാമ്പത്തിക ബുദ്ധിമുട്ടു കാരണം അടച്ചുപൂട്ടി. ഏതാണ്ട് 30 ഓളം വനിതകൾ തൊഴിൽരഹിതരായിട്ടുണ്ട്.

'പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി (PMRY) പ്രകാരം 1995-96 സാമ്പത്തിക വർഷം 32-ൽ 13- സംരംഭകർക്ക് മാത്രമാണ് സഹായം ലഭിച്ചിട്ടുള്ളത്. അർഹരായ സംരംഭകർക്ക് ധനസഹായം നൽകുന്നതിൽ ദേശസാൽകൃത ബാങ്കുകൾ കാണിക്കുന്ന വൈമുഖ്യം പുതിയ വ്യവസായങ്ങൾക്ക് തടസ്സമായ ഒരു ഘടകമാണ്. പഞ്ചായത്തിലെ 3 ദേശസാൽകൃത ബാങ്കുകളിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ധനസഹായം നൽകുന്നതിൽ അല്പം മെച്ചപ്പെട്ട പ്രവർത്തനം നടത്തി.

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി (PMRY) 1995 - 96

പട്ടിക - 2

ബാങ്കിൻെറ പേർ	സംരംഭങ്ങളുടെ എണ്ണം			തുക ലക്ഷത്തിൽ		
	ശുപാർശ ചെയ്തത്	തുക അനുവദിച്ചത്	ശതമാനം	ശുപാർശ ചെയ്തത്	അനുവദിച്ചത്	ശതമാനം
1. ഇന്ത്യൻ ബാങ്ക്, അകത്തേത്തറ	10	3	30	4.22	1.45	34.36
2. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കല്പക്കുളങ്ങര	13	4	30.76	4.39	1.99	45.33
3. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ഹേമാംബിക നഗർ	9	6	66.66	3.25	2.53	77.84
ആകെ	32	13	40.62	11.86	5.97	50.34

പഞ്ചായത്തിൽ ട്രൈസം തൊഴിൽ പരിശീലനം നേടിയ 18 പേരിൽ 6 പേർ മാത്രമെ ആ വിഷയത്തിൽ സ്വയംതൊഴിൽ കണ്ടെത്തിയിട്ടുള്ളു. പട്ടിക (3) കാണുക.

പട്ടിക 3

ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

പരിശീലന വിഷയം	ആകെ പരിശീലനം ലഭിച്ചവർ	സ്വയംതൊഴിൽ കണ്ടെത്തിയവർ	ഇതരതൊഴിലുകളിൽ ഏർപ്പെട്ടവർ	അവശേഷിക്കുന്നവർ
1. ട്രാക്ടർ മെക്കാനിസം	1	–	1	–
2. ഇലക്ട്രീഷ്യൻ	2	2	–	–
3. സ്വിന്നിങ്ങ്, & വീവിങ്ങ്	15	4	8	3
ആകെ	18	6	9	3

DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളിൽ 58 പേർ പ്രവർത്തിയെടുക്കുന്നുണ്ട്. ഇവയിൽ ഭക്ഷ്യവസ്തുക്കൾ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, മൺപാത്ര നിർമ്മാണയൂണിറ്റ്, ക്ഷീരോല്പാദനം എന്നീ മേഖലകൾ തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടിയിൽ (RAP) IRDP സർവ്വെപ്രകാരം കണ്ടെത്തിയ 93 ഗ്രാമീണ കൈത്തൊഴിലുകാരിൽ 18 പേർക്കു മാത്രമെ സഹായം ലഭിച്ചിട്ടുള്ളു.

വൈദ്യുതിയുടെ ദൗർലഭ്യം, മതിയായ സാമ്പത്തിക സഹായത്തിന്റെ അഭാവം, ഭൂമിയുടെ അമിതമായ വിലവർദ്ധനവ്, വൻകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള മത്സരം, കേന്ദ്രസർക്കാറിന്റെ പുത്തൻ സാമ്പത്തികനയം എന്നിവ പുതിയ വ്യവസായ സംരംഭങ്ങളെ നിരുത്സാഹപ്പെടുത്തുന്നതും നിലവിലുള്ളവയെ തകർക്കുന്നതുമായ പൊതു പ്രശ്നങ്ങളാണ്. പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങൾ നേരിടുന്ന മറ്റു പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. കളിമൺ വ്യവസായത്തിനാവശ്യമായ മണ്ണ്, വിറക് തുടങ്ങിയവയുടെ ദൗർലഭ്യം, വിപണന രംഗത്തെ പരിമിതികൾ
2. പപ്പടനിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവ്
3. കൊട്ട, വട്ടി നെയ്ത്തിന് ആവശ്യമായ മുള ലഭിക്കുന്നില്ല. വിപണന സൗകര്യം പരിമിതമാണ്.
4. നെല്ല് ലഭിക്കാത്തതുകൊണ്ട് റൈസ് മില്ലുകൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല.
5. സാങ്കേതിക പരിജ്ഞാനം ലഭിച്ച തൊഴിലാളികളുടെ കുറവ്.

റെയിൽവെയുമായി ബന്ധപ്പെട്ട് വലിയൊരു ഉപഭോക്തൃമേഖല നിലവിലുണ്ട് എന്ന അനുകൂല ഘടകം കൂടി ഉന്നം വെച്ചുകൊണ്ട് നിലവിലുള്ള പദ്ധതികളും പുത്തൻ സാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തി ഒട്ടനവധി സംരംഭങ്ങൾക്ക് നമ്മുടെ പഞ്ചായത്തിൽ സാധ്യതയുണ്ട്.

1. മാതൃസ്ഥാപനത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഔട്ട് വർക്കർ പ്രൊഡക്ഷൻ യൂണിറ്റുകളിൽ.

(അ) റെഡിമെയ്ഡ് വസ്ത്രനിർമ്മാണം
(ആ) നോട്ട്ബുക്ക് നിർമ്മാണം
(ഇ) മുള ഉപയോഗിച്ച് കുട്ട, വട്ടി നിർമ്മാണം
(ഈ) ഭക്ഷ്യവസ്തുക്കൾ, അച്ചാർ മുതലായവ

ലാഭകരമായി ചെയ്യാൻ കഴിയും. വിപണന സാദ്ധ്യതകളുമുണ്ട്.

2. ഫർണിച്ചർ നിർമ്മാണം – മരം തൊട്ടടുത്ത് ഒലവക്കോട് ലഭ്യമാണ്. വിപണന സാദ്ധ്യതയുണ്ട്.

3. തേങ്ങ, തൊണ്ട്, ചിരട്ട എന്നിവ അടിസ്ഥാനപ്പെടുത്തിയ വ്യവസായങ്ങൾ.

4. പാൽ ഉൽപ്പന്നങ്ങൾ, ബേക്കറി സാധനങ്ങൾ.

5. പരമ്പരാഗത മേഖലയിൽ കളിമൺ പാത്ര നിർമ്മാണം : നിലവിലുള്ള സഹകരണ സംഘം പ്രവർത്തനക്ഷമമല്ല. മണ്ണ്, വിറക് എന്നിവ ലഭ്യമാക്കി ഉത്പാദനവും വിപണനവും മെച്ചപ്പെടുത്തേണ്ടതാണ്. ആധുനിക സെറാമിക്സ് വ്യവസായരംഗത്തും സാധ്യതകളുണ്ട്.

6. മറ്റൊരു പരമ്പരാഗത വ്യവസായ മേഖലയായ പപ്പട നിർമ്മാണ മേഖലയിൽ സഹകരണ സൊസൈറ്റി രൂപീകരിച്ച് അസംസ്കൃത വസ്തുക്കൾ ന്യായവിലക്ക് ലഭ്യമാക്കുകയും, വിപണന സൗകര്യം ഏർപ്പെടുത്തുകയും വേണം.

7. കഞ്ചിക്കോട് വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് അനുബന്ധയൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട് (സ്ക്രൂ, റബ്ബർബുഷ്, ലെയ്ത്ത് ജോലി മുതലായവ)

8. സോഡ, സോഫ്റ്റ് ഡ്രിങ്ക്സ് നിർമ്മാണം.

9. റബ്ബർ തടി ഉപയോഗിച്ച് ചുരുങ്ങിയ ചിലവിൽ വീട് നിർമ്മാണ വസ്തുക്കളും, ഫർണിച്ചറും നിർമ്മിക്കുന്ന യൂണിറ്റ്.

10. ബ്രഷ് നിർമ്മാണ യൂണിറ്റ്.

11. വെൽഡിങ്ങ്, മോൾഡിങ്ങ്, സ്പ്രെ പെയിൻറിംഗ് യൂണിറ്റുകൾ.

13. കോഴിതീറ്റ, കാലിതീറ്റ നിർമ്മാണ യൂണിറ്റ്.

14. ഇഷ്ടിക നിർമ്മാണ യൂണിറ്റ്.

15. സോപ്പ്, സോപ്പ്പൊടി നിർമ്മാണം.

16. മെറ്റൽ ക്രഷർ യൂണിറ്റ്

നിലവിലുള്ള ഖാദിയൂണിറ്റ് വികസിപ്പിക്കുകയാണെങ്കിൽ 25 പേർക്ക് കൂടി തൊഴിൽ സാദ്ധ്യതയുണ്ട്.

ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷികൾ, സന്നദ്ധ സംഘടനകൾ, ഗവ. ഡിപ്പാർട്ടുമെൻറുകൾ, ബാങ്കുകൾ എന്നിവ പങ്കാളികളായുള്ള പഞ്ചായത്ത് തല വ്യവസായ വികസന സമിതി രൂപീകരിച്ച് ഈ മേഖലയിലെ പ്രവർത്തനങ്ങൾ ആസൂത്രിതമായി മെച്ചപ്പെടുത്താൻ കഴിയും.

5-4 വിദ്യാഭ്യാസം

പാലക്കാട്ടു രാജവംശത്തിന്റെ ശാഖകളായ ഏതാനും ജന്മികുടുംബങ്ങളും കുടിയാന്മാരായ കൃഷിക്കാരും കീഴാളരായ കർഷകത്തൊഴിലാളികളും മാത്രമായിരുന്നു അകത്തേത്തറ പ്രദേശത്തെ പൂർവ്വികരായ താമസക്കാർ. വീടുകളിൽത്തന്നെ ആശാന്മാരെ നിയമിച്ചും അപൂർവ്വം എഴുത്തുപള്ളികളിലുമായി സമൂഹത്തിന്റെ മേൽത്തട്ടിൽ ഉള്ളവർക്കു മാത്രം സാമാന്യ വിദ്യാഭ്യാസത്തിനും സംസ്കൃതം പഠിയ്ക്കുവാനുമുള്ള സൗകര്യങ്ങളാണ് പൂർവ്വ കാലങ്ങളിലുണ്ടായിരുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ സവർണ്ണർക്കു മാത്രമുള്ള രണ്ടു സംസ്കൃത സ്ക്കൂളുകളും അവർണ്ണർക്കുള്ള ഒരു 'പഞ്ചമ' സംസ്കൃത വിദ്യാലയവും അകത്തേത്തറയിലുണ്ടായിരുന്നു. സാമൂഹിക അസമത്വങ്ങൾ ദുരീകരിക്കുന്നതിനും താഴ്ന്ന ജാതിക്കാർക്കും സാമാന്യ വിദ്യാഭ്യാസം നൽകുന്നതിനും ഉൽപ്പതിഷ്ണുക്കളായ ചിലർ മഹാമനസ്കത കാണിച്ചിരുന്നു എന്നതിനു തെളിവാണല്ലൊ ക്ഷപഞ്ചമമഅ സംസ്കൃത വിദ്യാലയം. സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ഇവർ ശ്രദ്ധിച്ചിരുന്നു എന്നതിനു തെളിവുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ വിദ്യാലയങ്ങൾ സ്ഥാപിച്ചു ആദ്യകാലത്തു നടത്തിയിരുന്നു. പിന്നീട് രണ്ടും ചേർത്തു രൂപീകരിച്ചു നടത്തിയിരുന്ന ഭാഷാസ്ക്കൂൾ, കേളപ്പജി ഡിസ്ട്രിക്റ്റ് ബോർഡ് പ്രസിഡണ്ടായിരുന്ന കാലത്ത് വിദ്വാൻ കോമ്പി അച്ചൻ എന്ന കെ.എം. ഉണ്ണാലച്ചൻ ഡിസ്ട്രിക്റ്റ് ബോർഡിലേയ്ക്കു വിട്ടുകൊടുത്തു. ദാനം സ്വീകരിയ്ക്കാൻ സർക്കാരിനു നിർവ്വാഹമില്ലാത്തതുകൊണ്ട് ഒരുറുപ്പിക പ്രതിഫലം പറ്റിക്കൊണ്ട് കൈമാറിയതായി രേഖയുണ്ടാക്കുകയായിരുന്നു. ആ സ്ക്കൂളാണ് ഇന്നത്തെ അകത്തേത്തറ G.U.P.S. . കല്ലേക്കുളങ്ങരയിലെ H.J.B.S യശഃശരീരനായ ശ്രീ.കെ.കെ. കുഞ്ചുവച്ചൻ ആദ്യം സംസ്കൃത സ്ക്കൂളായി ആരംഭിച്ചതായിരുന്നു. കല്ലേക്കുളങ്ങര ഏമൂർ ദേവസ്വം പതിനൊന്നേക്കറോളം വരുന്ന കോമ്പൗണ്ടിൽ ആരംഭിച്ചതാണ് ഹേമാംബികാ സംസ്കൃത ഹൈസ്ക്കൂൾ. 1960-ൽ ആരംഭിച്ച N.S.S. എൻജിനീയറിംഗ് കോളേജിനോടൊപ്പം N.S.S. ഹൈസ്ക്കൂൾ വരുന്നതുവരെ ഹേമാംബികാ സംസ്കൃത ഹൈസ്ക്കൂൾ മാത്രമായിരുന്നു അകത്തേത്തറ പ്രദേശത്തെ ഏക ഹൈസ്ക്കൂൾ. മലമ്പുഴ, പുതുപ്പരിയാരം, ഒലവക്കോടു പ്രദേശങ്ങളിൽ നിന്നെല്ലാം കുട്ടികൾ പഠനത്തിനെത്തിയിരുന്നത് ഈ സ്ക്കൂളിൽ തന്നെയായിരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ ആരംഭത്തോടുകൂടി ശ്രീ. ടി.ആർ. കൃഷ്ണയ്യരുടെയും പത്മനാഭൻ എന്ന അപ്പു യജമാനന്റെയും മറ്റും നേതൃത്വത്തിൽ രൂപീകരിയ്ക്കപ്പെട്ട ശബരി ആശ്രമത്തിന്റെ പ്രവർത്തനത്തോടൊപ്പം ജനസാമാന്യത്തിന്റെ പൊതുവിദ്യാഭ്യാസത്തിനുള്ള പ്രവർത്തനങ്ങളും ആരംഭിക്കുകയുണ്ടായി. ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയുടെ പ്രവർത്തനങ്ങൾ കേരളത്തിൽ ആദ്യമായി ആരംഭിച്ചതും അകത്തേത്തറയിലായിരുന്നു. ശബരി ആശ്രമത്തിന്റെ അന്തേവാസികളിൽ ചിലർ മഹാത്മാഗാന്ധിയുടെ നേരിട്ടുള്ള ഉപദേശമനുസരിച്ച് ഭാവിയിൽ രാഷ്ട്രഭാഷയായിത്തീരാൻ സാധ്യതയുള്ള ഹിന്ദി പഠിപ്പിയ്ക്കുവാനും പ്രചരിപ്പിക്കുവാനും തയ്യാറാവുകയായിരുന്നു. ഹിന്ദി സാഹിത്യ രംഗത്തുകൂടി പ്രശസ്തനായ ശ്രീ. നാരായൺ ജി, ശ്രീ. സി. സ്വാമിനാഥൻ മാസ്റ്റർ, ശ്രീ എ.ബി. ബാലകൃഷ്ണമേനോൻ മുതലായ വരിൽ ചിലരെങ്കിലും ഇന്നും ജീവിച്ചിരിക്കുന്നു.

രണ്ടുപാരലൽ കോളേജുകളും, സ്ക്കൂൾ ക്ലാസ്സുകൾക്കു മാത്രം ട്യൂഷനുള്ള രണ്ടു ടൂട്ടോറിയലുകളും ഈ പഞ്ചായത്തിലുണ്ട്. രണ്ടു

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക.

പട്ടിക – 1

ക്രമനമ്പർ	വിദ്യാലയത്തിന്റെ പേര്	മാനേജുമെന്റ്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം			അദ്ധ്യാപകരുടെ പരിശീലന യോഗ്യത	
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ബി. എഡ്	ടി. ടി. സി
1	കേന്ദ്രീയ വിദ്യാലയം	കേന്ദ്ര സർക്കാർ	841	681	1522	13	21	34	34	–
2	റെയിൽവേ ഹൈസ്കൂൾ	കേന്ദ്ര സർക്കാർ	604	496	1100	12	23	35	35	–
3	എൻ. എസ്. എസ്. ഹൈസ്കൂൾ	എയിഡഡ്	174	146	320	–	10	10	10	–
4	എച്ച്. എസ്. എച്ച്. എസ്. കല്ലേക്കുളങ്ങര	എയിഡഡ്	382	289	671	4	14	18	10	8
5	ഉമ്മിനി ജി. യു. പി. എസ്.	സർക്കാർ	264	250	514	4	11	15	2	13
6	അകത്തേത്തറ ജി. യു. പി. എസ്	സർക്കാർ	473	409	882	4	17	21	3	18
7	എച്ച്. ജെ. ബി. എസ്, കല്ലേകുളങ്ങര	എയിഡഡ്	128	74	202	1	7	8	–	8
8	എ. ജെ. ബി. എസ്, ആണ്ടിമഠം	എയിഡഡ്	109	126	235	1	7	8	–	8
9	പി. എസ്. എസ്. എൽ. പി. എസ് അകത്തേത്തറ	അൺ എയിഡഡ്	27	15	42	–	4	4	–	

പ്രാഥമിക കമ്പ്യൂട്ടർ സെൻററുകൾ ആറ് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ സാങ്കേതിക വിഷയങ്ങൾ പഠിപ്പിക്കുന്ന ഒരു പ്രൈവറ്റ് ITC എന്നിവയും ഇവിടെ പ്രവർത്തിക്കുന്നു.

പട്ടിക 1-ൽ കൊടുത്തിട്ടുള്ള 9 വിദ്യാലയങ്ങളിലായി 3002 ആൺകുട്ടികളും 2486 പെൺകുട്ടികളും കൂടി ആകെ 5488 കുട്ടികൾ പഠിക്കുന്നുണ്ട്. ഇതിൽ ഏക അൺ-എയ്ഡഡ് ഇംഗ്ലീഷ് മീഡിയം എൽ.പി. ആയ PSS ൽ ആകെ 27 ആൺകുട്ടികളും 15 പെൺ കുട്ടികളുമാണ്. കൂടാതെ ഇംഗ്ലീഷ് മീഡിയത്തോടുള്ള ആഭിമുഖ്യം കാരണവും മെച്ചപ്പെട്ട പഠനനിലവാരം തേടിയും ഒട്ടനവധി ആൺകുട്ടികളും പെൺകുട്ടികളും പുതുപ്പരിയാരം പഞ്ചായത്തിലെ സെൻറ് തോമസ് കോൺവെൻറ്, മലമ്പുഴ VHS, പാലക്കാട് പട്ടണത്തിലെ പ്രധാന സ്ക്കൂളുകൾ എന്നിവയിലേക്കും പോകുന്നുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനു (എൻജിനീയറിംഗ് കോളേജൊഴികെ) പഞ്ചായത്തിൽ കോളേജുകളില്ല. പാലക്കാട് വിക്ടോറിയ കോളേജിലും മേഴ്സികോളേജിലുമായി കൂടുതൽ മാർക്കുനേടുന്ന കുറെ കുട്ടികൾക്കു ചേരാൻ സാധിയ്ക്കുന്നുണ്ട്. എങ്കിലും ഈ രണ്ടു കോളേജുകളിലും പ്രവേശനം ലഭിക്കാത്ത ഒട്ടേറെ കുട്ടികൾ ഉപരിപഠനത്തിനായി വർഷം തോറും പാലക്കാട്ടുള്ള പാരലൽ കോളേജുകളെത്തന്നെ ആശ്രയിച്ചുവരുന്നു. സാങ്കേതിക വിദ്യാഭ്യാസത്തിന് മലമ്പുഴ ഗവ. I T I, പാലക്കാട്ടുള്ള ഗവ. പോളിടെക്നിക്, മുണ്ടൂർ I T C , പഞ്ചായത്തിൽ തന്നെയുള്ള ധോണി I T C എന്നിവയും അകത്തേത്തറ N.S.S. എൻജിനീയറിംഗ് കോളേജുമാണുള്ളത്.

പ്രി-പ്രൈമറി.

സാമൂഹ്യ ക്ഷേമവകുപ്പിൻെറ നിയന്ത്രണത്തിലുള്ള 22 അംഗനവാടികൾ പഞ്ചായത്തിലെ പത്തു വാർഡുകളിലായി പ്രവർത്തിക്കുന്നു. ഓരോ അംഗനവാടിയിലും ഒരു ടീച്ചറും ഒരു ഹെൽപ്പറും വീതമുണ്ട്. 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള ശരാശരി 25 കുട്ടികൾവീതം ഓരോന്നിലുമുണ്ട്. ഭൂരിപക്ഷം അംഗനവാടികൾക്കും സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ വാടക കെട്ടിടങ്ങളിലാണ് നടക്കുന്നത്. കുട്ടികൾക്കു ഉച്ചഭക്ഷണം നൽകുന്നുണ്ട്. അംഗനവാടികളിലൊന്നും വേണ്ടത്ര കളിക്കോപ്പുകളോ പഠനോപകരണങ്ങളോ സജ്ജീകരിക്കാനായിട്ടില്ല എന്ന കുറവുണ്ട്. അംഗനവാടികൾ കൂടാതെ ഒരു പ്രീ-പ്രൈമറി വിദ്യാലയവും മൂന്നു നഴ്സറി സ്ക്കൂളുകളും പഞ്ചായത്തിലുണ്ട്. (പട്ടിക - 2 കാണുക)

സെപ്തംബർ 14 മുതൽ ഒക്ടോബർ 6 വരെയുള്ള ഒഴിവുദിവസങ്ങളിൽ വിശേഷാൽ ഗ്രാമസഭകൾ കൂടി. ഗ്രൂപ്പുചർച്ചകളിൽ വിദ്യാഭ്യാസ മേഖലയിലെ പോരായ്മകളെക്കുറിച്ച് ധാരാളം പരാതികളുയർന്നു വരികയുണ്ടായി.

പ്രശ്നങ്ങൾ.

1. എല്ലാസ്ക്കൂളുകളിലേയും പഠനനിലവാരം വളരെ മോശമാണ്. പഠനനിലവാരം മെച്ചപ്പെടുത്തണം.
2. സ്പെഷലിസ്റ്റ് അദ്ധ്യാപകരെ നിയമിയ്ക്കാത്തതിനാൽ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ശരിയായവിധത്തിൽ നടക്കുന്നില്ല.
3. വിദ്യാർത്ഥികൾക്കു തൊഴിൽ പരിശീലനം ലഭിയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല.
4. തുടർ സാക്ഷരതാ പരിപാടി നടക്കുന്നില്ല. -
5. പഞ്ചായത്തിൻെറ ചരിത്രപശ്ചാത്തലമോ ഭൂമിശാസ്ത്രമോ കുട്ടികൾ അറിയുന്നില്ല.

എന്നീ പൊതുപരാതികളോടൊപ്പം നിലവിലുള്ള സ്ക്കൂളുകളെ വിലയിരുത്തുകയും ചെയ്തു.

N.S.S. ഹൈസ്ക്കൂൾ.

സ്ക്കൂളിൻെറ നടത്തിപ്പിൽ മാനേജുമെൻറ് തികഞ്ഞ അവഗണനാനയമാണനുവർത്തിക്കുന്നത്. ലാബറട്ടറി പേരിനുമാത്രമേ ഉള്ളു. ശാസ്ത്രവിഷയങ്ങൾ പഠിപ്പിയ്ക്കുമ്പോൾ പരീക്ഷണങ്ങളൊന്നും നടത്തിക്കാണിയ്ക്കാറില്ല. ലൈബ്രറിയും നാമമാത്രമാണ്. കുട്ടികൾക്കു ലൈബ്രറി പുസ്തകങ്ങൾ കൊടുക്കാറില്ല. പാഠ്യാനുബന്ധ

പ്രവർത്തനങ്ങളോ പാഠ്യേതരപ്രവർത്തനങ്ങളോ വേണ്ട രീതിയിൽ നടക്കുന്നില്ല. 94-95 ലേയും 95-96 ലേയും S.S.L.C. വിജയശതമാനം യഥാ ക്രമം 22% 30% മാത്രമാണ്. ഹെഡ്മിസ്ട്രസ്സുടക്കം അദ്ധ്യാപികാദ്ധ്യാപകൻമാർ തദ്ദേശവാസികള ല്ലാത്തതിനാൽ പ്രായോഗികമായ ഒട്ടേറെ ബുദ്ധിമുട്ടുകളുണ്ട്. വിജയശതമാനം കുറയുന്ന തിനും ഇതൊരു കാരണമാണ്.

H.S.H.S. കല്ലേക്കുളങ്ങര.

അകത്തേത്തറ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂളായ H.S.H.S.ന്റെ ഇന്നത്തെ അവസ്ഥ ശോചനീയമാണ്. 94-95 ൽ 11% ഉം 95-96 ൽ 6% ഉം ആണ് S.S.L.C. വിജയം. എഴുപതുകളിൽ 70-ൽ കൂടുതൽ അദ്ധ്യാപകരും 2000-ലേറെ കുട്ടികളുമുണ്ടായിരുന്ന ഈ സ്ക്കൂളിൽ ഇപ്പോൾ 30 അദ്ധ്യാപകരും 700 - ൽ താഴെ കുട്ടികളുമാണുള്ളത്. മോനേജുമെൻറിലെ കുഴപ്പങ്ങൾ കാരണം ഇപ്പോൾ സ്ക്കൂളിനു മാനേജരില്ല. ഹെഡ്മാസ്റ്ററുടെ ചുമതല വഹി യ്ക്കുന്ന H.S.A.യ്ക്ക് ഗ്രേഡോ മറ്റാനുകൂല്യ ങ്ങളോ ലഭിയ്ക്കുന്നില്ല. ഈ സ്ക്കൂളിന്റെ പുനരുദ്ധാരണത്തിനും മറ്റും മാനേജുമെൻറിൽ നിർബ്ബന്ധപ്രേരണയും സമ്മർദ്ദവും ചെലുത്താൻ പഞ്ചായത്തു മുൻകയ്യെടുക്കേണ്ടിയിരിക്കുന്നു.

ഉമ്മിനി G.U.P.S.

സ്ക്കൂളിൽ ഒരു കെട്ടിടത്തിന്റെയും കൂടി ആവശ്യമുണ്ട്. ഇതിനുവേണ്ട സൗകര്യം കോമ്പൗ ണ്ടിലുണ്ടുതാനും. കൂടുതൽ ക്ലാസ്സുമുറികളും ഫർണീച്ചറും ഉണ്ടായാലേ ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കാൻ പറ്റൂ. 'അനെർട്ടി'ന്റെ കാറ്റാടി കൊണ്ടു പ്രവർത്തിയ്ക്കുന്ന വാട്ടർ പമ്പ് ഇപ്പോൾ പ്രവർത്തനക്ഷമമല്ല. പൊതുവെ പഠനനിലവാരം മെച്ചമാണ്. ധോണിപ്രദേശത്തുള്ളവർക്ക് ഏറ്റവും അടുത്തുള്ള ഈ സ്ക്കൂളിലേയ്ക്ക് രണ്ടു കിലോ മീറ്ററിലേറെ നടന്നുവേണം എത്തിച്ചേരാൻ. ബസ് സർവ്വീസ് യോജിച്ച സമയങ്ങളിലില്ലാത്തതും സ്ക്കൂളിനടുത്ത് പല ബസ്സുകളും നിറുത്താതും കാരണം കുട്ടികൾക്കു ബുദ്ധിമുട്ടുകൂടുതലുണ്ട്. ധോണി പ്രദേശത്ത് ഒരു എൽ. പി. സ്ക്കൂൾ സ്ഥാപിക്കാൻ പഞ്ചായത്ത് ശ്രമിയ്ക്കണമെന്ന ആവശ്യവും ചിലരുന്നയിച്ചു.

G.U.P.S. അകത്തേത്തറ

സ്ക്കൂളിന്റെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്. പടിഞ്ഞാറെ ബ്ലോക്കിലുള്ള കെട്ടിടത്തിന്റെ കേടുപാടുകൾ തീർക്കണം. ലാബറടറി സൗകര്യങ്ങളും പഠനോപകരണങ്ങളും അവശ്യത്തിനുണ്ട്. ലൈബ്രറിയിൽ പുസ്തകങ്ങളു മുണ്ട്. എങ്കിലും ഇവ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്നു വിലയിരുത്തപ്പെടണം.

H.J.B.S. കല്ലേക്കുളങ്ങര.

പഠനനിലവാരം പൊതുവേ മെച്ചമാണ്. സ്ക്കൂൾ കോമ്പൗണ്ടിനു വിസ്താരം കുറവാണ്. കളിസ്ഥലമില്ല. മൂന്നു കെട്ടിടങ്ങളുള്ളതിൽ ഒന്നിന് വേണ്ടത്ര വായുവും വെളിച്ചവും കിട്ടത്തക്കവിധം ജനലുകളും വെൻറിലേഷനും ഇല്ല. കെട്ടിടം നന്നാക്കേണ്ടതാണ്.

A.J.B.S. ആണ്ടിമഠം.

10സെൻറ് മാത്രം വിസ്താരമുള്ള സ്ഥലത്ത് പഴകി ജീർണ്ണിച്ചകെട്ടിടത്തിലാണ് സ്ക്കൂൾ നടക്കുന്നത്. കളിസ്ഥലം തീരെയില്ല. കുടിവെള്ളത്തിന് പൊതു നിരത്തിലെ ടാപ്പുപയോഗിയ്ക്കുന്നു. മൂത്രപ്പുര യില്ല. പഠനനിലവാരവും മോശമാണ്. ഈ കുറവുകളൊന്നും പരിഹരിയ്ക്കാൻ മോനേജു മെൻറ് ഒരു നടപടിയും എടുക്കുന്നില്ല.

പട്ടിക- 2 ലെ നഴ്സറിസ്ക്കൂളുകളുടെ വിവരം പരിശോധിച്ചാൽ ഇംഗ്ലീഷ് മീഡിയത്തിനോട് ജനങ്ങൾക്കുള്ള താല്പര്യം പ്രകടമായി കാണാവുന്നതാണ്. മലയാളം മീഡിയത്തിൽ 79 കുട്ടികൾ മാത്രമുള്ളപ്പോൾ ഇംഗ്ലീഷ് മീഡിയത്തിൽ 139 കുട്ടികളുണ്ട്. നഴ്സറികളെല്ലാം സാധാരണ പ്രൈമറിസ്ക്കൂളുകളെപോലെ പ്രവർത്തിയ്ക്കുന്നു. കുട്ടികളെ എഴുത്തും വായനയും നിർബ്ബന്ധമായി പഠിപ്പിയ്ക്കുന്നു. എന്നും വിട്ടിൽവച്ചു പഠിയ്ക്കാനുള്ള ഹോംവർക്കു കൊടുത്തു പീഡിപ്പിക്കുകയും ചെയ്യുന്നു. കളിക്കോപ്പുകളും കൗതുകമുള്ള പഠന സഹായികളും ഒരു നഴ്സറിസ്ക്കൂളിലും വേണ്ടത്രയില്ല. 35-40 രൂപയാണ്. മാസഫീസ്. ഒ റയിൽവേ കോളനിയിലെ വിവേകോദയം നഴ്സറിയിൽ മാത്രമാണ് കെട്ടിട സൗകര്യവും ഫർണീച്ചറും കെട്ടിടത്തിനു വെളിയിൽ കളി സ്ഥലവുമുള്ളത്.

S.C/ST വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിലായി പഠിയ്ക്കുന്നുണ്ട്. ഇവർക്കെല്ലാം കാലാകാലങ്ങളിൽ അർഹമായ സ്ക്കോളർഷിപ്പുകളും മറ്റാനുകൂല്യങ്ങളും യഥാസമയം നൽകിവരുന്നുണ്ട്. ഉച്ചക്കഞ്ഞിവിതരണം എല്ലാസ്കൂളുകളിലും കാര്യക്ഷമമായ വിധത്തിൽ നടത്തിവരുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലുമായി എൽ.പി. വിഭാഗത്തിൽ 75 ഉം യു.പി. വിഭാഗത്തിൽ 76 ഉം ഹൈസ്ക്കൂൾ വീഭാഗത്തിൽ 62 ഉം തോറ്റുപഠിക്കുന്നവരായിട്ടുണ്ട്. ഇടയ്ക്കുവെച്ച് പഠനം നിർത്തിയവർ യഥാക്രമം 21 ഉം 26 ഉം 34 ഉം ആണ്.

പൊതുവെ സാമാന്യജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും പ്രാധാന്യവും കൂടുതലായി ബോദ്ധ്യപ്പെട്ടു വന്നിരിക്കുന്നു എന്നു കരുതണം. സ്കൂളുകളിലെ കൊഴിഞ്ഞുപോക്കു ഗണ്യമായി കുറഞ്ഞിരിക്കുന്നു. കൂടാതെ അടുത്ത കാലത്തു നടത്തിയ ഒരു സർവേയിൽ നിന്നും മനസ്സിലാകുന്നത്. 6 വയസ്സിനുമേൽ പ്രായമുള്ള സ്കൂളിൽ പോകാത്ത കുട്ടികൾ പഞ്ചായത്തിൽ അപൂർവ്വമായി ആദിവാസികളുടെ ഇടയിൽ മാത്രമേയുള്ളുവെന്നാണ്.

പ്രീപ്രൈമറി/നഴ്സറി വിദ്യാലയങ്ങൾ

പട്ടിക-2

പേര്	കുട്ടികളുടെ എണ്ണം	
	ഇംഗ്ലീഷ് മീഡിയം	മലയാളമീഡിയം
ഹോമാംബികാ നഴ്സറി സ്ക്കൂൾ (ഇംഗ്ലീഷ് മീഡിയം)	32	-
വിവേകോദയം നഴ്സറി	71	43
G.U.P.S അകത്തേത്തറയോടനുബന്ധിച്ച പ്രീ പ്രൈമറി	36	-
പി.എസ്.എസ്. നഴ്സറിയും എൽ.പി. സ്ക്കൂളും.	36	-

വിദ്യാലയങ്ങളിലെ സൗകര്യങ്ങൾ

പട്ടിക – 3

വിദ്യാലയത്തിന്റെ പേര്	വിസ്തീർണ്ണം	കളിസ്ഥലം	ചുറ്റുമതിൽ	മൂത്രപ്പുര	കക്കൂസ്	കിണർ	വൈദ്യുതി	ടെലിഫോൺ	ലാബ്	പഠനോപകരണങ്ങൾ	ഉച്ചഭക്ഷണം
H.S.H.S കല്ലേക്കുളങ്ങര	11.00 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
N.S.S. H.S അകത്തേത്തറ	4 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
G.U.P..S അകത്തേത്തറ	2 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
G.U.P..S ഉമ്മിനി	1.5 ഏക്കർ	ഉണ്ട്	ഉണ്ട് പൂർണമല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
H.J.B.S കല്ലേക്കുളങ്ങര	3.5 ഏക്കർ	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
A.J.B.S ആണ്ടിമഠം	10 സെന്റ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്

പട്ടിക – 4

അക്കാദമിക് നിലവാരം

കുട്ടികളുടെ പൊതു നിലവാരം (മാർക്ക് ശതമാനക്കണക്കിൽ)


സ്കൂളിന്റെ പേര്	സ്റ്റാന്റേർഡ്	ആകെകുട്ടികൾ	30 ൽ താഴെ	30 – 40	40 – 50	50 – 60	60 ന് മുകളിൽ
H.S.H.S കേളക്കുളങ്ങര	V	65	7	20	32	4	2
	VI	117	16	29	65	3	4
	VII	94	9	23	45	10	7
	VIII	129	12	51	50	14	2
	IX	154	29	48	64	11	2
	X	116	34	41	34	4	3
N.S.S.H.S അകത്തേത്തറ	VII	108	46	18	18	17	9
	IX	106	45	25	25	8	3
	X	55	29	10	7	5	4
G.U.P.S അകത്തേത്തറ	I	104	-	-	-	4	100
	II	113	-	2	14	6	91
	III	119	-	7	12	21	79
	IV	109	-	5	17	26	61
	V	118	9	40	17	13	39
	VI	131	14	20	32	17	48
	VII	149	10	17	53	19	46
G.U.P.S ഉമ്മിനി	III	64	20	25	12	5	2
	IV	85	25	31	14	9	6
	V	82	23	29	18	7	5
	VI	74	23	30	10	6	5
	VII	58	17	26	7	5	3
G.U.P.S ആണ്ടിമഠം	II						
	III	57	10	20	10	5	12
	IV	54	10	7	5	10	22
H.J.B.S കൊളക്കുളങ്ങര	II						
	III	59	12	8	12	11	16
	IV	56	13	12	8	14	9

അകത്തേത്തറ ജി.യു.പി.എസ് ൽ 95–96 ൽ രണ്ട് ആൺ കുട്ടികൾക്ക് യു. എസ്. എസ് ലഭിച്ചിട്ടുണ്ട്

ഉമ്മിനി ജി.യു.പി.എസ് ൽ 95–96 ൽ രണ്ട് ആൺ കുട്ടികൾക്കും ഒരു പെൺകുട്ടിക്കും യു. എസ്. എസ് ലഭിച്ചിട്ടുണ്ട്



നിർധനരായ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം നൽകുന്ന ചടങ്ങ്
ബഹു. ധനകാര്യ മന്ത്രി ടി. ശിവദാസമേനോൻ ഉദ്ഘാടനം ചെയ്യുന്നു.



അകത്തേത്തറ പഞ്ചായത്ത് വിദ്യാലയ കോംപ്ലക്സ് ഉദ്ഘാടനം ചെയ്തുകൊണ്ട് പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ. വി. വിജയദാസ് സംസാരിക്കുന്നു.



അദ്ധ്യാപക ദിനാചരണത്തോടനുബന്ധിച്ച് അകത്തേത്തറ ഗ്രാമ പഞ്ചായത്തിൽ അദ്ധ്യാപകരെ ആദരിക്കൽ ചടങ്ങ് വൈശാഖൻ ഉദ്ഘാടനം ചെയ്യുന്നു.

പട്ടിക – 5

തോറ്റു പഠിക്കുന്നവരും പഠനം നിർത്തിയവരും

സ്കൂളിന്റെ പേര്	സ്റ്റാന്റേർഡ്	എസ്. സി.		എസ്. ടി.		മറ്റുള്ളവർ		ആകെ					ആകെ
		ആൺ	പെൺ	ആൺ	പെൺ			ആൺ	പെൺ	ആൺ	പെൺ	
H.S.H.S കല്ലേക്കുളങ്ങര	V	3	1	2	1	7	1	-	1	1	3
	VI	1	-	5	2	8	1	-	-	1	2
	VII	3	1	7	-	11	1	-	2	1	4
	VIII	2	-	7	1	10	5	-	-	-	5
	IX	7	1	5	4	17	-	-	10	3	13
N.S.S.H.S. അകത്തേത്തറ	X	-	-	.	.	-	-	-	2	-	2
	VIII	-	1	10	6	17	-	-	3	-	3
	IX	-	-	13	5	18	-	-	6	4	10
	X	-	-	-	-	-	-	-	1	-	1
G.U.P..S. അകത്തേത്തറ	1	-	-			-	-	-	-	-	
	2	-	-	5	6	11	2	-	1	1	4
	3	1	-	5	3	9	2	3	1	1	7
	4	1	4	7	9	21	-	3	1	-	4
	5	1	1	7	3	12	3	2	-	1	6
	6	-	1	5	3	9	3	2	-	1	6
	7	2	1	11	6	20	2	1	1	-	4
G.U.P..S. ഉമ്മിനി	I	-	-	-	-	-	-	-	3	1	4
	II	1	1	1	0	3	-	1	-	-	1
	III	1	-	2	1	4	-	-	-	-	-
	IV	2	1	-	-	3	-	-	-	-	-
	V	1	1	1	-	3	-	-	-	-	-
	VI	-	-	3	-	3	-	-	-	1	1
	VII	-	-	2	1	3	-	-	-	-	-
A. J. B. S. ആണ്ടിമഠം	I	-	-	-	-		-	-	2	-	2
	II	-	-	2	3	5	-	-	-	-	-
	III	-	-	4	1	5	-	-	1	-	1
	IV	-	-	3	2	5	-	-	-	2	2
H. J. B. S. കല്ലേക്കുളങ്ങര	I	-	-	-	-	-	-	-	-	-	-
	II	1	-	-	-	1	-	-	-	-	-
	III	1	-	2	1	4	-	-	-	-	-
	IV	-	-	2	2	4	-	-	-	-	-

എൻ.എസ്സ്.എസ്സ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് , പാലക്കാട്.

ഉന്നതവിദ്യാഭ്യാസമേഖലയിൽ 1960-ൽ ആരംഭിച്ച NSS കോളേജ് ഓഫ് എഞ്ചിനീയറിംഗ് സിവിൽ മെക്കാനിക്കൽ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ഇൻസ്ട്രമെൻറ്റേഷൻ & കൺട്രോൾ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിൽ ബി.ടെക്ക് ഡിഗ്രി കോഴ്സുകൾ നൽകിവരുന്നു. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ വൈദഗ്ദ്ധ്യം നേടിയവരുടെ ഒരു നിരതന്നെ ഈ സ്ഥാപനത്തിലുണ്ടെങ്കിലും അവരുടെ സേവനം പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നേടിയെടുക്കാൻ ഇതേവരെ കഴിഞ്ഞിട്ടില്ല. പഠനസംബന്ധമായി വിവിധ വിഷയങ്ങളിൽ വിദ്യാർത്ഥികൾ ഓരോ വർഷവും പ്രോജക്ട് വർക്ക് നടത്തുന്നുണ്ടെങ്കിലും അവയൊന്നും തന്നെ സമൂഹത്തിന് ഉപകാരപ്രദമായിട്ടുള്ള വയല്ല. ഇക്കാര്യത്തിൽ വിവിധ ഫാക്കൾട്ടികളുമായി ബന്ധപ്പെടുകയും പ്രോജക്റ്റുവർക്കുകൾ ജനോപകാരപ്രദമായ രീതിയിൽ കൊണ്ടുവരുന്നതിനും ശ്രമിക്കാവുന്നതാണ്. വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കോളേജിലെ വിവിധ ലബോറട്ടറി സൗകര്യവും പ്രയോജനപ്പെടുത്താൻ കഴിയും. എഞ്ചിനീയറിംഗ് കോളേജ് നാഷനൽ സർവ്വീസ് സ്കീം വളണ്ടിയർമാരുടെ സേവനം മുൻകാലങ്ങളിൽ നമുക്ക് സഹായകരങ്ങളായി തീർന്നിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരത വിജയമാകുന്നതിൽ നാഷനൽ സർവ്വീസ് സ്കീം എഞ്ചിനീയറിംഗ് കോളേജ് സയൻസ് ഫോറവും വഹിച്ച പങ്ക് വളരെ വലുതാണ്. വിദ്യാർത്ഥികളിലുള്ള കർമ്മശേഷി കെട്ടഴിച്ചു വിടാൻ കഴിയുമെങ്കിൽ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വൻ വിജയമാക്കാൻ കഴിയും. ശ്രീ. ചാത്തുന് മാധവമേനോൻ സൗജന്യമായി നൽകിയ സ്ഥലത്താണ് എഞ്ചിനീയറിംഗ് കോളേജ് സ്ഥിതി ചെയ്യുന്നതെങ്കിലും ഈ പ്രദേശത്തുള്ളവർക്കുള്ള തൊഴിൽ പ്രാതിനിധ്യം തുലോം പരിമിതമാണ്.

പ്രാദേശികം

സാക്ഷരതായജ്ഞത്തിലെന്നപോലെ ജനകീയ ആസൂത്രണ പരിപാടികളിൽ തുടർന്നുള്ള തങ്ങളുടെ വികസനപ്രവർത്തനങ്ങളിലും സഹകരണവും സേവനവും എഞ്ചിനീയറിംഗ് കോളേജിലെ വിദഗ്ദ്ധരായ അധ്യാപകരും വിദ്യാർത്ഥികളും വാഗ്ദാനം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വികസന സമിതിയിൽ വിവിധ വിഷയങ്ങളിലെ വിദഗ്ദ്ധർ അംഗങ്ങളാണ്.

സാക്ഷരത

സാക്ഷരത ലോകരാജ്യങ്ങൾക്കാകെ മാതൃകയായിതീർന്ന കേരള സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തോടനുബന്ധിച്ച പ്രവർത്തനങ്ങൾ ഏറ്റവും നല്ല നിലയിൽ സംഘടിപ്പിച്ച ഒരു പഞ്ചായത്താണിത്. 25-4-90 ൽ ആരംഭിച്ച് ഒരു വർഷം നീണ്ടുനിന്ന സന്നദ്ധ പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 96% പേരെയും അക്ഷരങ്ങളുടെ ലോകത്തേക്ക് കൈപിടിച്ചുയർത്താൻ കഴിഞ്ഞെങ്കിലും തുടർസാക്ഷരതാപ്രവർത്തനങ്ങൾ നടന്നില്ല. നവസാക്ഷരർ വീണ്ടും നിരക്ഷരതയിലേക്ക് വഴുതിവീണിരിക്കുകയാണ്. വിവധ തുറകളിൽ അറിവ് ആർജ്ജിക്കാനും അതുവഴി വ്യക്തിജീവിതവും സമൂഹത്തിന്റെ അവസ്ഥയും മെച്ചപ്പെടാനും ഉതകുന്ന ഒരു പ്രവർത്തനം ഈ രംഗത്ത് കരുപിടിപ്പിക്കേണ്ടതുണ്ട്. നിയമ സാക്ഷരത ആരോഗ്യസാക്ഷരത, ക്ഷേമകാര്യങ്ങളിലുള്ള സാക്ഷരത എന്നിങ്ങനെ തുടർ സാക്ഷരതയുടെ ലക്ഷ്യം വിപുലീകരിക്കേണ്ടതുണ്ട്. ഇതിനുള്ള കർമ്മപരിപാടികൾ പഞ്ചായത്ത് തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നാം ഇനിയും അമാന്തിച്ചുകൂടാ.

കോംപ്ലക്സ് -

സ്കൂൾ പ്രവർത്തനത്തിൽ സമഗ്രമായി ഇടപെടാനുള്ള പഞ്ചായത്ത് ഭരണസമിതികളുടെ തീരുമാനമനുസരിച്ച് 13-6-96 ന് നമ്മുടെ

പഞ്ചായത്തിൽ സ്കൂൾ കോംപ്ലക്സ് പ്രവർത്തനമാരംഭിച്ചു. ജില്ലാപഞ്ചായത്ത് പ്രസിഡൻറ് ശ്രീ. കെ.വി. വിജയദാസാണ് കോംപ്ലക്സ് ഉത്ഘാടനം ചെയ്തത്. വിദ്യാഭ്യാസപ്രവർത്തകരുടെ പഞ്ചായത്ത് തലത്തിലുള്ള ഒരു ചേരലിൽ പഞ്ചായത്തു വിദ്യാഭ്യാസ സമിതി രൂപീകരണത്തിനുശേഷമാണ് പരിപാടികളുടെ വിശദാംശങ്ങൾക്ക് രൂപം നൽകിയത്. പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനായി പ്രീടെസ്റ്റ് നടത്തി ഇവർക്ക് പ്രത്യേക കോച്ചിംഗ് നൽകിവരുന്നു. തീരെ മോശമായ വിദ്യാർത്ഥികളെ അവരവരുടെ വീടുകളിൽ ചെന്നുപഠിപ്പിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു വരുന്നുണ്ട്. സ്ക്കൂളുകളിൽ അസംബ്ളി നിർബ്ബന്ധമാക്കി. യൂനിഫോറം ഘട്ടംഘട്ടമായി നടപ്പാക്കാൻ തീരുമാനിച്ചു. തുടക്കമെന്ന നിലയിൽ ഏറ്റവും നിർദ്ധനരായ 100 വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂനിഫോറം നൽകി. ബഹു. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ശിവദാസമേനോനാണ് യൂനിഫോറം വിതരണം ചെയ്തത്. സൗജന്യമായി പഠനോപകരണങ്ങൾ നൽകുന്നതിനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. പി.ടി.എ. പ്രവർത്തനം കാര്യക്ഷമമാക്കി. PTA ക്കു പുറമെ ഓരോ വിദ്യാലയത്തിലും വിദ്യാലയ സമിതിയും രൂപീകരിച്ചിട്ടുണ്ട്. മാതൃസമിതികളും രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

പഠനം രസകരവും ലളിതവുമാക്കി മാറ്റുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി സബ്ജക്ട് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. കൗൺസിലുകളുടെ ആഭിമുഖ്യത്തിൽ മലയാളം, ഇംഗ്ലീഷ് പരിസ്ഥിതി പഠന ക്ലാസുകൾ സംഘടിപ്പിച്ചു. അധ്യാപകരിൽ നിന്ന് ആവേശകരമായ പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. പഠനോപകരണ നിർമ്മാണ ശില്പശാല നടത്തി പാഴ്വസ്തുക്കളിൽ നിന്നും പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിൽ വൈദഗ്ദ്ധ്യം നേടിയ ശ്രീ.പി.എം. പള്ളിപ്പാട്ട് ജെ. ജോർജ്ജു മാസ്റ്റർ എന്നിവർ ഡമോൺസ്ട്രേഷൻ ക്ലാസുകൾ നടത്തി. സ്വാതന്ത്യദിനാഘോഷം എല്ലാസ്ക്കൂളുകളിലും നടത്തി. സ്വതന്ത്രസമരസേനാനികളെ പങ്കെടുപ്പിച്ചു. സെപ്റ്റംബർ 5 ന് അധ്യാപകദിനം സമുചിതമായി ആചരിച്ചു. പഞ്ചായത്തിൽ താമസിക്കുന്ന മുഴുവൻ അധ്യാപകരേയും ക്ഷണിച്ചുവരുത്തി ആദരിക്കുന്ന ഒരു പരിപാടിയാണ് സംഘടിപ്പിച്ചത്. സെമിനാറുമുണ്ടായിരുന്നു. പഞ്ചായത്തിലെ എല്ലാ അധ്യാപകരുടെയും യോഗത്തിൽ വെച്ച് "മഴക്കാലരോഗങ്ങളും പ്രതിവിധിയും" എന്ന വിഷയത്തെക്കുറിച്ച് ഡോ. ഇ.സി. ശിവശങ്കരൻ ക്ലാസെടുത്തു. തുടർന്ന് അധ്യാപകർ വിദ്യാർത്ഥികൾക്ക് ഈ ക്ലാസു നൽകി. ചുരുക്കത്തിൽ സ്ക്കൂളുകളിൽ പുതിയ ചൈതന്യം പകരാൻ സ്ക്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. ഇനിയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. സർവ്വശ്രീ. മുണ്ടൂർ കൃഷ്ണൻകുട്ടി, മുണ്ടൂർ സേതുമാധവൻ, ശശീധരൻ സ്റ്റുഡൻറ് സെൻറർ എന്നിവരുടെ സഹകരണം ആവേശകരമാണ്.

5-5 നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികൾ.

അകത്തേത്തറ പഞ്ചായത്തിലെ ശുദ്ധജല വിതരണപദ്ധതി 1982 ൽ ഉദ്ഘാടനം ചെയ്തതാണ്. മലമ്പുഴയിലെ പഴയ ജലശുദ്ധീകരണ ശാലയിൽ നിന്നും ശുദ്ധജലം 25 കി. മീറ്ററോളം ദൂരം 150 മി.മി. വ്യാസമുള്ള A C പൈപ്പുവഴി അകത്തേത്തറ പഞ്ചായത്ത് ആഫീസിനു സമീപമുള്ള 90,000 ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയിലെത്തിച്ചാണ് ഇപ്പോൾ ശുദ്ധജല വിതരണം നടത്തുന്നത്. ഇതിന് മലമ്പുഴയിലെ പഴയ ശുദ്ധീകരണശാലയിൽ യഥാക്രമം 10 HP യും 7 HP യും ഉള്ള രണ്ടു മോട്ടോറുകളാണ് ഉപയോഗിക്കുന്നത്.

ശുദ്ധജല സംഭരണിയിൽ നിന്നുള്ള വിതരണശൃംഖല മുഖ്യമായും രണ്ടു മേഖലകളാക്കി തിരിക്കാം.

1. ടാങ്കിൽ നിന്നാരംഭിച്ച് ഗവ. യു.പി. സ്ക്കൂളിന് സമീപത്തുകൂടി പോയി എൻജിനീയറിംഗ് കോളേജിനടുത്ത് ഗിരിനഗർ ഭാഗത്തെത്തി നിൽക്കുന്നു.

2. ടാങ്കിൽ നിന്നാരംഭിച്ച് കല്ലേക്കുളങ്ങര വഴി മേലേപ്പുറം ഭാഗത്തെത്തി നിൽക്കുന്നു.

വിതരണത്തിനുപയോഗിച്ചിരിക്കുന്ന പൈപ്പുകൾ യഥാക്രമം 100 മി.മി., 90 മി.മി, 80 മി.മി, 75 മി.മി., 63 മി.മി., 50 മി.മി., 40 മി.മി., 25 മി.മി. വ്യാസമുള്ളവയാണ്. ഇത് ഏകദേശം 25 കി.മി. ദൂരത്തോളം വ്യാപിച്ചു കിടക്കുകയാണ്.

ഇതു കൂടാതെ അകത്തേത്തറ പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ (ചൊറാട്,

ആണ്ടിമഠം) മലമ്പുഴ ഉന്നതതല ജലസംഭരണിയിൽ നിന്ന് ജലവിതരണം നടത്തുന്നുണ്ട്.

ഇപ്പോൾ 125 പൊതു ടാപ്പുകളാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. കൂടാതെ 547 ഗാർഹിക കണക്ഷനുകളും 6 ഗാർഹികേതര കണക്ഷനുകളും ഈ പഞ്ചായത്തിൽ കൊടുത്തിട്ടുണ്ട്. ഈ പഞ്ചായത്തിൽ ജല അതോറിറ്റി ചെയ്യാനുദ്ദേശിക്കുന്ന പദ്ധതി എൻജിനീയറിംഗ് കോളേജ് ഗിരിനഗർ ഭാഗത്തേക്ക് ഒരു പ്രത്യേക പൈപ്പ് ലൈൻ ഇടുക എന്നതാണ്. ഏകദേശം 2.5 കി. മി. നീളമുള്ള പൈപ്പ് ലൈന് 5 ലക്ഷം രാപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്.

ഇതിനുപുറമെ അകത്തേത്തറ പഞ്ചായത്തിൽ ഉമ്മിണി ഹരിജൻ കോളനിയ്ക്കായി ഒരു ശുദ്ധജല വിതരണ പദ്ധതി നിലവിലുണ്ട്. ഇത് 1987-ൽ ഉദ്ഘാടനം ചെയ്തതാണ്. പുതുപ്പരിയാരം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഒരു കുഴൽ കിണറിൽ നിന്നു വെള്ളം 22.5 HP യുള്ള മോട്ടോർ ഉപയോഗിച്ച് പമ്പ് ചെയ്ത് 15,000 ലി. സംഭരണശേഷിയുള്ള ഭൂതല ജലസംഭരണിയിൽ എത്തിച്ചാണ് ഇത് സാധിക്കുന്നത്. 5 കി. മി. റോളം വിതരണ ശൃംഖലയുള്ള ഈ പദ്ധതിയിൽ 30 ടാപ്പുകളിൽ ജലമെത്തിക്കാനാണ് വിഭാവന ചെയ്തിരുന്നതെങ്കിലും ഇപ്പോൾ 15 ടാപ്പുകളിൽ മാത്രമേ ശുദ്ധജലമെത്തിക്കാൻ സാധിക്കുന്നുള്ളു.

ഇവിടെ ഒരു ഉന്നതതല ജലസംഭരണിക്കും വിതരണശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിക്കും വേണ്ടി ഈ കോളനിയെ 96-97 ലെ IHDP കോളനി വികസനത്തിന്റെ കൂട്ടത്തിൽ ചേർത്ത് അനുവാദത്തിനായി സമർപ്പിച്ചിട്ടുണ്ട്.

നേരിടുന്ന പ്രശ്നങ്ങൾ

അകത്തേത്തറയിലെ ശുദ്ധജല വിതരണപദ്ധതി നേരത്തെ സൂചിപ്പിച്ചതുപോലെ 1982-ൽ ഉദ്ഘാടനം ചെയ്തതാണ്. അന്ന് ഈ പദ്ധതി 14,000 ജനങ്ങൾക്ക് വേണ്ടി വിഭാവനം ചെയ്തതാണ്. അതും പ്രതിദിന ഉപഭോഗത്തിനായി ഒരാൾക്ക് 25 ലിറ്റർ മാത്രം കണക്കാക്കിയായിരുന്നു. ഈ പദ്ധതിയിൽ പൊതുടാപ്പുകൾ മാത്രമാണ് അന്ന് ഉദ്ദേശിച്ചിരുന്നത് . എന്നാൽ അകത്തേത്തറ പഞ്ചായത്തിന്റെ ത്വരിത വികസനം കണക്കുകൂട്ടലുകളെ ആകെ തെറ്റിച്ചു. ഇപ്പോൾ ഈ പഞ്ചായത്തിൽ ഏകദേശം 560 - ഓളം ഗാർഹിക ഗാർഹികേതര കണക്ഷനുകൾ ഉണ്ട്. ഗാർഹിക ഉപഭോഗത്തിന് ഒരാൾക്ക് 125 ലിറ്ററോളം ജലം പ്രതിദിനം ആവശ്യമാണ് എന്നകാര്യം ഇവിടെ സ്മരണീയമാണ്. ഈ പദ്ധതിയുടെ വിതരണ ശൃംഖലയും ജലസംഭരണിയും മേൽപറഞ്ഞ രീ

തിയിൽ വിഭാവന ചെയ്തതിനാൽ ഇപ്പോ ഴത്തെ ആവശ്യത്തിന് തീരെ അപര്യാപ്തമാണ്. ഇവിടുത്തെ ജലസംഭരണിയുടെ ശേഷി കേവലം 95000 ലിറ്റർ മാത്രമാണ്. ഈ പഞ്ചായത്തിനോട് തൊട്ടു കിടക്കുന്ന പുതുപ്പരിയാരം പഞ്ചായ ത്തിലെ ജലസംഭരണികളുടെ മൊത്തം സംഭരണശേഷി 668000 ലിറ്ററാണ്. കൂടാതെ ഈ പഞ്ചായത്തിലെ വിതരണശൃംഖലയിലെ പൈപ്പുകളുടെ വ്യാസകുറവ് മറ്റൊരു പോരായ്മയാണ്. മലമ്പുഴ യിൽ നിന്ന് സംഭരണിയിൽ വന്നു വീഴുന്ന ജലം വിതരണക്കുഴലിന്റെ വ്യാസക്കുറവു കാരണം ഒഴുകിയിറങ്ങാൻ കഴിയാതെ സംഭരണി നിറഞ്ഞു പുറത്തേ ക്കൊഴുകാറുണ്ട്. കൂടാതെ വേനൽ മാസങ്ങളിൽ ഈ ടാങ്കിൽ നിന്നുള്ള വിതരണം രണ്ടു മേഖലയായി തിരിച്ച് ഓരോ മേഖലയിലും ഇടവിട്ടുള്ള ദിവസങ്ങളിൽ വാൽവ് സംവിധാനം വഴി കൊടുക്കേണ്ടിവരുന്നു. എങ്കിൽത്തന്നെ ശൃംഖലയുടെ അവസാന സ്ഥലങ്ങളായ മേലേപ്പുറം, രാമകൃഷ്ണനഗർ, ഗിരിനഗർ ഭാഗങ്ങളിൽ ജലലഭ്യത ഈ കാലത്ത് വളരെ പരിമിതമാണ്. ഈ കാരണത്താൽ ഈ സംഭരണി യിൽ നിന്നുള്ള ഗാർഹിക കണക്ഷനുകൾ ഇപ്പോൾ നൽകാനാവാത്ത അവസ്ഥയാണ്.

ഉമ്മിണിയിലെ വിതരണ സംഭരണി ഭൂതലത്തിലുള്ളതായതിനാൽ ആ കോളനിയിൽ തന്നെ ഉയർന്ന പ്രദേശങ്ങളിൽ ജലം ലഭിക്കാറില്ല. കൂടാതെ ഈ ടാങ്കിന് ഇപ്പോൾ നല്ല ചോർച്ചയുമുണ്ട്. ചുരുക്കത്തിൽ 1, 2 വാർഡുകളിലും, 8, 10 വാർഡുകളിൽ ഭൂരിഭാഗം പ്രദേശങ്ങളിലും ശുദ്ധജല വിതരണപദ്ധതി പ്രയോജനപ്പെടുന്നില്ല.

പ്രശ്നപരിഹാരങ്ങൾ

നമ്മുടെ പഞ്ചായത്തിലെ ജലവിതരണ ത്തിന് ഇപ്പോഴുള്ള പദ്ധതികൾ തീരെ അപര്യാപ്തമാണ്. ഉയർന്ന പ്രദേശങ്ങളിൽ വെള്ളം ലഭിക്കുന്നതിന് നിർദ്ദിഷ്ട PH സെൻറർ കെട്ടിടത്തിനുസമീപം കൂടുതൽ സംഭരണ ശേഷിയുള്ള ഈ സംഭരണി അത്യാവശ്യമാണ്. മാത്രമല്ല ഇപ്പോഴുള്ള വിതരണ ശൃംഖല മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. കൂടുതൽ വ്യാസ മുള്ള പൈപ്പുകൾ ഇതിനായി ഉപയോഗിക്കണം. മലമ്പുഴ ജലശുദ്ധീ കരണശാലയിൽ കൂടുതൽ ശക്തിയുള്ള മോട്ടോറുകൾ സ്ഥാപിക്കുകയും വേണം.

ഉമ്മിണിയിൽ ഒരു ഉന്നതതല ജല സംഭരണി സ്ഥാപിക്കണം. ഇത് കോളനിക്ക് പുറമെ പരിസരപ്രദേശങ്ങളിലും ജലവിതരണ ത്തിന് പര്യാപ്തമായി വേണം വിഭാവന ചെയ്യേണ്ടത് ഇതിനായി വേണമെങ്കിൽ ഒരു കുഴൽ

കിണർകൂടി കുഴിക്കേണ്ടതാണ്. ഇപ്പോഴുള്ള പൊതു കിണറുകൾ ശരിയായി സംരക്ഷിക്കുകയും വേനൽക്കാലത്ത് വെള്ളം ലഭിക്കാത്ത കിണറുകളുടെ ആഴം വർദ്ധിപ്പിച്ചോ ബോർവെൽ നിർമ്മിച്ചോ വെള്ളം ലഭ്യമാക്കണം. സ്വകാര്യ കിണറുകളെ സാനിറ്ററിവെൽസ് ആക്കി രൂപാന്തരപ്പെടുത്തുവാൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തണം. കുടിവെള്ള പ്രശ്നങ്ങൾ കൂടുതലുള്ള പ്രദേശങ്ങളായ പാപ്പറമ്പ് സെൻറ്തോസ് കോളനി എന്നിവിടങ്ങളിൽ പൊതു കിണറുകൾ സ്ഥാപിക്കണം. നിരവധി പ്രദേശങ്ങളിൽ പൊതു ടാപ്പ് ആവശ്യകതയുണ്ട്. അയ്യപ്പൻചാൽ വെള്ളച്ചാട്ടവും അഴകംപാറ ചീക്കുഴി തോടും കുടിവെള്ളവിതരണത്തിന് പഞ്ചായത്തിന് പ്രത്യേകമായി വികസിപ്പിച്ചെടുക്കാവുന്നതാണ്. ഇതോടൊപ്പം തന്നെ സന്നദ്ധസംഘടനകളുടെ സഹായത്തോടെ ബോധവൽക്കരണക്യാമ്പയിനുകളും അനിവാര്യമാണ്. ഡ്രെയിനേജിൻെറയും കക്കൂസിൻെറയും അഴുക്കുവെള്ളത്തിൻെറയും ഖരമാലിന്യങ്ങളുടെയും പ്രശ്നങ്ങൾ എല്ലാ വാർഡിലും ഒരുപോലെ വ്യാപകമാണ്. ഇതു അടിയന്തിരമായി പരിഹരിക്കേണ്ടിയിരിക്കുന്നു.

സാദ്ധ്യതകൾ

എല്ലാവീടുകൾക്കും ഓരോ കക്കൂസ് എന്നതായിരിക്കണം പഞ്ചായത്തിൻെറ ലക്ഷ്യം. ഇതിനായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ചെലവുകുറഞ്ഞ കക്കൂസുകൾ വായ്പയൊ, സബ്സിഡിയൊ നൽകി നിർമ്മിക്കാൻ സഹായിക്കണം. ഇതിനായി CAPART മുതലായ ഏജൻസികളിൽനിന്നുള്ള സഹായം തേടണം. അഴുക്കുചാലുകൾ ശരിയായി സംരക്ഷിക്കുകയും ഇല്ലാത്തിടത്ത് ഉണ്ടാക്കുവാനുള്ള പദ്ധതികളും ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. എല്ലാ വാർഡിലും ഖരമാലിന്യങ്ങൾ നീക്കം ചെയ്യുവാനും നശിപ്പാക്കുവാനും recycling composting തുടങ്ങിയ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കാവുന്നതാണ്. ജനകീയ ആരോഗ്യനയം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളിലൂടെ സാർവ്വദേശീയ അംഗീകാരം നേടിയ കേരളശാസ്ത്രസാഹിത്യ പരിഷത്തിൻെറ സേവനം ബോധവൽക്കരണത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്. ചുരുക്കത്തിൽ പഞ്ചായത്തിലെ ഹോട്ടലുകളും മറ്റും പ്രതിമാസം പരിശോധിച്ച് ശുചിത്വപരിപാലനം കർശനമാക്കുന്നതിനു ആവശ്യമായ നടപടികൾ PH സെൻറിൻെറ ഭാഗത്തുനിന്നുണ്ടാകും.

അകത്തേത്തറ പഞ്ചായത്ത് കുടിവെള്ളം, ശുചിത്വം, ആരോഗ്യ രക്ഷാപ്രവർത്തനങ്ങൾ എന്നിവയിൽ കൂടുതൽ വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടിയിരിക്കുന്നു. ഉത്പാദനമേഖലയോടൊപ്പം തന്നെ പ്രാധാന്യം ഈ മേഖലയ്ക്കും നൽകണം. P.H.C. ആയുർവേദ ഡിസ്പെൻസറി, കല്ലേക്കുളങ്ങര സബ്സെൻറർ എന്നിവയ്ക്ക് കെട്ടിടം, പുതിയ സബ്സെൻറർ സ്ഥാപിക്കൽ, ശുദ്ധജലവിതരണം,

സമ്പൂർണ്ണ സാനിട്ടേഷൻ എന്നിവയ്ക്ക് മുൻഗണന നല്കണം.

പരിസര ശുചിത്വം.

അഴുക്കുവെള്ളം, ഖരമാലിന്യങ്ങൾ, വിസർജ്യവസ്തുക്കൾ എന്നിവ നീക്കം ചെയ്യൽ പഞ്ചായത്തിൽ തൃപ്തികരമല്ല. Drainage ൽ അഴുക്കുവെള്ളവും മാലിന്യങ്ങളും കെട്ടിക്കിടക്കുന്നതു കൊണ്ട് പരിസരജന്യങ്ങളായ അസുഖങ്ങൾ വർദ്ധിക്കുന്നു പലവീടുകളിലും വിസർജനത്തിന് കക്കൂസ് സൗകര്യങ്ങളില്ല. പൊതു സ്ഥലത്ത് മലവിസർജ്ജനം നടത്തുന്നതു മൂലം പകർച്ചവ്യാധികൾ പെരുകുന്നതിനും കാരണമാകുന്നു.

പഞ്ചായത്തിൽ 1, 2, 8 വാർഡുകളിലെ ജനങ്ങളുടെ ആരോഗ്യത്തിന് ഭീഷണിയുയർത്തുന്ന തരത്തിൽ സതേൺ റെയിൽവെയുടെ പഴകിയ സാനിറ്ററി സംവിധാനം മാറിയ സ്ഥിതിയുണ്ട്. പതിറ്റാണ്ടുകൾ പഴക്കമുള്ള സെപ്ടിക്ക് ടാങ്കുകൾ കാലോചിതമായി പുതുക്കിപ്പണിതിട്ടില്ല. കൂടാതെ സെപ്ടിക്ക് ടാങ്കിലേക്ക് ഡിറ്റർജൻറ് കലർന്ന വെള്ളം കൂടി ഒഴുക്കിവിടുന്നത് അശാസ്ത്രീയമായതും ബാക്ടീരിയകൾ നശിക്കുന്നതിന് ഇടവരുത്തുന്നതുമാണ്. ശാസ്ത്രീയമായി അരിക്കൽ സാദ്ധ്യമാകാതെ സ്വകാര്യഭൂമിയിലേക്ക് ഒഴുക്കി വിടുന്ന കൊഴുത്തതും ദുർഗന്ധപൂരിതവുമായ മലിനജലം പലഭാഗങ്ങളിലും കെട്ടിക്കിടക്കുന്നു. ഇതിൽ കൊതുകുകൾ പെറ്റു പെരുകിയിരിക്കയാണ്. പ്രതികൂലസാഹചര്യങ്ങളിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കാനുള്ള സാഹചര്യമുണ്ട്. ഈ പ്രദേശം കളിമണ്ണ് കലർന്നതാകയാൽ മലിനജലം വളരെപെട്ടെന്ന് ഊർന്നിറങ്ങി കുടിവെള്ളത്തിൽ കലരുന്നതും ആരോഗ്യത്തിന് ഭീഷണിയാണ്. കൈകാലുകളിൽ വ്രണങ്ങളുണ്ടാകുന്നതിനാൽ രണ്ടാംവാർഡിലെ കൃഷിയിടങ്ങളിൽ കൃഷിപ്പണിക്കിറങ്ങാൻ കർഷക തൊഴിലാളികൾ വിസമ്മതിക്കുന്ന സ്ഥിതിയും ഉണ്ടായിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതിയോ സംസ്ഥാന ആരോഗ്യവകുപ്പിൻെറ നിർദ്ദേശങ്ങളോ മാനിക്കാൻ റെയിൽവെ അധികൃതർ തയ്യാറായിട്ടില്ല. കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2-ാം വാർഡിൽ ഏതാനും മീറ്റർ പൈപ്പുകൾ സ്ഥാപിച്ചെങ്കിലും മലിനജലം ശുദ്ധീകരിക്കുന്നതിന് ആരോഗ്യവകുപ്പ് നിർദ്ദേശിച്ച ശാസ്ത്രീയമായ നടപടി സ്വീകരിക്കാത്തതിനാൽ പ്രശ്നം പരിഹരിക്കാതെ കിടക്കുന്നു. പഞ്ചായത്തിലെ 3 വാർഡുകളിലായി വ്യാപിച്ചു കിടക്കുന്ന റെയിൽവെ ക്വാർട്ടേഴ്സുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരിക്കാത്തതാണെന്ന പരാതിയും നിലനിൽക്കുന്നു. റെയിൽവെക്കുമാത്രം പരിഹരിക്കാൻ കഴിയുന്ന പ്രശ്നമെന്ന നിലയിൽ ബന്ധപ്പെട്ട അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടു വന്ന് പരിഹാരം കാണാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ആരോഗ്യം

രോഗനിർണ്ണയം, ചികിത്സ, പ്രതിരോധം എന്നിവയ്ക്കായി ജനങ്ങൾ പൊതുസ്ഥാപനങ്ങളെയും സ്വകാര്യ ആശുപത്രികളെയും ഒരുപോലെ ആശ്രയിക്കുന്നു. ഈ സ്ഥാപനങ്ങൾ ഭൂരിപക്ഷവും പഞ്ചായത്തിനു പുറത്ത് ഒലവക്കോടും പാലക്കാടും സ്ഥിതിചെയ്യുന്നവയാണ്. അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ ആരോഗ്യമേഖല കൂടുതൽ വികസനം നേടേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങൾ

പഞ്ചായത്തിൽ സംസ്ഥാനസർക്കാർ വക ഒരു പ്രൈമറി ഹെൽത്ത് സെൻററും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൂന്ന് സബ്സെൻറുകളും ഒരു ആയുർവേദ ഡിസ്പെൻസറിയും സതേൺ റെയിൽവെ വക ഒരു റെയിൽവെ ഹോസ്പിറ്റലും പ്രവർത്തിക്കുന്നു. ഇതിൽ സൗജന്യമായി പൊതുജനങ്ങൾക്ക് ആരോഗ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നത് പി.എച്ച്. സെൻററും, സബ്സെൻററും ആയുർവേദ ഡിസ്പെൻസറിയും മാത്രമാണ്. പഞ്ചായത്തിൽ തന്നെ സ്ഥിതിചെയ്യുന്ന റെയിൽവെ ആശുപത്രിയിൽ റെയിൽവെ ജീവനക്കാരല്ലാത്ത സാധാരണക്കാർക്ക് സൗജന്യചികിത്സ ലഭ്യമല്ല. പഞ്ചായത്തിൽ സ്വകാര്യ ആശുപത്രികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. പി.എച്ച്. സെൻററിന്റെയും ആയുർവേദ ഡിസ്പെൻസറിയുടേയും പ്രവർത്തനം ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടും വിധം വികസിപ്പിക്കേണ്ടിയിരിക്കുന്നു.

ആരോഗ്യനിലയുടെ സൂചികകൾ

P.H.C

മൊത്തം രോഗികളുടെ
എണ്ണം വർഷത്തിൽ 11648
ശരാശരി

പു.	സ്ത്രീ.	കുട്ടികൾ
4060	5940	1648

ആയുർവേദ ഡിസ്പെൻസറി - 2690

പു.	സ്ത്രീ.	കുട്ടികൾ
1076	1292	322

രണ്ടു സ്ഥാപനങ്ങളിലും കൂടുതൽ രോഗികൾ സ്ത്രീകളാണെന്ന് കാണുന്നു. 1990 ൽ പ്രവർത്തനം ആരംഭിച്ച പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ചികിത്സതേടി എത്തുന്നവരുടെ എണ്ണം ഇരട്ടിയിലധികം വർദ്ധിച്ചതായികാണുന്നു.

1991-92 ൽ ചികിത്സക്ക് എത്തിയവർ - 5095
1995 - 96 ൽ ചികിത്സക്ക് എത്തിയവർ - 11648

പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ചികിത്സക്ക് എത്തുന്നവരിൽ ഭൂരിഭാഗവും ഏതെങ്കിലും വിധത്തിലുള്ള പകർച്ചവ്യാധികളൊ അണുബാധ മൂലമുള്ള അസുഖങ്ങളൊ ഉള്ളവരാണ് (35-45%) ഇവരിൽ ഭൂരിഭാഗവും ശ്വാസനേന്ദ്രിയ രോഗങ്ങളും ഉദരരോഗങ്ങളുമാണ്. ഉദരരോഗങ്ങളിൽ പ്രധാനം ജലജന്യരോഗങ്ങളും പരിസരജന്യരോഗങ്ങളാണ്. ദാരിദ്ര്യജന്യരോഗങ്ങൾ പ്രകടമായിക്കാണുന്നില്ലെങ്കിലും വിളർച്ച രോഗവും ജീവകങ്ങളുടെ കുറവു മൂലമുള്ള രോഗങ്ങളും (19% - 22%) പ്രകടമായി ക്കാണുന്നു.

ആയുർവേദ ഡിസ്പൻസറിയിൽ വരുന്ന രോഗിക ളിൽ അധികവും വാതരോഗികളാണ്. മറ്റുള്ളവ യിൽ ഉദരരോഗങ്ങൾ, കാസരോഗങ്ങൾ, രക്തദൂഷ്യ രോഗങ്ങൾ മുതലായവ കൂടുതലായി ക്കാണുന്നു.

ശിശു മരണനിരക്ക്:

(94-95, 95-96 വർഷങ്ങളിലെ കണക്കുപ്രകാരം)

പഞ്ചായത്തിലെ ശിശുമരണനിരക്ക് 11.9 സമസ്ഥാന നിരക്കിനെക്കാൾ താഴെയാണെങ്കിലും 95-96 ലെ മരണനിരക്ക് 95 ലേതിനേക്കാൾ കൂടുതലായിക്കാണുന്നു.

മാതൃമരണനിരക്ക്

പഞ്ചായത്തിലെ മാതൃമരണനിരക്ക് ഒന്നിൽ താഴെയാണ്. സംസ്ഥാന ശരാശരിയെക്കാൾ വളരെ കുറവ്.

ജനന നിരക്ക്

ജനനനിരക്ക് കണക്കാക്കിയത് 12 ആയിക്കാണുന്നു. ഇത് സംസ്ഥാന ശരാശരിയെക്കാൾ താഴെയാണ്.

പൊതുമരണനിരക്ക് :

പഞ്ചായത്തിലേത് 6.8 ആണ്

കുടുംബക്ഷേമം

പഞ്ചായത്തിൽ 2496 എലിജിബിൾ കപ്പിൾസ് (Eigible Cuples) ഉണ്ട്. അവരിൽ കൂടുതലും 20നും 30നും ഇടയിൽ പ്രായമുള്ള വരാണ് കൊല്ലംതോറും ശരാശരി 200 ഗർഭിണികൾ പഞ്ചായത്തിൽ register ചെയ്യുന്നുണ്ട്. 2496 eligible Couples ൽ 2094 പേർ ഏതെങ്കിലും വിധത്തിലുള്ള കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്. ഇതിൽ സ്ത്രീകൾക്കുള്ള വന്ധ്യംകരണ ശസ്ത്രക്രിയ (ട്യൂബക്ടമി)സ്വീകരിച്ചവരാണ് അധികവും (81%) പുരുഷൻമാരുടെ വാസക്ടമി ശസ്ത്ര ക്രിയക്ക് വിധേയമായിട്ടുള്ളത് 0.5% മാത്രമാണ്. മറ്റുള്ളവർ താല്ക്കാലിക മാർഗ്ഗങ്ങളായ CUT(7%) Nirodh(9%) ഗർഭനിരോധഗുളികകൾ(2.5%) സ്വീകരി ച്ചിക്കുന്നു. Eligible Couples ൽ 85% ഏതെ ങ്കിലും തരത്തിലുള്ള കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്.

പ്രതിരോധകുത്തിവെപ്പുകൾ:

ജനനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരുവയസ്സിൽ താഴെയുള്ള കുട്ടികളിൽ 70% മുതൽ 9% വരെ കുട്ടികൾ കുത്തിവെപ്പ് എടുത്തവരാണ്. ഏറ്റവും കുറവ് അഞ്ചാംപനിക്ക് എതിരെയുള്ള കുത്തിവെപ്പ് എടുത്തവരും (68%) ഏറ്റവും കൂടുതൽ DPT / OPV•(96%) എടുത്തവരുമാണ്. ഗർഭിണികളിൽ 80% ആൾക്കാർ പ്രതിരോധകുത്തിവെപ്പുകൾ എടുക്കുന്നു.

കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം.

സാധാരണ (Normal) - 57%
ലഘുവായ പോഷണക്കുറവുള്ളവർ - 31%
മിതമായ പോഷണക്കുറവുള്ളവർ - 11.68%
ഗുരുതരമായ പോഷണക്കുറവുള്ളവർ - 0.32%

ഗുരുതരമായ പോഷണക്കുറവുള്ളവർ വളരെ നിസ്സാരമാണെങ്കിലും മിതമായ പോഷണക്കുറവുള്ളവരുടെ എണ്ണം 11..68% മായിനില്ക്കുന്നത് അനുപൂരകപോഷകാഹാരം അംഗനവാടികൾ വഴിമുടക്കമില്ലാതെ നൽകുന്നതിനുള്ള ആവശ്യകതയിലേക്ക്വിരൽ ചൂണ്ടുന്നു.

ആരോഗ്യസ്ഥാപനങ്ങളും പ്രവർത്തനങ്ങളും

1. **പ്രൈമറിഹെൽത്ത്സെൻറർ (മിനി പി. എച്ച്.സി)** വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, നേഴ്സിംഗ് അസിസ്റ്റൻഡ്, അറ്റൻഡനർ, സ്വീപ്പർ, ക്ലാർക്ക് /പ്യൂൺ എന്നിവരുടെ ഓരോ തസ്തികകൾ ഉണ്ട് ചില തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ഔട്ട് പേഷ്യൻറ് ചികിത്സ മാത്രം. കിടത്തിചികിത്സക്കും അത്യാഹിതചികിത്സക്കും സൗകര്യമില്ല. 1990 ൽ പ്രവർത്തനം ആരംഭിച്ചു.

2. **സർക്കാർ ആയുർവേദ ഡിസ്പൻസറി** - പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 1973 ൽ പ്രവർത്തനം ആരംഭിച്ചു. മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, അറ്റൻഡർ, പാർട്ട്ടൈം സ്വീപ്പർ എന്നിവരുടെ ഓരോ തസ്തികൾ. ഔട്ട് പേഷ്യൻറ് ചികിത്സ കൊടുക്കുന്നു.

3. **സബ് സെൻററുകൾ - 3** ഓരോ ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സിൻെറ പ്രവർത്തനം അകത്തേത്തറ, കല്ലേകുളങ്ങര, ഉമ്മിണി എന്നീപ്രദേശങ്ങളിൽ നടത്തുന്നുണ്ട്.

4. റെയിൽവേ ഹോസ്പിറ്റൽ സ്പെഷ്യാലിറ്റി സർവീസ് സൗകര്യമുള്ള ആസ്പത്രി. മുഖ്യ സേവനം റെയിൽവെ ജീവനക്കാർക്കുമാത്രം ലഭ്യമാകുന്നു.

പ്രശ്നങ്ങളും സാദ്ധ്യതകളും

ഗ്രാമസഭകളിൽനിന്നും ക്രോഡീകരിച്ചത്

പ്രശ്നങ്ങൾ	സാദ്ധ്യതകൾ
1. പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സ്വന്തമായ സൗകര്യപ്രദമായ കെട്ടിടം ഇല്ല.	പഞ്ചായത്ത് P.H.C.ക്കുവേണ്ടി ലഭ്യമാക്കിയ സ്ഥലത്ത് ആരംഭിച്ച PHC യുടെ പണി കഴിയുന്നതും വേഗം പൂർത്തിയാക്കുക.
2. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ വെള്ളം ലഭ്യമല്ല.	പ്രത്യേക വാട്ടർ കണക്ഷൻ ആവശ്യമാണ്.
3. P.H.C.യിൽ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഇല്ല.	പുതിയതായി രൂപകല്പന ചെയ്തു നിർമ്മിക്കുന്ന P.H.C യോടനുബന്ധിച്ച് ചുരുങ്ങിയത് 10 കിടക്കകളുള്ള വാർഡുകൂടി പണിചെയ്യുക.
4. P.H.Cയിൽ ആവശ്യത്തിന് Furniture ഇല്ല.	ആവശ്യത്തിനുള്ള furniture കഴിയുന്ന വേഗം ലഭ്യമാക്കാൻ പഞ്ചായത്ത് തലത്തിൽ നീക്കം നടത്തണം.
5. P.H.C സ്ഥിതിചെയ്യുന്നത് യാത്രാസൗകര്യം ഇല്ലാത്ത സ്ഥലത്താണ് പുതിയ P.H.C കെട്ടിടത്തിന്റെ സ്ഥലവും യാത്രാ സൗകര്യം ഇല്ലാത്ത സ്ഥലത്താണ്.	പാലക്കാട് , ഒലവക്കോട്, റെയിൽവെ കോളനി വഴി എൻജി. College ചിത്ര തിയെറ്റർ, നടക്കാവ്, ഒലവക്കോട് പാലക്കാട് സർക്കാർ സർവ്വീസ് അടിസ്ഥാനത്തിൽ Bus service ആരംഭിക്കെണ്ടതാണ്.
6. പുതിയ ആസ്പത്രികെട്ടിടം പൂർത്തിയാവുമ്പോൾ കിടിവെള്ള പ്രശ്നം ഉണ്ടാവും.	രാമകൃഷ്ണനഗർ, ഗിരിനഗർ ഭാഗത്തായി പുതിയ Over head tank നിർമ്മിച്ചാൽ P.H.C ക്കും സമീപ വീടുകളിലും കുടിവെള്ളംക്ഷാമം പരിഹരിക്കാം.
7. Field staff നെ ആസ്പത്രി dutyക്ക് നിയോഗിക്കേണ്ടി വരുന്നതിനാൽ field പ്രവർത്തനത്തെ ബാധിക്കുന്നു.	സ്റ്റാഫ് നേഴ്സിന്റെ ഒരു പോസ്റ്റുകൂടി അനുവദിപ്പിക്കുകയോ പി.എച്ച്.സി. യിൽ ഒരു ജെ.പി.എച്ച്.എൻ. പോസ്റ്റ് അനുവദിപ്പിക്കുകയോ ചെയ്യണം.
8. ജനസംഖ്യാനുപാതികമായി സബ് സെൻററുകൾ ഇല്ല. സബ്സെൻററുകൾക്ക് നിശ്ചയിച്ചിരിക്കുന്ന 5000 ജനസംഖ്യക്ക് ഒരു സബ് സെൻറർ എന്ന തത്വം പാലിക്കുക.	ചുരുങ്ങിയത് ഒരു സബ്സെൻറർ കൂടി സ്ഥാപിക്കേണ്ടിയിരിക്കുന്നു.
9. കല്ലേക്കുളങ്ങര സബ്സെൻററിന് സ്ഥലമോ കെട്ടിടമോ ഇല്ല. അതുകൊണ്ട് ആരോഗ്യ പ്രവർത്തനങ്ങൾ ശരിയായി നടക്കുന്നില്ല.	കല്ലേക്കുളങ്ങരയിൽ സബ്സെൻററിന് സ്ഥലവും കെട്ടിടവും കണ്ടെത്തണം. സ്ഥിരം കെട്ടിടം ആവുന്നതുവരെ വാടകകെട്ടിടം ലഭിക്കാൻ ശ്രമിക്കാം.
10. നടക്കാവ് റെയിൽവെ ഗെയിറ്റിനപ്പുറത്ത് കിടക്കുന്ന പ്രദേശത്ത്, ആണ്ടിമഠം, കോരത്തൊടി പ്രദേശങ്ങളിൽ ആരോഗ്യ പ്രവർത്തനങ്ങളുടെ പ്രയോജനം ലഭ്യമല്ല.	ജനസംഖ്യാനുപാതികമായി പുതിയതായി അനുവദിച്ചുകിട്ടുന്ന സബ്സെൻറർ ആണ്ടിമഠത്തിലൊ കോരത്തൊടിയിലൊ സ്ഥാപിക്കണം.

പ്രശ്നങ്ങൾ	സാദ്ധ്യതകൾ
11. ഒന്നാം വാർഡിൽ ആരോഗ്യപ്രവർത്തനങ്ങൾ പി.എച്ച്.സി.യിൽ നിന്നും വേണ്ടവിധത്തിൽ ലഭിക്കുന്നില്ല.	ഉമ്മിണി സബ്സെൻറിന്റെ പ്രവർത്തന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ ജനങ്ങളെ ബോധവൽക്കരിക്കണം.
12. പി.എച്ച്.സി.യിൽ വിഷചികിത്സയ്ക്കും അത്യാഹിത ചികിത്സയ്ക്കും സൗകര്യമില്ല.	പുതിയ ആശുപത്രി കെട്ടിടം തുടങ്ങുന്ന മുറയ്ക്ക് ഇതിനുള്ള സ്റ്റാഫിനേയും സൗകര്യങ്ങളും ഏർപ്പെടുത്തണം.
13. ആയുർവ്വേദ ഡിസ്പെൻസറിക്ക് സൗകര്യപ്രദമായി സ്വന്തം കെട്ടിടമോ സ്ഥലസൗകര്യമോ ഇല്ല.	ആയുർവ്വേദ ഡിസ്പെൻസറിക്കു വേണ്ടി സ്ഥലം സൗജന്യമായോ വിലയൊക്കോ കിട്ടുവാനുള്ള നടപടി കൈക്കൊള്ളണം.
14. ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടം സുരക്ഷിതമല്ല.	
15. കെട്ടിടത്തിൽ വൈദ്യുതി ഇല്ല.	സ്വന്തം കെട്ടിടം ഉണ്ടാകുന്നതുവരെ പ്രവർത്തിക്കാൻ കൂടുതൽ സൗകര്യപ്രദമായ കെട്ടിടം വാടകയ്ക്ക് എടുക്കണം.
16. കെട്ടിടത്തിൽ ജലസൗകര്യം ഇല്ല.	
17. മരുന്നുല്പാദിപ്പിക്കുവാനുള്ള സാമഗ്രികൾ ഇല്ല.	സാമഗ്രികൾ ലഭ്യമാക്കണം.
18. ഫർണിച്ചർ ആവിശ്യത്തിനില്ല.	ആശുപത്രി വികസനസമിതിയുടെയും സൗഹൃദ സമിതിയുടെയും സഹകരണം തേടണം.
19. ഇന്ധനലഭ്യതകുറവാണ്.	ഗ്യാസ് കണക്ഷൻ ലഭ്യമാക്കണം. വിറക് തികയാതെ വരുന്ന സമയങ്ങളിൽ ഉപയോഗിക്കുവാൻ മണ്ണെണ്ണ പെർമിറ്റ് കൂടുതൽ അളവിന് അനുവദിപ്പിക്കണം.
20. ആയുർവ്വേദ ഡിസ്പെൻസറിയിലും പി.എച്ച്.സി.യിലും മരുന്നുകളുടെ ലഭ്യത കുറവാണ്.	കൂടുതൽ തുക മരുന്നിനായി ബഡ്ജറ്റിൽ വകയിരുത്തണം. പഞ്ചായത്തിൽ നിന്ന് നേരിട്ട് മരുന്നുകൾ വാങ്ങി വിതരണം ചെയ്യാവുന്നതാണ്.

5-6 ഗതാഗതം, ഊർജ്ജം

ഗതാഗതം

വാഹനങ്ങൾക്കും കാൽനടക്കാർക്കും സുഗമമായരീതിയിൽ ഒരുപോലെ യാത്ര ചെയ്യുവാൻ കഴിയണമെന്ന സങ്കൽപമാണ് റോഡുകൾകൊണ്ട് വിവക്ഷിക്കെണ്ടത്. ആയതനു സരിച്ച്, വാഹനങ്ങൾക്ക് ശല്യമാകാത്തരീതിയിൽ കാൽനടക്കാർക്കും, തിരിച്ചു യാത്രചെയ്യാൻ വേണ്ട സൗകര്യം പ്രധാനപ്പെട്ട റോഡുകളിലെങ്കിലും കാണേണ്ടതുണ്ട്. കൂടാതെ, ഏതുതരം റോഡായാലും, ഏതുകാലത്തും റോഡിൽ വെള്ളം ഒട്ടുംതന്നെ കെട്ടിനിൽക്കാതെ ഒഴുക്കിക്കളയുവാനായി ഓടകളും നിർബ്ബന്ധമാണ്. റോഡുകളുടെ നീണ്ടകാലനിലനിൽപ്പിന് ഇത് അത്യാവശ്യം തന്നെയാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ വലുതും ചെറുതും, ടാറിട്ടതും, കോൺഗ്രീറ്റു ചെയ്തതും അല്ലാത്തതും വീതികൂടിയവയും തീരെവീതികുറഞ്ഞവയുമായി 80ലധികം റോഡുകളും കൂടാതെ ഒട്ടനവധി നടപ്പാതകളും ഉണ്ട്. പഞ്ചായത്തിന്റെ റോഡിന്റെ മൊത്തം ദൈർഘ്യത്തിൽ, 10.000 കി.മീ. റോഡ് PWD വിന് കീഴിലുള്ളതാണ്. 50.350 കി.മീ. പഞ്ചായത്തിന്റെ കീഴിൽ ഉള്ളതാണ്. അത്യാവശ്യം സ്വകാര്യ വ്യക്തികളുടെ /സ്ഥാപനങ്ങളുടെ/ ഹൗസിങ്ങ് കോളനികളുടെ ഉടമസ്ഥതയിലും റോഡുകളുണ്ട്.

ഇവയിൽ ടാർ ചെയ്ത റോഡുകൾ 15 1/2 കി.മീ. ആണ്. 13.250 കി.മീ. മെറ്റൽപാകിയ റോഡുകളും ബാക്കി 18.425 കി.മീ. മണ്ണുറോഡും ആണ്.

(N.S.S. എഞ്ചിനീയറിങ്ങ് കോളേജു കാംപസ്, റെയിൽവേ കോളനി തുടങ്ങിയ സ്ഥാപനങ്ങളുടെ സ്വകാര്യ ഉടമസ്ഥതയിലുള്ള റോഡുകളുടെ ദൈർഘ്യമോ മറ്റോ ഈ കണക്കിൽ ഉൾപ്പെടുന്നില്ല.)

പുതുതായി രൂപീകരിച്ചിട്ടുള്ള, രൂപീകരിയ്ക്കപ്പെടുന്ന ഹൗസിങ്ങ് കോളനികളിലെ റോഡുകൾ പഞ്ചായത്ത് ഏറ്റെടുക്കണമെന്നുള്ള ആവശ്യം ഉയർന്നുവരുന്നുണ്ട്. ഈ റോഡുകൾ നല്ലനിലയിൽ പണികഴിപ്പിച്ചിട്ടുള്ളവയല്ല. അശാസ്ത്രീയമായ നിർമ്മാണം മൂലം അവ വളരെപ്പെട്ടെന്ന് ശോചനീയാവസ്ഥയെ പ്രാപിയ്ക്കുകയും അവയുടെ പുനർനിർമ്മാണം പഞ്ചായത്തിന്റെ ബാദ്ധ്യതയായിത്തീരുകയും ചെയ്യുന്നുണ്ട്. ആയതിനാൽ, ഈ റോഡുകൾ ഏറ്റെടുക്കും മുൻപ് തദ്ദേശവാസികളും, ഗ്രാമസഭകളും, ഗ്രാമപഞ്ചായത്തും അവയുടെ പ്രശ്നങ്ങൾ ഗൗരവമായി പരിശോധിച്ച്, പുനർനിർമ്മാണത്തിൽ, അതുപയോഗിയ്ക്കുന്നവരുടെ സജീവപങ്കാളിത്തം ഉറപ്പാക്കും വിധമുള്ള നിബന്ധനകളോടും, കോളനി നിർമ്മാതാക്കളിൽ നിന്ന് ഒരുവിഹിതം ഈടാക്കാനുള്ള വ്യവസ്ഥയാടുകൂടിയും ഉള്ള ഉറപ്പ് വാങ്ങിയ്ക്കേണ്ടതുണ്ട് (ആവശ്യമെങ്കിൽ രേഖാമൂലം തന്നെ).

പഞ്ചായത്തിന്റെ അധീനതയിൽ മിക്കറോഡുകളുടേയും അവസ്ഥ ശോചനീയമാണ് റോഡുകൾക്കൊന്നിനും തന്നെ ആവശ്യമായ ഓവുചാലുകളോ, കൾവർട്ടുകളോ ഇല്ല. കൂടാതെ, റോഡരികിലുള്ള വയലുകൾ വ്യാപകമായിത്തന്നെ വീടുവെയ്ക്കുവാൻ ഉപയോഗപ്പെടുന്നതു മൂലം ആ റോഡിൽ വെള്ളം ഒഴുകിപ്പോകാതെ കെട്ടിനിൽക്കുവാൻ ഇടയാകുന്നു.

ഇപ്രകാരം, റോഡുകൾ വളരെപ്പെട്ടെന്നു തന്നെ കേടുവരികയും, മുടക്കിയ ലക്ഷക്കണക്കിന്നു രൂപ പാഴായിപ്പോവുകയും ചെയ്യുന്നു.

ഈ അവസ്ഥയ്ക്കു അടിയന്തിരപരിഹാരമായി പുതുക്കിപ്പണിയുന്ന റോഡുകൾക്കും, പുതുതായി നിർമ്മിയ്ക്കാൻ ഉദ്ദേശിയ്ക്കുന്ന റോഡുകൾക്കും നിർബ്ബന്ധമായും ഓവുചാലുകൾ തദ്ദേശവാസികളുടെ ശക്തമായ പങ്കാളിത്തത്തോടെ, നിർമ്മിക്കേണ്ടിയിരിയ്ക്കുന്നു. ഇങ്ങിനെ ചെയ്താൽ, വർഷംതോറും റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ചെലവഴിക്കുന്ന ഭീമമായ ഒരു തുക ഗ്രാമപഞ്ചായത്തിന്ന് ലാഭിയ്ക്കുവാൻ കഴിയും. ആ തുക പുതിയറോഡുകൾക്കും, ഇതര വികസന പദ്ധതികൾക്കും ഉപയോഗിക്കുവാനും കഴിയും.

നടക്കാവ് റെയിൽവേ ലെവൽക്രോസിങ്ങിനു പകരം ഒരു ഓവർബ്രിഡ്ജ് അടിയന്തിര ആവശ്യമാണ്. പഞ്ചായത്തു രൂപം കൊണ്ട മുതൽക്കുതന്നെ എന്നുപറയാം, ഈയാവശ്യത്തിലേയ്ക്കായി നിരവധിതവണ റെയിൽവേ മന്ത്രാലയവുമായി ഭരണസമിതികൾ ബന്ധപ്പെട്ടിട്ടുണ്ടെങ്കിലും, ആ പരിശ്രമം ഇനിയും ഫലവത്തായിട്ടില്ല. ആയതിന്നുള്ള ശ്രമങ്ങൾ സജീവമായിത്തന്നെ നിലനിർത്തി പരിഹാരം കാണുവാൻ കഠിനശ്രമം നടത്തേണ്ടിയിരിക്കുന്നു.

ദക്ഷിണേന്ത്യയിലെതന്നെ ഏറ്റവും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായ മലമ്പുഴയിലേക്ക് ഓരോ മാസവും ലക്ഷക്കണക്കിന്ന് ടൂറിസ്റ്റുകൾ ഇതിലൂടെ വന്നും പോയും കൊണ്ടിരിയ്ക്കുന്നുണ്ട്. കൂടാതെ അകത്തേത്തറ, മലമ്പുഴ ഗ്രാമപഞ്ചായത്തുകളിലെ നിവാസികളും പ്രധാനമായും ജില്ലാ തലസ്ഥാനത്തേക്കും , ഒലവക്കോട്ടേക്കും ഈ റോഡാണ് ഉപയോഗിക്കുന്നത്. ഇവർക്കേവർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നാണ് നടക്കാവിലെ റെയിൽവേ ലെവൽക്രോസിങ്ങ്. ഈ അസൗകര്യം കാരണം അപകടത്തിൽപ്പെട്ടവരും മറ്റും തക്കസമയത്ത് ആശുപത്രിയിലെത്താൻ കഴിയാതെ മരണമടഞ്ഞിട്ടുണ്ട് എന്നത് ചൂണ്ടിക്കാണിക്കത്തക്കതാണ്.

ബസ്യാത്രക്കാർക്ക് ആവശ്യമായിട്ടുള്ള ബസ്വെയിറ്റിങ്ഷെഡ്ഡുകൾ ഈ പഞ്ചായത്തിൽ ദുർലഭമാണ്. യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ബസ്വെയിറ്റിങ്ഷെഡ്ഡും ഒന്നോ രണ്ടോ മൂത്രപുരകളും നിർമ്മിക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ ചിത്രാടാക്കീസിന്നും, പഞ്ചായത്തിനും സമീപവും ആണ്ടിമഠം റെയിൽവേ കോളനി എന്നിവിടങ്ങളിലും ഓട്ടോറിക്ഷാസ്റ്റാൻറുകൾ അത്യാവശ്യമാണ്.

മേല്പറഞ്ഞ ബസ്വെയിറ്റിങ് ഷെഡ്ഡ്, മൂത്രപ്പുര, ഓട്ടോറിക്ഷാസ്റ്റാൻഡുകൾ എന്നിവ സ്പോൺസർഷിപ്പ്/ സന്നദ്ധസംഘടനകൾ/ ബഹുജനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ നിർമ്മിയ്ക്കാവുന്നതാണ്.

പഞ്ചായത്തിന്റെ പരിധിയിൽ പുനർനിർമ്മാണം നടത്തി ഗതാഗതയോഗ്യമാക്കേണ്ടതും പുതുതായി നിർമ്മിയ്ക്കേണ്ടുന്നവയുമായി നിരവധി റോഡുകളുണ്ട്. അവയിൽ പ്രധാനപ്പെട്ട റോഡുകൾ പ്രവൃത്തി ചെയ്യുന്നതിനുള്ള പരിപാടികൾക്ക് രൂപം നൽകേണ്ടതാണ്. പുതിയ റോഡുകൾ, വാർഡിന്റെ (ഗ്രാമം) പിന്നോക്കാവസ്ഥയും യാത്രക്കാരുടെ/ വാഹനങ്ങളുടെ ബാഹുല്യവും കണക്കിലെടുത്ത് മുൻഗണനാക്രമത്തിൽ, നാട്ടുകാരുടെ പങ്കാളിത്തത്തോടെ നിർമ്മിക്കുവാൻ മുൻകൂർപദ്ധതിയിടേണം.

പഞ്ചായത്തിലെ വളരെ പ്രധാനപ്പെട്ടതും ഗതാഗതയോഗ്യമാക്കേണ്ടവയും ആയ

റോഡുകളുടെ പട്ടിക:-

വാർഡ് - I

1)ഉമ്മിനി- പാതിരി റോഡ്
2) ഉമ്മിനി മുസ്ലീംപള്ളിമുതൽ പടിഞ്ഞാറോട്ടേക്കുള്ള റോഡ്
3) ധോണി - പാതിരികണക്ഷൻ റോഡ്
4) ഉമ്മിനി - ഏ.കെ.ജി. കോളനി റോഡ്
5) കല്ലപ്പറമ്പ് - കുന്നുകാട് റോഡ്.

വാർഡ് : II

1) ഹേമാംബികാനഗർ പോലീസ്സ്റ്റേഷൻ - കാക്കണ്ണി റോഡ്
2)പപ്പാടി - NSS എഞ്ചി. കോളേജു കനാൽബണ്ട്റോഡ്.
3)പപ്പാടി ശ്മശാനം റോഡ്
4) മായാപുരം - സെൻറ് തോമസ് കോളനി റോഡ്.
5) പൈറ്റാംകുന്നം - പപ്പാടിറോഡ്.
6) ആതിര നഗർ റോഡ്
7) പപ്പാടി - പൂക്കോട് റോഡ്

വാർഡ് : III

1) ചേറുങ്ങാട്ടുകാവ് റോഡുകൾ
2) കുന്നുകാട് റോഡുകൾ
3) ചിത്രാടാക്കീസ് കൊങ്ങപ്പാടം - NSS ഹൈസ്ക്കൂൾ റോഡ്.
4) വടക്കത്തറ റോഡ്
5) കോങ്ങപാടം 1 H O Pകോളനിയിൽ കോൺഗ്രീറ്റ് ചെയ്യാൻ ബാക്കിയുള്ള സ്ഥലങ്ങൾ.

വാർഡ്: IV

1) ശാസ്താനഗർ കോളനി റോഡ്
2) അകത്തേത്തറ - മലമ്പുഴ പഞ്ചായത്തു കണക്ഷൻ റോഡ്
3) പട്ടേരിറോഡ്
4) അകത്തേത്തറ - ചെക്കിനിപ്പാടം റോഡ്
5) ചെറാട് ലക്ഷംവീട് കോളനി - കവിതാടാക്കീസ് റോഡ്
6) ചെറാട് - പൈറ്റാംകുന്നം റോഡ്
7) തേക്കിൻകാട് - ശാസ്താനഗർ കനാൽബണ്ടുറോഡ്.
8) ചെക്കിനിപ്പാടം നാലുസെൻറ് കോളനിറോഡ്

വാർഡ്: V

1) തോട്ടപ്പുര ശ്മശാനം റോഡ്
2) ഇത്തിങ്ങാപ്പറമ്പ് - മന്ദം റോഡ്.
3) ജീവരക്ഷാലയം - കരിമുറി റോഡ്.
4) പഞ്ചായത്തു കല്യാണമണ്ഡപം - തെക്കേത്തറ വേട്ടക്കൊരുമകൻ ക്ഷേത്രം റോഡ്
5) തെക്കേത്തറ വേട്ടക്കൊരുമകൻ ക്ഷേത്രം - പെരുകുളം റോഡ്.

വാർഡ് : VI

1) കൈമാടം - തട്ടുറുമ്പക്കാട് റോഡ്
2) കുന്നുംപാറ ശ്മശാനം റോഡ്
3) അങ്കവാൽപ്പറമ്പ് റോഡ്
4) തട്ടുറുമ്പക്കാട് ചാരായഡിപ്പോ - കൈമാടം അയ്യപ്പക്ഷേത്രം റോഡ്
5) അച്ചൻകുളം റോഡ്
6) കല്ലേക്കുളങ്ങര - അർച്ചനാ കോളനി റോഡ്
7) അർച്ചനാ കോളനി - അങ്കവാൽപ്പറമ്പ് റോഡ്.
8) രമാ എസ് മേനോന്റെ വീട് മുതൽ - കടവിൽമാമിയുടെ വീട് വഴിയുള്ള റോഡ്
9) കൈമാടത്തറയിൽ നിന്നും - റെയിൽവേ വാളവുമായി ബന്ധിപ്പിക്കുന്ന റോഡ്.

വാർഡ് : VII

1)ആണ്ടിമഠം - കടുക്കാം കുന്നം ലിങ്ക് റോഡ്
2)കണ്ണയൻകാവ് റോഡ് (പുഴയ്ക്കിറങ്ങുന്ന റോഡ്)
3)കുറ്റിപ്പുള്ളിറോഡ്
4)ആണ്ടിമഠം റോഡ് (പുഴയ്ക്കിറങ്ങുന്ന റോഡ്)
5)ആണ്ടിമഠം പാഞ്ചാലിയമ്മൻ കോവിൽ റോഡ്.

വാർഡ് : VIII

1)കല്ലേക്കുളങ്ങര ഹിൽവ്യൂ വീട് വഴി മേലേപ്പുറം വായനശാലാ റോഡ്
2)പണ്ടാരക്കളം ഹരിജൻ കോളനി റോഡ്
3)ഹേമാംബികാനഗർ - ചതുരക്കുളം കനാൽബണ്ട് റോഡ്
4)കല്ലേക്കുളങ്ങര ചാത്തൻകുളങ്ങര ക്ഷേത്രം മജതൽ മുച്ചേരിവീട് വഴിയുള്ള റോഡ്
5) കല്ലേക്കുളങ്ങര ഹേമാംബികാ സംസ്കൃതഹൈസ്ക്കൂൾ റോഡ്.
6) തേറുകുളം - പണ്ടാരക്കുളം ഹരിജൻ കോളനി റോഡ്.
7) മേലേപ്പുറം. കുന്നുംപാറ ശ്മശാനം റോഡ്.
8) കല്ലേക്കുളങ്ങര വിജയന്റെ ചായക്കടമുതൽ - പണ്ടാരക്കളം ഹരിജൻകോളനിയുമായി ബന്ധിക്കുന്ന റോഡ്.

വാർഡ് IX മിക്കറോഡുകളും ഗതാഗതയോഗ്യമല്ല. റെയിൽവേ വകുപ്പിന്റെ കീഴിലാണ് ഇവ ഉള്ളത്. കാലാകാലങ്ങളിൽ ആവശ്യമായ അറ്റകുറ്റപ്പണി നടത്തുന്നതിന് റെയിൽവേ വകുപ്പിൽ, പഞ്ചായത്ത് നിർബ്ബന്ധബുദ്ധ്യാ സമ്മർദ്ദം ചെലുത്തണം.

വാർഡ് X 1)ഉമ്മിനിസ്ക്കൂൾ - കാക്കണ്ണി - NSS എഞ്ചിനീയറിങ്ങ് കോളേജ് - തേക്കിൻകാടു റോഡ്.
2)പി.എച്ച്.സി. റോഡ്.
3)തേക്കിൻകാട് - NSSഎഞ്ചി- കോളേജു ഹോസ്റ്റൽ -അഴകപ്പാറ- ചീക്കുഴി റോഡ്.
4)കൊങ്ങപ്പാടം കനാൽബണ്ടുറോഡ്.
5)ചെക്കിനിപ്പാടം-പാപ്പറമ്പ്-ചീക്കുഴി- ചെറാട് റോഡ്
6)മാലിസ്റ്റോർ - രാമൻ & രാമൻ വീടിനു സമീപമുള്ളറോഡ്
രാമകൃഷ്ണൻ ഡ്രെയിനേജ് കൂടാതെ NSSഎഞ്ചി-കോളേജ് കാംപസിനകത്തെ റോഡുകളും അറ്റകുറ്റപ്പണി/പുനർനിർമ്മാണം നടത്തേണ്ടിയിരിക്കുന്നു. ആയതിന് പഞ്ചായത്തു ഭരണസമിതി മാനേജുമെൻറിൽ സമ്മർദ്ദം ചെലുത്തണം.

നമ്മുടെ പഞ്ചായത്തിലെ ഗ്രാമീണ റോഡുകളെ സംബന്ധിച്ച ഏകദേശ വിവരങ്ങൾ ഉൾക്കൊള്ളുന്ന പട്ടിക താഴെ കൊടുക്കുന്നു.

കച്ചാ റോഡുകളെ സംബന്ധിച്ച വിവരങ്ങൾ ചേർക്കുവാൻ കഴിഞ്ഞിട്ടില്ല. പുതുതായി നമ്മുടെ പഞ്ചായത്തിൽ രൂപം കൊണ്ടുവരുന്ന ഹൗസിംങ്ങ് കോളനികളിലെല്ലാം തന്നെ അത്തരത്തിലുള്ള റോഡുകളുണ്ട്. പഞ്ചായത്തിലെ റോഡ് രജിസ്റ്ററിലെ വിവരം അനുസരിച്ചും, ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ള റോഡുകളെ സംബന്ധിച്ച വിവരണവും മാത്രമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

നിർദ്ദേശങ്ങൾ

1) നടക്കാവ് റെയിൽവെ ലെവൽ ക്രോസിനു പകരം ഒരു ഓവർബ്രിഡ്ജ് അത്യാവശ്യമായി പണിതുടങ്ങണമെന്ന് ഗ്രാമസഭകളിൽ അഭിപ്രായമുണ്ടായി. ഇന്ത്യാ ഗവൺമെൻറിന്റെ റെയിൽവെ മന്ത്രാലയത്തിൽ നിന്നും, സംസ്ഥാന ഗവൺമെൻറിൽ നിന്നും ലവൽക്രോസ് ഉണ്ടാക്കുന്നതിന് അനുമതി നൽകണം.

2) പാലക്കാട് - NSS eng. College റൂട്ടിൽ ട്രാൻസ്പോർട്ട്സർവ്വീസ് ആരംഭിക്കാൻ കഴിയണം.

3) നിർമ്മിക്കാൻ തീരുമാനിച്ച റോഡുകളുടെ പണി ഗ്രാമസഭകളുടെ നേതൃത്വത്തിൽ തന്നെ നടത്തുമെന്ന് ഉറപ്പ് വരുത്തണം.

4) വയൽപ്രദേശങ്ങളിൽ റോഡുകൾ അനുവദിക്കരുത്. അങ്ങനെ വേണ്ടിവന്നാൽ നീരൊഴുക്കുകൾ തടസ്സപ്പെടാതിരിക്കത്തക്ക വിധത്തിലായിരിക്കണം. എല്ലാ പഞ്ചായത്ത് റോഡിനും ശരിയായ ഓടകൾ ഉണ്ടാക്കിയാൽ റോഡ് റിപ്പയർ ചെലവ് പകുതി കുറക്കുവാൻ കഴിയും. നിലവിലുള്ള എല്ലാ റോഡുകൾക്കും ഓടകൾ ഉണ്ടാക്കുന്നതിനും ഉള്ള ഓടകൾ വൃത്തിയാക്കുന്നതിനും വമ്പിച്ച ജനപങ്കാളിത്തത്തോടുക്കൂടിയുള്ള ഒരു പദ്ധതി തയ്യാറാക്കണം. റോഡുകളുടെ നിശ്ചിതദൂരം സന്നദ്ധസംഘടനകളെക്കൊണ്ടും. സ്ഥാപനങ്ങളെക്കൊണ്ടും സ്പോൺസർ ചെയ്യിക്കുന്നരീതി ഫലപ്രദമായിരിക്കും.

അകത്തേത്തറ ഗ്രാമ പഞ്ചായത്ത്

ഗ്രാമീണ റോഡുകളോടനുബന്ധിച്ച വിവരങ്ങൾ (1995 – 96)

റോഡിന്റെ സ്വഭാവം (നീളം)

വാർഡ്	കച്ച	പക്ക	മെറ്റൽ	പഞ്ചായത്ത്	പി. ഡബ്ല്യു. ഡി	എൻ. എച്ച്.	മറ്റുള്ളവ	ആകെ
1		3	-	2	-	-	3	8
2		5	2	-	1	-	-	8
3		4	1	1	1	-	3	10
4		4	2	2	1	-	-	9
5		1	3	3	1	-	3	11
6		3	2	1	1	-	2	9
7		4	2	1	1	-	-	8
8		7	4	1	-	-	6	18
9		-	-	-	-	-	-	-
10		2	3	1	-	-	-	6
		33	19	12	6	-	17	87

ഊർജ്ജം

മനുഷ്യശരീരത്തിലെ രക്തവാഹിനി കുഴലുകളുടെ സ്ഥാനമാണ് ഒരു സമൂഹത്തിലെ ഊർജ്ജമേഖലയ്ക്കുള്ളത്.

നമ്മുടെ പഞ്ചായത്തിലുള്ള വിവിധ ഊർജ്ജ ശ്രോതസ്സുകളെ പ്രയോജനപ്പെടുത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിൽ പ്രധാനപ്പെട്ട ഗാർഹിക ഊർജ്ജ ആവശ്യകത പാചകം, വെളിച്ചം എന്നിവയാണ്. ഭൂരിഭാഗം ജനങ്ങളും പാചക ആവശ്യത്തിനായി വിറകാണ് ഉപയോഗിക്കുന്നത്. എന്നാൽ വിറകിന്റെ ലഭ്യതയിലുള്ള കുറവ് ഒരു പ്രശ്നമായി മാറുന്നുണ്ട്. അത് പരിഹരിക്കുന്നതിനായി സാമൂഹ്യവനവൽക്കരണപരിപാടി. പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. മിക്കവാറും കുടുംബങ്ങൾ പരമ്പരാഗതരീതിയിലുള്ള 3 കല്ല് അടുപ്പാണ് ഉപയോഗിക്കുന്നത്. ഇത്തരം അടുപ്പുകൾക്ക് 5% മുതൽ 8% വരെ മാത്രമേ ദക്ഷത ഉള്ളു. ദക്ഷതകൂടിയ അടുപ്പുകൾ ഒരു ചെറിയ ശതമാനം വരുന്ന ഇടത്തരം വരുമാനക്കാരുടെ ഇടയിൽ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ദക്ഷതകൂടിയ അടുപ്പുകൾക്ക് വൻതോതിലുള്ള പ്രചരണം നടത്തേണ്ടിയിരിക്കുന്നു. മിക്കവാറും വീടുകളിൽ പുകയില്ലാത്ത അടുപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും സമയാസമയങ്ങളിൽ റിപ്പയർ നടത്താത്തതിനാൽ ഉപയോഗശൂന്യമായിക്കിടക്കുന്നുണ്ട്. ബയോഗ്യാസ് അടുപ്പുകൾ ഉപയോഗിക്കുന്ന വീടുകളുണ്ട്. അത്തരം പ്ലാൻറുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ പഞ്ചായത്തിലെ എല്ലാ പ്രദേങ്ങളിലുമുണ്ട്. നാലഞ്ചു കന്നുകാലികളുള്ള വീട്ടിൽ ബയോഗ്യാസ് ഉത്പ്പാദിപ്പിക്കപ്പെടുകയും, ബയോഗ്യാസ് അടുപ്പുകൾ ഉപയോഗിക്കപ്പെടുകയും വേണം. ബയോഗ്യാസ് പ്ലാൻറുകൾക്കൊണ്ട് കൃഷിക്കാവശ്യമായ വെള്ളം പമ്പ് ചെയ്യുന്നതിനും സാധിക്കും. വിജനമായതും, ശക്തിയായ കാറ്റ് ലഭിക്കുന്നതുമായ കുന്നിൻ പ്രദേശങ്ങൾ ഉള്ളതിനാൽ കാറ്റിൽ നിന്നും വൈദ്യുതി ചെറിയ തോതിൽ ഉൽപ്പാദിപ്പിച്ച് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വിദുച്ഛക്തി നൽകാൻ കഴിയും. ഇലക്ട്രിക് ലൈനുകൾ വലിക്കാൻ കഴിയാത്ത സ്ഥലങ്ങൾ ഉണ്ട്. അവിടെ സൗരസെല്ലുകൾ സ്ഥാപിക്കുവാൻ കഴിയുന്നതാണ്. ചീക്കുഴി, അഴകൻപ്പാറ പ്രദേശത്തുള്ള മലയിൽനിന്നും ഒഴുകിവരുന്ന അയ്യപ്പൻ ചാലിലെ വെള്ളത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമെന്ന് അഭിപ്രായമുണ്ട്. വീടുകളിലെ ജൈവ ഖര മാലിന്യങ്ങൾ, പച്ചക്കറിച്ചന്ത എന്നിവിടങ്ങളിലെ അവശിഷ്ടങ്ങൾ സംസ്ക്കരിച്ച് ബയോഗ്യാസ് യൂണിറ്റുകൾ ഉണ്ടാക്കിയെടുക്കുവാൻ കഴിയും.

മുൻപ് നമ്മുടെ പഞ്ചായത്തിലേക്ക് ആവശ്യമായ വൈദ്യുതി പറളി, വെണ്ണക്കര, സബ്ബ്-സ്റ്റേഷനുകളിൽ നിന്നാണ് വിതരണം നടത്തിയിരുന്നത്. അതുകൊണ്ട് തന്നെ വളരെയധികം വോൾട്ടേജ് ക്ഷാമം അനുഭവിച്ചു വന്നിരുന്ന നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക്, നമ്മുടെ പഞ്ചായത്തിൽ എൻ.എസ്.എസ് എഞ്ചിനീയറിംഗ് കോളേജ് സമീപത്തായി സ്ഥാപിച്ച 110 കെ.വി. സബ്- സ്റ്റേഷൻക്കൊണ്ട് ഒരു പരിധിവരെ മെച്ചമുണ്ടായിട്ടുണ്ട്. എന്നിരുന്നാലും 20 ഓളം ട്രാൻസ്ഫോർമർ മുഖാന്തിരം നടത്തുന്ന വിതരണശൃംഖല ശരിയായ രൂപത്തിലല്ലാത്തതുകൊണ്ട് ചില പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണുവാൻ കഴിഞ്ഞിട്ടില്ല. ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി മുഴുവനായും ഉപയോഗപ്പെടുത്തുവാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. പ്രധാന വൈദ്യുതി നഷ്ടം പ്രേഷണ-വിതരണ സംവിധാനങ്ങളുടെ തകരാറ് കാരണമാണ്. ഇതിന്റെ സാങ്കേതിക കാരണങ്ങൾ വളരെ ദൈർഘ്യമുള്ള വിതരണ ലൈനുകളും, വൈദ്യുതിലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകളും, അതോടൊപ്പം തന്നെ ലൈനുകളെത്തമ്മിൽ ബന്ധിപ്പിക്കുന്ന ജംമ്പറുകളുടെ തകരാറും ആണ്.

വൈദ്യുതി ഉപഭോക്താക്കളുടെ കണക്റ്റഡ് ലോഡ് വൈദ്യുതി ബോർഡിന്റെ രജിസ്റ്ററിൽ കാണിച്ചിരിക്കുന്നതിനേക്കാൾ വളരെ ക്കൂടുതലാണ്. അത് വിതരണശൃംഖലയെ കാര്യമായി ബാധിക്കുന്നുണ്ട്. അതുപ്പോലെതന്നെ ബഹുഭൂരിപക്ഷം വൈദ്യുതി ഉപഭോക്താക്കളും വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിക്കുന്ന സ്റ്റെപ്പ്അപ്പ് ട്രാൻസ്ഫോർമർമൂലം മറ്റ് ഉപഭോക്താക്കൾക്ക് വളരെ ചുരുങ്ങിയ വോൾട്ടേജ് മാത്രമേ ലഭിക്കുന്നുള്ളു. എന്നതാണ് പഠനത്തിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞത്. വൈദ്യുതി മോഷണം നമ്മുടെ പഞ്ചായത്തിൽ വിരളമായി നടക്കാറുണ്ട്. വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണുന്നതിനുവേണ്ടി വൈദ്യുതി ബോർഡിന്റെ സഹായത്തോടുകൂടി പവ്വർലൈൻ മാപ്പ് നിർമ്മിച്ച്, ഇലക്ട്രിക് ലൈനുകൾ എളുപ്പ മാർഗ്ഗത്തിലൂടെ ദൈർഘ്യം കുറച്ചുകൊണ്ട് കണക്ഷനുകൾ നൽകുന്നതിനും മേൽസൂചിപ്പിച്ച ജംബർ മെച്ചപ്പെടുത്തൽ ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റുക തുടങ്ങിയ നടപടികൾക്കൊണ്ടും ചുരുങ്ങിയ വോൾട്ടേജ് കൊണ്ട് കൂടുതൽ വെളിച്ചം നൽകുന്ന സി.എഫ്. ലാംബുകൾ പ്രചരിപ്പിക്കുന്നതുമൂലവും വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണുവാൻ സാധിക്കുന്നതാണ്. ദക്ഷത കൂടിയ വീടുകൾക്ക് ഏറ്റവും നല്ല ഉദാഹരണമാണ് സി.എഫ്.എൽ. സാധാരണ ബൾബുപയോഗിക്കുന്നതിന്റെ നാലിലൊന്ന് വൈദ്യുതി ഉപയോഗിച്ച് സി.എഫ്.എൽ പ്രവർത്തിപ്പിക്കാവുന്നതാണ്. ഒരു സാധാരണ ബൾബ് 1000 മണിക്കൂർ പ്രവർത്തിക്കുമ്പോൾ സി.എഫ്.എൻ 10,000 മണിക്കൂർ പ്രവർത്തിക്കുന്നതാണ്.

പഞ്ചായത്തിനകത്ത് മുഴുവൻ ഹരിജനങ്ങളുടെ വീടുകളും വൈദ്യുതീകരിക്കണം. അതോടൊപ്പം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന താഴ്ന്ന വരുമാനക്കാരായവരുടെ വീടുകളും വൈദ്യുതീകരിക്കേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിനകത്തുള്ള തെരുവ് വിളക്കുകൾ പരിമിതമാണ്. തെരുവ് വിളക്കുകൾക്കായി പഞ്ചായത്തിൽ നിന്നും പ്രതിമാസം 11,200 രൂപ വൈദ്യുതി ബോർഡിലേക്ക് അടക്കാറുണ്ടെങ്കിലും സ്ഥാപിച്ച വിളക്കുകൾ കൃത്യമായും പ്രകാശിക്കുന്നില്ല എന്ന പരാതി പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിൽ നിന്നും വ്യാപകമായി ഉണ്ടാകാറുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിനകത്തെ ഊർജ്ജവിതരണവും അറ്റകുറ്റ പണികളുടെയും, മേൽനോട്ടം പഞ്ചായത്തുകളെ ഏൽപ്പിക്കുന്നത് വളരെയധികം സ്വാഗതാർഹമാണ്.

പഞ്ചായത്ത് തല പ്രവർത്തന സാധ്യതകൾ

1. വീടുതോറും പുകയില്ലാത്ത അടുപ്പു സ്ഥാപിക്കലും, പുറമ്പോക്കിലും വഴിയരികിലുമുള്ള വൃക്ഷവൽക്കരണവും, തെങ്ങുല്പന്നങ്ങളും ചേർന്നാൽ ഗ്രാമീണ വീടുകൾ വീട്ടാവശ്യത്തിനായുള്ള ഇന്ധനം പ്രാദേശികമായി തന്നെ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കാനും മെച്ചപ്പെട്ട അടുപ്പുകൾ ക്കാവശ്യമായ മോൾഡുകൾ രണ്ടു മൂന്നു പഞ്ചായത്തുകൾ ചേർന്ന് കുംഭാരൻമാരെ ക്കൊണ്ട് മൊത്തമായി ഉണ്ടാക്കിക്കണം.

2. കേന്ദ്രീകൃതമായി നാലഞ്ചുപഞ്ചായത്തുകൾ ചേർന്ന് ഏതാണ്ട് 400-500 പശുക്കളുടെ ചാണകം ഉപയോഗിക്കുന്ന കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാൻറ് വൈദ്യുതോൽ പാദനത്തിന് സാധ്യതകളുണ്ട്.

3. പഞ്ചായത്ത് തലത്തിൽ ചെറുകിട ഊർജ്ജ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് അനുസ്യൂതമായ നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാന സർക്കാറിനേയും, വൈദ്യുതി ബോർഡിനേയും, നിർബന്ധിക്കണം.

4. വൈദ്യുതി ലൈനിലെ പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് സന്നദ്ധ സംഘടനകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് ടച്ചിംഗ്സ് ഒഴിവാക്കാൻ സാധിക്കും.

5. സൗരതാപ ഹീറ്ററുകൾ ചൂടുവെള്ളത്തിന്റെ ആവശ്യമുള്ളിടത്ത് പ്രോത്സാഹിപ്പിക്കണം.

6. ഘർഷരഹിത ഫുട്വാൾവുകൾ, ചിരട്ട അടിസ്ഥാനമാക്കിയുള്ള സ്റ്റെർലിൻ എഞ്ചിനുകൾ എന്നിവ വെള്ളം പമ്പ് ചെയ്യുന്നതിനായി ചിലയിടങ്ങളിലെങ്കിലും പരീക്ഷിക്കാവുന്നതാണ്.

7. ചിരട്ട, വിറക് എന്നിവ ഉപയോഗിച്ചു കൊണ്ടുള്ള ഗ്യാസിഫയർ വൈദ്യുതി ഉത്പാദനം പഞ്ചായത്ത് തലത്തിൽ പ്രായോഗികമാണോ എന്ന് പരിശോധിക്കണം.

8. പ്രഷർകുക്കറുകൾ, ദക്ഷതയേറിയ വിളക്കുകൾ തുടങ്ങിയവക്ക് നിലവിലുള്ള സബ്സിഡിക്ക് പുറമെ പഞ്ചായത്ത് തലത്തിൽ സബ്സിഡി ലഭ്യമാക്കണം.

നിർദ്ദേശങ്ങൾ

1. നമ്മുടെ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ ഒലവക്കോട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുമായാണ് ഇടപാടുകൾ നടത്തിവരുന്നത്. വളരെ വിസ്തൃതമായിക്കിടക്കുന്ന 4 പഞ്ചായത്തുകളുടെ വൈദ്യുതി ഉപഭോക്താക്കൾ മുഴുവനായും ഉൾപ്പെടുന്ന ഈ സെക്ഷൻ ഓഫീസിൽ ഓരോ പഞ്ചായത്തിലേയും ഉപഭോക്താക്കൾക്ക് ഇടപാടുകൾ നടത്തുന്നതിന് പ്രയാസം അനുഭവപ്പെടുന്നുണ്ട്. അതിന് പരിഹാരം എന്ന നിലക്ക് നമ്മുടെ പഞ്ചായത്ത് പരിധിയിൽ പൈസ അടയ്ക്കുന്നതിനും, പരാതികൾ ഒഴിവാക്കാൻ പരിഹാരങ്ങൾ കഴിയുന്ന രൂപത്തിൽ ഒരു സെക്ഷൻ ഓഫീസ് അകത്തേത്തറ പഞ്ചായത്ത് പരിസരത്തുണ്ടാകണം.
2. സ്ട്രീറ്റ് ലൈറ്റുകളായി ഉപയോഗിക്കുന്ന ഓർഡിനറി ബൾബുകൾ പെട്ടെന്ന് ഫ്യൂസായിപ്പോകുന്നതിന് സംരക്ഷണം നൽകുന്നതിന് ലാംബ് ഷെയിഡുകൾ നിർബന്ധമായും ഉപയോഗിക്കണം.

പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകൾ

ക്രമ നമ്പർ	സ്ഥലം	കപ്പാസിറ്റി
1	സന്യാസി പാറ	100 KVA
2	നിഷാ സിമൻറ്സ്	100 KVA
3	ധോണി	160 KVA
4	അരിമണി	50 KVA
5	തൈപറ്റാം കുന്നം	160 KVA
6	ഉമ്മിണി	160 KVA
7	പപ്പാടി	100 KVA
8	സെൻട്രൽ സ്കൂൾ	100 KVA
9	റെയിൽവേ ഹോസ്പിറ്റൽ	160 KVA
10	രാജേന്ദ്രാ തിയേറ്റർ	100 KVA
11	കല്ലേക്കുളങ്ങര	100 KVA
12	റെയിൽവേ ഡിവിഷണൽ ഓഫീസ്	150 KVA
13	ഹേമാംബികാ ഹൈസ്കൂൾ	160 KVA
14	ഏമൂർ ഭഗവതി ക്ഷേത്രം	100 KVA
15	അകത്തേത്തറ	250 KVA
16	തെക്കേത്തറ	100 KVA
17	ചാത്തൻകുളങ്ങര ക്ഷേത്രം	50 KVA
18	കൊങ്ങപ്പാടം	100 KVA
19	ഗിരിനഗർ	160 KVA
20	എൻ. എസ്. എസ്. എഞ്ചിനീയറിംഗ് കോളേജ് ലാബ്	100 KVA
21	എൻ. എസ്. എസ്. എഞ്ചിനറിംഗ് കോളേജ് ഹോസ്റ്റൽ	100 KVA
22	സബ് സ്റ്റേഷൻ	250 KVA
23	മരുതക്കോട്	50 KVA
24	എസ്. എൻ. ഓയിൻ	63 KVA
25	ശാസ്താനഗർ	63 KVA
26	തേരുപാത	
27	ചെറുങ്ങാട്ട് കാവ്	
28	യൂട്ടിലിറ്റി	

അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ

മേഖലകൾ	ഉപഭോക്താക്കളുടെ എണ്ണം
1. ഗാർഹികം	2138
2. വ്യാപാരം	415
3. വ്യവസായം	37
4. കാർഷികം	157

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ വിവരം

ഇനം	എണ്ണം
ഓർഡിനറി	87
ഒ. ടി.പി.	1
ഒ. വൈ. ഇ. സി	30

തൻമാസത്തെ കണക്ക്

ഇനം	എണ്ണം
ഓർഡിനറി	46
ഒ. ടി.പി.	4
ഒ. വൈ. ഇ. സി	55

തെരുവു വിളക്കുകളുടെ എണ്ണം

ഇനം	എണ്ണം
ബൾബ്	548
ട്യൂബ് ഡബിൾ	55
സോഡിയം വേപ്പർ ലാംബ്	20

5-7 പാർപ്പിടവും സാമൂഹ്യ ക്ഷേമവും

ആദ്യകാലങ്ങളിൽ ജൻമികുടുംബങ്ങളും കുടിയാൻമാരും കൃഷിക്കാരും കീഴാളൻമാരായ കർഷകതൊഴിലാളികളും മാത്രമായിരുന്നു അകത്തേത്തറ പഞ്ചായത്തിലെ താമസക്കാർ. രാജവംശത്തിന്റെ ഇടങ്ങളും മറ്റിതര ജനവിഭാഗങ്ങളുടെ വീടുകളും കുടിലുകളും മാത്രമായിരുന്നു നമ്മുടെ പഞ്ചായത്തിലു ണ്ടായിരുന്നത്.

മെച്ചപ്പെട്ട തരത്തിലുള്ളതും വിലപ്പി ടിപ്പുള്ള തുമായ മരങ്ങൾ ഉപയോഗിച്ച് വീടുകളുടെ മേൽക്കൂര നിർമ്മിക്കുവാനുള്ള അവകാശം രാജാക്കൻമാർക്കുമാത്രമേ ഉണ്ടായിരുന്നുള്ളൂ. മുള, പന എന്നീ തടികൾകൊണ്ടുള്ള മേൽക്കൂര നിർമ്മി ക്കുന്നതിനുള്ള അവകാശം മാത്രമേ താഴേ ക്കിടയിലുള്ള ജനവിഭാഗങ്ങൾക്കുണ്ടാ യിരുന്നുള്ളൂ. മാത്രമല്ല മേൽക്കൂര ഓടുമേയുന്നതിനുള്ള അവകാശവും നിഷേധിക്കപ്പെട്ടിരുന്നു.

പുരോഗമന പ്രസ്ഥാനങ്ങളുടെ സംഘടിത പ്രവർത്തനത്തിന്റെ ഫലമായും രാജവാഴ്ച അവസാനിക്കുകയും കൂട്ടു കുടുംബങ്ങൾ ഇല്ലാതാകുകയും ചെയ്ത തോടുകൂടിയും ഭവന നിർമ്മാണ പ്രവർത്തന ങ്ങളിൽ ഗണ്യമായ മാറ്റങ്ങൾ വന്നു. പഴയകാല ഇടങ്ങളുടെ ഉത്തമദൃഷ്ടാന്തമായി ഇന്നും നമ്മുടെ പഞ്ചായത്തിൽ നിലകൊള്ളുന്നു. പഞ്ചായത്തതിർത്തിയിലെ ഏറ്റവും വലിയ രണ്ടുകെട്ടിടങ്ങളാണ് എൻ.എസ്.എസ് എഞ്ചിനീയറിംഗ് കോളേജും റെയിൽവേ ഡിവിഷണൽ ഓഫീസും. ഈ രണ്ടു സ്ഥാപനങ്ങളും റെയിൽവേ ഡിവിഷണൽ ഓഫീസിനോട് അനുബന്ധിച്ച് രൂപം കൊണ്ട റെയിൽവേ കോളനിയും പഞ്ചായത്തിന്റെ സാമൂഹിക സാമ്പത്തിക മണ്ഡലങ്ങൾക്ക് ഗണ്യമായ മാറ്റം സൃഷ്ടി ച്ചു. മറ്റു ജില്ലകളിൽ നിന്നും തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് നമ്മുടെ പഞ്ചായത്തിൽ എത്തിപ്പെട്ടവർ ഇവിടുത്തെ സ്ഥിര താമസക്കാരായിമാറി.

ഏതാണ്ട് കഴിഞ്ഞ 15 വർഷക്കാലമായി ഭവന നിർമ്മാണ രംഗം സജീവമാക്കുകയും പുതിയ ഹൗസിംഗ് കോളനികൾ നിലവിൽ വരുകയും ചെയ്തു. നമ്മുടെ പഞ്ചായത്തിലെ 9_ാം വാർഡിൽ മുഴുവനായും റെയിൽവേ ക്വാർട്ടേഴ്സു കളാണുള്ളത്. ഈ വാർഡു മായി ബന്ധപ്പെട്ടുകിടക്കുന്ന 2.6.8.10 എന്നീ വാർഡുകളിലാണ് പ്രധാനമായും പുതിയ ഹൗസിംഗ് കോളനി രൂപം കൊണ്ടിട്ടുള്ളത്.

നമ്മുടെ പഞ്ചായത്തിലെ ഏക്കർ ക്കണക്കിന് കൃഷിഭൂമി നികത്തികൊണ്ടാണ് ഇത്തരത്തിലുള്ള കോളനികൾ നിർമ്മിക്ക പ്പെട്ടിട്ടുള്ളത്. ഈ പ്രവണത ഇല്ലാതാ ക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതികൾ

മുൻകൈയെടുത്താൽ മാത്രമേ നമ്മുടെ പ്രഥമിക മേഖലയായ കൃഷിയിടങ്ങൾ സംരക്ഷിക്കാനാവൂ. കൃഷിയിടങ്ങൾ നികത്തികൊണ്ട് വീടുകൾ നിർമ്മിക്കുന്ന കോളനികൾ റോഡുകളോ ഓവുചാലുകളോ ഇല്ലാത്തതുകൊണ്ടും മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥയുണ്ട്. ഇത്തരം സംഭവത്തെ ക്കുറിച്ച് ഗ്രാമസഭകളിൽ അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

അകത്തേത്തറ പഞ്ചായത്തിൽ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. ഈ പഞ്ചായത്തിൽ ഭൂരിഭാഗവും ഓടിട്ട കെട്ടിട ങ്ങളാണ്. കോൺക്രീറ്റ് കെട്ടിടങ്ങളിൽ 20 ശതമാനത്തോളം ഇരുനില കെട്ടിടങ്ങളാണ്. ആകെയുള്ള വീടുകളുടെ എണ്ണം 5882 ആണ്. അതിൽ 67% ഓടിട്ട കെട്ടിടങ്ങളും 23% കോൺക്രീറ്റ് കെട്ടിടങ്ങളും 7% ഓലമേഞ്ഞ വീടുകളും തൽക്കാല താമസ സൗകര്യത്തിനു വേണ്ടി പണിത്തീർത്ത 3% വീടുകളും ഉണ്ട്. കെട്ടിടങ്ങളിൽ ഭൂരിഭാഗവും ഇഷ്ടിക കൊണ്ടാണ് നിർമ്മിച്ചിട്ടുള്ളത്. കൂടാതെ മൺ ചുവരുകളുള്ള ഓടിട്ട കെട്ടിടങ്ങൾ ധാരാളം ഉണ്ട്. ഇതിൽ പച്ചക്കല്ല് (മൺകട്ട) ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളുണ്ട് കെട്ടിട നിർമ്മാണത്തിന് ഹൗസിങ്ങ് സൊസൈറ്റികളോ ഭവന നിർമ്മാണ സഹകരണ സംഘടനകളോ ഈ പഞ്ചായത്തിൽ ഇല്ല. ലക്ഷം വീടുകളും ഹരിജൻ കോളനികളും മിച്ചഭൂമി കോളനികളും ചില ഭാഗങ്ങളിലുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് ഇഷ്ടിക മുതലായവ നമ്മുടെ പഞ്ചായത്തിൽ നിന്നു തന്നെ ലഭ്യമാണ്. സ്വന്തമായി വീടു നിർമ്മിക്കുവാൻ സാമ്പത്തികമായി വിഷമിക്കുന്ന കുടുംബങ്ങളും ഉണ്ട്.

വീടു നിർമ്മാണ തൊഴിലാളികൾ ധാരാളമുണ്ടെങ്കിലും നല്ല വൈദഗ്ധ്യമുള്ള തൊഴിലാളികൾ കുറവാണ്. കെട്ടിടനിർമ്മാണ തൊഴിലാളികളിൽ പുരുഷൻമാർക്ക് 100 രൂപയും സ്ത്രീകൾക്ക് 50 രൂപയുമാണ് കൂലി. പഞ്ചായത്തിലെ പല ഭാഗങ്ങളിലും കൃഷി ഭൂമി നികത്തി കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നതായി കാണുന്നുണ്ട്. കൃഷി ഭൂമി നികത്തി കെട്ടിടം നിർമ്മിക്കുന്നത് തീർത്തും നിരുത്സാഹപ്പെടുത്തേണ്ടതാണ്.

വീടു നിർമ്മിക്കുവാൻ സാമ്പത്തി കമായി ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വിവിധ ഭവന നിർമ്മാണ പദ്ധതികൾ മുഖേന സബ്സിഡി സഹിതം ലോൺ അനുവദി ക്കാൻവേണ്ട സൗകര്യം ഏർപ്പെടുത്തുന്നത് നന്നായിരിക്കും. കൂടാതെ വിവിധ സാമൂഹ്യ സേവന സന്നദ്ധസംഘടനകൾ വഴി വീട് കക്കൂസ് മുതലായവ നിർമ്മിച്ചുകൊടുക്കുന്ന പദ്ധതി പഞ്ചായത്തിൽ ആ സൂത്രണം ചെയ്യേണ്ടതുണ്ട്.

അതുപോലെതന്നെ ദുർബ്ബല ജനവിഭാ ഗങ്ങൾക്ക് വീടുകളുടെ മേൽക്കൂര പുതുക്കി പണിയുന്നതിനും കക്കൂസു നിർമ്മിക്കു

ന്നതിനും ധനസഹായം ലഭിക്കുവാൻ വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യണം.

സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത 799 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട് 1992 നു ശേഷം വിവിധ പദ്ധതികളിലായി അനുവദിച്ച കക്കൂസുകൾ 133 ആണ്. ഇതിൽ പണി പൂർത്തീകരിച്ചത് 95 ആണ്. ഇനി 400 ഓളം കുടുംബങ്ങൾക്കു കൂടി കക്കൂസ് വേണം.

IRDP സർവ്വെ പ്രകാരം വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 204 ആണ്. ഇതിൽ വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ 73 ആണ്. ഇതനുസരിച്ച് പൂർത്തീകരിച്ച വീടുകൾ 33 ആണ്. ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം 123 ആണ്. IRDP ലിസ്റ്റിൽ പെടാത്ത കുറെ അധികം കുടുംബങ്ങൾക്കുകൂടി പാർപ്പിടം നൽകേണ്ടതുണ്ട്.

പാർപ്പിട സൗകര്യം ഉണ്ടെങ്കിലും സ്ഥല പരിമിതി മൂലം കക്കൂസു നിർമ്മിക്കുവാൻ കഴിയാത്ത ഒട്ടേറെ കുടുംബങ്ങളുണ്ട്. അത്തരം കുടുംബങ്ങൾക്ക് പൊതു കക്കൂസുകൾ നിർമ്മിച്ച് പരിഹാരം കാണാൻ കഴിയുമോ എന്നു പരിശോധിക്കണം.

വീടു നിർമ്മിക്കാൻ സ്വന്തമായി സ്ഥലമില്ലാത്തവരും സാമ്പത്തിക പരാധീനതയുള്ളവരും ഹരിജനങ്ങൾ ഉൾപ്പെടെ കുറെ കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഇത്തരക്കാർക്ക് മിച്ചഭൂമി പതിച്ചുകൊടുത്ത് സാമ്പത്തിക സഹായം നൽകിയാൽ പാർപ്പിട പ്രശ്നം കുറെയൊക്കെ പരിഹരിക്കാൻ കഴിയും ദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് പ്രതിവർഷം 1 ലക്ഷം വീടു നൽകുന്നതായി കേരള സർക്കാർ ആവിഷ്കരിച്ച "മൈത്രി ഭവന നിർമ്മാണ പരിപാടി" പഞ്ചായത്തിലും നടപ്പാക്കേണ്ടതാണ്.

◆◆◆◆◆◆

നിർദ്ദേശങ്ങൾ

1. മിച്ചഭൂമി അർഹരായവർക്കുമാത്രം പതിച്ചുകൊടുക്കുകയും നാലു സെൻറ് ലക്ഷം വീട് കോളനിയിൽ വീടുകൾ ലഭിച്ചിട്ടുള്ളവർ അത് വിൽക്കുകയോ, വാടകയ്ക്ക് കൊടുക്കുകയോ ചെയ്യുന്ന പ്രവണത അവസാനിപ്പിക്കുകയും മറ്റ് അർഹരായവർക്ക് അനുവദിച്ചു കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.
2. ചിലവുകുറഞ്ഞ വീട് നിർമ്മാണ രീതികൾ പ്രോത്സാഹിപ്പിക്കണം.
3. പുതുതായി നിർണ്ണിക്കുന്ന വീടുകളുടെ മുറ്റം സിമിൻറിടുന്നതിന് നിരുൽസാഹപ്പെടുത്തുകയും പകരം പച്ചക്കറിത്തോട്ടങ്ങളും മറ്റും വച്ചു പിടിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും വേണം.
4. റവന്യൂ പുറമ്പോക്കുകളിൽ കുടിലുകൾ കെട്ടിതാമസിക്കുന്ന ആദിവാസികൾക്കും മറ്റു ദുർബാ ജനവിഭാഗങ്ങൾക്കും ഭൂമി പതിച്ചുകൊടുക്കുന്നതിനും ഭവന നിർമ്മാണത്തിനുള്ള ധന സഹായം നൽകുന്നതിനും പഞ്ചായത്ത് ഭരണ സമിതി മുൻകൈ ഏറെടുക്കണം. പ്രത്യേകിച്ച് പൈറ്റാംകുന്നം അംബേദ്ക്കർ കോളനി.

ആകെ വീടുകളുടെ സ്ഥിതിവിവരപ്പട്ടിക

വാർഡ്	ആകെ വീടുകളുടെ എണ്ണവും നികുതി തുകയും	കെട്ടിടത്തിന്റെ സ്വഭാവം			മറ്റുള്ളവ	ആകെ
		ടെറസ്	ഓട്	ഓല		
1.	647 61,987.00	118	426	47	56	647
2.	905 10,7,974.00	217	558	105	25	905
3.	598 35.5.413.00	65	489	28	16	598
4.	388 23,329.00	44	311	22	11	388
5.	531 32,492.00	75	420	23	13	531
6.	508 24,301,015.00	192	258	38	20	508
7.	605 55,516.00	143	368	84	10	605
8.	905 1,30,306.00	250	616	22	17	905
9.	457 ★	72	368	---	17	457
10	338 64,850.00	152	156	29	1	338

റെയിൽവേ വാർഡ് നികുതി ചുമത്തുന്നില്ല.

സാമൂഹ്യക്ഷേമം.

ഈ പഞ്ചായത്തിൽ രണ്ടുവിധത്തിലുള്ള സാമൂഹ്യ ക്ഷേമ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. ദാരിദ്ര്യ നിർമ്മാർജന പരിപാടി പെൻഷൻ സഹായ പദ്ധതി. എന്നിവയാണ് അവ. **IRDP** സർവ്വേപ്രകാരം 1513 കുടുംബങ്ങളുണ്ട്. ഇതിൽ **SC ST** കുടുംബങ്ങൾ 154 ഉണ്ട്. നാളിതുവരെ 120 കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 75 കുടുംബങ്ങൾ **SC ST** യിൽപ്പെട്ടവരാണ്. ദാരിദ്ര രേഖയ്ക്ക് മുകളിൽ സഹായ് ലഭിച്ചവർ 120 ആണ്. താഴെയുള്ള ആകെ കുടുംബങ്ങളുടെ എണ്ണം IRDP സർവ്വേ പ്രകാരം 1395 ആണ്. ട്രൈസം തൊഴിൽ പദ്ധതിയനുസരിച്ച് പരിശീലനം ലഭിച്ചവർ 18 പേരുണ്ട്. സ്വയം തൊഴിൽ കണ്ടെത്തിയവർ 6 പേരാണ്. ഇതര തൊഴിലിൽ എർപ്പെട്ടിരിക്കുന്നവർ 9 പേരുണ്ട്. അവശേഷിക്കുന്ന 3 പേർ തൊഴിൽ രഹിതരാണ്.

അതുപോലെ DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരഭങ്ങളിൽ 58 അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ IRDP സർവ്വേ പ്രകാരം ഗ്രാമീണകൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടിയനുസരിച്ച് ഗ്രാമീണ തൊഴിലുകാരുടെ സംഖ്യ 93 ആണ്. ഇതിൽ സഹായം പതിനെട്ടുപേർക്ക് ലഭിച്ചിട്ടുണ്ട്. ഇനിയും അർഹതയുള്ളവർ 75 പേരുണ്ട്.

വികലാംഗരും മന്ദബുദ്ധിയുള്ളവരുമായ കുറെ ആളുകളും (കുട്ടികളടക്കം) ഈ പഞ്ചായത്തിലുണ്ട്. അവർക്കു വേണ്ട ചികിത്സനടത്താനും സംരക്ഷണം കൊടുക്കാനും പാവപ്പെട്ട രക്ഷിതാക്കൾ വിഷമിക്കുന്നുണ്ട്. അത്തരം കേസുകൾ സർവ്വേ നടത്തി പരിശോധിച്ച് അവർക്ക് എന്തെങ്കിലും സഹായം നൽകാനുള്ള പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്.

ധനസഹായം ലഭിക്കുന്നവരെല്ലാം അർഹതയുള്ളവരാണെങ്കിലും നല്ലൊരു ഭാഗം അപേക്ഷകർക്ക് സഹായം ലഭിക്കുന്നില്ല എന്ന് പരക്കെ ആക്ഷേപമുണ്ട്. അതുപോലെ നിർമ്മാണതൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പാക്കിയിട്ടില്ല. നിലവിലുള്ള എല്ലാ ക്ഷേമപദ്ധതികളുടേയും വ്യാപ്തിയും പ്രവർത്തനവും വർദ്ധിപ്പിക്കുവാൻ പ്രത്യേകം പരിശ്രമിക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ 3 മഹിളാ സമാജങ്ങളാണ് ഉള്ളത്. ഈ മഹിളാ സമാജങ്ങളുടെ പ്രവർത്തനം നിർജ്ജീവമാണ്. പൊതുപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ മഹിളകളുടെ പങ്കാളിത്തം അത്യാവശ്യമാണ്. പ്രത്യേകിച്ചും ഇന്നു നടന്നു കൊണ്ടിരിക്കുന്ന ജനകീയ ആസൂത്രണ പരിപാടികളിൽ മഹിളകൾക്ക് കൂടുതൽ പങ്കാളിത്തം ലഭിക്കുവാനായി ശക്തമായ പ്രവർത്തനവും പ്രചരണവും നടത്തേണ്ടതാണ്.

ഇവിടെ ഒരു ബാലവാടി ഉൾപ്പെടെ 22 അംഗൻവാടികളുണ്ട് ഇതിൽ 95% ത്തിനും സ്ഥിരമായ കെട്ടിടങ്ങൾ ഇല്ല. ഇതിൽ 3

അംഗൻവാടികൾക്ക് സ്ഥിരമായ കെട്ടിട നിർമ്മാണം തുടങ്ങിയിട്ടുണ്ടെങ്കിലും സാമ്പത്തിക വിഷമം മൂലം നിർമ്മാണം മന്ദഗതിയിലാണ്. കെട്ടുറപ്പുള്ള സ്ഥിരമായ കെട്ടിടം ഇല്ലാത്തതുകൊണ്ട് വളരെയേറെ പ്രയാസങ്ങൾ അനുഭവപ്പെട്ടുവരുന്നു.

അധിക അംഗൻവാടികളും പ്രവർത്തിക്കുന്നത് വാടകകെട്ടിടത്തിലാണ്. വാടകയിനത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്നത് 25 രൂപയാണ്. ഇത്രയും തുച്ഛമായ തുകയ്ക്ക് വാടകയ്ക്ക് കെട്ടിടം ലഭിക്കുകയില്ല. അധ്യാപികമാർ അവരവരുടെ ശമ്പളത്തിൽ നിന്നും ചുരുങ്ങിയത് 100 രൂപയെങ്കിലും വാടകയിനത്തിൽ ചെലവ് ചേയ്യേണ്ടിവരുന്ന ദുസ്ഥിതിയുണ്ട്. ഇത്രയും രൂപ വാടക കൊടുത്താലും സ്ഥലം കിട്ടാതെ വിഷമിക്കുന്ന ചില അംഗൻവാടികളുമുണ്ട്. ശാസ്താനഗരിൽ നടത്തുന്ന അംഗൻവാടി അത്തരത്തിൽപ്പെട്ടതാണ്. ഇത്തരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അംഗൻവാടികളുടെ അവസ്ഥ മാറുക മാത്രമല്ല എല്ലാ അംഗൻവാടികൾക്കും സ്ഥിരമായ കെട്ടുറപ്പുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്യേണ്ടതുണ്ട്. അതിനു നാട്ടുകാരും പഞ്ചായത്തും മറ്റു സന്നദ്ധസംഘടനകളും മുൻകൈയെടുക്കണം. അകത്തേത്തറ പഞ്ചായത്തിന്റെ കല്യാണമണ്ഡപത്തിനു ഇന്നുള്ള അപര്യാപ്തതകൾ പരിഹരിക്കണം.

ഗ്രാമസഭയിൽ നടന്ന ചർച്ചകളുടേയും ശേഖരിച്ച വിവിരങ്ങളുടേയും അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമ രംഗത്ത് പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

1. നിർമ്മാണ തൊഴിലാളികളിൽ വൈദഗ്ധ്യമുള്ളവരെ കിട്ടുവാനുള്ള പ്രയാസം.

2. സ്ഥിരമായ വരുമാനമില്ലാത്തവർക്ക് വീടു വയ്ക്കുവാനുള്ള വായ്പ ലഭിക്കാനുള്ള വിഷമം.

3. പാർപ്പിടം ഉണ്ടായിട്ടും സ്ഥലപരിമിതി മൂലം കക്കൂസ് നിർമ്മിക്കാൻ കഴിയാത്തവരുടെ പ്രശ്നം.

4. ഭവന നിർമ്മാണ സഹകരണ സംഘങ്ങളോ, ഹൗസിംങ്ങ് കോ_ഓപ്പറേറീവ് സൊസൈറ്റികളോ ഫലപ്രദമായവ ഇല്ലാത്ത അവസ്ഥ.

5. ദുർവ്യയഭവന നിർമ്മാണം നിരുത് സാഹപ്പെടുത്തൽ

6. സംസ്ഥാനത്തെ പാവപ്പെട്ടവൽക്കുവേണ്ടി നടപ്പിലാക്കുന്ന "മൈത്രി ലക്ഷം വീടു പദ്ധതി" ഈ പഞ്ചായത്തിലും നടപ്പാക്കേണ്ടതാണ്.

7. ധന സഹായങ്ങൾ അർഹതപ്പെട്ടവർക്ക് യഥാസമയം ലഭിക്കാത്ത അവസ്ഥ..

സമൂഹത്തിലെ അവശതയനുഭവിക്കുന്ന അഗതികൾ വികലാംഗർ മന്ദബുദ്ധികൾ, സ്ത്രീകൾ, കുഞ്ഞുങ്ങൾ, വൃദ്ധ ജനങ്ങൾ, മിശ്രവിവാഹിതർ, ജയിൽ വിമുക്തർ, എന്നിവരുടെ ഐശ്വര്യവും ക്ഷേമവും മുന്നിൽക്കണ്ട് 1975 സെപ്തംബർ 9ന് രൂപീകൃതമായതാണ്, "സാമൂഹ്യക്ഷേമവകുപ്പ്" ഇതിന്റെ പ്രവർത്തനങ്ങൾ പല മേഖലകളിലായി വ്യാപിച്ചു കിടക്കുന്നു. അതിൽ സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രമായ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പദ്ധതിയണ് "സംയോജിത ശിശുവികസന പദ്ധതി" 1995 ഒക്ടോബർ 2ന് കേരളത്തിൽ ഔദ്യോഗിതമായി നിലവിൽ വന്ന ഗ്രാമ പഞ്ചായത്തുകളിലാണ് ഇന്ന് ഈ പദ്ധതിയുടെ ഒട്ടുമിക്ക പ്രവർത്തനങ്ങളും ലയിപ്പിച്ചിരിക്കുന്നത്. ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യ ങ്ങൾ താഴെപ്പറയുന്നവയാണ്

6വയസ്സുവരെയുള്ള കുട്ടികളുടെ പോഷണാരോഗ്യ നിലവാരം മെച്ചപ്പെടുത്തുക, ശിശുവിന്റെ മാനസികവും ശാരീരികവുമായ വികസനത്തിന് ശരിയായ അടിസ്ഥാനമിടുക. മരണം, രോഗം, പോഷണക്കുറവ്, സ്കൂളിൽ നിന്ന് കുട്ടികൾ കൊഴുഞ്ഞുപോകൽ എന്നിവയുടെ തോത് കുറ്ക്കുക ശിശുവിന്റെ ശരിയായ അരോഗ്യവും പോഷണാവശ്യകതയും ശ്രദ്ധിക്കാൻ തക്കവിധത്തിൽ മാതാവിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് പോഷണവിദ്യാഭ്യാസവും ആരോഗ്യ വിദ്യാഭ്യാസവും നൽകുക. ശിശുവികസനത്തിന് അനുയോജ്യമായ വിധത്തിൽ വിവിധവകുപ്പുകൾ തമ്മിൽ നയ രൂപീകരണത്തിനും നടത്തിപ്പിലും സമീകരണം നടത്തുക എന്നീ ആശയങ്ങൾ പൂരകാഹാരം അനൗപചാരിക പ്രീസ്ക്കുൾ വിദ്യാഭ്യാസം ആരോഗ്യപരിശോധന, രോഗപ്രതിരോധ കുത്തിവയ്പ്പ് പ്രാഥമികാരോഗ്യ രക്ഷ അഥവാ റഫറൽ സേവനങ്ങൾ ആരോഗ്യവകുപ്പും സാമൂഹ്യവകുപ്പും സഹകരിച്ച് നടപ്പിലാക്കുന്ന ഒരു ബൃഹത്പദ്ധതി കൂടിയാണ്.

1991 ൽ പാലക്കാട്, മലമ്പുഴ എന്നീ ബ്ലോക്കുകളുടേയും കീഴിൽ അനുവദിക്കപ്പെട്ട പാലക്കാട് പ്രേജക്ടിലെ ഒരു പഞ്ചായത്താണ് "അകത്തേത്തറ" ഈ പഞ്ചായത്തിലെ അംഗൻവാടിസെൻററുകളിലൂടെ നടപ്പിലാക്കാൻ സാധിക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളുടെ ഒരു ചെറിയ വിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

1. പഞ്ചായത്തിൽ 21 അംഗൻവാടി സെൻററുകളാണ് പ്രവർത്തിക്കുന്നത്. അതിൽ രണ്ടെണ്ണം പഴയ ബാലവാടി കെട്ടിടങ്ങളാണ്. ബാക്കി പുതിയതായി അനുവദിക്കപ്പെട്ടവയുമാണ്. ഇതിൽ എടുത്തു പറയേണ്ട സംഗതി സെൻററുകൾക്ക് ആവശ്യമായ സ്ഥലസൗകര്യമോ കെട്ടിടമോ ഇല്ല. എന്നുള്ളതാണ്. ഇപ്പൊൾ നടന്നു. കൊണ്ടിരിക്കുന്ന കെട്ടിട നിൽമ്മാണ പ്രവർത്തനങ്ങൾ ഇപ്രകാരമാണ്.

രണ്ട് കെട്ടിടങ്ങളുടെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു.. ഒരെണ്ണം നിർമ്മാണത്തിന്റെ ആദ്യഘട്ടം പിന്നിട്ടതെയുള്ളൂ. അതിൽ ഒന്നാകട്ടെ തുക അനുവദിച്ചുകിട്ടിയതെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ പണി തുടങ്ങിയിട്ടില്ല.

ബാക്കി എല്ലാ സെൻററുകളും പ്രവർത്തിക്കുന്നത് ഓലഷെഡ്ഡുകളിലും മററു സ്ഥലസൗകര്യങ്ങൾ കുറഞ്ഞ ഇടങ്ങളിലുമാണ്.

ഇതിൽ സ്റേറാക്കുകൾ സൂക്ഷിക്കുവാനോ പാചകം ചെയ്യുവാനോ കുട്ടികൾക്ക് ഭക്ഷണശേഷം വിശ്രമിക്കുവാൻ പോലും സൗകര്യമില്ലാത്തവിധം ശോചനാവസ്ഥയിലാണ്.

കുടിവെള്ളക്ഷാമം രൂക്ഷമായ സ്ഥലങ്ങളാണധികവും പഞ്ചായത്തിൻെറ എതേങ്കിലും പദ്ധതികളിലുൾപ്പെടുത്തി ഇതും അടിയന്തിര പ്രാധാന്യത്തോടുകൂടി പരിഹരിക്കപ്പെടണം. ആവശ്യമായ "സാനിട്ടേഷൻ" സൗകര്യങ്ങളില്ലാത്തതാണ് മറെറാരു പ്രശ്നം. അംഗൻവാടികുട്ടികൾക്ക് ആഹാരം കഴിക്കുവാൻ പ്ലെററും ഗ്ലാസ്സും ലഭ്യമാക്കുക, കളികോപ്പുകൾ അനുവദിക്കുക എന്നതും ആവശ്യങ്ങളാണ്.

ഇനിയും എടുത്തു പറയുവാനുള്ള ഒരു കാര്യം പഞ്ചായത്തിലെ പട്ടികവർഗ്ഗ സമുദായത്തിൻെറ പുരോഗതിയേപ്പറ്റിയാണ്. അവരുടെ വിദ്യാഭ്യാസത്തിനും സാമൂഹ്യക്ഷേമത്തിനും ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ സഹായങ്ങളും സംവിധാനങ്ങളുമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പൊതുവായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന അനൗപചാരിക പ്രീ സ്ക്കൂൾ വിദ്യാഭ്യാസം അവർക്ക് പ്രയോജനപ്പെടുത്തും വിധം സന്നദ്ധസംഘടനകളുടെ പ്രവർത്തന മേഖല ത്വരിതപ്പെടുത്തുവാൻ പഞ്ചായത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അംഗൻവാടികളിലെ മഹിളാ സമാജങ്ങളെ ഉൾപ്പെടുത്തി "ഗ്രാമ ആരോഗ്യ ക്ലബ്ബുകൾ" രൂപീകരിക്കുകയും അതിൽ യുവജന സംഘടനകളുടെയും, ക്ലബ്ബുകൾ ജനങ്ങളുടെയും കൂട്ടായ പ്രവർത്തനം സാദ്ധ്യമാക്കിയും ജനപങ്കാളിത്തത്തോടു കൂടിയും സാമൂഹ്യക്ഷേമവകുപ്പിൻേറയും തദ്വാരാ അംഗവാടികളുടേയും പ്രവർത്തന പുരോഗതി ഉറപ്പു വരുത്തുവാൻ കഴിയേണ്ടതാണ്.

പൊതുവിതരണം

അകത്തേത്തറ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഇപ്പോൾ 6 റേഷൻ ഷാപ്പുകൾ വഴി ഭക്ഷ്യധാന്യങ്ങളുടെയും ഭക്ഷ്യഎണ്ണകളുടേയും മണ്ണെണ്ണയുടെയും വിതരണം നടന്നു വരുന്നു. പഞ്ചായത്ത് ഓഫീസിനു സമീപമായി ഒരു മാവേലി സ്റ്റോറുമുണ്ട്. ആകെ 4700 ഓളം റേഷൻ കാർഡുടമകളുണ്ട്. തുടർച്ചയായി നല്ലയിനം അരി ലഭിക്കുവാനുള്ള ബുദ്ധിമുട്ടും അരിയുടെ വിലവർദ്ധനവും കാരണമാകാം ഗോതമ്പിന്റെ ഉപഭോഗം സാമാന്യമായി വർദ്ധിച്ചിട്ടുള്ളത്. എന്നാൽ റേഷൻകടകളിൽ കൂടി വേണ്ടത്ര ഗോതമ്പിന്റെ വിതരണം നടക്കുന്നില്ല എന്നു പരാതിയുണ്ട്. പഞ്ചായത്തിൽ മുമ്പുണ്ടായിരുന്ന റേഷൻ കടകളിൽ ചിലത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ധോണി പ്രദേശത്തുള്ളവർക്ക് സൗകര്യമായിരുന്ന പയിറ്റാം കുന്നിലെ റേഷൻകട നിർത്തിപോയതുകൊണ്ട് കാർഡുടമകൾ ഉമ്മിനി റേഷൻകടയിലാണ് വരുന്നത്. ഉമ്മിനിയിലെ റേഷൻകടയിലെ നടത്തിപ്പിനെപ്പറ്റി പരാതികളുമുണ്ട്. അതിനാൽ പയിറ്റാം കുന്നിലോ ധോണിയിലോ തന്നെ വീണ്ടും റേഷൻകട തുടങ്ങാനുള്ള ഏർപ്പാടുകളുണ്ടാക്കണമെന്ന് ഈ പ്രദേശത്തുള്ളവർ ആവശ്യപ്പെടുന്നത് ന്യായമാണ്. കല്ലേക്കുളങ്ങരക്കാർക്കും ഇപ്പോൾ റെയിൽവേ കോളനിയിലാണ് റേഷൻ വാങ്ങാൻ വരേണ്ടത്. കൂടുതൽ ആളുകൾ തിങ്ങിപ്പാർക്കുന്ന കല്ലേക്കുളങ്ങരയിൽ നിന്നുപോയ റേഷൻകട പുനരാരംഭിക്കാൻ നടപടി വേണമെന്നാവശ്യപ്പെടുന്നു. അകത്തേത്തറ സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് ആകെയുള്ള റേഷൻകടകളുടെ നിയന്ത്രണമേറ്റെടുത്താൽ പൊതുവെ പൊതുവിതരണത്തിലെ കാര്യക്ഷമത വർദ്ധിക്കുമെന്ന് ജനാഭിപ്രായമുണ്ട്. റെയിൽവേ കോളനി ഭാഗത്തും കൂടി ഒരു മാവേലി സ്റ്റോർ ആരംഭിക്കണമെന്നതും ഒരു പ്രധാനാവശ്യമാണ്.

&&&&&&&&&

5-8


സംസ്ക്കാരം

ജനങ്ങളിൽ വളർത്തിയെടുക്കാൻ കഴിയുന്ന കലാകായികമാ നസികസ്വ ഭാവവിശേഷ ങ്ങളുടെ ആകെത്തുകയാണ് സംസക്കാരം എന്നു പറയാം. സംസക്കാരം മനുഷ്യരുടെ ജൈവവാ സന കളെ സാമൂ ഹിക പ്രചോദന ങ്ങളാക്കിമാ റ്റുകയും അവരെ കർത്ത വ്യനിരതരാക്കി ചെയ്യുന്നു. ജാതിമത ഭിന്നതകളും ഭാഷാഭേദങ്ങളും വർഗ്ഗവിഭേ നവു മെ ല്ലാം വിവിധ സാംസ്ക്കാരിക ധാരകൾക്ക് ജന്മം നൽകുന്നു. കലാ സാംസക്കാരിക പ്രവർത്തനങ്ങൾ വിനോദവേളകളിൽ മാത്രം ചെയ്യാവുന്ന ഒന്നല്ല മറി ച്ച് മാനുഷിക വി കസനത്തെ സമ്പുഷ്ട മാക്കുന്ന ഒരു നിക്ഷേപഘടകമാണ് വികസന ലക്ഷ്യത്തിന്റെ വിജയത്തിനുതന്നെ അതി ന്റെതായ ഒരു സംസ്ക്കാ രം ആവശ്യമാണ്.

ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസത്യാ നി കളും ഒരുമയോടെ ജീവിക്കുന്ന ഒരു പ്രദേശമാ ണിത്. മതസമന്വയ സൗഹാർദ്ദം ഉൾക്കൊള്ളുന്നതിൽ ബദ്ധ ശ്രദ്ധരായിരുന്ന രാജകുടുംബാംഗങ്ങൾ ഇവി ടെ ഉണ്ടായിരുന്നു. ഹിന്ദുക്കളാണ് കൂടുതൽ. മസ്ലീം കുടുംബങ്ങൾ നാമമാത്ര മായി മാത്രമേയുള്ളൂ. എ ടു ത്തു പറയത്തക്ക ക്രിസതീയ ദേവാലയങ്ങളോ മുസ്ലീം പള്ളി കളോ ഇവിടെയില്ല. കേരളത്തിലെ മഹത്തായ 4 അംബി കാ ക്ഷേത്രങ്ങളിലൊന്നായ കല്ലേക്കുളങ്ങര ഭഗവതി ക്ഷേത്രം ഉദ്ദ്യേശം 600 കൊ ല്ലം പഴക്കം ചെന്നതാണ്. പാലക്കാട്ടശ്ശേരി ശേഖരി വർമ്മ വലിയ രാജാവിന്റെ വകയായ ക്ഷേത്ര ത്തി ന്റെ നിയന്ത്രണം 1933 ൽ ഹിന്ദു മത ധർമ്മസ്ഥാ പന ബോർഡ് ഏറ്റെടുത്തു. ഹേമാംബിക ക്ഷേത്ര ത്തിനു പുറമേ ധോണി മലയോരത്ത് ചേറ്റിൽ വെട്ടി ക്കാവു ഭഗവതിയും ശിവക്ഷേത്രവും രാജാവ്തന്നെ പണിയിച്ചതായി ചരിത്രരേഖകൾ പറയുന്നു. വൃശ്ചി കമാസത്തിലെ മണ്ഡല ഉത്സവമാണ് പ്രധാന ഉത് സവം. 4 ദിവസങ്ങളിലും വലിയ രാജാവിന്റെ വസ തി യിൽ നിന്നും ഭഗവതിക്കു ചാർത്തുന്നതിനുള്ള തിരുതാലി ഒരു തിരുവാഭരണപ്പെട്ടിയിലാക്കി ഒരു തണ്ടിൽ തൂക്കി തണ്ടു വാഹകൻമാർ തോളിലേറ്റി, അതി നു മുന്നിൽ കത്തിച്ച തൂക്കുവിളക്കുമായി ഒരാ ളും,എല്ലാറ്റിനും മുന്നിലായി 'നാട്ട് ' എന്നു ഉറക്കെ നീട്ടി വിളിച്ചുകൊണ്ട് ഒരു മുൻഗാമിയും ഉണ്ടാ യി രിക്കും. ഈ പൊന്നെഴുന്നള്ളിപ്പിന് ഒരു ഐതിഹ്യ മുണ്ട്. പണ്ട് ടിപ്പുവിന്റെ ഭരണ കാലത്ത് ചൊക്കനാ ഥപുരത്തുള്ള രാജാവിന്റെ വസതിയിൽ നിന്നും പൊന്നു വാഹ് കൻമാർ തിരുത്താലിയുമായി എഴു ന്നള്ളിച്ചു വരുമ്പോൾ പഴയകോട്ട എന്ന സ്ഥലത്തു വച്ച് മുഖമൂടി ധരിച്ച കൊ ള്ളക്കാർ ആഭരണപ്പെട്ടി വഹിച്ചിരുന്ന വരെ ആക്രമി ക്കുകയും തിരുവാഭരണ പെട്ടി തട്ടിയെടുക്കാൻ ശ്രമിക്കു കയും ചെയ്തപ്പോൾ എവിടെ നിന്നെന്നറിയാതെ എത്തി യ ഒരു സംഘം കൊള്ളക്കാരെ എതിർത്തു കീഴടക്കുകയും അവരെ ബന്ധനസ്ഥരാക്കി ഭഗവതിക്ഷേത്രത്തിൽ തെക്കു ഭാ ഗത്തുള്ള കുന്നം പാറയുടെ മുകളിൽ കൊണ്ടുപോയി തല വെട്ടി കുന്തത്തിൽ നാട്ടുകയും ചെയ്തുവത്രേ. ആ തല വെട്ടി നാട്ടിയതിന്റെ സ്മാര കമാ യി ട്ടാ ണ ത്രേ ഇന്നും തിരു താലി എഴുന്നള്ളി ക്കുമ്പൊൾ 'നാട്ട്' എന്ന് ഉറക്കെ നീട്ടി വിളിക്കുന്നത്. കുംഭ മാ സ ത്തിലെ ശിവരാത്രി ഉത്സവം ഇവിടെ പ്രധാനമാണ് .ശ്രീ ശങ്കരാചാര്യർ ക്ഷേത്രം സന്ദർശിച്ചിരുന്നതായി പറയപ്പെടുന്നു. പ്രധാന ക്ഷേത്ര കലകൾ ഇന്നും ഇവിടെ അരങ്ങേറുന്നുണ്ട്. കഥകളി ,ഓട്ടൻ തുള്ളൽ, ചാക്യാ ർകൂത്ത് മുതലായവ. മീനഭര ണി ക്കു ശേ ഷ മുള്ള കാർത്തിക ദിവസം ആഘോഷിക്കുന്ന കാർ ത്തി ക വേലക്ക് എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാ ളി ത്തമുണ്ടെന്നുള്ളത് ജന സൗഹാർദ്ദത്തെ സൂചിപ്പി ക്കു ന്നു.

കഥകളിയും ചാക്യാർകൂത്തുമൊക്കെ മേൽത്തട്ടു കാരുടെ കലാസ്വാദനമായി നിലനിന്നി രു ന്ന പഴയ നാളുകളിൽ അവർണ്ണരുടെ വേലയും പൂജ യുമൊക്കെ പ്രാദേശിക തലത്തിൽ നിലനിന്നിരുന്നു. മൃഗ ബലി നടത്തിയിരുന്ന ഈ പൂജാ വസാനനാൾ രാത്രിയിൽ പൊറാട്ടു നാടകം ഇവരുടെ വിനോദോ പാധിയായിരു ന്നു.താഴെത്ത ട്ടിലുള്ള ജനവിഭാഗ ങ്ങളുടെ പ്രതീകമായി ഓരോ പുരുഷനേയും സത്രീ യേയും അവതരിപ്പിക്കും പാലക്കാടൻ നാടിന്റെ പ്രത്യേകതകളൊക്കെ ഊരു ചുറ്റി നടന്നു വരുന്ന വരുടെ യാത്രാ വിവരണ മെന്ന നിലക്ക് ഇവരുടെ പാ ട്ടു കളിലൂടെ അറിയാം.ഉത്തര രാമചരിതത്തിലെ മണ്ണാനും മണ്ണാത്തിയുടെയും വഴക്കിനെ ഓർമ്മിപ്പി ക്കുന്ന വിധത്തിലാണ് പല വേഷങ്ങളുടേയും കഥാം ശം.പക്ഷെ ഒരു മധ്യവർത്തിയുടെ സന്ദർഭോ ചി തമായ ഇടപെടലുകളിലൂടെ ഭാര്യാഭർത്താക്കൻ മാർ

ഒന്നിക്കുന്ന അവസാന ഭാഗം ഗ്രാമീണ മനസ്സുകളിലെ വിട്ടുവീ ഴ്ചാ മനോഭാവത്തെ സൂചിപ്പിക്കുന്നു. തമിഴ് സംഗീത നാടകമായ ഹരിശ്ചന്ദ്ര ഇവർ അവത രി പ്പി ക്കുന്ന മറ്റൊരു കലാരൂപ മാണ് . പാലക്കാട്ടെ പല വംശജരും തമിഴ് നാട്ടിൽ നിന്നും വന്നതാണെന്ന കാ ര്യം ശ്രദ്ധേയമാണ്.



അകത്തേത്തറയിലെ ഇളയച്ഛനിടം

ദ്രാവിഡ സംസ്ക്കാരത്തിന്റെ പാദമു ദ്രകൾ നിശ്ശേഷം മായാതെ നില നിൽക്കുന്ന സ്ഥല മാണ് പാലക്കാട് എന്നറിയാമല്ലോ പൂരം, വേല തുട ങ്ങിയവ ദ്രാവിഡരുടെ ഉത്സവങ്ങളാണ്. പാലക്കാട് രാജാക്കന്മാർ ഇവയെ സംരക്ഷിക്കുന്ന കാര്യത്തിൽ പണ്ടുമുതലേ നിഷ്കർഷയുള്ളവരാണ്. രാജവംശം നിലനില്ക്കുന്ന അകത്തേതറയിലും ഇതുന്റെ ഉറവി ടങ്ങൾ കാണാം. ക്ഷേത്രങ്ങളുടെയും വ്യക്തി കളു ടേ യും പേരുകൾ ഇതിന്ന് തെളിവുനൽകുന്നു. വേട്ട ക്കൊരുമകൻ കാവ്, ചാത്തൻ കുളങ്ങര, ഇട്ടി, കോ മ്പി, കുട്ടിചാത്ത,ചാത്തുക്കുട്ടി കോതറ കുളം കൊ ങ്ങ പ്പാടം മുതലായവ.

പാത്രനിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ച ആണ്ടിമഠം നിവാസികളുടെ മാരിയമ്മൻ പൂജ തമിഴ്നാട് സംസ്കാരം വിളിച്ചോതുന്ന ഒന്നാ ണ്. തമിഴ് വംശജരുടെ ക്ഷേത്ര കലകളിൽ പ്രധാ ന ങ്ങളായ മയിലാട്ടം, കുംഭക്കളിതുടങ്ങിയത് പാലക്കാ ടിന്റെ പല ഭാഗങ്ങളിലെന്ന പോലെ ആണ്ടിമഠത്തി ലും പ്രധാന്യം കല്പിക്കുന്നു.

കലാസാംസ്ക്കാരിക വേദി സമൂ ഹ ത്തി ലെ മേൽതട്ടുകാർക്കുമാത്രം ഉപയുക്ത മായാണ് ഇന്നു വരെ കാണാൻ കഴിഞ്ഞിട്ടുള്ളത്. വർദ്ധിച്ച മൂ ലധനശേഷി, ഒഴിവ് സമയം കണ്ടെത്തൽ മുതലായവ അധ: സ്ഥിതരായ ജനലക്ഷങ്ങൾക്ക് അനഭിഗമ്യമായി തീരുകവഴി രാഷ്ട്രത്തിനകത്തെ ജാതി മത ധനിക വിഭാഗങ്ങൾക്ക് അവയെ കൈ പ്പിടിയിലൊതുക്കാൻ കഴിയുന്നു. ഈ ദൂര വസ്ഥയാണ് ആധുനിക യു ഗ ത്തിലെ സാംസക്കാരികാ പചയങ്ങൾക്ക് നിദാനം.

ഗ്രന്ഥശാലാപ്രസ്ഥാനം കേരള ത്തി ന്റെ സാമൂഹ്യവും സാംസക്കാരികവുമായ വികാസ ത്തിന് വലിയപങ്കു വഹിച്ചിട്ടുണ്ട്. കലാവേദി കളും മറ്റും ഈ പ്രസ്ഥാനത്തിൽ നിന്നു രുത്തിരിഞ്ഞു വന്ന താണ്. ജാതിമത ഭേദങ്ങൾക്കും അന്ധവി ശ്വാസങ്ങ ൾക്കുമെതിരായ സാമൂഹ്യ പരിഷ്ക്കരണ ങ്ങളിലും ഗ്രന്ഥശാലാപ്രസ്ഥാന ങ്ങളുംകലാവേദികളും അവ രുടെ പ്രവർത്തനം കാഴ്ച്ചവെച്ചിട്ടുണ്ട്.

അകത്തേത്തറയിൽ നിലവിൽ പ്രവർ ത്തന ക്ഷമതയുള്ള വായനശാലകളും ഗ്രന്ഥശാലക ളും താഴെ പറയും പ്രകാരമാണ് (വാർ ഡുതലമീറ്റി ങ്ങിൽ നിന്നു ലഭിച്ചവ)

1. ശ്രീ നാരായണ ഗുരുവായനശാല		മേലേപ്പുറം
2.ഹേമാംബികാ ആർട്ട്സ് സേപാർട്ട്സ് ക്ലബ്	&	കല്ലേകുളങ്ങര
3. യുവകലാവേദി		നടക്കാവ്
4. കമലാനെഹറു വായനശാല		കൊങ്ങപ്പാടം
5. പുരോഗമ വായനശാല		ചേറങ്ങാട്ടുകാവ്
6. അകത്തേതറ പഞ്ചായത്ത് സാംസ്ക്കാരികനിലയം		അകത്തേതറ
7. റിക്രിയേഷൻ ക്ലബ്		ഉമ്മിനി
8.പാപ്പപറമ്പ് വായനശാല		പാപ്പറമ്പ്
9. റെയിൽവേ ഇൻസ്റ്റിറ്റ്യൂട്ട്		ഹേമാംബികാ നഗർ
10.ഉദയാ ക്ലബ് പപ്പാടി		പപ്പാടി
11. വിവേകാനന്ദ വായനശാല		നടക്കാവ്
12 കുമാരനാശാൻ വായനശാല		

കല്ലേക്കളങ്ങര ഹേമാംബിക ആർട്സ് & സേപോർട്ട്സ് ക്ലബ് നെഹറുയുവകേന്ദ്രയുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട് പഴയകാലത്തെ പ്രവ ർത്തനത്തിൽ നിന്നുഇപ്പോൾ പുറകോട്ടു പോകുന്നു

അകത്തേതറ ഗ്രാമപഞ്ചായത്തിലെ ഗ്രന്ഥശാലവായനശാലയിൽ 75 മെമ്പർമാരുണ്ട് 1200ഓളം പുസ്തകങ്ങളുണ്ട്. മാതൃഭൂമി, മനോരമ ദേശാഭിമാനി, കേരളകൗമുദി മുതലായ പത്രങ്ങൾ

മാതൃഭൂമി, മനോരമ , കലാകൗമദി മുതലായ അഴ്ചപതിപ്പുകൾ ഇന്ത്യ ടുഡേ എന്ന മാസിക മുത ലായ വയും ഉണ്ട്. ഇംഗ്ലീഷ് പത്രങ്ങളോ മാസികക ളോ ഇല്ല. കേരള ഗ്രന്ഥശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടില്ല. ഗ്രാൻറില്ല. കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ലൈബ്രേറിയന് 400 രുപ ഓണറേറിയം നൽകു ന്നു.

മേലേപ്പറത്തുള്ള ശ്രീ നാരായണ ഗുരു ഗ്രന്ഥശാല ഗ്രാൻറലഭിക്കുന്നതും കലാപരി പാടി കളുംമറ്റും നടത്തുന്നതുമായ ഒന്നാണ് യുവകലാവേ ദി നടക്കവ് നല്ലനിലയിൽ പ്രവർത്തിച്ചിരിന്നതണെ ങ്കിലും ഇന്ന് അത് ചലനമറ്റ സ്ഥതിയിലാണ്. യുവക ലാവേദിയിലും കമലാ നെഹറുവായനശാലയിലും പുരോഗമന വായനശാലയിലും പത്രങ്ങളും ടെലിവി ഷൻ സെറ്റുമുണ്ട്.

മറ്റുള്ളവ വേണ്ടത്ര സൗകര്യങ്ങളില്ലാ ത്ത നാമമാത്ര വായന ശാലകളായി നിലകൊള്ളു ന്നു. അകത്തേതറ കല്ല്യണമണ്ഡപം എല്ലാ ജനവിഭാ ഗ ങ്ങളുടേയും കലാസാംസക്കാരിക പ്രവർത്തനത്തി നും വിവാഹാദികൾക്കും സൗകര്യപ്രദമായ രീതിയി ൽ തുറന്നുകൊടുത്തിട്ടുള്ള പഞ്ചായത്തിൻെറ മുതൽ ക്കൂട്ടാണ്. ഇതിനു സമീപം സ്ഥിതിചെയ്യുന്ന ഖാദി സൊസൈറ്റി, മഹിളാ സമാജം തുടങ്ങിയവയും സംസ്ക്കാരിക പ്രവർത്തന മേഖല കളിലെ മാദ്ധ്യ മങ്ങളായി നിലകൊള്ളുന്നു.

ജനകീയാസൂത്രണം ഭക്ഷണം, വസ് ത്ര ം പാർപ്പിടം എന്നീ ദൗതികനേട്ടങ്ങൾ ഉണ്ടാക്കാ ൻമാ ത്രമുള്ള ഒന്നല്ലെന്നും ഒരു നവസംസ്ക്കാരത്തെ പ്രചരിപ്പക്കുവാനും സാംശീകരി ക്കുവാനും കൂടിയു ള്ളതാണ്.എന്നു ജനസാമാന്യത്തെ ബോധ്യ പ്പെടു ത്തുന്നതിന് മാദ്ധ്യമരംഗത്ത് ഇലക്ട്രോണിക് വിസ് ഫോടനം സ്ഥാപിത താല്പര്യക്കാർ എങ്ങനെ ദുരുപ യോഗപ്പെടുത്തുന്നു എന്ന് നമുക്ക് അറിയാവുന്ന താണ്. വീഡിയോ ക്ലബ്ബുകൾ ഗ്രന്ഥശാ ലകൾകലാ വേദികൾ മുതലായവയിലുടെ ഒരു ബദൽ മാദ്ധ്യമ ശൃംഖല സ്ഥാപിക്കണം. ഇതിന്നായി ഓരോ വാർഡി ലുംഭൗതികസാഹചര്യങ്ങളോടുകൂടിയ ഗ്രന്ഥശാല കളും കലാസമിതികളും ഉണ്ടായിരിക്കേണ്ടത് ആവശ്യ മാണ് ജനകീയ പങ്കാളിത്തത്തോടുകൂടി നിലവിലുള്ള വയെ ഉയർത്തിക്കൊണ്ടു വരാനുള്ള ശ്രമം ഉണ്ടാകേ ണ്ടതാണ്.

ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യ മുള്ളമനസ്സ് എന്ന ചൊല്ല് കായിക പരീശീലനത്തി ൻെറ പ്രാധാന്യം വിളിച്ചോതുന്നു. സേപാർട്ട്സ് ശരീരത്തെ ശക്ത മാക്കുന്നതോടൊപ്പം ധൈര്യവും ദൃഢ ചിത്തതയും സംഘപ്രവർത്തന മന: സഥി തിയും വ്യക്തികളിൽ സൃഷ്ടിക്കുന്നു.പഞ്ചായത്ത് രാജ്നിലവി ൽവന്നിരി ക്കുകയും ജനകീയ ചർച്ചക ളിലൂടെ പദ്ധതി രൂപപ്പെ ടുത്താൻ സന്ദർഭം ലഭിക്കുക യും ചെയ്ത ഈ അവസരം ഉപയുക്തമാക്കി ഒരു കായിക സംസ്ക്കരം വളർത്താൻ ബഹു ജനപ്രസ്ഥാ നം കെട്ടപ്പടുക്കുകയും വേണം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ സാംസ്ക്കാരിക പ്രശ്നങ്ങൾ നിർജ്ജീവാവസ്ഥയിലാണ്.പുസ്തക വിതരണത്തിൻെറ ശരാശരി കണക്ക് പരിശോധി ച്ചാൽ ഗ്രന്ഥാലയങ്ങളുടെ പ്രവർത്തികൾ ശോചനീയ മാണെന്ന് കാണാം. ജനസംഖ്യയിൽ എതാണ്ട് 3 % വരുന്നവർ മാത്ര മാണ് ഗ്രന്ഥാലയ സൗകര്യങ്ങൾ ഉപയോഗിക്കുന്നത്.

2. വനിതകളുടെ കലാസാംസ്ക്കാരിക രംഗ ങ്ങളിലെ പങ്കാളിത്തം നാമമാത്രമാണ്.

3. സാമ്പത്തിക പരാധീനത ഗ്രന്ഥലായ ങ്ങളുടെ ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന തിന് തടസ്സം നില്കുന്നു

4. എല്ലാ വാർഡുകളിലും ഗ്രന്ഥാലയങ്ങളില്ല

5. അമേചച്വർ കലാസാംസക്കാരിക സംഘ ട നകളുടെ പ്രവർത്തനം നിർജ്ജീവമാണ്.(വർഷം തോറും സമൂഹ്യ നാടകങ്ങളവതരിപ്പിച്ചുകൊണ്ട് ജില്ലയിലാകെ ശ്രദ്ധയാകർഷിച്ചിരുന്ന നടക്കാവ് യുവ കലാവേദി ഇപ്പോൾ ഈ രംഗത്തില്ല)

6. അവശകലാകാരൻമാരെ സംരക്ഷിക്കണം.

7.കുത്തക മാധ്യമങ്ങളുടെ കടന്നാക്രമണം സാം സക്കാരിക അപചയത്തിന് കളമൊരുക്കുന്നു. അ ശ്ലീല സിനിമ പ്രദർശനവും, പോസറ്ററുകളുടെ വ്യാപനവും നിരോധിക്കണം.

സാധ്യതകൾ

1. ഒരോ വാർഡിലും ഒരു സാംസ്ക്കാരിക കേന്ദ്രം ഉണ്ടാകേണ്ടതാണ്. നിലവിലുള്ള ഗ്രന്ഥാലയങ്ങളെ പഞ്ചായത്ത് സാംസാകാരിക കേന്ദ്രങ്ങളായും പഞ്ചായത്ത് ഇൻഫർമേഷൻ സെൻറ്ററുകളായും മാറ്റാവു ന്നതണ്.

2. സാംസ്ക്കാരിക കേന്ദ്രങ്ങളെ സമൂഹത്തിൻെറ പുരോഗതിക്ക് ഉതകുന്ന സ്ഥാപനങ്ങളാക്കി വികസിപ്പിക്കന്നതിൽ ശ്രദ്ധിക്കുകയും അതാത് പ്രദേശങ്ങളെ വിദ്യാഭ്യാസ സ്ഥാപനങ്ങളായി കൂട്ടി യോജിപ്പിക്കുകയും വേണം. സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ പഞ്ചായത്ത് സഹായിക്കണം.

3. കാർഷിക വ്യാവസായിക മേഖലയുടെ വികസനത്തിനായി ആധുനീക കാർഷിക വ്യാവസായിക രംഗങ്ങളെ പരിചയപ്പെടുത്താൻ സാംസ്ക്കാരിക കേന്ദ്ര ങ്ങളെ ഉപയോഗപ്പെടുത്തണം.

4. കേരളോത്സവം പോലുള്ള പരിപാടികൾ വമ്പിച്ച ജനപങ്കാളിത്തത്തോടെ വാർഡുതലം മുതൽ സംഘടിപ്പിക്കണം.

5. നിലവിൽ വായനശാലകൾ ഇല്ലാത്ത വാർഡു കളിൽ വായന ശാല കൾ സാഥാപിക്കണം.

6. സത്രീകളിലെ വായനാശീലം വർദ്ധിക്കുന്നതിനാവശ്യ മായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണം; സഞ്ചരിക്കുന്ന വായനശാലകൾ തുടങ്ങാവുന്നതാണ്.

7. വായനശാലകൾ കേന്ദ്രീകരിച്ച് **TV** പരിപാടികൾ റിവ്യൂ ചെയ്യുന്ന പരിപാടി സംഘടിപ്പിക്കുന്നത് നന്നായിരിക്കും. വീഡിയോഫിലിം സൊസൈറ്റി തുടങ്ങാവുന്നതാണ്. കുട്ടികളുടെ നാടക പ്രസ്ഥാനം ആരംഭിക്കണം. സ്ക്കൂൾ / കോളേജു തലത്തിൽ മികവ് തെളിയിച്ച വിദ്യർത്ഥികളെ പ്രോത്സാഹിപ്പി ക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൻെറ ഭാഗത്തു നിന്നും സജീവമായി ഉണ്ടാകണം.

8. പ്രകടമായ വിവാഹധൂർത്ത് സത്രീധന സമ്പ്രദായം മുതലായവക്കെതിരെ ബോധവത്കരണ ക്യാമ്പയിനുകൾ എറ്റെടുക്കണം.

9. പഞ്ചായത്തിൻെറ പലഭാഗങ്ങളിലും കേന്ദ്രീകരിച്ചു നടക്കുന്ന വ്യാജ മദ്യ വില്പന, മയക്കുമരുന്നു കച്ചവടം തുടങ്ങിയവക്കെതിരെ കർശനമായ നടപടികളെടുക്കണം.

10. അവശകലാകാരൻമാരെ സംര ക്ഷിക്കുന്നതി നും അവർക്ക് സാമൂഹ്യ സുരക്ഷിതത്വം നൽകുന്നതിനും സാമ്പത്തിക സഹായം നൽകണം. (അന്യം നിന്നു പോകുന്ന ആയോധന കലാരംഗത്തെ പ്രമുഖർ ഇന്നു അവശതയനുഭവിച്ചു കൊണ്ടിരിക്കുന്നു)

11. ശബരി ആശ്രമം കേന്ദ്രമാക്കി ഒരു ചരിത്ര മ്യൂസിയം സ്ഥാപിക്കണം.

12. പഞ്ചായ്ത്തിൻെറ നേതൃത്വത്തിൽ ഒരു ' ഗൈഡൻസ് സെൻറർ' .സ്ഥാപിച്ച് പ്രീ. എക്സാമിനേഷൻ കോച്ചിങ്ങുകളും മറ്റും നടത്താൻ നടപടികളുണ്ടാകണം. *

5-9 വനിതാക്ഷേമം

ആമുഖം

സ്ത്രീയുടെ അദൃശ്യത കേരള വികസന പ്രക്രിയയിലെ ദൗർബല്യങ്ങളിലൊന്നാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പുരോഗമന പ്രാസ്ഥാനങ്ങൾക്ക് ഏറെ സ്വാധീനമുള്ള കേരളത്തിൽ സ്ത്രീയുടെ സാമൂഹികപദ്ധതി ഇന്നും അധമമായി തുടരുന്നു. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളുടെ തൊഴിലില്ലായ്മ അതിരൂക്ഷമാണ്. വിദ്യാസമ്പന്നരെങ്കിലും, തൊഴിൽ മേഖലകളിലും വ്യക്തമായ ലിംഗവിവേചനം നിലകൊള്ളുന്നു. കൂലിയുടെ നിരക്കിലും സാരമായ അന്തരമുണ്ട്.

തൊഴിൽപ്രശ്നങ്ങൾ, ദാരിദ്ര്യം, കടം, സ്ത്രീധനം, ലൈംഗികപീഢനം ഇവയൊക്കെ കൂടുതലായി ഉണ്ടായിക്കൊണ്ടിരിക്കുന്നത് സ്ത്രീകൾക്കെതിരായിട്ടാണ്. മതമൗലികവാദം, തീവ്രവാദം ഫ്യൂഡൽ ആധിപത്യം, മതപരമായ പീഢനങ്ങൾ തുടങ്ങിയ സാമൂഹിക പ്രശ്നങ്ങൾക്ക് ആദ്യം ഇരയാകുന്നതും സ്ത്രീകളാണ്. ഇത്തരം നീക്കങ്ങളുടെ ഒന്നാമത്തെ ലക്ഷ്യംതന്നെ സ്ത്രീകളുടെ സാമൂഹിക പദവി തകർക്കുക എന്നതാണ്.

സംവരണാടിസ്ഥാനത്തിൽ സ്ത്രീകൾക്കു ലഭിക്കുന്ന പ്രാതിനിധ്യം കൊണ്ടുമാത്രം സ്ത്രീകളുടെ ഭരണപങ്കാളിത്തം ഉറപ്പാക്കാനാവില്ല. പതിവു ചുമതലകൾ നിറവേറ്റലും, കമ്മിറ്റിയിലെ വോട്ടെടുപ്പുകളിൽ അവകാശം വിനിയോഗിക്കലും മാത്രമായി പല വനിതാ ജനപ്രതിനിധികളുടേയും പ്രവർത്തനമേഖല ചുരുങ്ങിപ്പോയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, തെരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികളുടെ യഥാർത്ഥ ഭരണപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും അതുവഴി സ്ത്രീസാമാന്യത്തിന്റെ നില മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം.

സ്ത്രീകൾക്കായി പ്രത്യേക പരിശീലനപരിപാടി ആരംഭിക്കണം. പഞ്ചായത്ത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും പുറമേ സ്ത്രീയുടെ പദവിയെക്കുറിച്ച് പ്രത്യേക പ്രശ്നങ്ങളെ കുറിച്ചും പഠിപ്പിക്കണം. നേതൃത്വ-ഭരണ പരിശീലനം വേണം.

പുരുഷമേധാവിത്വത്തിന്റെ ദുഷ്പ്രവണതകൾക്കെതിരെ ആശയപരവും പ്രായോഗികവുമായ പ്രചാരണം ബോധപൂർവ്വമായും തുടർച്ചയായും നടത്തേണ്ട ഒന്നാണ്.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള പ്രവർത്തനങ്ങളിലെല്ലാം തന്നെ പരമാവധി സ്ത്രീകളെ പങ്കെടുപ്പിക്കുന്നതിന് ബോധപൂർവ്വമായ പരിശ്രമം ആവശ്യമാണ്.

സ്ത്രീകൾക്കുംകുട്ടികൾക്കും വേണ്ടിയുള്ള വികസന പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ശ്രമിക്കണം.

അകത്തേത്തറ പഞ്ചായത്തിലെ ജനസംഖ്യയുടെ 50.43% സ്ത്രീകളാണ്. ജനസംഖ്യയിലെ സ്ത്രീപുരുഷ അനുപാതം 1000 പുരുഷൻമാർക്ക് 1017 സ്ത്രീകൾ എന്നതാണ്. സ്വാതന്ത്ര്യ സമരകാലത്ത് അനേകം പുരുഷൻമാർ നേതൃനിരയിലേക്കുയർന്നുവന്നപ്പോഴും രാജകുടുംബങ്ങളിൽ നിലനിന്നിരുന്ന ലിംഗ വിവേചനത്തിന്റെ ഭാഗമായി സ്ത്രീകൾ അകത്തളങ്ങളിൽ ഒതുങ്ങിക്കൂടി. ഭൂപരിഷ്ക്കരണ നിയമംമൂലം ജൻമിമാർക്ക് ഭൂമി നഷ്ടപ്പെട്ടു എങ്കിലും സമൂഹത്തിലെ മറ്റു

പരിപാടികളിൽ പങ്കെടുക്കുന്നതിന് അത്തരം കുടുംബങ്ങളുടെ സ്ത്രീകളുടെ മിഥ്യാഭിമാനം അനുവദിച്ചില്ല. ഹിന്ദി പ്രചാരണ രംഗത്ത് പ്രവർത്തിച്ചിട്ടുള്ള സ്ത്രീകൾ ഇതിനൊരപവാദമാണ്. വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ ഉണ്ടായിട്ടുള്ള പുരോഗതിമൂലം പണ്ടുണ്ടായിരുന്ന സമ്പ്രദായങ്ങളിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

1991 ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ചുള്ള വിവരങ്ങൾ.

	പുരുഷൻ	സ്ത്രീ	ആകെ
ജനസംഖ്യ	10664	10850	21514
സാക്ഷരതാനിരക്ക്			
പട്ടികജാതി	1101	1132	2233
പട്ടികവർഗ്ഗം	8	11	19
മറ്റുള്ളവർ	9555	9707	19262

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങൾ

1. പ്രധാന തൊഴിൽ മേഖലകളായ കൃഷി കെട്ടിടനിർമ്മാണം എന്നിവയിലെ കൂലി നിരക്കിലുള്ള വ്യത്യാസം.
2. സ്ത്രീകളുടെ വരുമാനം കൊണ്ടുമാത്രം കഴിയുന്ന കുടുംബങ്ങളുടെ ആധിക്യം.
3. സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതയും, സാമ്പത്തിക പരാധീനതകളും കുടുംബപ്രാരാബ്ധവും അവരെ പൊതു രംഗത്തുനിന്നും അകറ്റുന്നു.
4. സ്ത്രീകൾക്ക് നേതൃത്വം കൊടുക്കുവാനുതകുന്ന സംഘടനകളോ സംരംഭങ്ങളോ ഒന്നും ഇല്ല.
5. സ്ത്രീകളുടെ ഇന്നത്തെ സാമൂഹിക പദവിയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുന്നില്ല.
6. ആദിവാസികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ ഒന്നും തന്നെ ഫലവത്തായിട്ടില്ല.
7. ചാരായ നിരോധനം നിലവിലുണ്ടെങ്കിലും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വില്പന തുടരുന്നു.
8. വനിതകൾ നേതൃത്വം കൊടുക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളോ സഹകരണ സംഘങ്ങളോ നിലവിലില്ല.

കൃഷി

കാർഷിക മേഖലയിലെ മുരടിപ്പ് കർഷകതൊഴിലാളി സ്ത്രീകളുടെ തൊഴിലവസരം കുറയാൻ കാരണമായിട്ടുണ്ട്. കാർഷികമേഖലയിലെ സ്ത്രീകൾ ഭൂരിഭാഗവും ഇന്ന് ഉപജീവനത്തിന് കെട്ടിട നിർമ്മാണം, റോഡുപണി, പാറമടയിലെപണി ഇതിനെയെല്ലാമാണ് ആശ്രയിക്കുന്നത്. കൂലിയിലുള്ള സാരമായ വ്യത്യാസം കുടുംബങ്ങളെ മോശപ്പെട്ട ജീവിതനിലവാരത്തിലേക്ക് നയിക്കുന്നു. നിർമ്മാണ പണികൾ കൂടുതലായും പട്ടണങ്ങളിലാണ് നടക്കുന്നതെന്ന കാരണത്താൽ ദിവസേനയുള്ള യാത്ര ഒരു പ്രശ്നമായി തീർന്നിരിക്കുന്നു. കൂടുതൾ ശാരീരിക അദ്ധ്വാനം ആവശ്യമുള്ളതും സുരക്ഷിതത്വം കുറഞ്ഞതുമായ ഇത്തരം മേഖലകളിൽ നിന്ന് കാർഷിക വൃത്തിയിലേക്ക് സ്ത്രീകളെ തിരിച്ചുവിടുന്നത് അവർക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യം സൃഷ്ടിക്കണം. പച്ചക്കറികൃഷി, ഔഷധസസ്യകൃഷി, ഉദ്യാനകൃഷി തുടങ്ങിയ കാർഷിക പദ്ധതികൾക്കുള്ള സാദ്ധ്യതകൾ ഈ പഞ്ചായത്തിലുണ്ട്. കന്നുകാലി സംരക്ഷണം, ക്ഷീരവികസനം തുടങ്ങിയ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. ക്ഷീരവികസന വകുപ്പ്വനിതകൾക്കായി നാടൻ ക്ഷീരോത്പ്പന്ന നിർമ്മാണപരിശീലന പരിപാടി സംഘടിപ്പിക്കുന്നുണ്ട്. അഭ്യസ്ഥവിദ്യരായ ചെറുപ്പകാർക്ക് തൊഴിൽസാദ്ധ്യത, വീട്ടമ്മമാരുടെ ഒഴിവുസമയങ്ങൾ ഗുണകരമായി പ്രയോജനപ്പെടുത്തി അധികവരുമാനം കണ്ടെത്തൽ, മിച്ചം വരുന്ന പാലിന് വിപണി കണ്ടെത്തൽ, പാലിൽ നിന്ന് അധിക വരുമാനം കിട്ടാനുള്ള സാദ്ധ്യത എന്നിവയാണ് പ്രസ്തുത പരിപാടി ലക്ഷ്യമിട്ടിരിക്കുന്നത്.

തൊഴിൽ

സാങ്കേതിക വിദ്യാഭ്യാസമുൾപ്പെടെ ഉന്നത ബിരുദങ്ങൾ നേടിയ സ്ത്രീകൾ ധാരാളമുണ്ടെങ്കിലും തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തിലെ സ്ത്രീ ജനസംഖ്യയുടെ 18.9% മാത്രമാണ് വിവിധ മേഖലകളിലായി തൊഴിൽ ചെയ്യുന്നത്. സ്ത്രീകളുടെ ഇടയിലെ രൂക്ഷമായ തൊഴിലില്ലായ്മ ചർച്ച ചെയ്യപ്പെടേണ്ടതാണ്. പതിവുമേഖലകളിലല്ലാതെയുള്ള പുതിയ തൊഴിൽ മേഖലകളിലേക്ക് കടന്നുവരാൻ സ്ത്രീകൾ മടിക്കുന്നുണ്ട്. തൊഴിൽദിനങ്ങളുടെ കുറവ്, മോശപ്പെട്ട ജീവിതസാഹചര്യം, വർദ്ധിച്ചുവരുന്ന ജീവിതചിലവ് എന്നിവ പരമ്പരാഗത തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം നശിപ്പിക്കുന്നു. വിദ്യാഭ്യാസത്തിനും മറ്റും സർക്കാർ സൗജന്യം ലഭിക്കുമ്പോൾ പോലും അത് നന്നായി പ്രയോജനപ്പെടുത്തുവാൻ കഴിയാത്ത അവസ്ഥയിലാണ്. ഇത്തരം കുടുംബങ്ങളിലെ കുട്ടികൾ. പുതിയ തൊഴിൽ മേഖലകളിലെ സാദ്ധ്യതകളെക്കുറിച്ച് ഒരു ബോധവത്ക്കരണം നടത്തണം.

ചെറുകിടവ്യവസായം

DWCRA യുടെ കീഴിലുള്ള 4 ചെറുകിട വ്യവസായ യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പപ്പടനിർമ്മാണം, മൺപാത്ര നിർമ്മാണം, നെല്ലുകുത്ത്, കറവപശുപാലനം എന്നീ മേഖലകളിലാണ് ഇവയുടെ പ്രവർത്തനം. ഏകദേശം 45 ഓളം സ്ത്രീകൾ ഈ കേന്ദ്രങ്ങളിൽ ജോലിചെയ്യുന്നുണ്ട്. കൂടുതൽപേർക്ക് തൊഴിലവസരങ്ങൾ നൽകാൻ കഴിയുന്ന ഒരു പുതിയ യൂണിറ്റ് - ബ്രഷ് നിർമ്മാണം കൂടി ആരംഭിക്കുവാനുള്ള സാദ്ധ്യതകൾ ഇവിടെയുണ്ട്. വൈവിദ്ധ്യമുള്ളതും നൂതനവുമായ മേഖലകളിൽ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം പഞ്ചായത്ത് തലത്തിൽ നൽകണം. ജില്ലാ വ്യവസായകേന്ദ്രം, DRDA തുടങ്ങിയ ഏജൻസികളിൽ നിന്ന് വായ്പയെടുത്ത് മഹിളാസമാജങ്ങളുടെ ആഭിമുഖ്യത്തിൽ പുതിയ യൂണിറ്റുകൾ രൂപീകരിക്കുവാൻ കഴിയും. ഏകദേശം 40 വർഷങ്ങളിലേറെയായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഒരു ഖാദി യൂണിറ്റ് ഈ പഞ്ചായത്തിലുണ്ട്. 50 ഓളം സ്ത്രീകൾ ഇവിടെ പണിയെടുക്കുന്നുണ്ട്. കൂടുതൽ സ്ത്രീകൾക്ക്

തൊഴിലവസരം ഉണ്ടാക്കികൊടുക്കുവാൻ സാദ്ധ്യതയുള്ള ഒരു യൂണിറ്റാണിത്. നൂൽനൂൽപ്പ്, നെയ്ത്ത് എന്നിവയാണ് പ്രസ്തുതയൂണിറ്റിൽ നടക്കുന്നത്. ഇതിന്റെ പ്രവർത്തനം പഞ്ചായത്തിലെ മറ്റുഭാഗങ്ങളിലുള്ള വർക്കുകൂടി ഗുണകരമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

ആരോഗ്യം

പഞ്ചായത്തിൽ സാധാരണക്കാരായ ജനങ്ങൾക്ക് ചികിത്സ ലഭിക്കുന്നതിനായി ഒരു PHCയും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന സബ്സെന്ററുകളും ഒരു ആയുർവ്വേദ ഡിസ്പെൻസറിയുമാണുള്ളത്. യാത്രാക്ലേശം ഒന്നുകൊണ്ടുമാത്രം ഇത്തരം സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കാത്ത നിരവധി ആളുകൾ പഞ്ചായത്തിലുണ്ട്. PHC യിലും ആയുർവ്വേദ ഡിസ്പെൻസറിയിലും വരുന്ന രോഗികളിൽ ഭൂരിഭാഗവും സ്ത്രീകളാണ്.

	ആൺ	പെൺ	കുട്ടികൾ
PHC	4060	5940	1648
ആയുർവ്വേദ ഡിസ്പെൻസറി	1076	1292	322

(ശരാശരി എണ്ണം)

പഞ്ചായത്തിലെ മാതൃ ശിശുമരണ നിരക്കുകൾ സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. ഏതെങ്കിലും തരത്തിലുള്ള കുടുംബാസൂത്രണമാർഗ്ഗങ്ങൾ സ്വീകരിച്ചവരിൽ 91% പേരും സ്ത്രീകളാണ്. അംഗനവാടികളുടെ പ്രവർത്തനം വഴി സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യപ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നുണ്ട്. ആദിവാസി മേഖലയിലെ ആളുകളെ അശാസ്ത്രീയമായ ചികിത്സാരീതികളിൽനിന്നും മോചിപ്പിച്ച് അവരുടെ ആരോഗ്യരക്ഷക്കുവേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കണം.

സാമൂഹ്യക്ഷേമം

സ്ത്രീപീഡനം, ലൈംഗികപീഡനം പുരുഷൻമാർക്കിടയിലെ മദ്യപാനം എന്നിവ സ്ത്രീകളുടെ സാമൂഹിക പദവിക്കെതിരായി നിൽക്കുന്ന മുഖ്യ ഘടകങ്ങളാണ്. സ്ത്രീധനത്തിന്റെ പേരിൽ ദുരിതമനുഭവിക്കുന്നവരുടെ പ്രശ്നങ്ങൾ സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുന്നില്ല. പ്രസ്തുത പ്രശ്നങ്ങൾ നിയമപരമായി നേരിടാൻ പഞ്ചായത്ത് തലത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തണം. അശ്ലീല പോസ്റ്ററുകൾ കർശനമായി നിരോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളുടെ മുഖ്യ ഘടകമായ അംഗനവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനുള്ള പൊതുവേദി യാക്കി പ്രസ്തുത കേന്ദ്രങ്ങളെ മാറ്റണം ഇത്തരം പുരോഗമന പ്രവർത്തനങ്ങൾക്കെല്ലാം തന്നെ സ്ത്രീകളെ സംഘടിപിക്കുന്നതിനാവശ്യമായ ബോധവൽക്കരണം മഹിളാസമാജങ്ങൾ, മഹിളാപ്രസ്ഥാനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ നടത്തണം. മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ സാധാരണക്കാരെകൂടി ഉൾകൊള്ളിച്ചുകൊണ്ട് നടത്തണം. സമൂഹത്തിലെ ഇന്നത്തെ പദവിയെക്കുറിച്ച് ഓരോ സ്ത്രീകളെയും ബോധവത്ക്കരിച്ച് അവരെ വികസന പ്രക്രിയയിലെ പങ്കാളികളാക്കാൻ കാര്യക്ഷമമായ പദ്ധതികൾ ആവിഷ്ക്കരിക്കണം.

5 - 10 സഹകരണം

നിലവിലുള്ള സംഘങ്ങൾ

സഹകരണപ്രസ്ഥാനത്തിന് കാര്യമായ വേരോട്ടം ലഭിക്കാത്ത ഗ്രാമപഞ്ചായത്താണ് നമ്മുടേത്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പ്രാദേശികമായി കഴിയാവുന്നത്ര പരിഹാരം കാണുന്നതിന് 1951 - ൽ രജിസ്റ്റർ ചെയ്ത കൃഷിക്കാരുടെ സന്നദ്ധസംഘടനയായ "അകത്തേത്തറ ഐക്യനാണയസംഘ"മാണ് ഈ രംഗത്ത് അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ ആദ്യത്തെ കാൽവെയ്പ്. ഈ ഗ്രാമപഞ്ചായത്തിലെ അകത്തേത്തറ, പപ്പാടി, ഉമ്മിനി പ്രദേശങ്ങളിലെ കൃഷിക്കാരുടെ സമ്മർദ്ദവും കൂട്ടായ്മയും ഈ സഹകരണസംഘത്തിന്റെ ജൻമത്തിന് കാരണമായി.

"അകത്തേത്തറ ഐക്യനാണയസംഘം" 1962-ൽ "അകത്തേത്തറ സേവന സഹകരണ ബാങ്ക്" ആയി രജിസ്റ്റർ ചെയ്ത് വിവിധ തുറകളിലെ വികസനം കൂടി ലക്ഷ്യമാക്കി പ്രവർത്തനം ആരംഭിച്ചു. മുൻതൂക്കം നൽകിയിരുന്നത് കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായിരുന്നു.

പിൽക്കാലത്ത് താഴെപറയുന്ന സഹകരണസംഘങ്ങൾകൂടി രൂപംകൊണ്ടിട്ടുണ്ട്.

അകത്തേത്തറ ക്ഷീരവ്യവസായ സഹകരണ സംഘം
ധോണി ക്ഷീരോത്പാദക സഹകരണ സംഘം.
വനിതാ വ്യവസായ സഹകരണ സംഘം.
ഹേമാംബികാ ഹൗസിംഗ് സഹകരണസംഘം.
കളിമൺപാത്രനിർമ്മാണ സഹകരണസംഘം.
ഖാദി സൊസൈറ്റി.

ഇവകൂടാതെ അടുത്തകാലത്തായി പട്ടികജാതി /പട്ടികവർഗ്ഗ സഹകരണസംഘം കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്രയുമധികം സഹകരണ സംഘങ്ങളുള്ള ഗ്രാമപഞ്ചായത്തിൽ, സഹകരണ പ്രസ്ഥാനം എല്ലാ കുടുംബങ്ങളിലേക്കും ഇറങ്ങിചെന്നിട്ടില്ലാ എന്നതും, എല്ലാ ജനങ്ങൾക്കും ഈ പ്രസ്ഥാനത്തിന്റെ ഗുണഭോക്താക്കൾ ആകാൻ കഴിയുന്നില്ലാ എന്നതും ഒരു ദുഃഖസത്യം മാത്രമാണ്.

ഈ പ്രസ്ഥാനങ്ങളിലെ സഹകാരികളുടേയും സാരഥികളുടേയും മാത്രമല്ല പൊതുജനങ്ങളുടേയും കൂടെ ജാഗ്രത കുറവുമൂലമാണ് ഈ സ്ഥിതി നിലനിൽക്കുന്നത് എന്ന് ചൂണ്ടിക്കാണ്ടിക്കട്ടെ.

നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനങ്ങൾ:-

1. സർവ്വീസ് സഹകരണബാങ്ക്.

1951-ൽ രൂപംകൊണ്ട "അകത്തേത്തറ ഐക്യനാണയസംഘം", 1962 -ൽ "അകത്തേത്തറ സർവ്വീസ് സഹകരണബാങ്ക്" ആയി രൂപം മാറിയശേഷമുള്ള വളർച്ച അഭിനന്ദനീയമാണ്.

നിലവിൽ 4875 മെമ്പർമാരിൽനിന്നും പിരിഞ്ഞു കിട്ടിയ രൂപ 23, 00,000/- ഓഹരി മൂലധനവും, സർക്കാരിന്റെ ഓഹരി മൂലധനമായ രൂപ 4,71,000/- ഉം പൊതുജനനിക്ഷേപം രൂ.7,29,00,000/-ഉം ആണ് ഉള്ളത്.

നൽകിയ വായ്പകളുടെ കണക്ക് താഴെ കൊടുക്കുന്നു.

കാർഷിക വായ്പകൾ	രൂ.4.50	ലക്ഷം
കാർഷികേതര വായ്പകൾ	151.45	ലക്ഷം
IRDP വായ്പകൾ	രൂ.0.26	ലക്ഷം
പണ്ടം പണയം വായ്പകൾ	രൂ.252.13	ലക്ഷം
ആകെ വായ്പ	രൂ.408.34	ലക്ഷം

കാർഷികമേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തനം ആരംഭിച്ച സ്ഥാപനം, അതിന്റെ ആരംഭ ലക്ഷ്യപ്രാപ്തിക്ക് മതിയായ പരിഗണന നൽകുന്നില്ലെന്ന് (ആകെ വായ്പയുടെ 1.1% മാത്രമാണ് കാർഷിക വായ്പ എന്നത് ശ്രദ്ധിക്കുക) ഈ കണക്കുകൾ വ്യക്തമാക്കുന്നു.

കർഷകർക്കിടയിൽ ബാങ്കിന്റെ പ്രവർത്തനലക്ഷ്യത്തെപറ്റിയും കാർഷികവായ്പയെപറ്റിയും ബോധപൂർവ്വമുള്ള ഒരു പ്രചരണം നൽകി ഈ അവസ്ഥ മറികടക്കുവാൻ കഴിയും.

ഉത്പാദനപരമായ മേഖലകളിലേക്ക് മനപൂർവ്വം തന്നെ ബാങ്കിലെ നിക്ഷേപം തിരിച്ചുവിടേണ്ടിയിരിക്കുന്നു. അതിലൂടെ ഈ സംഘത്തിന്റെ പ്രവർത്തനം എല്ലാ ജനങ്ങളിലേക്കും മേഖലകളിലേക്കും വ്യാപിക്കുകയും മൊത്തം ഗ്രാമപഞ്ചായത്തും സംഘത്തിന്റെ മൊത്തം ഗുണഭോക്താക്കൾ ആകുകയും ചെയ്യും.

മറ്റൊരു പോരായ്മ നിലവിൽ ഈ സംഘത്തിൽ ആകെ 4875 അംഗങ്ങൾ മാത്രമെ ഉള്ളു എന്നതാണ്. 1991 -ലെ ജനസംഖ്യ (ഗവ: കണക്കുപ്രകാരം)21, 500 ഓളമാണ്. ആകെ ജനസംഖ്യയുടെ നാലിൽ ഒന്നിൽ താഴെ മാത്രമാണ്. ഈ സംഘത്തിലെ അംഗസംഖ്യ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും ഈ സംഘത്തിൽ അംഗങ്ങളാക്കി ചേർത്ത് ഇതിന്റെ ഗുണഭോക്താക്കളും വളർച്ചയുടെ പങ്കാളികൾ ആക്കേണ്ടത് ആവശ്യമാണ്. എന്നാൽ എല്ലാ ഗ്രാമസഭകളിലും ഉയർന്നു വന്ന ഒരു പരാതി, ബാങ്കിന്റെ പ്രവർത്തനം തൃപ്തികരമാണെങ്കിലും അർഹരായ മുഴുവൻ പേർക്കും മെമ്പർഷിപ്പ് നൽകപ്പെടുന്നില്ല എന്നതാണ്. ഈ പരാതി തീർക്കുന്നതിലൂടെ ബാങ്കിന്റെറയും തദ്വാര ഗ്രാമപഞ്ചായത്തിന്റെറയും വികസനത്തിലേക്ക് ഒരു വമ്പിച്ച കാൽവെപ്പായിരിക്കും ബാങ്കിന് നടത്തുവാൻ കഴിയുന്നത്. സഹകരണ പ്രസ്ഥാനങ്ങൾ ലാഭേച്ഛമാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയാകരുതെന്നും, ഗ്രാമത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ, ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ, സ്വയംതൊഴിൽ കണ്ടെത്തുവാൻ, മറ്റു സാമൂഹ്യക്ഷേമ

പ്രവർത്തനങ്ങൾ നടത്തുവാൻ കൂടി ബാദ്ധ്യത യുള്ളവയാണെന്നത് സഹകാരികൾ ഓർമ്മി ക്കേണ്ടിയിരിക്കുന്നു. ഏറ്റവും മിതമായ നിരക്കിൽ കാർഷികമേഖലക്കും, സ്വയംതൊഴിൽകണ്ടെത്തു ന്നതിനും വായ്പ അനുവദിക്കണം. ദാരിദ്ര്യ രേഖക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്ക് DRI നിരക്കിലായിക്കണം കടം നൽകേണ്ടത്. വർഷ ന്തോറും സംഘത്തിന്റെതായ സാമൂഹ്യക്ഷേമ പരിപാടികൾ ആസൂത്രണം ചെയ്ത് പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കണം. വായ്പയും ഓഹരിയും തമ്മിലുള്ള അനു പാതത്തിൽ കുറവുവരുത്തുകയും വായ്പാ വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കി തിരിച്ചട വിന്റെ കാലദൈർഘ്യം വർദ്ധിപ്പിക്കുകയും വേണം. വായ്പാ തിരിച്ചടവിന്റെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ കർശനമായ മേൽനോട്ടം ബാങ്കിന് സഹായകമായിരിക്കണം.

2. അകത്തേത്തറ ക്ഷീരവ്യവസായ സഹകരണ സംഘം.

1965 ൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള സംഘമാണ് അകത്തേത്തറ ക്ഷീരവ്യവസായ സഹകരണസംഘം. തുടക്കത്തിൽ 200 ലിറ്റർ പാൽ ആണ് ഉണ്ടായിരുന്നത്. സൈക്കിളിലും തലചുമടായിട്ടും ആണ് ആരംഭകാലത്ത് സംഘത്തിലേക്ക് പാൽ എടുത്തിരുന്നത് മലമ്പുഴ അകത്തേത്തറ പഞ്ചായത്ത് പ്രദേശങ്ങൾ ആയിരുന്നു സംഘത്തിന്റെ പ്രവർത്തന മേഖല. ആരംഭകാലത്ത് ഓരോ പ്രദേശത്തും കറവു കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. ആ കേന്ദ്രങ്ങളിൽ ക്ഷീര കർഷകർ പശുക്കളേയും എരുമകളേയും കൊണ്ടുവന്ന് സംഘത്തിലെ ജീവനക്കാരുടെ മുഖഭാവിൽ കറന്ന് സംഘത്തിലേക്ക് പാൽ നൽകിയിരുന്നു. അക്കാലത്ത് സംഘത്തിൽ ഒരു സെക്രട്ടറിയും രണ്ടു വെണ്ടർ മാത്രമേ ഉണ്ടായിരുന്നുള്ളു. വളരെ തുച്ഛവേതനം പറ്റിയാണ് ജീവനക്കാർ ജോലിചെയ്തു വന്നത്. 1986, 1987 വരെ നഷ്ടത്തിൽ മാത്രം പ്രവർത്തിച്ച സംഘം 1987-88 യോടുകൂടി ലാഭകരമായി പ്രവർത്തി ക്കുന്നതിനും പാലുത്പാദകർക്ക് ന്യായമായ വില ലഭിക്കുന്നതിനും ആയതിന്റെ ഫലമായി പാലുത്പ്പാദനം ദിനംപ്രതി വർദ്ധിക്കുകയും ചെയ്തു. 1987 ൽ ശരാശരി 750 ലിറ്റർ ഉണ്ടായിരുന്നത് ഇന്ന് (1996) ശരാശരി 2000 ലിറ്റർ പാൽ സംഭരിക്കുകയും വിപണനം ചെയ്യുകയും ചെയ്തു വരുന്നു. ഇന്ന് നിലവിൽ സംഘത്തിൽ 20 ജീവനക്കാർ പ്രവർത്തിച്ചു വരുന്നു. പാലുത്പ്പാദനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ 1990 ൽ 1000 ലിറ്റർ സംഭരണശേഷിയുള്ള മിൽക്ക് കൂളർ അന്നത്തെ സർക്കാറിന്റെ സബ്സിഡിയോടുകൂടി സംഘ ത്തിൽ സ്ഥാപിക്കുകയും അതുവഴി ഉപഭോ ക്താക്കളുടെ ആവശ്യാനുസരണം പാൽ വിതരണം നടത്തുകയും ചെയ്തു വരുന്നു. സംഘത്തിൽ പവർക്കട്ടുകാരണം വളരെകൂടുതൽ സാമ്പത്തിക നഷ്ടം സംഘത്തിനുണ്ടായിട്ടുണ്ട്. അതു പരിഹരിക്കുന്നതിന് സംഘത്തിൽ കേരളാ സർക്കാരിന്റെ സബ്സിഡിയോടുകൂടി ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. മാത്രമല്ല, പാൽ പായ്ക്കറ്റാ ക്കുന്നതിന് പാക്കിംഗ് മെഷീൻ, അവ സൂക്ഷി ക്കുന്നതിന് ഫ്രീസർ എന്നിവ പുതിയതായി സംഘത്തിൽ പ്രവർത്തിച്ചു വരുന്നു. ക്ഷീര കർഷകർക്ക് ന്യായമായ വില നൽകുകയും ഓണക്കാലത്ത് ഉത്പ്പാദക ബോണസ്, ഉല്പാദ കരുടെ കുട്ടികൾക്ക് സൗജന്യ പാഠപുസ്തകം, കന്നുകാലികൾക്ക് ഉണ്ടാകുന്ന രോഗങ്ങൾക്ക് കുത്തിവയ്പ്, കാലിതീറ്റ വില്പന, കന്നുകുട്ടി പരിപാലനപദ്ധതിപ്രകാരം പകുതി വിലക്ക് കാലിതീറ്റ നൽകി വരുന്നു.

എസ്.എസ്.എൽ.സി. കുട്ടികൾക്കുള്ള ക്യാഷ് അവാർഡ്, മെമ്പർമാർക്ക് അപകട ഇൻഷൂറൻസ് എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ, മറ്റു സംഘങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥകൾ ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ക്ഷീര കർഷകർ ഇപ്പോഴും വളരെ ബുദ്ധിമുട്ടിലാണ്. എന്തുകൊണ്ടെന്നാൽ കാലിതീറ്റയുടെയും പാലുല്പാദനത്തിന് ആവശ്യമായ മറ്റ് അസംസ്കൃതസാധനങ്ങളുടെയും നിരന്തരമായ വില വർദ്ധനവും ചികിത്സാ സൗകര്യം ഇല്ലായ്മയും എല്ലാം തന്നെ ക്ഷീര കർഷകരെ ഈ മേഖലയിൽ നിന്നും അകന്നു പോകുന്നതിനു കാരണമായിട്ടുണ്ട്. പാലുല്പാദനത്തിൽ ആവശ്യമായ സാധനങ്ങളുടെ വിലവർദ്ധനവിൽ ആനുപാതികമായി പാലിന് വില ലഭിക്കുകയും ഉത്പ്പാദന ചെലവ് പരമാവധി കുറയ്ക്കുന്നതിന് ആവശ്യമായ പച്ചപുല്ല് സുലഭമായി ലഭിക്കാനും കഴിഞ്ഞാൽ ഈ മേഖല ലാഭത്തിൽ പ്രവർത്തിക്കാൻ കഴിയും. മാത്രമല്ല ശാസ്ത്രീയമായി കാലിവളർത്തുന്നതിനെക്കുറിച്ച് ബോധവൽക്കരണവും നടത്തേണ്ടതുണ്ട്.

സംഘത്തിന്റെ പ്രവർത്തനമേഖലയിൽ സുമാർ 5000 ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള സാദ്ധ്യതകൾ വളരെയേറെയാണ്. ആയതിനാവശ്യമായി സ്ഥല സൗകര്യം, കെട്ടിട സൗകര്യം, പാൽശീതീകരണ പ്ലാൻറ് എന്നിവ സംഘത്തിന് അത്യന്താപേക്ഷിതമാണ്. പാലുത്പാദകർക്ക് ഉത്പാദക ചിലവ് കുറക്കുന്നതിന് നമ്മുടെ പഞ്ചായത്ത് പ്രദേശങ്ങളിൽ നിലകൊള്ളുന്നു. സർക്കാർ വക തരിശു ഭൂമികൾ സംഘം മുഖേന പുൽകൃഷിചെയ്യാൻ ലഭിക്കുകയാണെങ്കിൽ ഒരു പരിധി വരെ എല്ലാ സമയത്തും പച്ചപുല്ല് ലഭിക്കുന്നതിനും അതുവഴി പാലുത്പ്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

ക്ഷീര കർഷകർക്ക് വായ്പ ലഭിക്കുന്നതിനും ബാങ്കിംഗ് സിസ്റ്റവും ന്യായവ്യവസ്ഥകളും നടപ്പിലാക്കിയാൽ കർഷകർക്ക് ഗുണകരമായിരിക്കും.

പാൽ ഉത്പ്പന്നനിർമ്മാണ വിപണന യൂണിറ്റുകൾ കൃത്യമായി നടപ്പിലാക്കാൻ കഴിഞ്ഞാൽ തൊഴിൽ സാദ്ധ്യത കൂട്ടാൻ കഴിയും.

ഓരോ പ്രധാന സെൻററുകളിലും മിൽക്ക് ബൂത്തുകൾ സ്ഥാപിക്കാൻ കഴിഞ്ഞാൽ വിപണനം വർദ്ധിപ്പിക്കാൻ സാധിക്കും.

3. ധോണി ക്ഷീരോത്പാദന സഹകരണസംഘം

ഈ സംഘത്തിന്റെ പ്രവർത്തനം തികച്ചും നിരാശാജനകമാണ്. ക്ഷീരവിപണനത്തിന് വൻസാദ്ധ്യതകൾ ഉണ്ടെങ്കിലും സംഘത്തിന് ആ വിപണി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. ചിട്ടയായ പ്രവർത്തനത്തിലൂടെ ഉത്പാദകരുടെ വിശ്വാസം പിടിച്ചുപറ്റി മുന്നേറുവാൻ കഠിനമായി തന്നെ പരിശ്രമിക്കേണ്ടതാണ്.

4. ഹേമാംബികാ ഹൗസിംഗ് സഹകരണസംഘം

ജനങ്ങൾക്കിടയിൽ തീരെ പ്രചാരമില്ലാത്ത ഒരു സഹകരണസംഘമാണ് ഇത്. ഭവന നിർമ്മാണ വായ്പയുടെ ആവശ്യം അനുദിനം വളരെയേറെ വർദ്ധിച്ചുവരുന്ന ഈ സമയത്ത് ഈ സഹകരണ സംഘത്തിന്റെ പ്രസക്തി ഏറുകയാണ്. ഇതിനെ കൂടുതൽ പ്രവർത്തനക്ഷമമാക്കി ഭവനനിർമ്മാണ വസ്തുക്കൾ ഉത്പാദിപ്പിച്ച്

വിപണനം ചെയ്യുന്ന നിലയിലേക്ക് പ്രവർത്തനം വിപുലീകരിക്കണം. സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ ആവശ്യമായ സമീപനം ആവശ്യമാണ്.

5.വനിതാവ്യവസായ സഹകരണസംഘം

തീർത്തും നിർജ്ജീവാവസ്ഥയിലാണ് ഈ സംഘം കൂടുതൽ അംഗങ്ങളെ ചേർക്കുകയും മൂലധന സമാഹരണം നടത്തുകയും ചെയ്ത് ഉത്പ്പാദനക്ഷമതയുള്ള മേഖലകളിലേക്ക് ശ്രദ്ധ തിരിക്കാൻ വളരെയധികം വനിതകൾക്ക് തൊഴിലവസരം നൽകാൻ കഴിയും. തൊഴിൽ പരിശീലനവും കൂടി സംഘത്തിന്റെ ലക്ഷ്യ ങ്ങളിൽ ഉൾപ്പെടുത്തണം. സ്ത്രീകളുടെ സാമൂഹ്യപ രമായും സാമ്പത്തികമായും ഉള്ള ഉന്നമനത്തിന് കനത്ത സംഭാവന നൽകാൻ, ശരിയായ ദിശാബോധത്തോടുകൂടി പ്രവർത്തി ച്ചാൽ, ഈ സംഘത്തിന് കഴിയും. സോപ്പു നിർമ്മാണം, അച്ചാർനിർമ്മാണം, റെഡിമേഡ്വസ്ത്രനിർമ്മാണം, അടുക്കളകൃഷി തുടങ്ങിയവക്ക് പ്രോത്സാഹനം നൽകേണ്ടതാണ്.

6. കളിമൺപാത്രനിർമ്മാണ സഹകരണസംഘം

മറ്റുപല സ്ഥലങ്ങളിലും ഇതു പോലെയുള്ള സഹകരണസംഘങ്ങൾ മെച്ചപ്പെട്ട പ്രവർത്തനത്തിലൂടെ അംഗങ്ങൾക്ക് ജീവനോപാ യം നൽകുന്നുണ്ടെങ്കിലും, നമ്മുടെ ഗ്രാമ പഞ്ചായത്തിലെ കളിമൺപാത്രനിർമ്മാണ സഹകരണസംഘം മൃതാവസ്ഥയിലാണ്. തക്കതായ വിപണികൾ കണ്ടെത്തി, ന്യായമായ വില ഉത്പാദകന് ഉറപ്പു നൽകുന്നതിനും, ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുന്ന തിനും വേണ്ടി ആരംഭിച്ച ഈ സംഘം, പ്രവർത്തനരഹിതമായത് ഇടത്തട്ടുകാർക്ക് ഗുണകരമായി ഭവിച്ചിരിക്കുകയാണ്.

വളരെ ശുഷ്കാന്തിയോടും അർപ്പണ ബോധത്തോടുംകൂടി പ്രവർത്തിക്കുന്ന ഉത്പ്പാദകരെ അംഗങ്ങളാക്കി ചേർത്ത് വിപണി യിലെ ആവശ്യങ്ങൾ കണ്ടറിഞ്ഞ്, ഉത്പാദകർക്ക് ആവശ്യമായ പരിശീലനവും മറ്റും ലഭ്യമാക്കി സംഘത്തെ പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്.

7. ഖാദി സൊസൈറ്റി

ഖാദിമേഖലയിൽ കേരളത്തിൽ നിലവി ലുള്ള ഏകസംഘമാണ് ഇത് എന്നു മനസ്സിലാ വുന്നു.

ഉത്പാദകന് ഏറ്റവും കൂടുതൽ കൂലി ലഭിക്കുന്ന മേഖല എന്ന നിലക്ക് കൈത്തറി യേക്കാളും മുൻതൂക്കം ലഭിക്കേണ്ടതാണ് ഖാദി മേഖല. നിർഭാഗ്യവശാൽ ഇന്ന് ഈ മേഖല പ്രതിസന്ധികളിൽപ്പെട്ട് ഉഴലുകയാണ്.

ഖാദി കമ്മീഷന്റെയും ഖാദിബോർഡി ന്റെയും വിവിധ പദ്ധതികൾ ഈ സംഘം വഴി നടപ്പിലാക്കാവുന്നതാണ്. ചുരുങ്ങിയ പലിശ നിരക്കിൽ വിവിധ കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ ഈ സംഘം മുഖാന്തിരം കഴിയും. വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുവാൻ ഈ സംഘത്തിന് ശുപാർശ നൽകാനും, പരിശീലനം സിദ്ധിച്ച വരുടെ സേവനം പ്രയോജനപ്പെടുത്തി തൊഴി ലവസരങ്ങൾ അവർക്കും ഇതരർക്കും നൽകുവാനും ഈ സംഘത്തിന് കഴിയും. നൂൽപ്പ്, നെയ്ത്ത് സോപ്പുനിർമ്മാണം, കരകൗശലവസ്തു നിർമ്മാണം തേനീച്ച വളർത്തൽ തുടങ്ങി വിവിധ

സ്വയംതൊഴിൽ പരിശീലനങ്ങൾക്ക് ഖാദി കമ്മീഷൻ, ഖാദിഗ്രാമവ്യവസായ ബോർഡ് തുടങ്ങിയവയുടെ സ്ഥാപനങ്ങളിലേക്ക് പരിശീലകരെ അയക്കുവാൻ ഈ സംഘത്തിന് അർഹതയുണ്ട്. വായ്പകളും ഉദാര വ്യവസ്ഥയിൽ ലഭ്യമാക്കാൻ കഴിയും.

കൂടുതൽ അംഗങ്ങളെ ചേർത്തി ശരിയായ പ്രവർത്തനം ദിശാബോധത്തോടുകൂടി ചിട്ടപ്പെടുത്തിയാൽ പ്രത്യേകിച്ച് സ്ത്രീകൾക്ക് ഉത്തമമായ ഒരു താങ്ങും തണലുമായി തീരുവാൻ ഈ സംഘത്തിന് കഴിയും.

നിർദ്ദേശങ്ങൾ

a) നിലവിലുള്ള സഹകരണസംഘങ്ങൾക്ക് നൽകാൻ കഴിയാവുന്ന നിർദ്ദേശങ്ങൾ അവയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനോടൊപ്പം നൽകിയിരിക്കുന്നു. ആ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്തും ഈ സ്ഥാപനങ്ങളുടെ പ്രതിനിധികളും തമ്മിൽ സ്ഥിരമായി ബന്ധപ്പെടുന്നതിന് ഒരു വേദി തയ്യാറാക്കുന്ന പക്ഷം, അതിൽ വെച്ച് പ്രവർത്തന അവലോകനവും സംഘങ്ങൾ തമ്മിൽ തമ്മിൽ കൂടുതൽ സഹകരിച്ച് പ്രവർത്തിക്കുവാനുള്ള സാഹചര്യവും സംജാതമാക്കാൻ കഴിയും.

b നിലവിലുള്ള സംഘങ്ങളുടെ ഉപസംഘമായോ, സ്വതന്ത്രമായ നിലയിലോ ആരംഭിക്കാവുന്ന സഹകരണസംഘങ്ങൾ.

1. പച്ചക്കറി ഉത്പ്പാദകവിപണന സഹകരണ സംഘം

വളരെയെറെ സാദ്ധ്യതകളുള്ള മേഖല ഈ ഗ്രാമ പഞ്ചായത്തിൽ നടക്കുന്ന രണ്ട് ആഴ്ച ചന്തകളിലുമായി പച്ചക്കറികൾ മാത്രമായി പതിനായിരക്കണക്കിനുരൂപയുടെ ഉത്പ്പന്നങ്ങൾ പുറംസംസ്ഥാനങ്ങളിൽ നിന്നായി വിറ്റഴിക്കപ്പെടുന്നുണ്ട്. സുസംഘിടതമായ ഒരു സഹകരണ സംഘം വഴി ഈ തുക നമ്മുടെ പഞ്ചായത്തിലെ തന്നെ ഉത്പ്പാദകർക്ക് ലഭ്യമാക്കാൻ കഴിയും. വനംവകുപ്പിന്റെ തരിശുഭൂമി ഈ ആവശ്യത്തിന് നൽകാൻ സർക്കാരിനോട് ആവശ്യപ്പെടണം.

2. തൊഴിൽ സഹകരണസംഘങ്ങൾ

വിവിധ തൊഴിൽമേഖലകളിൽ ആയിരക്കണക്കിന് തൊഴിലാളികൾ ഉണ്ട്. അവരെ സംഘടിപ്പിച്ച് സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്ന പക്ഷം ഉപഭോക്താക്കളെയും തൊഴിലാളികളേയും ചൂഷണം ചെയ്യുന്ന ഇടത്തട്ടുകാരെ ഒഴിവാക്കുവാൻ കഴിയും, വിവിധ മേഖലകളിൽ ഉദാ: നിർമ്മാണ തൊഴിലാളി മേഖല.

3. പൗൾട്രിഫാമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

പച്ചക്കറിപോലെത്തന്നെ, പതിനായിരക്കണക്കിന് രൂപയുടെ കച്ചവടം നടക്കുന്ന ഒരു മേഖല. സ്വയം തൊഴിൽ പദ്ധതിപ്രകാരം അഥവാ കൂട്ടുസംരഭമനുസരിച്ച് വളരെയധികം സാദ്ധ്യതയുള്ള ഈ മേഖല പ്രയോജനപ്പെടുത്താവുന്നതാണ്. ആവശ്യമായ സ്ഥലം വനംവകുപ്പിന്റെ തരിശായിക്കിടക്കുന്ന ഭൂമി ഈ ആവശ്യത്തിന് പ്രയോജനപ്പെടുത്താം. സർക്കാരിന്റെ സമ്മതത്തോടെ.

4. ഗ്രൂപ്പ് ഫാമിംഗ് സഹകരണസംഘം.

ഉത്പ്പാദകന് ന്യായമായ വില ലഭിക്കുവാൻ ഇത്തരത്തിലുള്ള ഒരു സഹകരണസംഘം അത്യാവശ്യമാണ്.

5-11 വനപരിപാലനം വന്യമൃഗസംരക്ഷണം ടൂറിസം

അകത്തേത്തറ പഞ്ചായത്തിന്റെ ഭൂപ്രദേശങ്ങളിൽ 20%ൽ എറെ വനഭൂമി യാണെന്ന് ഇതിനു മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ. ഒലവക്കോട്ട് ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസി ന്റേറകീഴിൽ, ധോണി, എലിവാൽ സെക്ഷണു കളിലും വാളയാർ റെയ്ഞ്ചിനുകീഴിൽ അകത്തേത്തറ സെക്ഷനിലുമായി സംരക്ഷിത വനങ്ങളുടെതായ നല്ലൊരു ഭാഗം നമ്മുടെ പഞ്ചായത്തിലാണ്. വനം കൊള്ള വ്യാപക മായ തോതിലല്ലെങ്കിലും ഇവിടെയും ഉണ്ട്.

ധോണി സെക്ഷനിലെ ചെന്നാട്ടുനായർ റിസർവ്വ് ഫോറസ്റ്റിന്റെ (വിസ്തീർണ്ണം 1152.3522 ഹെക്ടർ) ഭൂരിഭാഗവും അകത്തേത്തറ സെക്ഷനിലെ നിക്ഷിപ്ത വനങ്ങളിൽ നല്ലൊ രു ശതമാനവും നമ്മുടെ പഞ്ചായത്തിൽ തന്നെയാണുള്ളത്. കേരളത്തിൽ തന്നെ അപൂർവ്വമായി അവശേഷിക്കുന്ന പല തരത്തി ലുള്ള വൃക്ഷതലാദികളുടെയും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന നിരവധി ജനുസ്സു കളിൽപ്പെട്ട വന്യമൃഗങ്ങളുടെയും പക്ഷികളു ടെയും നല്ലൊരു സമ്പത്ത് ചെന്നാട്ടുനായർ റിസർവ്വു വനങ്ങളിലുണ്ടെന്ന് വനം വകുപ്പു തന്നെ നടത്തിയിട്ടുള്ള നിരവധി പഠന റിപ്പോർട്ടുകളിൽ പറഞ്ഞിട്ടുണ്ട്.

സംരക്ഷിത വനങ്ങളിൽ ഈ മേഖല യിൽ മാത്രം ഏതാണ്ട് 1500 ൽ പരം വൈവി ധ്യമാർന്ന വൃക്ഷലതാദികളുണ്ടെന്ന് കാണുന്നു. ആന, പുള്ളിപ്പുലി, നരി, കരടി, കരിങ്കുരങ്ങ്, ചെങ്കളത്തിക്കുരങ്ങ്, മുള്ളൻ പന്നി, മ്ലാവ്, വിവിധയിനം മാനുകൾ, കാട്ടു പോത്ത്, കുട്ടിത്തേവാങ്ക്, വെരുക്, ചെങ്കീരി, ചെന്നായ, കുറുക്കൻ, മലയണ്ണാൻ, പറക്കും അണ്ണാൻ, കാട്ടുപന്നി, കാട്ടുമുയൽ, തുടങ്ങി 50ൽ അധികം വന്യമൃഗങ്ങളുടെയും അത്യ പൂർവ്വമായ പക്ഷികളുടേയും സമ്പത്ത് ഇവിടെ യുണ്ട്. ധോണി, അഴകം പാറ ചീക്കുഴി, മേഘലകളിലായി മയിൽ സങ്കേതവുമുണ്ട്. ഇതിൽ നിന്നുതന്നെ ഈ വന സമ്പത്ത് സംരക്ഷിക്കേണ്ട ആവശ്യതക വ്യക്ത മാകുമല്ലോ.

കേരളത്തിലെ സുപ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായ മലമ്പുഴയുടെ അതിർ ത്തിയിലൂടെയാണ് വശ്യ മനോഹരമായ ഈ ഭൂമി പരന്നുകിടക്കുന്നത്. ധോണി മലയിലെ വെള്ളച്ചാട്ടം ധാരാളം പേരെ ആകർഷിക്കുന്നു ണ്ടെങ്കിലും ടൂറിസം വകുപ്പിന്റെ ശ്രദ്ധയു ണ്ടായിട്ടില്ല. മലമ്പുഴയിൽ നിന്ന് 10 കി.മി. ദൂരം മാത്രമാണ് ധോണിയിലെയ്ക്കുള്ളത്. മലമ്പുഴ അകത്തേത്തറ ഗ്രാമപഞ്ചായത്തു കളും വനം ടൂറിസം തുടങ്ങിയവകുപ്പുകളും സഹകരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഇന്ത്യയിലെതന്നെ ഒന്നാം കിട വന്യമൃഗ പക്ഷി സങ്കേതങ്ങളിലൊന്നായി ഈ പ്രദേശ ത്തെമാറ്റിയെടുക്കാൻ കഴിയും ഇന്ന് അധി കാരികളുടെ കണ്ണ് വെട്ടിച്ച് കൊണ്ട് മാനു കളെയും മറ്റും വേട്ടയാടി ഫൈവ്സ്റ്റാർ ഹോട്ടലുകളിലെ തീൻമുറികളിലെത്തിക്കുന്ന

ദുഷ്ടശക്തികൾ ഈ മേഖലയിലുണ്ട്.

വന്യമൃഗങ്ങളുടെ ശല്യം കാരണം കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതിന്റെ ദുരിത കഥകൾ 1,2.10 വാർഡുകളിലെ ഗ്രാമ സഭകളിൽ സജീവമായ ചർച്ചക്കുവഴി വച്ചിരുന്നു. വന്യ ജീവികളുടെ ആക്രമണം തടയാൻ വനം വകുപ്പിന് നിലവിൽ പദ്ധതി കളൊന്നുമുള്ളതായി അറിവില്ല. എന്നാൽ ഇതുമൂലമുള്ള നാശനഷ്ടങ്ങൾക്ക് വനം വകുപ്പിൽനിന്നും നഷ്ട പരിഹാരം നൽകി വരുന്നുണ്ട്.

വന വിഭവങ്ങളുടെ കാര്യത്തിൽ വളരെ സമ്പുഷ്ടമാണ് ഈ മേഖല. വന വിഭവ ശേഖരണത്തിന് ആദിവാസികൾക്ക് മാത്രമെ അർഹതയുള്ളു. ഇവർക്കുവേണ്ടി പ്രവർത്തിക്കുന്ന ചെറിയ സമാഹരണ കേന്ദ്ര ങ്ങളും കേന്ദ്രീകൃത സമാഹരണ കേന്ദ്രവും മലമ്പുഴ ഗ്രാമ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്.

അകത്തേത്തറ ഗ്രാമ പഞ്ചായത്തി ലുള്ള ആദിവാസികളെ ഇത്തരം വനവിഭവ ശേഖരണത്തിന് പ്രേരിപ്പിക്കാവുന്നതും പഞ്ചായത്ത് മുൻകൈയെടുത്തുകൊണ്ട് ഇവർക്കായി ഒരു സമാഹരണ കേന്ദ്രം സ്ഥാപിക്കാൻ വേണ്ടതുചെയ്യേണ്ടതുമാണ്.

സാധ്യതകൾ

1. ധോണി വന മേഖലയിലെ അനധികൃത മരം വെട്ടു തടയുക. കാട്ടുതീ തടയാനുള്ള ഫലപ്രദമായ മാർഗ്ഗങ്ങൾ ഉപയോഗിക്കുക.
2. വന്യ മൃഗങ്ങളുടേയും പക്ഷികളുടേയും സംരക്ഷണം ഉറപ്പുവരുത്തുക.
3. വന്യമൃഗ സംരക്ഷണ കേന്ദ്രം സ്ഥാപിക്കുക. ചീക്കുഴി, അഴകംപാറ, ധോണി മേഖലയിലുള്ള മയിൽസങ്കേതം ഏറ്റെടുത്ത് സംരക്ഷിക്കുക.
4. ധോണി മേഖലയെ ടൂറിസ്റ്റ് ഭൂപടത്തിൽ കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
5. ധോണി വനം മേഖല കമ്പിവേലികെട്ടി സംരക്ഷിച്ചുകൊണ്ട് കർഷകർക്കുണ്ടാകുന്ന മൃഗങ്ങൾ മൂലമുള്ള വിളനാശം തടയുക.
6. അകത്തേത്തറയിൽ വനവിഭവ സമാഹരണകേന്ദ്രം സ്ഥാപിക്കുക.

)(()(()(()(()(()(

5 - 12 പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം

അകത്തേതറ ഗ്രാമപഞ്ചായത്തിൽ 11 ഹരിജൻ കോളനികൾ നിലവിലുണ്ട് 134 ഹരിജൻ കുടുംബങ്ങളിലായി 1101 പുരുഷൻമാരും 1132 സ്ത്രീകളും, 7 പട്ടിക വർഗ്ഗ കുടുംബങ്ങളിലായി 8 പുരുഷൻമാരും 11 സ്ത്രീകളും 1991-92 സെൻസസ് പ്രകാരം നിലവിലുണ്ട്. ഹരിജൻ ഗിരിജനങ്ങളുടെ അവസ്ഥ വളരെ ദയനീയമാണ്. (പട്ടിക - 1 ശ്രദ്ധിക്കുക)

മിക്ക SC/ST കോളനികളിലും ശുദ്ധജല ക്ഷാമം രൂക്ഷമാണ് വേനൽക്കാലങ്ങളിൽ കിണറുകൾ വറ്റുന്നതും പഞ്ചായത്തിലെ ശുദ്ധ ജല വിതരണത്തിനായുള്ള ടാപ്പുകളുടെ അപര്യാപ്തതയുമാണ് ഇതിനു കാരണം. കിണറുകളോ ടാപ്പുകളോ ഇല്ലാത്ത പ്രദേശങ്ങൾ നിലവിലുണ്ട് (ഉദാ: ചീക്കുഴി, അഴകാംപാറ) കാൽനടക്കാർക്കും ഗതാഗതത്തിനും തടസ്സമാക്കികൊണ്ട് റോഡിന്റെ നടുവിൽ സ്ഥിതിചെയ്യുന്ന ടാപ്പുകളും ചില കോളനികളിൽ കാണാം.(കൊങ്ങപ്പാടം, ചെക്കിനിപ്പാടം,)മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് ഉൾപ്രദേശങ്ങളിലുള്ള ഹരിജൻ കോളനികളിൽ പൈപ്പുവഴിയുള്ള കുടിവെള്ളം വൈകിമാത്രമാണ് എത്തുന്നത്.

നിർദ്ദേശങ്ങൾ

വെള്ളംകിട്ടുമെന്ന് ഉറപ്പുള്ള സ്ഥലങ്ങളിൽ കിണറുകൾ നിർമ്മിക്കുക. SC/ST കോളനികളിലെ പൊതുടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുക. ഉയരമുള്ള പ്രദേശങ്ങളിൾ കുടിവെള്ളം എത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

വെളിച്ചം

ഒരു പരിധിവരെ ഹരിജൻ കുടുംബങ്ങളിൽ വൈദ്യുതി എത്തിക്കുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. ഇനിയും വൈദ്യുതീകരിക്കാത്ത ഹരിജൻ/ഗിരിജൻ വീടുകളുമുണ്ട്.

നിർദ്ദേശങ്ങൾ

മുഴുവൻ ഹരിജൻ/ഗിരിജൻ വീടുകളും വൈദ്യുതീകരിക്കുക, കോളനികളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക. വയറിംഗ് സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക.

വീടുകൾ, കക്കൂസുകൾ,

പഞ്ചായത്തിലെ മിക്ക ഹരിജനങ്ങളും ഓട്ടുപുരകളിലാണ് താമസിക്കുന്നത്. SC /ST കോർപ്പറേഷൻ, ബ്ളോക്ക്, പഞ്ചായത്ത് എന്നിവ മുഖേനയാണ് മിക്ക കുടുംബക്കാർക്കും വീടുകൾ ലഭിച്ചിട്ടുള്ളത്. കോർപ്പറേഷനിൽ നിന്നും ലോണായും മറ്റു ഏജൻസികളിൽ നിന്ന് സൗജന്യമായുമാണ് തുക ലഭിക്കാറ്. പ്രത്യേകം വീടുകൾ കെട്ടുന്നതിനുള്ള തുക തുലോം പരിമിതമാണ്. ദാരിദ്ര്യത്തിൽ കഴിയുന്ന ഹരിജൻ/ഗിരിജൻ ഈ തുക അനുഗ്രഹീതമാണെങ്കിലും, നല്ലതും, ബലമുള്ളതുമായ നിർമ്മാണ സാമഗ്രികൾ വാങ്ങുന്നതിന് ഈ തുക പരിമിതമാണ്. അതുകൊണ്ട് മറ്റുമേഖലകളിൽ നിന്ന് കടങ്ങൾ വാങ്ങുന്നതിന് ഇവർ നിർബന്ധിതരാകുന്നു. കക്കൂസുകൾ കെട്ടുന്നതിന് ഉൾപ്പെടെ ലഭിക്കുന്ന ഈ സഹായങ്ങൾ പേരിനുമാത്രമായി തീരുകയാണ് പതിവ്.

1991 ലെ സെൻസസ്

പട്ടികജാതി കുടുംബം	പട്ടികവർഗ കുടുംബം
134	7
ആൺ 1101 / പെൺ 1132	ആൺ 8 / പെൺ 11

പട്ടിക – 1

പട്ടികജാതി കോളനി പേര്	കുടുംബങ്ങളുടെ എണ്ണം	കുടിവെള്ളം കിണർ	കുടിവെള്ളം ടാപ്പ്	വൈദ്യുതി	റോഡ്	വാർഡ്
പണ്ടാരക്കളം – 1	28	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	8
പണ്ടാരക്കളം – 2	21	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	6
കൽമാടം	30	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	6
തോട്ടപ്പുര	15	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	5
ചെക്കിനിപ്പാടം	15	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	4
പയിറ്റാം കുന്നം	17	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	2
അംബേദ്കർ കോളനി	26	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2
ഉമ്മിനി	28	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	1
കൊങ്ങപ്പാടം	25	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	3

91 ന് ശേഷം നൽകിയ ധനസഹായങ്ങൾ

കക്കൂസ്		ഐ. ആർ. ഡി പി.		ട്രൈസം	
എസ്. സി.	എസ്. ടി.	എസ്. സി.	എസ്. ടി.	എസ്. സി.	എസ്. ടി.

കക്കൂസു നിർമ്മാണത്തിന് പഞ്ചായത്ത് / ബ്ളോക്കിൽ നിന്നു ലഭിക്കുന്ന തുക 1994 അവസാനം വരെ 1200 രൂപയാണ് 95 നുശേഷം ഈ തുക 2000 മായി വർദ്ധിപ്പിച്ചിട്ടുണ്ട്. എങ്കിലും ഒരു കക്കൂസിന്റെ കുഴി കെട്ടുന്നതിനുമാത്രമെ ഈ തുക ഉപകരിക്കാറുള്ളു. മിക്ക ഹരിജൻ കുടുംബങ്ങൾക്കും കക്കൂസ് അനുവദിച്ചിട്ടുണ്ടെങ്കിലും കരിങ്കല്ലും, കുഴിയും മാത്രമാണ് അവശേഷിക്കുന്ന അവസ്ഥ.

പല ഗിരിജൻ കുടുംബങ്ങളും ഓലപ്പുരയിലും, പുറംപോക്കിലും, കൃഷിക്കാരുടെ കളങ്ങളിലുമാണ് താമസം. ഇവരുടെ സ്ഥിതി വളരെ ദയനീയമാണ്. പ്രകൃതി ക്ഷോഭങ്ങൾ മൂലം ഈ വിഭാഗത്തിലുള്ള ജനങ്ങൾക്ക് പല ദുരിതങ്ങളുമുണ്ടാകാറുണ്ട്.

നിർദ്ദേശങ്ങൾ

വീട്, കക്കൂസ് നിർമ്മാണത്തിന് കൊടുക്കുന്ന ഗ്രാന്റ് വർദ്ധിപ്പിക്കുക. ഗിരിജനങ്ങൾക്ക് മിച്ചഭൂമി അനുവദിച്ച് വീടുകൾ നിർമ്മിച്ചു കൊടുക്കുക.

വിദ്യാഭ്യാസം.

മിക്ക കോളനികളിലും പഴയ തലമുറക്കാർ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വളരെ പിന്നിലായിരുന്നു. എന്നാൽ ഇന്ന് കുട്ടികളിൽ 95% വും സ്ക്കൂളിൽ പോകുന്നവരാണ്. എങ്കിലും അവരുടെ വീടുകളിലെ പ്രത്യേക ചുറ്റുപാടും നിരക്ഷരതയും പോഷകാഹാരകുറവും ഈ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം പുറകിലാകുന്നതിനുള്ള കാരണങ്ങളിൽ ചിലതാണ്.

കൊയ്ത്ത് നടീൽ തുടങ്ങിയ തിരക്ക് ഉള്ള ജോലിസമയങ്ങളിൽ SCST കുട്ടികളുടെ ഹാജർ സ്കൂളുകളിൽ കുറവാകുന്നതിനു കാരണം സ്വന്തം സഹോദരങ്ങളെ ശുശ്രൂഷിക്കലും ഭാരിച്ച വീട്ടുജോലികളുമാണ്.

സെക്കൻഡറി വിദ്യാഭ്യാസം ലഭിച്ചവർ ഈ കോളനികളിൽ കുറച്ചുപേർ ഉണ്ടെങ്കിലും അവരിൽ മിക്കവരും തൊഴിൽ രഹിതരാണ്. ലംപ്സംഗ്രാന്റ്, യൂണിഫോം തുടങ്ങി വിദ്യാഭ്യാസ സഹായങ്ങൾക്കു പുറമെ മറ്റു സഹായങ്ങൾ ഉപയോഗപ്പെടുത്തുന്നവർ ഇല്ല എന്നു തന്നെ പറയാം. സമ്പൂർണ്ണസാക്ഷരതായജ്ഞത്തിൽ അക്ഷരവിദ്യ കൈവരിച്ചവർ വർഷങ്ങൾ പിന്നിട്ടപ്പോൾ നിരക്ഷരരായി മാറി. 1995-96 വർഷങ്ങളിൽ 770 SC വിദ്യാർത്ഥികൾക്കും 54 St വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ് ലഭിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ

ദാരിദ്ര്യനിർമ്മാർജ്ജനം, വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള ബോധവൽക്കരണം അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ, വർദ്ധിച്ച സർക്കാർ ക്ഷേമ പദ്ധതികൾ തുടർ സാക്ഷരതാ പ്രവർത്തനം.

ജോലി

ഭൂരിഭാഗം ഹരിജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്. എന്നാൽ വളരെ ചെറിയൊരു വിഭാഗം കെട്ടിടനിർമ്മാണ ജോലിയിലും ഏർപ്പെട്ടിരിക്കുന്നു. കൃഷിയെ ആശ്രിയിക്കുന്നവർക്ക് വർഷത്തിൽ വളരെക്കുറച്ച് തൊഴിൽ ദിനങ്ങൾ മാത്രമാണ് ലഭിക്കാറ്. മറ്റുമാസങ്ങളിൽ കുടുംബം നടത്തികൊണ്ടു പോകുന്നതിന് ഇവർക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നു.

കാർഷിക മേഖലയിലുള്ള മുരടിപ്പ് എറ്റവുമധികം ബാധിക്കുന്നത് ഇവരെയാണ്. കെട്ടിടനിർമ്മാണ ജോലികളിൽ തമിഴ്നാട് മേഖലയിൽ നിന്നുള്ള തൊഴിലാളികൾക്കാണ് മുൻതൂക്കം.

ഗിരിജനങ്ങൾ അധികവും വനവിഭവങ്ങളെ ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്.

നിർദ്ദേശങ്ങൾ

കാർഷിക മേഖലയെ പുഷ്ടിപ്പെടുത്തുക സർക്കാർ പ്രഖ്യാപിച്ചുള്ള കൂലി വ്യവസ്ഥകൾ മറ്റ് ആനുകൂല്യങ്ങൾ എന്നിവ കിട്ടുന്നതിനുള്ള അവസരം ഒരുക്കുക, സ്വയം പര്യാപ്തത നേടുന്നതിനുള്ള ലോണുകളും ഗവ:നിന്നുള്ള ആനുകൂല്യങ്ങളും ലഭിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുക ഹരിജൻ/ഗിരിജൻ സൊസൈറ്റികൾ രൂപീകരിച്ച് തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുക. സർക്കാർ ജോലികളിലും മറ്റു ഏജൻസികളിലും ഇവരുടെ ജോലി ശതമാനം ഉറപ്പു വരുത്തുക, കെട്ടിട നിർമ്മാണ രംഗത്തുള്ളവർക്ക് ക്ഷേമനിധിയും പണിയായുധങ്ങളും ലഭിക്കുന്നതിനു അവസരം ഒരുക്കുക, ട്രൈസം പരിശീലന പദ്ധതി മുഴുവനായും പ്രയോജനപ്പെടുത്തുക.

സാമൂഹിക അവസ്ഥ.

മറ്റു ജനവിഭാഗങ്ങളെ അപേക്ഷിച്ച് സർക്കാരിൽ നിന്നും വളരെ കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കുന്നത് ഇവർക്കാണെങ്കിലും ആനുകൂല്യങ്ങളെ കുറിച്ചുള്ള അജ്ഞതയും ഇടത്തട്ടുകാരുടെ ചൂഷണവും, ഉദ്യോഗസ്ഥൻമാരെ അഭിമുഖീകരിക്കാനുള്ള ബുദ്ധിമുട്ടും നിമിത്തം ഭൂരിഭാഗം ആനുകൂല്യങ്ങളും പാഴായി പോവുകയാണ് പതിവ്. ലോണുകളും മറ്റു ആനുകൂല്യങ്ങളും ലഭിച്ചവരുടെ സ്ഥിതിയും വലിയ മെച്ചമൊന്നുമില്ല.

ഭൂരിഭാഗവും സംഘടിത ജനവിഭാഗങ്ങളാണെങ്കിലും സംഘടനാപരമായ നേതൃത്വം വഹിക്കുന്നവർ ഇല്ല എന്നു തന്നെ പറയാം. ജീവിത ക്ലേശങ്ങളാണ് നേതൃത്വനിരയിലേക്ക് വരുന്നതിന് വലിയൊരു തടസ്സം. ജാതിപേർ വിളിക്കുകയോ, ജാതിപരമായ ഉച്ചനീചത്വമോ നിലവിലില്ല. ഇവരുടെ കുടുംബങ്ങളിൽ നടക്കുന്ന ആഘോഷ ചടങ്ങുകളിൽ എല്ലാവരും പങ്കെടുക്കാറുണ്ടെങ്കിലും പുതിയ തലമുറക്കാർ മാത്രമാണ് ഭക്ഷണവും മറ്റും കഴിയുന്നത്. കോളനികളിൽ ചുരുക്കം ചിലയാളുകൾ മിശ്രവിവാഹിതരാണ്. കൊങ്ങപ്പാടത്തുള്ള വേലായുധൻ പ്രാചീന ഭാഷാഗാനങ്ങളിൽ അവഗാഹം നേടിയിട്ടുണ്ട്.

പട്ടിക വർഗ്ഗക്കാരുടെ സാമൂഹിക അവസ്ഥ പട്ടിക ജാതിക്കാരിൽ നിന്നും വളരെയധികം വ്യത്യാസപ്പെട്ടിരിക്കുന്നു. അസംഘടിതരായി കവിയുന്ന ഈ ജനവിഭാഗങ്ങൾ മറ്റുള്ളവരുടെ ഇടയിലേക്ക് വരുന്നതിന് പോലും മടിക്കുന്നു.

നിർദ്ദേശങ്ങൾ

പട്ടികജാതി/ വർഗ്ഗ കോളനികളിൽ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക, ബോധവൽക്കരണം ഊർജ്ജിതപ്പെടുത്തുക, പഞ്ചായത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഈ ജനവിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുക.

ആരോഗ്യം

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മറ്റു ജനവിഭാഗങ്ങളെ അപേക്ഷിച്ച് പട്ടിക ജാതി/പട്ടിക വർഗ്ഗക്കാരുടെ ഇടയിൽ കൂടുതലാണ്. പകർച്ചവ്യാധികൾ ഏറ്റവും മുമ്പേ എത്തുന്നതും ഇവരുടെ കോളനികളിലാണ്. പോഷകാഹാര കുറവുള്ള നിരവധി കുഞ്ഞുങ്ങളെ ഇവരുടെ ഇടയിൽ കാണാം. പണിയെടുക്കുന്ന പുരുഷൻമാരിൽ നല്ലൊരു വിഭാഗം മദ്യപൻമാരാണ്. ദാരിദ്ര്യജന്യരോഗങ്ങൾ ഇവരുടെ ഇടയിൽ കൂടുതലായുണ്ട്.

നിർദ്ദേശങ്ങൾ

അന്ധവിശ്വാസങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം, പോഷകാഹാര കുറവ് പരിഹരിക്കൽ, പരിസര ശുചിത്വം ഉറപ്പു വരുത്തൽ.

വിഭവ സമാഹരണം

ആസൂത്രണം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഒരു സമ്പദ്‌വ്യവസ്ഥയുടെ മുഴുവൻ വിഭവശേഷിയും കണക്കിലെടുത്ത് നിശ്ചിത സമയപരിധിക്കകത്തുനിന്നുകൊണ്ട് വ്യക്തമായ ഉദ്ദേശ്യത്തോടെ വിവിധ മേഖലകളുടെ വികസനത്തിനായി വിനിയോഗിക്കുക എന്നതതാണല്ലോ. അത്തരം ശാസ്ത്രീയമായ വിനിയോഗം തന്നെയാണ് ഒരു രാജ്യത്തിന്റെ സമ്പദ്‌വളർച്ചയുടെ അളവുകോൽ. വിനിയോഗപ്രക്രിയ നടത്തേണ്ടത് സാമൂഹ്യസാംസ്ക്കാരികപരിസ്ഥിതിയും കണക്കിലെടുത്തുകൊണ്ടാണല്ലോ ഇത്തരത്തിൽ ലക്ഷ്യബോധത്തോടുകൂടി നടത്തുന്ന സമ്പദ്‌വിനിയോഗം സമൂഹത്തിന്റെ വിഭവശേഷിയെക്കൂടി ആസ്പദിച്ചിരിക്കുന്നു. വികേന്ദ്രീകരണാസൂത്രണം എന്ന ആശയം പ്രായോഗികമാക്കപ്പെടുന്ന ഈ സാഹചര്യത്തിൽ സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കിടക്കുന്നവരെക്കൂടി അഥവാ മുഴുവൻ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തി സാമ്പത്തികവും, സാമൂഹികവുമായ അസമത്വത്തിന് ശമനം നേടിയെടുക്കാൻ ഉള്ള പോംവഴികൾ ആരായുന്നതിന്റെ വ്യക്തമായ പ്രതിബിംബമാണല്ലോ ജനകീയാസൂത്രണപദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

പ്രദേശിക അസന്തുലിതാവസ്ഥകൾ ഒഴിവാക്കിക്കൊണ്ടുള്ള വികസനം പരമപ്രധാനമത്രെ. വിവിധ മേഖലകളെക്കുറിച്ചുള്ള വികസനനിരക്കും അപര്യാപ്തതകളും ചർച്ചക്ക് വിധേയമാക്കുമ്പോൾ, ഇതെല്ലാം നികത്തിക്കൊണ്ട് വളർച്ച നേടിയെടുക്കുവാനുള്ള ശ്രമത്തിലും നമ്മൾ അടിസ്ഥാനമായി ചിന്തിക്കേണ്ട വിഷയമാണ് വിഭവശേഷി. ഭൗതികവും അഭൗതികവുമായ എല്ലാ മാനദണ്ഡങ്ങളും ഉൾക്കൊണ്ടിട്ടുള്ള വിലയിരുത്തലാണ് അഭികാമ്യം. അതുകൊണ്ടുതന്നെ വികസനപ്രവർത്തനങ്ങൾക്ക് തുടക്കമിടുന്നതിന്റെ മുൻപ് തന്നെ വ്യക്തമായ ചിത്രം വരച്ചെടുക്കേണ്ടതുണ്ട്.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വിവിധ വികസനപ്രവർത്തനങ്ങളുടെ ആധാരം നമ്മുടെ വിഭവശേഷി തന്നെയാണ്. ഗ്രാമസഭകളുടെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് വിഭവസമാഹരണമാർഗങ്ങളെയും പ്രശ്നങ്ങളെയും സാധ്യതകളെയും കുറിച്ചുള്ള അവലോകനം പ്രയോജനപ്പെടുമല്ലോ.

അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ വിഭവസമാഹരണ പ്രക്രിയയുടെ നെടുംതൂണുകളായി നിലനിൽക്കുന്നത് കാർഷികമേഖലയും സർക്കാർ സേവന മേഖലയുമാണ്. ഏറ്റക്കുറച്ചിലുകൾ പ്രാദേശികമായി ഉണ്ടെങ്കിൽപ്പോലും ബഹുഭൂരിഭാഗം ജനവിഭാഗങ്ങളും കൃഷിയെയും അനുബന്ധ തൊഴിലുകളെയും ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്. വലിയ ഒരു ശതമാനം സർക്കാർ മേഖലയെയും ആശ്രയിക്കുന്നു. പഞ്ചായത്തിന്റെ വരുമാനസമാഹരണരീതി ഏറ്റവുമധികം കേന്ദ്രീകരിക്കേണ്ടത് വ്യത്യസ്ത മേഖലകളിൽനിന്ന് പഞ്ചായത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനത്തിൽ ഉണ്ടാകുന്ന കാലാകാലങ്ങളിലെ അസന്തുലിതാവസ്ഥകൾ പരിഹരിച്ച് സന്തുലിതരീതിയിൽ ധനാഗമനനിവൃത്തികൾ കണ്ടെത്തുന്ന പ്രക്രിയകൾക്കാണ്. വിഭവസമാഹരണത്തിന്റെ വിശാലകാഴ്ചപ്പാട് കണക്കിലെടുത്തുകൊണ്ട് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിലനിൽക്കുന്ന സാങ്കേതികസ്ഥാപനങ്ങൾ, പ്രാചീനവ്യവസായ സംരംഭങ്ങൾ, കുടിൽവ്യവസായങ്ങൾ തുടങ്ങിയവക്ക് ഊന്നൽ നൽകിയും അവയെത്തമ്മിൽ സഹകരിപ്പിച്ചുകൊണ്ടുള്ള വികസനപ്രവർത്തനവുംമുഖേന വിഭവസമാഹരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടാം എന്നതിൽ തർക്കമില്ല. പഞ്ചായത്തിന്റെ മൊത്തവരുമാനത്തെക്കുറിച്ച് വിലയിരുത്തുന്നതിന് ലഭ്യമായ സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നത് വിവിധ മാർഗങ്ങളിലൂടെയുള്ള വരുമാനത്തിന്റെ അളവ് വാർഷികാടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ഗണ്യമായ വ്യതിയാനം കാണപ്പെടുന്നു എന്നതാണ്.


ധനസ്ഥിതി വിലയിരുത്തുന്നതിന് വേണ്ടി ലഭ്യമായിട്ടുള്ള ഏകദേശം പത്തുവർഷക്കാലത്തെ (ഓരോ വർഷം ഇടവിട്ടുകൊണ്ടു) കണക്കു വിവരങ്ങളാണ് താഴെ ചേർക്കുന്നത്.

പട്ടിക 1


മൊത്തവരവു ചിലവ് പട്ടിക (84-96)

വർഷം	മൊത്തവരുമാനം	മൊത്തം ചിലവ്
84 - 85	5,32,576.14	4,84,700.00
87 - 88	8,21,535.85	7,19,694.45
90 - 91	11,12,948.15	11, 01,354.10
92 - 93	12,58,446.59	11, 18,716.65
94 - 95	20,55,267.00	20, 88,979.60
95 - 96	22,84,272.26	21, 20,638.20

1985 മുതൽ 1995 വരെയുള്ള മൊത്തവരുമാനത്തെ സൂചിപ്പിക്കുന്ന രേഖാചിത്രം



1985 മുതൽ 1995 വരെയുള്ള മൊത്തം ചിലവിനെ സൂചിപ്പിക്കുന്ന രേഖാചിത്രം



മുകളിൽ കാണിച്ചിട്ടുള്ള വരവുചിലവു പട്ടിക.1 ൽ 84-85 വർഷം മുതൽ 90 വരെ വളരെ വലിയ വ്യതിയാനങ്ങൾ കൂടാതെ ധനവിനിയോഗം നടന്നിട്ടുണ്ട്. എന്നാൽ 90 കളുടെ തുടക്കം മുതൽ ഉദാഹരണമായി 95-96 ൽ തന്നെ ഏകദേശം ഒരു ലക്ഷം രൂപയുടെ കമ്മി പഞ്ചായത്തിന്റെ വിഭവശേഷി തെളിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള കമ്മി നികത്തുന്നതിന്റെ ആധാരമായാണ് സന്തുലിത നികുതി സമ്പ്രദായത്തിന് പഞ്ചായത്ത് ഊന്നൽ നൽകേണ്ടിയിരിക്കുന്നത്.

ഇവിടെ കൊടുത്തിരിക്കുന്ന രണ്ടു രേഖാചിത്രങ്ങൾ വരവിന്റെയും ചെലവിന്റെയും രീതിയെയാണ് സൂചിപ്പിക്കുന്നത്. രേഖാചിത്രം 1 ൽ കാണുന്നത് മൊത്തവരുമാനത്തിന്റെ ശീഘ്രതയാണെങ്കിൽപ്പോലും രേഖാചിത്രം 2 ൽ സൂചിപ്പിക്കുന്നതു പോലെ ചിലവിൽ ഗണ്യമായ വ്യതിയാനങ്ങൾ കാണിക്കുന്ന രേഖകൾക്ക് താഴ്ചയും ഉയർച്ചയും ഉണ്ട്.

മൊത്തം ചിലവും, വരുമാനത്തേയും വിശേഷിപ്പിക്കാവുന്ന രേഖാചിത്രങ്ങൾ രണ്ടും സൂചിപ്പിക്കുന്ന മൊത്തം വർദ്ധനവിലുള്ള പ്രവണത കണക്കിലെടുത്ത് വരുംകാലങ്ങളിലും ഇതേ തരത്തിലുള്ള പ്രവണത തന്നെ പ്രവചിക്കാൻ സാധ്യമാകും അതിനാൽ ശാസ്ത്രീയമായ വിഭവസമാഹരണം അനിവാര്യമാണ്.

മൊത്തം വരുമാനത്തിന്റെ വിശദമായ വിലയിരുത്തലിന് വിവിധ മാർഗങ്ങളിലൂടെ ലഭിക്കുന്ന തനത് നികുതി വരുമാനവും അതിലുള്ള വ്യതിയാനങ്ങളും വാർഷികാടിസ്ഥാനത്തിൽ പരിശോധിക്കാം.

പട്ടിക 2

തനത് നികുതികൾ

തൊഴിൽ നികുതി

വർഷം	തുക
84 - 85	2,21,172.00
87 - 88	2,73,884.00
90 - 91	3,36,857.00
92 - 93	4,77,022.00
94 - 95	5,96,145.00
95 - 96	7,37,677.00

പട്ടിക 3

കെട്ടിട നികുതി

വർഷം	തുക
84 - 85	66,943.00
87 - 88	82,679.00
90 - 91	1,45,957.00
92 - 93	1,98,780.80
94 - 95	3,86,369.00
95 - 96	4,52,560.95

പട്ടിക 4

വിനോദനികുതി
(A.E.T. ഉൾപ്പെടെ)

വർഷം	തുക
84 - 85	60,758.00
87 - 88	58,888.25
90 - 91	60,899.30
92 - 93	65,983.40
94 - 95	53,254.40
95 - 96	35,442.76

പട്ടിക 4

ലൈസൻസ് ഫീ

വർഷം	തുക
84 - 85	4,066.25
87 - 88	4,370.50
90 - 91	7,455.50
92 - 93	51,532.00
94 - 95	9,044.50
95 - 96	10,963.75


മുകളിൽ സൂചിപ്പിച്ചിട്ടുള്ള നാല് പട്ടികകളും വ്യത്യസ്ത നികുതികളുടെ ഏറ്റക്കുറച്ചിലുകൾ കാണിക്കുന്നു. തൊഴിൽ

നികുതിയുടെ കാര്യം പരിശോധിക്കുകയാണെങ്കിൽ 84 - 85 മുതൽ 94 - 95 വരെ ശരാശരി 3.5% വർദ്ധനവ് കാണപ്പെടുന്നു. എന്നാൽ പഞ്ചായത്തിൽ മൊത്തം നിലവിലുള്ള അവസ്ഥ വിലയിരുത്തുമ്പോൾ സർക്കാർ സർവ്വീസിൽ സേവനം അനുഷ്ഠിക്കുന്നവരുടെ എണ്ണവും സ്വകാര്യതൊഴിലുകളെ ആശ്രയിക്കുന്നവരുടെയും അളവ് ഗണ്യമാണ്. പഞ്ചായത്തിന് ന്യായമായി ലഭിക്കേണ്ട തൊഴിൽനികുതിയുടെ സിംഹഭാഗവും ലഭിക്കുന്നില്ല എന്ന അഭിപ്രായം ഗ്രാമസഭകളിലുടനീളം ഉണ്ടായിരുന്നു. തൊഴിൽനികുതി ശാസ്ത്രീയമായി പിരിച്ചെടുക്കുകയാണെങ്കിൽ ഇതിലുള്ള അസന്തുലിതാവസ്ഥ ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ മറ്റൊരു പ്രധാന വരുമാനമാർഗ്ഗമാണ് കെട്ടിടനികുതി. കഴിഞ്ഞ പത്തുവർഷക്കാലം പരിശോധിക്കുകയാണെങ്കിൽ കെട്ടിടനികുതിയുടെ രൂപത്തിൽ ലഭ്യമാകുന്ന വരുമാനത്തിന്റെ അളവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല എന്ന് കാണാം. എന്നാൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കെട്ടിടനിർമ്മാണപ്രക്രിയ തകൃതിയായി നടക്കുന്നു. ഭൂമി നികത്തി വീട് വെക്കുന്നവരുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 1991 ലെ സെൻസസ് പ്രകാരം ഒരു ചതുരശ്രകിലോമീറ്ററിലുള്ള ജനസംഖ്യയുടെ അളവ് 935 പേരാണ്.എന്നാൽ 10 വർഷം മുമ്പ്, 1981 ലെ കണക്കുപ്രകാരം ഒരു ചതുരശ്രകിലോമീറ്ററിലുള്ള ജനസംഖ്യ ഈ സ്ഥിതി വിവരക്കണക്കുകൾ സൂചിപ്പിക്കുന്നത് പഞ്ചായത്തിന്റെ ജനസാന്ദ്രതയാണ്. ജനസംഖ്യാസാന്ദ്രതയുടെ അളവ് വർദ്ധിക്കുന്നതിനനുസരിച്ച് നിർമ്മാണപ്രക്രിയയുടെ അളവ് വ്യാപിക്കുന്നു എന്നതാണല്ലോ പൊതുവെയുള്ള തത്വം. പഞ്ചായത്തിന്റെ ഭൂവിനിയോഗപട്ടിക സൂചിപ്പിക്കുന്നത് കെട്ടിടനിർമ്മാണങ്ങൾക്കായി ഉപയോഗിക്കപ്പെട്ടിട്ടുള്ള ഭൂമിയുടെ അളവ് 104.73 ഹെക്ടറാണ്. തരിശുഭൂമിയുടെ അളവാകട്ടെ 184.04 ഹെക്ടറുമാണ്. ഇത് കാണിക്കുന്നത് തരിശുഭൂമിയുടെ 75% കെട്ടിടനിർമ്മാണത്തിനുവേണ്ടി വിനിയോഗിക്കുന്നു എന്നതാണ്. പഞ്ചായത്തിന്റെ 94 - 95 ലെ ഡിസിബി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് സാധ്യതയുള്ള തുക ഈ ഇനത്തിൽ 3,90,352.27രൂപയാണ്. പിരിച്ചെടുക്കാൻ സാധ്യമായത് 3,86,753.62 രൂപയാണ്. കിട്ടാനുള്ള തുക 3,598.65 രൂപയായി നിലനിൽക്കുന്നു. കഴിഞ്ഞ പത്തു വർഷം പരിശോധിക്കുമ്പോഴും ഈ സ്ഥിതി വിശേഷം ഉണ്ട്. ഇത്തരത്തിലുള്ള വസ്തുതകൾ വെച്ചുകൊണ്ട് ഗ്രാമസഭായോഗങ്ങൾ വിലയിരുത്തിയത് കെട്ടിടനിർമ്മാണനികുതിയുടെ അളവിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടായിരിക്കണം എന്നതാണ്.


വിനോദനികുതിയുടെ കാര്യം പരിശോധിച്ചാൽ 92 - 93 ന് ശേഷം ഭീമമായ കുറവുകാണുന്നു. വിനോദസംരംഭങ്ങൾക്ക് മികച്ച സാധ്യതയുള്ള പഞ്ചായത്തിൽ വിനോദനികുതിയുടെ അളവ് കുറയുന്നു എന്നത് തികച്ചും വിരോധാഭാസമാണ്. പഞ്ചായത്തുകളുടെ എടുത്തുപറയത്തക്ക വരുമാനമാർഗങ്ങളിൽ ഒന്നാണ് വിനോദനികുതി. വിനോദസഞ്ചാരവികസനത്തിന് പ്രഥമ സ്ഥാനമുള്ള മലമ്പുഴയുടെ അരികിലുള്ള ഈ പഞ്ചായത്ത് വിനോദനികുതിയുടെ അളവിൽ ഏറെ പുറകിലാണ്. ഉദാഹരണമായി പട്ടിക 4 ൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ 84 - 85 കാലത്ത് വിനോദനികുതിയുടെ അളവ് 60,758.00 രൂപയാണെങ്കിൽ 95 - 96 ൽ 35,442.76 ആണ്. ഏകദേശം 92 - 93 ന് ശേഷം വലിയ ഒരു കുറവ് നിഴലിച്ചുകാണുന്നു.

ലൈസൻസ് ഫീയുടെ കാര്യം വിലയിരുത്തുമ്പോഴും ഈ വ്യതിയാനങ്ങൾ കാണാം. 92 - 93 വർഷത്തിൽ 51,532.00 രൂപയായിരുന്ന ലൈസൻസ് ഫീയുടെ അളവ് 95 - 96 ൽ കേവലം 10,963.75 രൂപയായി കുറഞ്ഞിരിക്കുന്നു. രണ്ട് വർഷം കൊണ്ട് ഈ ഇനത്തിൽ വന്ന ഭീമമായ കുറവ് ആശങ്കക്ക് വക നൽകുന്നു. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലെ കച്ചവടസ്ഥാപനങ്ങളുടെ (D&O പരിധിയിൽ വരുന്നത്) സംഖ്യ ഇപ്പോൾ വർദ്ധിച്ചുവരുന്നു. ഈ വസ്തുതകൾ ഗ്രാമസഭായോഗങ്ങൾ വളരെ മുൻതൂക്കം കൊടുത്ത് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതിന് പ്രധാന ഹേതുവായി ചൂണ്ടിക്കാണിക്കപ്പെട്ടത് നികുതിവെട്ടിപ്പിന്റെ രൂക്ഷസ്വഭാവം തന്നെയാണ്. കൃത്യമായ സ്ഥിതിവിവരകണക്കുകൾ, വിപണനരീതി, വാണിജ്യ സ്വഭാവം തുടങ്ങിയവ കണക്കിലെടുത്ത് നികുതി ചുമത്തുകയാണെങ്കിൽ ഇതിൽ വൻതോതിലുള്ള മാറ്റം ഉണ്ടാക്കാൻ സാധ്യതയുണ്ട്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിശകലനങ്ങൾ നികുതിവരുമാനങ്ങളുടെ വ്യത്യാസങ്ങളും സാധ്യതകളെയും കുറിച്ച് ചില ഉദാഹരണങ്ങൾ മാത്രം.

കെട്ടിടനികുതിയുടെ വ്യതിയാനത്തെ സൂചിപ്പിക്കുന്ന രേഖാചിത്രം.
1984 - 95



വിനോദനികുതി (A.E.T. ഉൾപ്പെടെ) കാണിക്കുന്ന രേഖാചിത്രം.
1985 - 95



മൊത്തംവരുമാന ചിലവിൽ വന്ന വ്യതിയാനത്തെ സൂചിപ്പിക്കുന്ന പട്ടിക
84 - 85, 94 - 95

ഇനം	84 -85	94 - 95	വ്യതിയാനം
കെട്ടിടനികുതി	66,943.00	3,86,369.12	(+) 3,20,376.00
തൊഴിൽനികുതി	2,21,172.00	5,96,145.00	(+) 3,74,973.00
വിനോദനികുതി (AET ഉൾപ്പെടെ)	60,758.00	53,254.40	(-) 7,503.60
ലൈസൻസ് ഫീ	4,066.25	9,044.50	(+) 5,978.25
ഗ്രാൻറുകൾ	55,447.00	3,08,937.00	(+) 2,53,490.00
മൊത്തംവരുമാനം	4,69,144.25	13,53,750.02	(+) 8,84,605.77
മൊത്തംചിലവ്	4,84,700.00	20,88,979.60	(+)16,04,279.60
എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ	1,79,890.80	6,24,247.00	(+) 4,44,356.20

മൊത്തവരുമാന ചിലവിൽ രണ്ടു കാലഘട്ടങ്ങളിൽ 84 - 85 ഉം 94 - 94 ഉം കണക്കിലെടുത്തു (ഏകദേശം 10 വർഷം വ്യത്യാസം) വിലയിരുത്തുമ്പോൾ 94 - 95 ൽ വിവിധ ഇനങ്ങളിലൂടെ ലഭിച്ച വരുമാനത്തിന്റെ മൊത്തം കണക്ക് 13,53,760.02 പൈസയാണെങ്കിൽ ചിലവ് 20,88,979.60 പൈസയുമാകുന്നു. പഞ്ചായത്ത്95 - 96 ൽ കമ്മി ബഡ്ജറിനെയാണ് നേരിട്ടത് എന്ന പ്രത്യക്ഷമായി മനസ്സിലാക്കാവുന്നതാണ്. തനത് നികുതി വരുമാനത്തിലെ വ്യത്യാസം ഈ രണ്ടു കാലഘട്ടങ്ങളിലെ വ്യത്യാസം കണക്കിലെടുക്കുമ്പോൾ വന്നിച്ച നഷ്ടം വിനോദനികുതിയിൽ നിന്നാണ്. ഏകദേശം (-)7,503.60 പൈസ. ഇവിടെയാണ് നമ്മൾ നികുതി വരുമാനത്തിലെ കാര്യക്ഷമതയെക്കുറിച്ച് ചിന്തിക്കേണ്ടതും പിഴവുകൾ ഉണ്ടെങ്കിൽ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതും.

ഗ്രാമപഞ്ചായത്തിന്റെ നികുതിയേതര വരുമാന സാധ്യതകൾ പൊതുവെ കുറഞ്ഞ നിരക്കിലാണെന്ന് കാണാം. പഞ്ചാത്തിനെ സംബന്ധിച്ചിടത്തോളം പ്രമുഖ നികുതിയേതര വരുമാനങ്ങൾ പഞ്ചായത്ത് കല്യാണമണ്ഡപം, ഷോപ്പിങ്ങ് കോംപ്ലക്സ്, പ്ലാൻ അപ്രൂവൽ ഫീസ് എന്നിവയിൽ നിന്നാണ്. ഉദാഹരണമായി പഞ്ചായത്ത് കല്യാണമണ്ഡപം ഉപയോഗിക്കുന്നതിനായി ഈടാക്കുന്നത് വെറും അഞ്ഞൂറ് രൂപ മാത്രമാണ്. സ്വകാര്യമേഖലയിൽ ഉള്ളതിനേക്കാൾ വളരെക്കുറഞ്ഞ വാടക ഈടാക്കുന്നത് കൊണ്ട് തന്നെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കല്യാണമണ്ഡപം നഷ്ടമാണ് എന്നുതന്നെ പറയാം. മുതൽമുടക്കിനനുസൃതമായി പലിശ ഈടാക്കി എടുക്കാൻ സാധിക്കുന്നില്ല എന്നതാണ് വാസ്തവം. കണക്കുകൾ സൂചിപ്പിക്കുന്നത് 1984 - 85 ൽ പഞ്ചായത്തിന്റെ മൊത്തം നികുതിയേതര വരുമാനത്തിന്റെ അളവ് 1,62,207.00 രൂപയാണെങ്കിൽ 94 - 95 കാലഘട്ടത്തിൽ 2,34,436.35രൂപ മാത്രമാണ്. ശരാശരി പത്തു ശതമാനം വർദ്ധനവ് പോലും ഈ വകയിൽ ദൃശ്യമാകുന്നില്ല. വിഭവസമാഹരണപ്രക്രിയയിൽ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് വിവിധ പോംവഴികൾ ഗ്രാമസഭകളിൽ ഉടനീളം ചർച്ചചെയ്യപ്പെട്ടിരുന്നവയിൽ ഉയർന്നുവന്ന സാദ്ധ്യതകളിൽ പ്രധാനം ഇപ്പോൾ നിലവിൽ ഇല്ലാത്തതായ പരസ്യനികുതിയാണ്. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ മലമ്പുഴയിലേക്കുള്ള റോഡിലും മറ്റും സ്ഥാപിക്കുന്ന പരസ്യബോർഡുകൾ, ബാനറുകൾ, ഇതരദൃശ്യമാധ്യമങ്ങൾ എന്നിവയിലൂടെയുള്ള പ്രചരണങ്ങൾക്ക് ഒരു നിശ്ചിത തുക നികുതിയായി ചുമത്തണം.

അകത്തേത്തറ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുള്ള സംസ്ഥാനസർക്കാർ ഗ്രാന്റുകളെക്കുറിച്ചുള്ള ഒരു എത്തിനോട്ടം നടത്താം.

പട്ടിക 5

സർക്കാർ ഗ്രാന്റുകൾ

വർഷം	ഇനം	തുക
1987 - 88	V.T.C.	7,121.00
	Special Grant	25,000.00
	V.R.M.	6,028.00
	Basic Tax Grant	17,298.00
	Total	55,447.00
1992 - 93	Basic Tax	18,562.00
	Untied fund	1,67,000.00
	V.R.M.	7,763.00
	Minor Irrigation	2,000.00
	Water Supply	33,758.00
	Total	2,29,083.00
1994 - 95	Basic Tax	22,980.00
	Untied fund	1,92,000.00
	S.C.P.	83,000.00
	V.R.M.	7,452.00
	Minor Irrigation	2,000.00
	Total	3,08,937.00

* V.R.M. = Village Road Maintanence

* V.T.C. = Vehicle Tax Compensation

മുകളിൽ കാണിച്ചിട്ടുള്ള ഗ്രാന്റുകളെക്കുറിച്ചുള്ള പട്ടികകൾ സൂചിപ്പിക്കുന്നത് ക്രമത്തിലുള്ള വർദ്ധനവിനെയാണ്. സർക്കാരിന്റെ ഉപാധിരഹിത ഫണ്ടിൽ 1995 - 96 ൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 1995 - 96 വർഷം കണക്കിലെടുക്കുകയാണെങ്കിൽ മൊത്തം ഗ്രാന്റ് ഇനത്തിൽ 9.77 ലക്ഷം ഉപാധിരഹിത ഇനത്തിലാണ്. കാലാകാലങ്ങളിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട സർക്കാർ ഗ്രാന്റുകളുടെ അപര്യാപ്തത പഞ്ചായത്തിന്റെ വികസനത്തിന് വലിയ ഒരു വിലങ്ങുതടിയായി നിലനിൽക്കുന്നുണ്ട്. ഉദാഹരണമായി വാഹനനികുതി എടുക്കുകയാണെങ്കിൽ ഈ ഇനത്തിൽ 1987-88 ൽ 7,121 രൂപ ലഭിച്ചെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ ഈ ഇനത്തിൽ ഒരു രൂപ പോലും നൽകപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ വികസന പ്രക്രിയയിലും വിഭവ സമാഹരണ പ്രക്രിയയിലും പങ്കുവഹിക്കേണ്ട സർക്കാരിന്റെ വിവിധ ഗ്രാന്റുകൾ അപര്യാപ്തതയെക്കുറിച്ചുള്ള ഈ അവസ്ഥയ്ക്ക് അടിയന്തിരമായി ഒരു പരിഹാരം കാണേണ്ടതുണ്ട് എന്നുള്ള ആശയം ഗ്രാമസഭകളിൽ മുഴുവൻ തന്നെ ചർച്ചക്ക് വിധേയമായതാണ്. ഈ കാര്യത്തിൽ ഒരു പരിശോധന അനിവാര്യമാണ്. സർക്കാർ ഗ്രാന്റുകളുടെ ശാസ്ത്രീയമായ വർദ്ധനവ് വിഭവസമാഹരണശേഷിയെ വർദ്ധിപ്പിക്കും എന്നതിൽ തർക്കമില്ല. ഗ്രാമപഞ്ചായത്ത് സ്പെഷൽ ഗ്രേഡിൽ വരുന്നതുകൊണ്ട് എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റിനെക്കുറിച്ച് ചിന്തിക്കേണ്ടതില്ല.

വരുമാനമാർഗ്ഗങ്ങളെക്കുറിച്ചും പുതിയ പോംവഴികളെക്കുറിച്ചും ഒരു സ്കെൽട്ടൺ പിക്ചർ ആണ് മുകളിൽ നൽകിയിട്ടുള്ളത്. വസ്തുതകളുടെ കാര്യകാരണങ്ങളെക്കുറിച്ച് വിലയിരുത്തുമ്പോഴും പ്രായോഗികതയെക്കുറിച്ച് ചിന്തിക്കുമ്പോഴും പഞ്ചായത്തിന്റെ സാമ്പത്തിക അടിസ്ഥാനം ശാസ്ത്രീയമായി മനസ്സിലാക്കുവാനായി അതിന്റെ ചിലവുകളെക്കുറിച്ച്കൂടി അന്വേഷണം നടത്തേണ്ടതാണ്. ആയതിനാൽ കഴിഞ്ഞ കാലഘട്ടങ്ങളിലുള്ള പഞ്ചായത്തിന്റെ മൊത്തം ചിലവിനെക്കുറിച്ചുള്ള ചിത്രത്തിലേക്ക് ഒന്ന് ഇറങ്ങിച്ചെല്ലാം.

ഇടവിട്ടുകൊണ്ട് കഴിഞ്ഞ പത്തു വർഷക്കാലം പരിശോധിക്കാൻ സാദ്ധ്യമാവുന്ന പട്ടികകൾ താഴെ ചേർക്കുന്നു.

പട്ടിക 6

മൊത്തം ചിലവിനെ സൂചിപ്പിക്കുന്ന പട്ടിക 1984 - 85

1	എസ്റ്റാബ്ലിഷ്മെന്റ്	1,79,890.80 (39.60%)
2	പൊതുമരാമത്ത്	1,46,948.05
3	വിദ്യാഭ്യാസം	21,597.85
4	ജലവിതരണം, ശുചീകരണം	52,169.20
5	തെരുവ് വിളക്ക്	84,094.21
6	മറ്റുള്ളവ	4,84,700.00

പട്ടിക 7

മൊത്തം ചിലവിനെ സൂചിപ്പിക്കുന്ന പട്ടിക 1987 - 88

1	എസ്റ്റാബ്ലിഷ്മെന്റ്	3,08,323.00
2	പൊതുമരാമത്ത്	62,568.00
3	വിദ്യാഭ്യാസം	1,442.00
4	ജലവിതരണം, ശുചീകരണം	14,250.00
5	തെരുവ് വിളക്ക്	66,472.15
6	മറ്റുള്ളവ	2,66,638.75
	ആകെ	7,19,694.45

പട്ടിക 8

മൊത്തം ചിലവിനെ സൂചിപ്പിക്കുന്ന പട്ടിക 1990 - 91

1	എസ്റ്റാബ്ലിഷ്മെന്റ്	4,01,966.00
2	പൊതുമരാമത്ത്	1,57,591.00
3	വിദ്യാഭ്യാസം	22,240.00
4	ജലവിതരണം, ശുചീകരണം	11,275.00
5	തെരുവ് വിളക്ക്	72,374.45
6	മറ്റുള്ളവ	4,36,386.85
	ആകെ	11,01,354.10

പട്ടിക 9

മൊത്തം ചിലവിനെ സൂചിപ്പിക്കുന്ന പട്ടിക 1992 - 93

1	എസ്റ്റാബ്ലിഷ്മെന്റ്	3,88,594.00
2	പൊതുമരാമത്ത്	1,81,044.00
3	വിദ്യാഭ്യാസം	11,120.40
4	ജലവിതരണം, ശുചീകരണം	26,069.00
5	തെരുവ് വിളക്ക്	99,386.00
6	മറ്റുള്ളവ	4,12,200.20
	ആകെ	11,18,716.65

പട്ടിക 10

മൊത്തം ചിലവിനെ സൂചിപ്പിക്കുന്ന പട്ടിക 1994 -95

1	എസ്റ്റാബ്ലിഷ്മെന്റ്	6,24,247.00
2	പൊതുമരാമത്ത്	5,46,681.00
3	വിദ്യാഭ്യാസം	30,999.45
4	ജലവിതരണം, ശുചീകരണം	94,535.50
5	തെരുവ് വിളക്ക്	1,85,799.00
6	മറ്റുള്ളവ	6,06,767.65
	ആകെ	20,88,979.60

മുകളിൽ സൂചിപ്പിച്ചിട്ടുള്ള അഞ്ച് പട്ടികകളും പ്രതിപാദിക്കുന്നത് പഞ്ചായത്ത് ചിലവുകളുടെ ക്രമാനുഗതമായ വർദ്ധനവ് തന്നെയാണ്. ചിലവുകളിൽ എസ്റ്റാബ്ലിഷിന് തൊട്ടുതന്നെ പൊതുമരാമത്തിന് ആണ് സ്ഥാനം. ഉദാഹരണമായി 1984 - 85 വർഷത്തിൽ 1,46,948.05 രൂപയാണെങ്കിൽ 1994 - 95 ൽ ഈ വകയിൽ ഉള്ള ചിലവ് 5,46,681.00 രൂപയായി വർദ്ധിച്ചിരിക്കുന്നു എന്ന് കാണാം. വികസനത്തിൽ പ്രഥമസ്ഥാനം ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്ന പ്രക്രിയയ്ക്കായതുകൊണ്ട് തന്നെ പൊതുമരാമത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് മുൻതൂക്കം കൊടുത്തിരിക്കുന്നു. ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിൽ പരിഹരിക്കണം എന്നത് ഗ്രാമസഭകളാകെ ആവശ്യപ്പെട്ടതാണ്.

തെരുവ്വിളക്കുകളുടെ കാര്യത്തിലും ഗണ്യമായ വർദ്ധനവ് കാണാം. ഉദാഹരണമായി 1984 - 85 ൽ ഈ വകയിൽ ചിലവ് 52,169.20 രൂപയാണെങ്കിൽ 1994 - 95 ൽ 1,85,799 രൂപയാണ്. (എന്നാൽ 1995 ൽ 1,76,522 ആണ്) ഈകുറവ് മൊത്തം ബാഹ്യപരിതസ്ഥിതി കാരണങ്ങൾ കൊണ്ടുമാത്രം വൈദ്യുതി ലഭ്യതയുടെ കുറവ് ഒരു പ്രധാന കാരണമായി കാണുന്നു. ഈ സാഹചര്യം ഗ്രാമസഭകളിൽ വിലയിരുത്തിയതുമാണ്.

മൊത്തം ചിലവിന്റെ കാര്യം പരിശോധിക്കുമ്പോൾ ണക്കുകൾ കാണിക്കുന്നത് 1984 - 85 ൽ മൊത്തം തുക 4,84,700 രൂപയാണെങ്കിൽ, 1994 - 95 ൽ 20,88,979.60 രൂപയും 1995 - 96 ൽ 21,17,890.00 ഉം ആണ്. വർദ്ധിക്കുന്ന പ്രവണത കണക്കിലെടുത്തുകൊണ്ടുള്ള വിഭവസമാഹരണപ്രക്രിയയ്ക്കുള്ള മാർഗ്ഗങ്ങൾ പരിശോധിക്കേണ്ടതാണ് എന്ന അഭിപ്രായം ഗ്രാമസഭകളിൽ ഉയർന്നുവന്നു. വികസനപ്രവർത്തനങ്ങളിൽ വാർഡ് അടിസ്ഥാനത്തിൽ ഉള്ള ഏറ്റക്കുറച്ചിലുകളും ഇതിലൂടെ പരിഹരിക്കാൻ സാധിക്കുകയും ചെയ്യും.

എസ്റ്റാബ്ലിഷ്മെന്റ് ചിലവുകളുടെ കാര്യം പരിശോധിക്കുമ്പോൾ 1984 - 85 ൽ രൂപ 1,79,890.80 (മൊത്തം ചിലവിന്റെ 34.60%) ഇതേ ചിലവ് 1994 - 95 ൽ 6,24,247.00 രൂപയുമാണ്. 95 - 96 ൽ ഇതേ ഇനത്തിൽ 6,44,917.20 രൂപയായി വർദ്ധിച്ചിരിക്കുന്നു. ഇതിന് കാരണം സേവനവേതന വ്യവസ്ഥയിൽ സർക്കാർ വരുത്തുന്ന കാലാകാലങ്ങളിലുള്ള മാറ്റവും, അംഗസംഖ്യയുടെ മാറ്റവും ആണ്.

വിഭവസമാഹരണപ്രക്രിയയിൽ ഏറ്റവും പ്രധാനപ്പെട്ട മദ്ധ്യവർത്തിയായി പ്രവർത്തിക്കാൻ സാധിക്കുന്നത് ധനകാര്യസ്ഥാപനങ്ങളാണ്. ഗ്രാമീണസമ്പാദ്യത്തെ സമാഹരിക്കാനും പ്രായോഗിക ഉപയോഗത്തിന് സാദ്ധ്യമാക്കാനും ധനകാര്യസ്ഥാപനങ്ങൾക്ക് കഴിയും. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന രണ്ടു പ്രധാന ധനകാര്യസ്ഥാപനങ്ങളാണ്. (1) അകത്തേത്തറ സർവ്വീസ് സഹകരണ ബാങ്ക് (സഹകരണരംഗത്ത്) (2) വാണിജ്യബാങ്കായ ഇൻഡ്യൻ ബാങ്കും. ഈ ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആശാവഹമായ മാറ്റങ്ങൾ ഈ മേഖലയിൽ നിന്ന് ഉണ്ടായിട്ടില്ല എന്ന് പരക്കെ അഭിപ്രായമുണ്ട്. ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനം ഒറ്റവാക്കിൽ പറയുകയാണെങ്കിൽ ജനകീയമായിട്ടില്ല എന്ന വിമർശനം ഗ്രാമസഭകളിലൂടെ ഉരുത്തിരിഞ്ഞു വന്നിരിക്കുന്നു. ഇവയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ആവശ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനമായ അകത്തേത്തറ സർവ്വീസ് സഹകരണബാങ്കിനെ സംബന്ധിച്ചിട്ടുള്ള നിക്ഷേപം, വായ്പാ, വായ്പാകുടുന്ന സ്വാഭാവം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ (1996 ജൂൺ അനുസരിച്ച്)

നിക്ഷേപങ്ങൾ

ദീർഘകാലനിക്ഷേപങ്ങൾ	402 ലക്ഷംരൂപ
ഹ്രസ്വകാലനിക്ഷേപങ്ങൾ	327 ലക്ഷംരൂപ
ആകെ	729 ലക്ഷംരൂപന

വിവിധ വായ്പകൾ

		തുക
1.	കാർഷികവായ്പകൾ	
	ഹ്രസ്വകാലം	4,00,397.00
	മദ്ധ്യകാലം	50,483.00
	ആകെ	4,50,880.00
2.	കാർഷികേതര വായ്പകൾ	
	ഹ്രസ്വകാലം	65,76,329.00
	മദ്ധ്യകാലം	5,55,832.00
	ദീർഘകാലം	13,135.00
	ആകെ	71,45,296.00
3.	പ്രത്യേകവായ്പകൾ	
	ഐ.ആർ.ഡി.പി.	25,625.00
	നിക്ഷേപവായ്പകൾ	33,18,665.00
	സ്വർണ്ണപണയത്തിൻ മേലുള്ള വായ്പകൾ	2,52,12,876.00
	ആകെ	2,85,57,166.00
4.	തിരിച്ചടക്കാനുള്ള വായ്പകൾ	
	ഹ്രസ്വകാലകാർഷികവായ്പകൾ	1,66,227.00
	ഹ്രസ്വകാലകാർഷികേതരവായ്പകൾ	1,7,18,970.00
	മദ്ധ്യകാലവായ്പകൾ	9,36,929.00
	ഐ.ആർ.ഡി.പി.	1,781.00
	സ്വർണ്ണപണയവായ്പകൾ	17,85,586.00

സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങൾ പൊതുവെ കാർഷിക മേഖലയുടെ വികസനത്തിനും അനുബന്ധപ്രവർത്തനങ്ങൾക്കും വേണ്ടിയാണ് നിലകൊള്ളുന്നത്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള പട്ടികകൾ പരിശോധിക്കുമ്പോൾ പ്രത്യേക

വായ്പാ സമ്പ്രദായത്തിന്റെ അപര്യാപ്തത കാണുന്നു. ഉദാഹരണമായി ദാരിദ്ര്യനിർമ്മാർജ്ജനപ്രക്രിയയുടെ ഭാഗമായി ഐ.ആർ.ഡി.പി. പദ്ധതി അനുസരിച്ചുള്ള മൊത്തം വായ്പാ തുക 25,625.00 രൂപ മാത്രമാണ് (ബാങ്കിന് ലഭിക്കേണ്ട തുക ഈ ഇനത്തിൽ വളരെ കുറവ് മാത്രമാണ്) കാർഷികവായ്പാ സമ്പ്രദായത്തിലും ഗണ്യമായ മാറ്റം വരുത്തേണ്ടതുണ്ട് എന്ന അഭിപ്രായം ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞതാണ്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിലനിൽക്കുന്ന ചെറുകിട വ്യവസായസ്ഥാപനങ്ങളുടെയും, കരകൗശലരംഗത്ത് തൊഴിൽ ചെയ്യുന്നവരുടെയും പുനരുദ്ധാരണത്തിന് യോജിച്ച പ്രവർത്തനം ബാങ്കിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ് എന്ന അഭിപ്രായം പൊതുവെ ഗ്രാമസഭകളിൽ പൊന്തിവന്നിരുന്നു. മറ്റുതിര വായ്പകൾ ഏകദേശം രണ്ടു കോടി രൂപയാണെങ്കിൽ, കാർഷികമേഖലയുടെ വായ്പ നാമമാത്രമായ 95,000 രൂപയാണ്.

മറ്റൊരു കാര്യം ഇവിടെ പ്രത്യക്ഷമായി കാണുന്നത് ഏകദേശം 700 ലക്ഷംരൂപ 1996 ജൂൺ മാസം അനുസരിച്ച് നിക്ഷേപത്തുക ഇനത്തിൽ കാണുമ്പോൾ, മൊത്തം വായ്പാ വിതരണം ചെയ്തിരിക്കുന്ന തുക 3 കോടിയോട് അടുത്ത് വരുന്നു. ഇതിൽ കാർഷിക വായ്പാ നാമമാത്രം. പഞ്ചായത്തിന്റെ കാർഷികമേഖലയുടെ വികസനത്തിനുവേണ്ടി പ്രവർത്തിക്കേണ്ടതും വികസനത്തിന്റെ മുഖ്യധാരയിൽ വരേണ്ടതുമായ സഹകരണ ധനകാര്യസ്ഥാപനം ഈ ലക്ഷ്യത്തിൽ നിന്നു ഏറെ പുറകിൽ ആണെന്ന സത്യം വളരെയധികം വികാരവായ്പോടെ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും അഭിപ്രായപ്പെട്ടു. ഈ പഠനത്തിൽ നിന്ന് മനസ്സിലാക്കുന്നത് ജനങ്ങളുടെയും, പ്രദേശത്തിന്റെയും പ്രാഥമിക ആവശ്യങ്ങൾക്കും വികസനമാർഗ്ഗങ്ങൾക്കും ഊന്നൽ നൽകണം.

പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഇൻഡ്യൻ ബാങ്കിന്റെ സ്ഥിതിവിവരകണക്കുകൾ താഴെ ചേർക്കുന്നു. 13-9-96 ലെ കണക്കെടുപ്പ് അനുസരിച്ച്

നിക്ഷേപങ്ങൾ

ദീർഘകാല നിക്ഷേപങ്ങൾ	2.66 കോടി
ഹ്രസ്വകാല നിക്ഷേപങ്ങൾ	1.30 കോടി
ആകെ	3.96 കോടി

ഇനങ്ങൾ	തുക
കാർഷിക ഹ്രസ്വകാല വായ്പ	10,67,073 ലക്ഷം
കാർഷിക മദ്ധ്യകാല വായ്പ	23,009 ലക്ഷം
	10,90,082 ലക്ഷം
മറ്റു വായ്പകൾ	
മദ്ധ്യകാല വായ്പ	17.83 ലക്ഷം

പ്രത്യേക വായ്പകൾ

എസ്.എസ്.ഐ.	8.34 ലക്ഷം
ഐ.ആർ.ഡി.പി.	4.20 ലക്ഷം
ബി.ആർ.ഐ.	.56 ലക്ഷം
പി.എം.ആർ.ഐ.	4.63 ലക്ഷം
ഭവനനിർമ്മാണപദ്ധതി	20.68 ലക്ഷം
ആകെ	37.81 ലക്ഷം

കുടിശ്ശികകൾ

കാർഷികം	6.79 ലക്ഷം
മറ്റുള്ളവ	3.39 ലക്ഷം
ഐ.ആർ.ഡി.പി.	3.93 ലക്ഷം
ആകെ	14.11 ലക്ഷം

ബാങ്കിന്റെ മദ്ധ്യകാലവായ്പാ സമ്പ്രദായം മാത്രം പരിശോധിക്കുകയാണെങ്കിൽ കാർഷിക രംഗത്തിന് വേണ്ടി വിതരണം ചെയ്തിട്ടുള്ള തുക 23.09 ലക്ഷം ആയിരിക്കെ മറ്റിതര മദ്ധ്യകാല വായ്പകൾ 17.83 ലക്ഷം ആയി കാണുന്നു. ഈ വസ്തുത വിരൽ ചൂണ്ടുന്നത് കാർഷികവായ്പാരംഗത്ത് ഉദാരമായ നയസമീപനം പൊതുമേഖലാധനകാര്യസ്ഥാപനത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു എന്നുള്ളതാണ്. സമാഹരണത്തിന്റെ ദൗർലഭ്യം, പ്രത്യേകിച്ച് പ്രാഥമിക മേഖലയിൽ നിലനിൽക്കുന്നതു പരിഹരിക്കാൻ ഏറ്റവും അനുയോജ്യമായ മാർഗ്ഗം ധനസ്ഥാപനങ്ങളുടെ വിഭവവിനിയോഗത്തിൽ പ്രാമുഖ്യം കാർഷികവും അനുബന്ധരംഗങ്ങളും കേന്ദ്രീകരിച്ചു കൊണ്ടാണെങ്കിൽ ഏറെ പരിഹരിക്കപ്പെടും എന്നതാണ് ഇത് ഗ്രാമസഭായോഗങ്ങൾ വിലയിരുത്തിയതുമാണ്.

നിക്ഷേപങ്ങളും വിലയിരുത്തലിന് വേണ്ടി, സംസ്ഥാന നിക്ഷേപ അനുപാതവുമായി താരതമ്യപ്പെടുത്തുവാൻ ആവശ്യമുള്ള സ്ഥിതി വിവരകണക്കുകൾ ലഭ്യമല്ല. പഞ്ചായത്ത് സമിതികളും ബാങ്കുകളും തമ്മിലുള്ള ബന്ധം ശക്തമാക്കേണ്ടതാണ്. പഞ്ചായത്ത് പ്രസിഡണ്ട്, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാങ്ക് അധികാരികളെ വിളിച്ചുചേർത്ത് ബാങ്കുവായ്പ ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ ചർച്ച നടത്തേണ്ടതാണ്.

അനൗപചാരിക വായ്പാസമ്പ്രദായങ്ങളെക്കുറിച്ച് സ്ഥിതിവിവരക്കണക്കുകളും ലഭ്യമല്ല. പ്രാദേശികവായ്പാസമ്പ്രദായം അനൗപചാരികമാർഗ്ഗങ്ങളിലൂടെ അത്യധികം പുരോഗമിക്കുന്നുണ്ട്.

എടുത്തുപറയത്തക്കതായ ഉദാഹരണങ്ങളിൽ ഒന്നുമാത്രമാണ് ഏഴാം വാർഡിൽ പ്രവർത്തിക്കുന്ന വേണുഗോപാൽ ചിട്ടി ഫണ്ട്സ്. കൂടാതെ അളവിലേറെ വരുന്ന വ്യക്തിഗതവായ്പാസമ്പ്രദായങ്ങളും ഇത്തരത്തിലുള്ള മാർഗ്ഗങ്ങളെ ആശ്രയിക്കുന്നവരുടെ അളവും കൂടി വരുന്നുണ്ട് എന്നത് ഔപചാരിക ബാങ്കിങ്ങ് സമ്പ്രദായങ്ങളുടെ ന്യൂനത വ്യക്തമാക്കുന്നു. ഉൽപാദനക്ഷമമായ മേഖലകളിൽ ഇക്കൂട്ടരുടെ നിക്ഷേപം വിരളമാണ്. വ്യക്തിഗത ബാങ്കിങ്ങ് ദോഷകരമായ വിധത്തിൽ പുരോഗമിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ വിഭവസമാഹരണപ്രക്രിയയിൽ എടുത്തുപറയത്തക്ക ഗുണപരമായ സ്വാധീനം ഇല്ല എന്നതു് വാസ്തവമാണ്. അനൗപചാരികമായ വായ്പാസമ്പ്രദായത്തെ പഞ്ചായത്തിലെ ദുർബ്ബലവിഭാഗങ്ങളും ബസ്സ്, ഓട്ടോറിക്ഷാ തൊഴിലാളികളുമാണ് കൂടുതൽ ആശ്രയിക്കുന്നത്, ഇവർ നിരന്തരം ചൂഷണത്തിന് വിധേയരാക്കപ്പെടുകയും ചെയ്യുന്നു.

വിഭവസമാഹരണപ്രക്രിയയിലെ മറ്റൊരു പ്രധാന ഘടകം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും വിദേശത്തേക്കുപോയിട്ടുള്ളവരാണ്. ജനസംഖ്യയുടെ ഏകദേശം രണ്ട് ശതമാനം ജനങ്ങളാണ് വിദേശത്ത് സേവനമനുഷ്ഠിക്കുന്നത്. ഭൂരിഭാഗം ഗൾഫ് മേഖലയെ ആശ്രയിക്കുന്നു. പാശ്ചാത്യരാജ്യങ്ങളിൽ ഉള്ളവരുടെ എണ്ണം ദുർലഭം. വിദേശകുടിയേറ്റം തൊഴിലില്ലായ്മയുടെ ഭാഗമായിട്ടാണ് ഉണ്ടായിട്ടുള്ളത്, അധികവും ഇടത്തരക്കാർ. ഈ വിഭാഗങ്ങളുടെ സാമൂഹ്യസാമ്പത്തികസ്ഥിതി പരിശോധനയ്ക്ക് വിധേയമാക്കുകയാണെങ്കിൽ കേരളത്തിൽ ഉടനീളം നിലനിൽക്കുന്ന സ്ഥിതിവിശേഷത്തിന്റെ ഭാഗമായി മാത്രമേ പഞ്ചായത്തിലും കാണുകയുള്ളു.

വിദേശത്ത് സേവനമനുഷ്ഠിക്കുന്നവരുടെ നിക്ഷേപങ്ങൾ പ്രായോഗികമായി പഞ്ചായത്തിന്റെ വിഭവശേഷിക്ക് ആക്കം കൂട്ടുന്നില്ല, മറിച്ച് വ്യക്തിഗത നിക്ഷേപങ്ങളായി മാത്രം നിലനിൽക്കുന്നു എന്നതാണ് പൊതുവെ ഉള്ള അവസ്ഥ. ഇതിൽ വൈവിദ്ധ്യങ്ങൾ കൊണ്ടുവരേണ്ടത് അനിവാര്യമാണ് എന്നതാണ് ഗ്രാമസഭകളുടെ പൊതു അഭിപ്രായം. വിദേശകുടിയേറ്റക്കാരുടെ നിക്ഷേപം വിഭവസമാഹരണത്തിൽ പ്രായോഗികമാക്കുന്നതിന്റെ നിർദ്ദേശങ്ങൾ പലരീതിയിലാണ് ഉരുത്തിരിഞ്ഞത്. സാങ്കേതിക വിജ്ഞാനമുള്ള വിദേശതൊഴിലാളികളെ പ്രയോജനപ്പെടുത്തി സാങ്കേതികപരിശീലനസ്ഥാപനങ്ങൾ ആരംഭിക്കുക, നിക്ഷേപങ്ങൾ പരമ്പരാഗതസഹകരണസംഘങ്ങളുടെ രൂപീകരണത്തിന് പ്രയോജനപ്പെടുത്തുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ പഞ്ചായത്തിന്റെ വിഭവസമാഹരണത്തിലും, തൊഴിലില്ലായ്മക്കും ഒരു പരിധി വരെ അറുതി വരുത്താം എന്ന അഭിപ്രായം ഗ്രാമസഭകളിൽ ഉയർന്നുവന്നു. വിദേശനിക്ഷേപങ്ങളെ കാർഷികമേഖലയിലേക്ക് തിരിച്ചുവിടുന്നതിന്റെ സാധ്യതയുമുണ്ട്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിലനിൽക്കുന്ന ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തി (ഉദാഹരണം അയ്യപ്പൻചാല് വെള്ളച്ചാട്ടം, ചീക്കുഴിത്തോട് തുടങ്ങിയവ) നിർമ്മിക്കുവാനുദ്ദേശിക്കുന്ന മിനിജലവൈദ്യുതപദ്ധതികളുടെ പ്രവർത്തനത്തിന് ആവശ്യമായ ധനസഹായം എന്ന രൂപത്തിൽ ഇക്കൂട്ടരുടെ നിക്ഷേപങ്ങൾ ഉപയോഗിക്കുവാൻ സാദ്ധ്യമായാൽ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വലിയ ഒരു നേട്ടമായിരിക്കും, കൂടാതെ സഹകരണമേഖലയുടെ വികസനത്തിനുവേണ്ടി ഇത്തരക്കാരുടെ നിക്ഷേപങ്ങൾ സഹകരണബാങ്കുകളിലേക്ക് മാറ്റുന്നതുവഴി (എൻ.ആർ.ഐ. അക്കൗണ്ട് മുഖേന) കാർഷിക വായ്പാ സമ്പ്രദായങ്ങളിൽ സഹകരണധനസ്ഥാപനങ്ങൾക്ക് വലിയ ഒരു മാറ്റം കൊണ്ടുവരാൻ സാദ്ധ്യമാകും. ഇതിനെല്ലാം പ്രാഥമികമായി വേണ്ടത് വിഭവസമാഹരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണമാണ്. ഇക്കൂട്ടരിൽ പ്രായോഗികമായാൽ പഞ്ചായത്തിന്റെ വിഭവസമാഹരണപ്രക്രിയയ്ക്ക് ആക്കം കൂട്ടുവാൻ സാദ്ധ്യമാവും. കാർഷികമേഖലയിൽനിന്നു് വിഭവസമാഹരണത്തിന് അനുയോജ്യമായ മറ്റൊരു മാർഗ്ഗം സഹകരണരംഗത്തിലൂടെ കാർഷിക വിഭവങ്ങളുടെ സംസ്ക്കരിക്കൽ പ്രക്രിയയ്ക്കാണ്. നെല്ല്, റബ്ബർ, നാളികേരം എന്നിവയുടെ സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും, വിഭവങ്ങളെ സംസ്ക്കരിച്ച് വൈവിദ്ധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ധനസഹായം വിദേശ കുടിയേറ്റക്കാരുടെ നിക്ഷേപങ്ങളിലൂടെ ആവുകയാണെങ്കിൽ മറ്റൊരു പ്രധാനവഴിത്തിരിവ് വിഭവസമാഹരണമാർഗ്ഗത്തിൽ ഉണ്ടാകുമെന്നതിൽ തർക്കമില്ല.

എടുത്തുപറയത്തക്കതായ സന്നദ്ധസംഘടനാ പ്രവർത്തനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ (കഴിഞ്ഞ അഞ്ചുവർഷം പരിശോധിക്കുകയാണെങ്കിൽ) ഇല്ല എന്നു തന്നെ പറയാം. വിഭവശേഷിവർദ്ധിപ്പിക്കുന്നതിൽ സന്നദ്ധ സംഘടനകളുടെയും, വ്യക്തികളുടെയും സാമ്പത്തികവും കർമ്മപരവുമായ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടത് വികസന പ്രവർത്തനത്തിൽ അനിവാര്യമാണ്. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള സന്നദ്ധപ്രവർത്തനങ്ങൾ എന്നുപറയാവുന്നത സ്കൂൾ പി.ടി.എ. കളുടേതാണ്. പഞ്ചായത്തിന്റെ മൂന്നും നാലും വാർഡുകൾ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തനം നടത്തുന്ന അകത്തേത്തറ വെൽഫെയർ അസോസിയേഷന്റെ പ്രവർത്തനവും നിറമാർന്നതാണ്. എന്നാൽ ജനകീയസംരംഭങ്ങളുടെ വിപ്ലവകരമായ വിജയം സന്നദ്ധപ്രവർത്തനങ്ങളിലൂടെ മാത്രമേ സാദ്ധ്യമാവൂ എന്നതുകൊണ്ടുതന്നെ ഇതിലെ പോംവഴികൾ പരിശോധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിലനിൽക്കുന്ന ഹൗസിങ്ങ് കോളനികളുടെ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിലേക്കുള്ള റോഡ് നിർമ്മാണം കോളനി നിവാസികളുടെ സന്നദ്ധ പ്രവർത്തനങ്ങൾ കൂടി യോജിപ്പിച്ചുകൊണ്ടാവാം എന്ന അഭിപ്രായം ഗ്രാമസഭകളിൽ തെളിഞ്ഞുവന്നു. റോഡ് നിർമ്മാണച്ചെലവിന്റെ 1/3 ഭാഗം സന്നദ്ധമാർഗ്ഗങ്ങളിലൂടെ സംഭരിക്കുകയാണെങ്കിൽ നിർമ്മാണപ്രവർത്തനങ്ങൾ അനായാസമായി കൈകാര്യം ചെയ്യാൻ സാധിക്കുന്നതും പഞ്ചായത്തിന്റെ വിഭവദൗർലഭ്യം മൂലമുള്ള നിർമ്മാണപ്രക്രിയകളുടെ കമ്മി കുറെയേറെ പരിഹരിക്കുവാൻ സാദ്ധ്യമാവുകയും ചെയ്യും. സന്നദ്ധപ്രവർത്തനങ്ങളുടെ ഭാഗമായി ഒന്നാം വാർഡിൽ നിലനിൽക്കുന്ന ഉമ്മിനി സ്കൂൾ പരിസരം

ശുചീകരിക്കുന്ന പ്രവർത്തനത്തിൽ ആ പ്രദേശത്തെ ജനങ്ങൾ കാണിച്ച സന്നദ്ധത എടുത്തുപറയത്തക്കതാണ് കൂടാതെ നാലാം വാർഡിലെ മിച്ചഭൂമിക്കോളനി റോഡുനിർമ്മാണം പ്രദേശത്തെ ജനങ്ങൾ ഏറ്റെടുത്ത പ്രവണതയും ആശാവഹമാണ്. പുനരർപ്പണ ദിനമായ നവംബർ ഒന്നാം തിയ്യതി സന്നദ്ധപ്രവർത്തനങ്ങളുടെ ഭാഗമായി അമ്പാട്ട് തോട്, പപ്പാടി തോട്ട് തുടങ്ങിയവ വൃത്തിയാക്കുന്നതിൽ ഉണ്ടായ ജനപങ്കാളിത്തം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ജനകീയസംരംഭങ്ങളുടെ വിപ്ലവകരമായ മാറ്റത്തെ പ്രതിനിധാനം ചെയ്യുന്നു. എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന പണ്ടാരക്കളം ഹരിജൻകോളനിയുമായി ബന്ധിപ്പിക്കുന്ന റോഡുനിർമ്മാണം സമീപവാസികളുടെ സാമ്പത്തികവും കർമ്മപരവുമായ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഉണ്ടായത് എന്നത് എടുത്തുപറയത്തക്ക ഒരു നേട്ടമാണ്. മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തുന്ന മാർഗ്ഗങ്ങൾക്ക് വിഭവസമാഹരണ ശേഷിയിൽ ഊന്നൽ നൽകണമെന്ന വസ്തുത ഗ്രാമസഭായോഗങ്ങളുടെ ചർച്ചകളിൽ നിറഞ്ഞുനിന്നതാണ്.

മുകളിൽ വിശദമാക്കിയിട്ടുള്ള പൊതുചിത്രത്തെ ആസ്പദമാക്കി വിഭവസമാഹരണപ്രക്രിയയിൽ പഞ്ചായത്ത് നേരിടുന്ന വിവിധ പ്രശ്നങ്ങളും സാദ്ധ്യതകളും പരിശോധിക്കാം.

1. പ്രാഥമികമേഖലകളിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ധനകാര്യസ്ഥാപനങ്ങൾ അതീവജാഗ്രത പുലർത്തുന്നില്ല.

2. സ്ഥാപനങ്ങളിൽനിന്നും പിരിച്ചെടുക്കാവുന്ന ലൈസൻസ് ഫീ (D&O ഇനത്തിൽ)യിൽ കാലാനുഗതമായ വർദ്ധനവുണ്ടായിട്ടില്ല.

3. വികസനപ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിന് ആവശ്യമായ സന്നദ്ധസംരംഭങ്ങളുടെ അപര്യാപ്തത.

4. പഞ്ചായത്തിൽ നിലവിലുള്ള സാദ്ധ്യതകളുടെ അടിസ്ഥാനത്തിൽ നികുതികളുടെ അളവ് തൃപ്തികരമല്ല.

5. ബിൽഡിങ്ങ് ടാക്സ് ഇനത്തിൽ ലഭിക്കുന്ന വരുമാനം, അനസ്യൂതം നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയാണെങ്കിൽ ഒട്ടും തന്നെ തൃപ്തികരമല്ല.

6. പഞ്ചായത്തിന് സർക്കാരിൽനിന്നും ലഭിക്കേണ്ടുന്ന വി.ടി.സി. ഇനത്തിലുള്ള വരുമാനത്തിലെ വൻതോതിലുള്ള കുറവ്.

7. മനുഷ്യവിഭവശേഷിയെപ്രയോജനപ്പെടുത്തി നടത്താവുന്ന വികസനപ്രക്രിയകളുടെ അപര്യാപ്തത.

സാദ്ധ്യതകൾ:-

1. നികുതിപിരിവ് കാര്യക്ഷമമാക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി തൊഴിൽനികുതിയുടെ അളവ് കൂട്ടുവാൻ സാദ്ധ്യതയുണ്ട്. പഞ്ചായത്തിന്റെ വിവിധപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന സ്വകാര്യവ്യവസായത്തൊഴിലാളികളുടെ വാർഷികവരുമാനത്തിന്റെ ആനുപാതികമായി ഒരു നിശ്ചിത തുക ഈടാക്കാവുന്നതാണ്. അതുപോലെ പഞ്ചായത്തിൽ നിലനിൽക്കുന്ന ഏഴ് കരിങ്കൽ ക്വാറികളിൽ ഗതാഗതം നടത്തുന്ന വാഹനങ്ങളിൽ നിന്നും ചുങ്കം പിരിക്കാവുന്നതാണ്. കാർഷികമേഖലയിൽ പ്രത്യേകിച്ച് റബ്ബർ കൃഷിയുടെ ഭൂവിനിയോഗമനുസരിച്ച് കൃഷിക്കാരിൽനിന്നും ഒരു നിശ്ചിത അളവുഭൂമി ഏകദേശം മൂന്ന് എക്കറിൽ കൂടുതലുള്ളവരിൽ നിന്ന് ലാൻഡ്സെസ് രൂപത്തിൽ നികുതി ഈടാക്കാവുന്നതാണ്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള ഗതാഗതമാർഗ്ഗങ്ങളായ ഓട്ടോ, ടാക്സി എന്നിവക്ക് സ്റ്റാന്റ് നിർമ്മിച്ച് കൊടുത്ത്, അത്തരത്തിലുള്ള സേവനങ്ങൾക്ക് ഒരു നിശ്ചിത തുക ഈടാക്കുവാൻ സാദ്ധ്യമാണ്. നിലവിൽ പ്രായോഗികമായി പരീക്ഷിക്കാത്ത ഉപഭൂനികുതി നടപ്പിലാക്കാൻ ഉള്ള സാദ്ധ്യത അന്വേഷിക്കണം. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വസ്തു കൈമാറ്റങ്ങളിൽ പഞ്ചായത്തീരാജ് ആക്ട് 206 -ാം വകുപ്പനുസരിച്ച് കരം ചുമത്താവുന്നതാണ്. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യവ്യവസായ ശാലകളുടെ വാർഷികലാഭവിഹിതം കണക്കിലെടുത്ത് നികുതി ചുമത്താവുന്നതാണ്.

2. സന്നദ്ധപ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ ലഭിക്കേണ്ടത് സാങ്കേതിക വിദഗ്ദരിൽ നിന്നാണ്. ഉദാഹരണമായി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന എൻ.എസ്.എസ്. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ ഓരോ വർഷവും തയ്യാറാക്കുന്ന അനേകം പ്രോജക്ട് റിപ്പോർട്ടുകൾ നാളിതുവരെ പഞ്ചായത്തിന് ഉപകാരപ്രദമായിട്ടില്ല. സാങ്കേതിക പരിജ്ഞാനമുള്ള അദ്ധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും സന്നദ്ധസേവനത്തിലൂടെ പഞ്ചായത്തിന്റെ വികസനപ്രോജക്ടുകളുടെ കരടുരേഖ തയ്യാറാക്കുന്നതിനുവേണ്ട സഹായം ലഭ്യമാക്കാൻ സാധിക്കും. വിഭവദൗർലഭ്യം മൂലം പണിപൂർത്തിയാവാതെ കിടക്കുന്ന നാനാവിധത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഉദാഹരണമായി റോഡുകൾ, തെരുവ് വിളക്ക് സമ്പ്രദായം മുതലായവ അതാത് പ്രദേശത്തെ ജനങ്ങളുടെ സാമ്പത്തികവും കർമ്മപരവുമായ സഹായത്തോടെ പൂർത്തിയാക്കാവുന്നതുമാണ്.

3. വാർഷികാടിസ്ഥാനത്തിൽ വിവിധ മേഖലകൾക്കായി പഞ്ചായത്ത് ചിലവഴിക്കുന്ന തുകകളുടെ (ലാഭനഷ്ടങ്ങൾ ഉൾപ്പെടെ) അച്ചടിച്ച് പ്രസിദ്ധീകരിക്കുക വഴി കണക്കുകൾ സുതാര്യമാക്കുവാനും, ബോധവൽക്കരിക്കുവാനും കഴിയുന്നതാണ്.

4. പഞ്ചായത്ത് ചുമത്തുന്ന നികുതികൾ, പ്രത്യേകിച്ച് (D &O ലൈസൻസ് ഫീ)യുടെ മിനിമം നിരക്കിൽ കച്ചവടരീതിയുടെ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തേണ്ടതാണ്.

5. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പുറമ്പോക്ക് സ്ഥലങ്ങളിൽ നടത്തുന്ന ആഴ്ചചന്തയ്ക്ക് നിശ്ചിതചുങ്കം ചുമത്താവുന്നതാണ്.

6. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിവിധ ക്വാറികളുടെ ഉടമകളിൽ നിന്നു വാർഷിക ലാഭവിഹിതത്തിന്റെ അടിസ്ഥാനത്തിൽ നികുതി പിരിക്കാവുന്നതാണ്.

7. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ അവയുടെ വലിപ്പം കണക്കിലെടുത്ത് ചുങ്കം ഈടാക്കാവുന്നതാണ്, പുറമെ മറ്റു പരസ്യമാദ്ധ്യമങ്ങളായ കേബിൾ ടി.വി. ഡിഷ് ആന്റിന എന്നിവ ഉപയോഗിച്ച് തൊഴിൽമാർഗ്ഗം കണ്ടെത്തുന്നവരുടെ വാർഷികവരുമാനത്തിന്റെ ആനുപാതികമായി നികുതി ഈടാക്കാവുന്നതാണ്.

8. വി.ടി.സി.യുടെ അപര്യാപ്തത നികത്തുന്നതിനു വേണ്ടി പഞ്ചായത്തിന്റെ പരിധിയിൽ ഗതാഗതം നടത്തുന്ന വാഹനങ്ങളെ കണക്കിലെടുത്തുകൊണ്ട് നികുതി പിരിക്കാവുന്നതാണ്.

9. പൊതുമരാമത്ത് പണികളിൽ നിന്ന് ഇടത്തട്ടുകാരുടെ അതിപ്രസരം ഒഴിവാക്കുന്നതിലേയ്ക്ക് നിർമ്മാണത്തൊഴിലാളികളെ കേന്ദ്രീകരിച്ചുകൊണ്ട് സഹകരണസംഘം രൂപീകരിക്കുകവഴി നിർമ്മാണ പ്രവർത്തനങ്ങൾ ഇത്തരത്തിലുള്ള സംഘങ്ങളെ ഏൽപ്പിക്കുന്നതിലൂടെ പൊതുമരാമത്തു് പണികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ സാദ്ധ്യമാവുന്നതാണ്.

10. നികുതി അളവ് കൂട്ടുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ മൊത്തം നിർമ്മാണപ്രക്രിയകളുടെ റീസർവ്വേ നടത്തുകയും, പ്ലാൻ അപ്രൂവലിന് പുറത്തുവരുന്ന എല്ലാവിധ നിർമ്മാണപ്രവർത്തനങ്ങൾക്കും അവയുടെ മൊത്തം ചിലവിന്റെ ആനുപാതികമായി നികുതി ചുമത്താവുന്നതാണ്.

11. പൊതുമേഖലാസ്ഥാപനമായ റെയിൽവേയുടെ ഹെഡ് ക്വാർട്ടേഴ്സ് പഞ്ചായത്തിൽ നിലനിൽക്കേ റെയിൽവേ ഉടമസ്ഥാവകാശതയിൽ വരുന്ന എല്ലാവിധ കെട്ടിടങ്ങളുടെ മുകളിലും നികുതി ചുമത്താവുന്നതാണ്.

12. നികുതി പിരിവിൽ കാര്യക്ഷമതയും, കൃത്യതയും കൊണ്ടുവരുന്നതിന്റെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള അയൽക്കൂട്ടങ്ങൾ മുഖാന്തിരം നികുതി പിരിവ് നടത്തുവാൻ ഉദ്ദേശിക്കുന്ന ദിവസം, സമയം, സ്ഥലം എന്നിവയെക്കുറിച്ച് ഒരു മുൻ ധാരണ ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടതാണ്.

13. പഞ്ചാത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിലനിൽക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വികസനത്തിന്, അതാത് പ്രദേശത്തെ ജനങ്ങളുടെ സന്നദ്ധ സാമ്പത്തിക സഹായത്തോടുകൂടി ആവശ്യമായ ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കാവുന്നതാണ്.

14. ഒൻപതാം പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻ, ബാങ്കുകൾ തയ്യാറാക്കുന്ന ക്രെഡിറ്റ് പ്ലാനുമായി ബന്ധിപ്പിക്കണം. കാർഷികവ്യാവസായിക വളർച്ചക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ നിർമിക്കുവാൻ പഞ്ചായത്ത് ഭരണസമിതി പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങളെ സമീപിക്കണം.

15. പഞ്ചായത്തിന്റെ വികസനസാദ്ധ്യതയെ കണക്കിലെടുത്തുകൊണ്ട് തയ്യാറാക്കുന്ന ക്രെഡിറ്റ് പ്ലാനുകൾ പ്രാവർത്തികമാക്കുവാനുള്ള ശ്രമമുണ്ടാകണം.

Abstract for the renovation works of Akathethara Panchayat Kalyanamandapam

A. Expenditure		B. Income	
1. Construction of staff quaters	160000.00	1. Present annual income (average)	18000.00
2. Renovation of kitchen	20000.00	2. Expected annual income after renovation	60000.00
3. Construction of Watertank and plumbing	25000.00	3. Amount set aside for maintenance	10000.00
4. Renovation of toilets	15000.00	4. Net income	50000.00
		5. Annual instalment of loan	80000.00
5. False ceiling for main hall	50000.00		
		6. Refund of loan in 10 years	800000.00
6. Utensils	65000.00	7. Amount required from the Panchayat fund for loan in each year	30000.00
7. Chairs and table	65000.00		
Total	400000.00		
Gross amount to be refunded in 10 years	800000.00		

ഉപസംഹാരം

ജനകീയാസൂത്രണ വികസന റിപ്പോർട്ടിന്റെ ഉള്ളടക്കത്തെക്കുറിച്ച് ഒന്നും സൂചിപ്പിക്കുന്നില്ല. സ്ഥിതി വിവരക്കണക്കുകളും മറ്റും മുഴുവനായി ശേഖരിക്കാനോ, റിപ്പോർട്ട് കുറ്റമറ്റതാക്കാനോ ഈ ചുരുങ്ങിയ കാലയളവിൽ കഴിഞ്ഞിട്ടുണ്ടെന്ന് അവകാശപ്പെടുന്നുമില്ല. ചർച്ചകളിലൂടെ അവ കൂടുതൽ സമ്പുഷ്ടമായിത്തീരും എന്ന് ഉറപ്പുണ്ട്.

നമ്മൾ ഇന്നനുഭവിക്കുന്ന സാമ്പത്തിക പ്രതിസന്ധി ഒരു സാമൂഹ്യ രാഷ്ട്രീയ വെല്ലുവിളിയാണ്. ഇതു തുടരാൻ അനുവദിച്ചുകൂടാ ആയതിനാൽ, രാഷ്ട്രീയ മത ജാതി പരിഗണനകൾക്കതീതമായി നാടിന്റെ നന്മയിൽ താൽപ്പര്യമുള്ള ഏതൊരു പൗരന്റേയും കടമയാണ് ഇന്നത്തെ വികസന പ്രതിസന്ധിക്ക് തെല്ലെങ്കിലും പരിഹാരം കാണുകയെന്നുള്ളത്. മുൻകാല അനുഭവങ്ങളെ വിമർശനബുദ്ധ്യാപരിശോധിക്കുകയും, മാമൂൽവിട്ടുചിന്തിക്കുകയും, പുതിയൊരു പ്രവർത്തനശൈലി കരുപ്പിടിപ്പിക്കുകയും വേണം. പ്രശ്നങ്ങളെല്ലാം നമുക്ക് പരിഹരിക്കാനാവില്ല, കാരണം ഇവയെല്ലാം അകത്തേത്തറയുടേതോ കേരളത്തിന്റെ മാത്രമോ ആയ തനതു പ്രശ്നങ്ങളല്ല. ഏറിയും കുറഞ്ഞും ഇന്ത്യക്കൊട്ടാകെ ഇതു ബാധകമാണ്. എന്നാൽ, അഖിലേന്ത്യാ ശരാശരിയേക്കാൾ സാമ്പത്തിക വളർച്ചയിൽ പിന്നോക്കം നില്ക്കുന്ന ഒരു സംസ്ഥാനമെന്ന ഇന്നത്തെ പദവിയിൽനിന്ന് നമുക്ക് കരകയറാൻ കഴിയണം.

ജനകീയാസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ ഉണ്ടായിരുന്ന ആശങ്കകൾ ഇന്നില്ല. ആവേശകരങ്ങളായ ഒട്ടേറെ അനുഭവങ്ങൾ നമുക്കുണ്ടുതാനും.

സാമൂഹ്യരാഷ്ട്രീയ ക്ഷേമരംഗങ്ങളിൽ നാം കൈവരിച്ചിട്ടുള്ള ഭൂതകാലത്തിന്റെ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ടും, അവ മെച്ചപ്പെടുത്തിക്കൊണ്ടും നമ്മുടെ സാമ്പത്തിക വളർച്ചയ്ക്ക് വേഗത കൂട്ടാൻ നമുക്ക് കഴിയുമോ എന്നതാണ് അടിസ്ഥാനപ്രശ്നം നമ്മൾ ശുഭപ്രതീക്ഷയുള്ളവരാണ്. ആസൂത്രിതമായി ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ഒരു മനസ്സുപോലെ നമുക്ക് മുന്നോട്ടു നീങ്ങാം.


ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഒട്ടേറെപേർ രാവുപകൽ ഞങ്ങളോടൊത്തു സഹകരിച്ചിട്ടുണ്ട്. ഓരോരുത്തരുടേയും പേരുകൾ ഇവിടെ എടുത്തുപറയുന്നില്ല അവരോടെല്ലാമുള്ള നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ.

ഹോമാംബികാനഗർ സ്റ്റുഡൻറ്സ് സെൻററിന്റെ പ്രിൻസിപ്പാൾ, സ്റ്റാഫംഗങ്ങൾ, വിദ്യാർത്ഥികൾ നൽകിയ സേവനം പ്രത്യേകം സ്മരണീയമാണ്.

സ്നേഹാഭിവാദനങ്ങളോടെ,

ഡി. സദാശിവൻ
പ്രസിഡൻറ്
അകത്തേത്തറ ഗ്രാമ പഞ്ചായത്ത്

അകത്തേത്തറ
20_11_1996


MAP OF AKATHETHARA PANCHAYATH.
N
PUDUPPARIYARAM PANCHAYATH
1
UMMINI
PALAKKAD
MUNICIPALITY
RBC
To Dhoni
IX
HEMAMBIKA
NAGAR
II
PAPPADI
VIII
KALLEKULANGARA
RBC
hills
To Olavakkode
III
KONGAPPADAM
RBC
X
NSS COLLEGE
hills
RBC
VII
ANDIMODAM
VI
NADAKKAVU
V
THEKKETHARA
IV
VADAKKETHARA
RBC
Cherad hill area
FOREST AREA
Malampuzha
To Malampuzha
RBC
MALAMPUZHA PANCHAYATH
REFERENCE:
Panchayath boundary
Ward boundary
PWD Road
Panchayath road
Railway line
RBC
RightBankCanal